O323M85G11 G1 KOCHURANI RAMAYYAR & KRISHNAVARIER

MUL
066812

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M856:11 G1

Accession Number 66812

Available for loan from

This book should be returned on or before the date last marked below.

11 APR 1943
-3 APR 1949
16 APR 1950
27 JUL 1950
1 SEP 1950
17 APR 1951
27 OCT 1951
24 NOV 1951
-4 JAN 1952

O. 61

# കൊച്ചുറാണി.

---

ടി. എസ്സ്. രാമയ്യർ ബി. എ., എൽ. ററി.

വിദ്വാൻ കെ. എസ്സ്. കൃഷ്ണവാരിയർ.

വി. വി. പ്രസ്സ്—കൊല്ലം.

1106.

66812
032:3M856:11
G1

# അവതാരിക.

---

ആഖ്യായികാനിർമ്മാണം ഇക്കാലത്ത് ഒരു സാംക്രമികരോഗം പോലെ നാലുദിക്കിലും പടർന്നുപിടിച്ചിരിക്കുന്നു. ഈ സാഹിത്യമഹാവ്യാധിയുടെ ദ്രുതഗതിയെ തടയുന്നതിന് പറങ്ങോടീപരിണയക്കാരൻ കുത്തിവെച്ച ഔഷധം ശരിയായി ഫലിച്ചിട്ടില്ലെന്ന് നിസ്സംശയം പറയാം. സാഹിത്യമർമ്മജ്ഞന്മാർപോലും ഇത്തരം ദുഷ്കൃതികളുടെ വളർച്ചയ്ക്ക് സഹായിച്ചുവരുന്നതുകാണുമ്പോൾ കൈരളിയുടെ ദുർവ്വിധിയെ ശപിക്കയേ തരമുള്ളു. നാടകനിർമ്മാണമെന്നപോലെ തന്നെ ആഖ്യായികാരചനയും, ഭാവനാശക്തിസമ്പന്നരും, നിരീക്ഷണപടുക്കളും, പ്രകൃതിധർമ്മമർമ്മജ്ഞരും ആയ സാഹിത്യകലാകുശലന്മാർക്കല്ലാതെ മററാർക്കും സുകരമല്ല.

നോവൽപ്രസ്ഥാനം വിദേശീയമാണെന്ന്, അതിന്റെ പേരുകൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടല്ലോ. പാശ്ചാത്യരാജ്യങ്ങളിൽ അതു് അടിക്കടി വളർന്നുകൊണ്ടേ ഇരിക്കുന്നു. ആഖ്യായിക കേവലം അത്ഭുതചരിതകർബ്ബുരിതങ്ങളോ, ആദർശപാത്രസങ്കലിതങ്ങളോ ആയ കഥകളെന്ന നിലവിട്ട്, യഥാർത്ഥജീവിതത്തെ പ്രതിഫലിപ്പിക്കുന്ന മുകുരങ്ങളായിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് ജീവിതത്തിന്റെ നാനാമുഖതയെപ്പററി ശരിയായ ബോധം ഇല്ലാത്തവർ ആഖ്യായികാനിർമ്മാണത്തിനിറങ്ങുന്നതു് ഉചിതമല്ല. നമ്മുടെ ഇടയിൽ പ്രചരിച്ചിരിക്കുന്ന കഥകളിൽ ഒട്ടുമുക്കാലും യഥാർത്ഥജീവിതത്തിൽനിന്ന് ബഹിഷ്കൃതമാണ്. എന്തെങ്കിലും ഒരു 'പ്ലാട്ട്' കിട്ടിയാൽ ഒരു കഥയെഴുതുവാനുള്ള കരുക്കളെല്ലാം ആയെന്നാണ് ആധുനികഗ്രന്ഥകാരന്മാരുടെ വിചാരം. കുറഞ്ഞവിലയ്ക്ക് ആംഗലകഥാഗ്രന്ഥങ്ങൾ കിട്ടുമെന്നുള്ളതുകൊണ്ട് അതിന് ഒരു പ്രയാസവുമില്ലതാനും. ഈ മിത്ഥ്യാബോധത്തിന്റെ ഫലമായി, നമ്മുടെ ഭാഷയിലുള്ള പല നോവലുകളിലേയും പാത്രങ്ങൾ നാടൻപേരുകൾ പോലും ഇല്ലാത്ത വിദേശീയരായിത്തീർന്നിട്ടുണ്ട്. അവരുടെ പരിതസ്ഥിതികൾ, സംഭാഷണശൈലി, ആചാരങ്ങൾ, എന്നുവേണ്ടാ സകലതും വിദേശീയങ്ങൾ തന്നെ. ഭാരതഖണ്ഡത്തിൽ ബങ്കാളി, ഗുജറാത്തി, എന്നീ ഭാഷകളൊഴിച്ചാൽ മററു ഭാഷകളുടെ ഒക്കെ കഥ ഇതുതന്നെയാണ്. വംഗഭാഷ ആഖ്യായികാപ്രസ്ഥാനത്തെസ്സംബന്ധിച്ചിടത്തോളം മററ് ഏതു സാഹി ത്തോടും കിടനില്ക്കത്തക്കനിലയിൽ എത്തിയിട്ടുണ്ട്. മലയാ

തമിഴും തർജ്ജമകളെക്കൊണ്ട് ഉപജീവിക്കയാണ് ഇപ്പോഴും ചെയ്യുന്നത്. തർജ്ജമയാണെങ്കിലും വേണ്ടില്ല; അനുകരണമെന്ന പേരിൽ ഗ്രന്ഥകാരന്മാർ ചെയ്തുവരുന്ന കഠിനക്കൈകൾ എത്രയെന്ന് പറഞ്ഞറിവിക്കാൻ പ്രയാസം. ദേശ കാല നാമാദികൾ ഭേദപ്പെടുത്താതെ തർജ്ജമ ചെയ്താലോ വായിക്കാനാളില്ലതാനും. ഇതെന്തൊരു ദുർവസ്ഥയാണ്? ഇംഗ്ലീഷുഭാഷയിലുള്ള ആഖ്യായികകൾ വായിച്ചാൽ നമുക്ക് ആംഗ്ലേയരുടെ ജീവിതരീതി, ആചാരങ്ങൾ, സ്വഭാവഗതി ഇവയൊക്കെ മനസ്സിലാവും. ആ പ്രയോജനം തർജ്ജമ വായിക്കുമ്പോൾ ഇല്ലാതെയാവുന്നു. ഇത് കഷ്ടമല്ലേ? അതുകൊണ്ട് ഭാഷാന്തരീകർത്താവ് കഥാഘടനയിലോ ദേശനാമാദികളിലോ യാതൊരു ഭേദഗതിയും ചെയ്യാതിരിക്കുകയാണ് വേണ്ടത്.

ഈ ചെറിയകഥയുടെ രചയിതാക്കൾ ഈ വിഷയത്തിൽ പ്രത്യേകം അനുമോദനാർഹരായിരിക്കുന്നു. ഉത്തമസാഹിത്യകോടിയിൽ ഗണിക്കപ്പെടാൻ അർഹമല്ലെങ്കിലും, സരസമാണെന്ന് ഏവരും സമ്മതിക്കുന്ന ഒരു കഥ തിരഞ്ഞെടുത്ത് അവർ ഭാഷാന്തരം ചെയ്തിരിക്കുന്നു. ഭാഷാരീതി അതിലളിതം. ഒന്നുരണ്ടു സ്ഥലങ്ങളിൽ വിദേശീയശൈലി അറിയാതെ കടന്നുകൂടീട്ടുണ്ടെങ്കിലും, ആകപ്പാടെ നോക്കിയാൽ ഈ കൃതി ഒരു തർജ്ജമയാണെന്ന് തോന്നാത്തവിധം അത്ര നന്നായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു. ഇംഗ്ലീഷിലെ പ്രധാനമായ ചില ആഖ്യായികകൾകൂടി ഈവിധം ഭാഷാന്തരീകരിക്കുന്നതിന് അവർ ശ്രമിക്കുന്നപക്ഷം, അത് ഭാഷയ്ക്ക് ഒരു വലിയ അനുഗ്രഹമായിരിക്കും. ഗ്രന്ഥകാരന്മാർക്ക് സകലവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം. 20-2-1106.

ആർ. നാരായണപ്പണിക്കർ
ബി. ഏ; എൽ. റ്റി.

# കൊച്ചുറാണി.

## ഒന്നാം അദ്ധ്യായം.

16 MAR 1932

### (ദീനനായ അതിഥി.)

അഗ്നിതുല്യമായ കരങ്ങളെക്കൊണ്ടു് ലോകമെല്ലാം ചുട്ടെരിച്ചിരുന്ന ചണ്ഡഭാസ്കരൻ രൂക്ഷതകളഞ്ഞു്, വൎണ്ണസാമ്യം മാത്രം കൈക്കൊണ്ടു് ചരമദശയെ പ്രാപിക്കുകയായി. അപ്പോഴെവിടുന്നോ സുരഭിലമായ ഒരു തെന്നൽ വീശി സന്തപ്തമായ ലോകത്തിന്നു് കഴിയും വിധം ശീതോപചാരം ചെയ്യാൻ തുടങ്ങി. ആ മന്ദമാരുതൻ, അതുവരെ ചൂടു സഹിക്കാൻ വയ്യാതെ മുറിക്കകത്തു് അടച്ചിരുന്നിരുന്ന ജനതയെ; അങ്കണങ്ങളിലേയ്ക്കും ഉപവനങ്ങളിലേയ്ക്കും മററും ആദരപൂൎവ്വം ക്ഷണിക്കുന്നമട്ടിൽ, ജാലകാന്തരങ്ങളിൽ ചുററിസ്സഞ്ചരിച്ചു. അന്നത്തെ സായാഹ്നത്തിന്റെ അകൃത്രിമമായ രമണീയതയെ കണ്ടാനന്ദിക്കുന്നതിന്നും ശരീരസുഖത്തിന്നും വേണ്ടി 'അന്ന' തന്റെ പൂന്തോട്ടത്തിൽ പതുക്കെപ്പതുക്കെ ഉലാത്തുകയായിരുന്നു. പൂച്ചെടികളുടെ ഇടയിൽക്കൂടി സഞ്ചരിച്ചു്, അവയെ സ്നേഹപൂൎവ്വം തലോടി ലാളിച്ചുവരുന്ന മന്ദാനിലൻ അവളുടെ കേശബന്ധത്തിൽനിന്നു ചില ഇഴകളെ വിടുൎത്തി കവിൾത്തടങ്ങളിൽ പാറപ്പിച്ചു കളിച്ചുകൊണ്ടിരുന്നു. യുവതി, മുഖത്തിഴയുന്ന തലനാരുകളെ കൂടെക്കൂടെ മാററിയും, ചില ആനന്ദഗാനങ്ങൾ മൂളിയുംകൊണ്ടു് മന്ദചംക്രമണം ചെയ്യുമ്പോൾ, പൂന്തോട്ടത്തിന്റെ മതിലിന്നു മറുവശത്തുനിന്നു് ഒരു ദീനസ്വരം അവളുടെ കൎണ്ണപുടങ്ങളിൽ പതിച്ചു. അവളൊന്നു നടുങ്ങി. എന്നാൽ, ആ ശബ്ദത്തിന്റെ ഉടമസ്ഥൻ ആരെന്നറിയണമെന്നുള്ള ഉൽക്കണ്ഠ അടുത്ത ക്ഷണത്തിൽ അവളെ അതേഭാഗത്തേയ്ക്കു് എത്തിനോക്കുവാൻ പ്രേരിപ്പിച്ചു. തൽഫലമായി, സുമുഖനും യൌവനയുക്തനുമായ ഒരു പുരുഷൻ കാലുകൾ തലോടിക്കൊണ്ടു നിലത്തിരിക്കുന്ന ഒരു കാഴ്ച അവളുടെ ദൃഷ്ടിയിൽ പെട്ടു. പ്രകൃത്യാ ആൎദ്രചിത്തയായ അന്ന, അവശതയിൽപെട്ടു് അസഹായനായി ഇരിക്കുന്ന ആ യുവാവിനെ കണ്ട

യുടൻ തിരിഞ്ഞുമാറി, അവിടെയുണ്ടായിരുന്ന വാതൽ തുറന്ന് മൈതാനത്തിലിറങ്ങി അയാളുടെ സമീപംചെന്ന് അപത്തിലകപ്പെട്ടുവാനുണ്ടായ കാരണം ചോദിച്ചു.

കേവലം വിജനമായിരുന്ന ആ സ്ഥലത്തു് ഒരു തരുണി പെട്ടെന്ന് ആവിർഭവിച്ചതും തന്നോടു സംസാരിച്ചതും ആ മനുഷ്യനിൽ ഒരു പരിഭ്രമം ഉളവാക്കി. അയാൾ എഴുന്നേല്ക്കാനൊരുങ്ങിയെങ്കിലും വേദനകൊണ്ടു വിളറിയ മുഖത്തോടുകൂടി കിംകർത്തവ്യതാമൂഢനായിരുന്ന ഇരുപ്പിന് വശംവദനായതേയുള്ളു. അനന്തരം മുഖമല്പമൊന്ന് ഉയർത്തിക്കൊണ്ടു് അയാൾ, "പ്രശാന്തരമണീയമായ ഈ സ്ഥലത്തിലുള്ള പ്രകൃതിയുടെ ആകർഷണീയതയെപ്പററി വിചാരിച്ചു നടന്നു വരുന്ന സമയം എൻെറ കാൽ ആ പാറയിൽ തട്ടി ഞാൻ മറിഞ്ഞു വീണുപോയി" എന്ന് അല്പം സങ്കോചത്തോടുകൂടി അവിടെ കിടന്നിരുന്ന ഒരു വലിയ കല്ല് ചൂണ്ടിക്കൊണ്ടു പറഞ്ഞു. അയാൾ തുടന്നു; "കാലിന്മേൽ അസാദ്ധ്യമായ വേദനയുണ്ടു്. ഞരമ്പു പിശകീട്ടുണ്ടെന്നു തോന്നുന്നു. ഇവിടെനിന്നു ഏററവും അടുത്തുള്ള ഏതെങ്കിലും ഒരു വിട്ടുതിയിലേയ്ക്കു് എത്താൻ എത്ര ദൂരമുണ്ടെന്നും, അവിടേയ്ക്കുള്ള വഴിയേതാണെന്നും പറഞ്ഞുതന്നാൽ കൊള്ളാം."

അന്ന—ഇവിടെനിന്നു നാലു നാഴിക നടന്നാൽ മാത്രമേ വല്ല വിട്ടുതിയിലും ചെല്ലുവാൻ പററുകയുള്ളു. എഴുന്നേല്ക്കുവാൻപോലും വയ്യാത്ത സ്ഥിതിക്ക് ആ ഭാഗം ആലോചിക്കയേ വേണ്ട. എന്നോടുകൂടി എങ്ങനെയെങ്കിലും പോരുന്നപക്ഷം അടുത്തുള്ള എൻെറ വസതിയിൽ എത്താം. എന്നാൽ, അച്ഛൻെറ സഹായംകൊണ്ടു് നിങ്ങളുടെ അവശത തീക്കുവാൻ സാധിക്കും.

അയാൾ സന്തോഷസമേതം ആ ക്ഷണനത്തെ സ്വീകരിച്ചു. എഴുന്നേല്ക്കാൻ ഭാവിച്ചപ്പോൾ അയാളുടെ മുഖത്തിൽ കഠിനമായ വേദന സ്ഫുരിച്ചതുകണ്ടു് ആ സ്ത്രീഹൃദയം ഇങ്ങനെപറഞ്ഞു:—"ഇതാ ഈ കൈയിന്മേൽ പിടിച്ചു് അങ്ങു് സാവധാനത്തിൽ നടക്കുവാൻ ശ്രമിക്കൂ." അവൾ യാതൊരു മടിയും കൂടാതെ കൈ നീട്ടി. ഗത്യന്തരമില്ലാത്തതിനാൽ അദ്ദേഹം വലതുകൈകൊണ്ടു് അവളുടെ ഇടതു

കൈയിന്മേൽ പിടിച്ച്, തന്റെ വാമഹസ്തംകൊണ്ടു നിത്യസഹചാരിയായ കുറുവടിയേന്തി നിലത്തൂന്നി പതുക്കെ എഴുന്നേററു നടന്നു. ഗൃഹത്തിന്റെ പടിവാതുക്കൽ എത്തിയപ്പോൾ, അകത്തുനിന്ന് ഏകദേശം അമ്പതു വയസ്സു പ്രായംതോന്നിക്കുന്നവനും, എന്നാൽ അരോഗദൃഢഗാത്രനും ആയ ഒരാൾ എതിരെ വരുന്നത് അയാൾ കണ്ടു. ഉടൻ ആ തരുണി, "അച്ഛാ, ഈ മാന്യൻ നമ്മുടെ പൂന്തോട്ടത്തിനപ്പുറമുള്ള മൈതാനത്തിൽകൂടി നടന്നുകൊണ്ടിരുന്നപ്പോൾ യദൃച്ഛയാ ഒരു കല്ലിന്മേൽ കാൽ തട്ടി വീണുപോയി; ആ വീഴ്ചനിമിത്തം കാലിന്മേൽ വലിയ പരുക്കു പററിയിട്ടുള്ളതായി തോന്നുന്നു. അച്ഛൻ സുഖപ്പെടുത്തുമെന്നു പറഞ്ഞ് ഞാൻ വിളിച്ചുകൊണ്ടുവരികയായിരുന്നു" എന്നു വളരെ തിടുക്കത്തിൽ പറഞ്ഞുനിറുത്തി. അന്നയുടെ പിതാവ് അയാളെ സാദരം ക്ഷണിച്ച് അകത്തുകൊണ്ടുപോയി ഒരു കട്ടിലിലിരുത്തി പരുക്കേററ ഭാഗം സൂസൂക്ഷ്മം പരിശോധിച്ചുകൊണ്ടുപറഞ്ഞു:- "കാലിലെ എല്ലു മുറിയാത്തതു ഭാഗ്യമായി. പേടിക്കേണ്ട; നാലഞ്ചുദിവസംകൊണ്ടു ഞാൻ നല്ലവണ്ണം സുഖമാക്കിത്തരാം അത്രയുംദിവസം നിങ്ങളിവിടെ താമസിച്ചേ കഴിയൂ." അതിനുശേഷം വൃദ്ധൻ മകളോട് 'അതിഥിക്കു കുറെ കാപ്പി തയാറാക്കുവാൻ' പറഞ്ഞ് അവളെ അയച്ചു. കൃതജ്ഞതയാൽ നിറയപ്പെട്ട ഹൃദയം ആ ദീനനെക്കൊണ്ടു ഇങ്ങിനെ പറയിച്ചു. "തീരെ അപരിചിതനും കേവലം ഒരു വിദേശിയും ആയ എന്നെ ഇത്രമേൽ കരുണയോടുകൂടി രക്ഷിക്കുവാൻ സന്നദ്ധരായ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. ഞാൻ ഈ പ്രദേശങ്ങളിലുള്ള പ്രകൃതിവിലാസത്തെ കണ്ടാനന്ദിക്കുവാൻ വന്നതാണ്. എന്റെ പേർ ചാറത്സ് എന്നാകുന്നു. ഞാൻ നിങ്ങൾക്ക് ഉപദ്രവത്തിനു ഹേതുഭൂതനായിത്തീർന്നതിനെപ്പററി അത്യന്തം അനുശോചിക്കുകയാണ്. അല്പമൊരു ആശ്വാസം കിട്ടിയാൽ ഞാനിവിടെനിന്നു പൊയ്ക്കൊള്ളാം. നിങ്ങൾ ചെയ്ത മഹനീയവും അസാധാരണവുമായ ഉപകാരത്തിന്നു ഞാനെന്നും പ്രശ്രിതനായിരിക്കുകയും ചെയ്യും."

വൃദ്ധൻ—നിങ്ങൾ അങ്ങനെ പറയുന്നത് ഒട്ടും ശരിയല്ല. ഞങ്ങൾ ചെയ്യുന്നതു് സാധാരണ മനുഷ്യധർമ്മത്തിൽനിന്ന് അല്പവും കവിഞ്ഞതല്ലതന്നെ.

കാപ്പിയും കാലിന്മേൽവെച്ചു കെട്ടുവാനുള്ള സാമഗ്രികളുമായി

"അന്ന" പെട്ടെന്ന് മുറിയിൽ പ്രവേശിച്ചു. റോളൻറു് (അതായിരുന്നു അ വൃദ്ധൻെറ പേർ.) ചികിത്സാവിഷയത്തിൽ നല്ല പരിചയം സിദ്ധിച്ച ഒരു ഡോക്ടരുടെ സാമത്ഥ്യത്തോടുകൂടി, ചൂടുവെള്ളംകൊണ്ടു മുറിവു് തേച്ചുകഴുകി വെള്ളം തുടച്ചു കളഞ്ഞു് ഏതോ ഔഷധംവെച്ചു് തുണിചുററിക്കെട്ടിയശേഷം ചാറത്സിന്നു് കാപ്പികൊടുത്തു് അനങ്ങാതെ കിടക്കുവാൻ കല്പനനൽകി. അനന്തരം അ ഗൃഹനാഥൻ ചാറത്സിൻെറ കട്ടിലിന്നരികെയായി ഭൃത്യനെക്കൊണ്ടു് ഒരു മേശ പിടിച്ചിടുവിച്ചു് അതിന്മേൽ ഹൃദയാവജ്ജകങ്ങളും വിജ്ഞാനകരങ്ങളുമായ ചില ഗ്രന്ഥങ്ങൾ നിരത്തിവെച്ചു്, പാചകന്മാരെ വിളിച്ചു് അത്താഴത്തിനു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തതിനുശേഷം മകളോടുകൂടി അ മുറിവിട്ടു് പുറത്തേയ്ക്കു് പോന്നു.

റോളൻറു് ഒരു പുരാതനകുടുംബത്തിലെ 'വയറൊഴിഞ്ഞു'പോന്ന അംഗമാണു്. അനേകം തലമുറകളായി അ തറവാട്ടുകാർ അവിടെത്തന്നെ പാൎത്തുവരികയായിരുന്നു. അദ്ദേഹത്തിൻെറ പൂൎവ്വികന്മാരിൽ ചിലർ വേൽസിലെ നാടുവാഴിയായിരുന്നിട്ടുണ്ടു്. എന്നാൽ അ രാജ്യം ജോൎജ്ജു് രണ്ടാമൻ പടവെട്ടിപ്പിടിച്ചടക്കി ഇംഗ്ലണ്ടിനോടു് ചേൎത്തതിനുശേഷം, മാറത്തായ ഒരു ഭൂസ്വത്തുടമസ്ഥതമാത്രമാണു് അവൎക്കു് അവശിഷ്ടമായി ലഭിച്ചതു്. അനേകായിരം ഏക്കർ വിസ്തൃതിയിലുണ്ടായിരുന്ന അവരുടെ ഭൂസ്വത്തു്, കുടുംബാംഗങ്ങളിൽ ചിലരുടെ അമിതമായ ധൂൎത്തുകൊണ്ടു് കാലക്രമേണ ശോഷിച്ചു് റോളൻറിൻെറ കൈവശമായപ്പോഴേയ്ക്കും ഉദ്ദേശം അറുനൂറു് ഏക്കർമാത്രമായിത്തീൎന്നു. സാമാന്യദൃഷ്ട്യാ നോക്കുമ്പോൾ അതൊരു വമ്പിച്ച സ്വത്തുതന്നെയാണു്. റോളൻറിൻെറ ഏകസന്താനമായ "അന്ന" മാത്രമാണു് അ വലിയ സ്വത്തിൻെറ ഇനിയത്തെ ഉടമസ്ഥ.

അവൾക്കു് ഇപ്പോൾ പതിനേഴുവയസ്സു് പ്രായമാണു്. ഗ്രാമത്തിലെ അകൃത്രിമമായ പ്രകൃതിവിശേഷത്താൽ അനുഗൃഹീതമായ ആരോഗ്യംകൊണ്ടു് ഉദ്ധതസിദ്ധിച്ചു് അല്പം കൃശമായ അവളുടെ സുകുമാരശരീരം കണ്ടാൽ പ്രായത്തിൽ കവിഞ്ഞ ഉയരം അവൾക്കുണ്ടെന്നു് ചിലൎക്കു് സംശയം തോന്നിപ്പോകാം. എന്നാൽ അ പൊക്കം അഴകൊഴുകുന്ന അവളുടെ ശരീരത്തിനു് അലങ്കരണമായിരുന്നതേയുള്ളു. ഇടതി

ങ്ങി നീണ്ട് വളൎന്നിട്ടുള്ള പൂഞ്ചായലും, പൊന്നിൻനിറത്തോട് അങ്കമാട്ടുന്ന മെയ്ക്കാന്തിയും, രാജവംശത്തിന്റെ ഭാസുരമായ തേജോവിലാസംസവിശേഷം കാണിക്കുന്ന മുഖദീപ്തിയും അ യുവതീമണിക്ക് ഒരു പ്രത്യേക സൌന്ദൎയ്യം നൽകുന്നുണ്ടായിരുന്നു. ശിശുപ്രായത്തിൽ തന്നെ അവളുടെ അമ്മ മരിച്ചുപോയതിനാൽ, പിതാവു് അവളെ അതിററ വാത്സല്യത്തോടുകൂടിയാണു് വളൎത്തിയതു്. അച്ഛന്റെ ശുഷ്കാന്തിപൂൎവ്വമായ ഉപദേശങ്ങൾനിമിത്തം പ്രായത്തിൽകവിഞ്ഞ ഹൃദയവികാസവും വിവേകവും മററനവധി ഗുണങ്ങളും അവൾക്ക് സിദ്ധിച്ചിരുന്നു.

അച്ഛനേയും മകളേയും കൂടാതെ രണ്ടു പരിചാരികകളും വൃദ്ധനായ ഒരു ഭൃത്യനും മാത്രമാണ് അ ഗൃഹത്തിൽ പിന്നീടുള്ളതു്. പരിചാരികകളിൽ ഹാനാ എന്നു പേരായ സ്ത്രീ അന്നയുടെ മാതാവിന്റെ ചെറുപ്പം മുതൽ അ കുടുംബത്തെ അശ്രയിച്ചു് കാലക്ഷേപംചെയ്തു വരുന്ന ഒരു വൃദ്ധയാണ്. സ്വാമിനിയുടെ മരണാനന്തരം അന്നയെ വളൎത്തിക്കൊണ്ടുവരുവാനുള്ള ഭാരം മുഴുവൻ ഒരു 'പെററമ്മ'യുടെ ഹൃദയത്തോടുകൂടി അ വൃദ്ധ വഹിച്ചിരുന്നു. "വിനിഫ്രെഡ്" എന്നു പേരായ രണ്ടാമത്തെ പരിചാരിക ഇടക്കാലത്തു് വന്നുചേൎന്ന ഒരു യുവതിയാണ്. ജോഷ്വാ എന്നു പേരായ വൃദ്ധപരിചാരകൻ അനേകം തലമുറകളായിട്ട് അ വലിയ കുടുംബത്തിൽ വേലചെയ്തു് ഉപജീവനം നടത്തിപ്പോന്ന ഒരു സാധുവീട്ടിലെ അംഗമായിരുന്നു. വീട്ടുജോലിക്കാരെല്ലാവരും, തങ്ങളുടെ യജമാനനേയും "കൊച്ചുറാണിയേയും" സൎവ്വാത്മനാ സ്നേഹിക്കുന്നവരും, അവശ്യപ്പെട്ടാൽ അവൎക്കുവേണ്ടി ജീവത്യാഗംചെയ്യാൻപോലും സന്നദ്ധമായ മനസ്ഥിതിയോടുകൂടിയവരും ആയിരുന്നു.

പിതാവും മകളും രാത്രിയിൽ ഭക്ഷണത്തിനായി ചാറത്സിന്റെ മുറിയിൽ പ്രവേശിക്കയും യഥോചിതമിരുന്നു് അ പ്രവൃത്തി തീൎത്തു് എല്ലാവരും സംതൃപ്തരാവുകയും ചെയ്തു. അനന്തരം റോളൻറിന്റെ നിയോഗമനുസരിച്ചു് അന്ന ചില ഗാനങ്ങളാലാപിച്ചു. പാട്ടിന്റെ മനോഹാരിതയിൽ മുഴുകി മനം മയങ്ങി സ്വപ്നാവസ്ഥയിലെന്നപോലെ, കാലിന്മേലുള്ള വേദനപോലുമറിയാതെ ചാറൽസ് കിടക്കുകയായിരുന്നു; അ സമയം യൌവനയുക്തനായ ഒരു പുരുഷൻ സ്വൈരസ്വാതന്ത്ര്യത്തോടുകൂടി അ മുറിക്കകത്തേയ്ക്കു് കടക്കുന്നതു് അയാൾ കണ്ടു.

# രണ്ടാം അദ്ധ്യായം.

---

## (സ്നേഹാങ്കുരം.)

അവിചാരിതമായി സമാഗതനായ പുതിയ മനുഷ്യനെ കണ്ട പ്പോൾ ചാറൽസ് റോളൻറിൻെറ മുഖത്തേയ്ക്കു ഒന്നുനോക്കി. റോളൻറ് തിരിഞ്ഞു ആഗതനെക്കണ്ടിട്ട് എഴുന്നേററ്, "എൻെറ ഒരു ചാർച്ചക്കാരനായ ഡേവിഡാണിദ്ദേഹം" എന്ന് അയാളെപ്പററി ചാറത്സിനോടും, "നിർഭാഗ്യത്താൽ കാലുതട്ടിവീണ് സങ്കടാവസ്ഥയിൽ പെട്ട് മൈതാനത്തിൽ കിടന്നിരുന്ന പാവപ്പെട്ട ഒരു വിദേശീയനായ ചാറത്സാണ് ഇയ്യാൾ" എന്ന് ചാറത്സിനെപ്പററി ആഗതനോടുംപറഞ്ഞു രണ്ടുപേരേയും അന്യോന്യം പരിചയപ്പെടുത്തി.

ഡേവിഡ് അടുത്ത ഒരു പട്ടണത്തിൽ വക്കീലായി താമസിക്കുന്ന ഒരു യുവാവാണ്. അയാളുടെ ബാല്യത്തിൽത്തന്നെ അച്ഛനമ്മമാർ മരിച്ചുപോയിരുന്നതിനാൽ, അടുത്തബന്ധുവായ റോളൻറിൻെറ സംരക്ഷണയിലാണ് അയാൾ വളൎന്നുവന്നത്. റോളൻറിൻെറ മഹാമനസ്കതകൊണ്ടു ഡേവിഡിന്ന് വേണ്ടത്തക്ക വിദ്യാഭ്യാസം സിദ്ധിക്കുകയും, അഭിനിവേശാനുസരണം നീതിന്യായ ചട്ടങ്ങൾ പഠിച്ച് 'കാർവൻ' പട്ടണത്തിലെ കോടതിയിൽ സന്നദെടുത്തു് വക്കീലായിത്തീരാനുള്ള ഭാഗ്യം ലബ്ധമാകയും ചെയ്തു. ഇപ്പോൾ അയാളുടെ താമസം കാർവൻപട്ടണത്തിൽത്തന്നെയാണെങ്കിലും, കൂടെക്കൂടെ റോളൻറിനെ കാണ്മാൻ വരിക പതിവായിരുന്നു. അതു്, തന്നെ വളൎത്തി ഒരു നല്ലനിലയിലാക്കിയ രക്ഷിതാവിൽ അവശ്യം ഉണ്ടായിരിക്കേണ്ട കൃതജ്ഞതയുടെ വിലാസംകൊണ്ടു മാത്രമല്ലെന്ന് അയാളുമായി പരിചയംസിദ്ധിച്ച പലരും പറഞ്ഞുവന്നിരുന്നു. അന്തൎഗ്ഗതമായ മറെറതോ ശക്തിയാണ് അയാളെ പ്രേരിപ്പിക്കുന്നതെന്നത്രെ ജനസംസാരം. അതിലധികം ഒന്നും അറിവാനായി നമുക്കിപ്പോൾ തരമില്ലല്ലൊ.

ആ മുറി നിശബ്ദമായി. ഏതോ ഒരു 'സൈഫരക്കേട്ട്' കടന്നുകൂടിയ ഒരു അവസ്ഥയാണ് അവിടെ അപ്പൊഴുണ്ടായതു്. അധികം താമസിയാതെതന്നെ, ചാറത്സിന് വേണ്ട സൌകൎയ്യങ്ങളെല്ലാം ഒരു

ക്കികൊടുത്തതിനു ശേഷം എല്ലാവരും അവരവരുടെ കിടപ്പറകളിലേയ്ക്ക് പോയി. ചാറത്സ്, അന്നു പകൽ തനിക്കു സംഭവിച്ച കാര്യങ്ങളെല്ലാം വിചാരിച്ച് ക്രമേണ സ്വപ്നരഹിതമായ ഗാഢനിദ്രയിൽ ലയിക്കുകയും ചെയ്തു.

ബാലസൂര്യൻ ഇരുൾനിറഞ്ഞ ലോകത്തെ കനകരശ്മികൊണ്ട് കുളിപ്പിക്കാൻ തുടങ്ങിയപ്പോൾ, ആ പ്രകൃതിവിശേഷത്തിൻെറ മഹിമ ചാറത്സിനെ പ്രബുദ്ധനാക്കി. ഉഷസ്സിൻെറ ത്വരയോടുകൂടിയ ആഗമനവേളയിൽ ഉടുപ്പലത്തുമ്പാലിളകിയ പൂന്തെന്നൽ തുറന്നുകിടന്ന ഗവാക്ഷത്തിൽക്കൂടി വന്ന് വീശി അയാളുടെ മനസ്സിന്നും ദേഹത്തിന്നും എന്തെന്നില്ലാത്ത ഒരു കുളർമ്മയുണ്ടാക്കി. പ്രഭാതത്തിൻെറ വെളിച്ചം, ആ മുറിയിൽ സംഭരിതമായിരുന്ന സാമാനങ്ങളുടെ പഴക്കത്തേയും, ഭംഗിയേയും അയാൾക്ക് കാണിച്ചുകൊടുത്തു. കണ്ണും കരളും ഈവിധം ആനന്ദിക്കുമ്പോൾ, മുറിയുടെ വെളിയിലായി റോളൻറും ഡേവിഡും തമ്മിൽ ചെയ്യുന്ന സംഭാഷണം അദ്ദേഹത്തിൻെറ കണ്ണുകളെ ആകർഷിച്ചു.

ഡേവിഡ്—എന്നാലും അയാളെ ഇവിടേയ്ക്ക് ക്ഷണിച്ചത് വലിയൊരു അബദ്ധമായിപ്പോയി.

റോളൻറ്—എന്താണ് അബദ്ധം? കാലുതട്ടി മറിഞ്ഞുവീണ് നടക്കാൻപോലും വയ്യാതായ ഒരു മാന്യനെ രാത്രിമുഴുവനും പുറന്തിണ്ണയിൽ കിടത്തുവാൻ ഞാനുത്സാഹിക്കുമെന്നാണോ നിൻെറ വിചാരം? അയാളൊരു ഉൽകൃഷ്ടകുലജാതനാണെന്ന് നോക്കുന്നമാത്രയിൽതന്നെ ആക്കും നിശ്ചയിക്കുകയും ചെയ്യാം. അങ്ങനെയുള്ള ഒരാൾ ദൈവഗത്യാ അവശനായിത്തീന്നിരിക്കുമ്പോൾ അദ്ദേഹത്തെ വേണ്ടവിധം ഉപചരിക്കാതിരിക്കുന്നതല്ലയോ വലിയ അബദ്ധം?

ഇത്രയും കേട്ടപ്പോൾ ചാറൽസ്, 'രഹസ്യമായ അവരുടെ സംഭാഷണത്തെ താൻ കേൾക്കുന്നത് മര്യാദാഹീനമായ പ്രവൃത്തിയാണ്' എന്ന് വിചാരിച്ചു. താനുണന്നിരിക്കുന്ന വിവരം ഗ്രഹിക്കാത്തതുകൊണ്ടാണ് അവർ തന്നെപ്പററി ഇത്ര ഉച്ചത്തിൽ സംസാരിച്ചതെന്ന് അയാൾ തീർച്ചപ്പെടുത്തി. അതിനാൽ താനുണന്നിരിക്കുന്ന കാര്യം

അവരെ മനസ്സിലാക്കണമെന്ന് അയാളുദ്ദേശിച്ച് രണ്ടുമൂന്നുതവണ ഉച്ചത്തിൽ ചുമച്ചുനോക്കി. എന്നിട്ടും അവരുടെ സംഭാഷണത്തിന്നു യാതൊരു വിഘ്നവും വരാതെ അവർ വീണ്ടും സംസാരിക്കാൻതുടങ്ങി.

ഡേവിഡ്—എന്നാലും അയാൾ ഒരു വിദേശീയനാണല്ലോ. വംശപരമ്പരയിൽ ഒടുവിലത്തെ ഏകാവകാശിനിയാണ് നിങ്ങളുടെ പുത്രിയായ അന്ന. ഈ വിദേശീയനും അവൾക്കും പരസ്പരാനുരാഗം ഉണ്ടാകുന്നപക്ഷം എങ്ങിനെയെല്ലാമായിത്തീരുമെന്ന് നിങ്ങൾ കുടുംബമഹിമയെ സ്മരിച്ചെങ്കിലും ചിന്തിക്കേണ്ടതാണ്.

റോളൻറ്—അത ഏതൊന്നും വായിക്കേണ്ട സന്ദർഭം ഇവിടെ ഇപ്പോഴില്ല. നിൻെറ ഹൃദയം എനിക്ക് നല്ലവണ്ണം അറിയാം. നിൻെറ ഭയത്തിനുള്ള കാരണവും എനിക്ക് അദൃശ്യമല്ല. മാമൂലിനെപ്പററിയുള്ള വിശ്വാസം വെറും അന്ധമാണ്. അതിലല്പംപോലും വാസ്തവാംശമില്ലതന്നെ. ഇനി വാസ്തവമുണ്ടെങ്കിൽത്തന്നെയും, കാലഗതിയെ തടുത്തുനിൎത്താൻ എന്നെക്കൊണ്ടോ, നിന്നെക്കൊണ്ടോ, മററൊരാളാലൊ സാധിക്കുന്നതുമല്ല. നമ്മുടെ കൊച്ചുറാണിയെ ദൈവം ദയാപൂൎവ്വം വേണ്ടവിധം കാത്തുരക്ഷിക്കുകയും, അവൾക്ക് എത്രയൊക്കെ ആപത്തുകൾ നേരിട്ടാലും അവയെ സഹിച്ചുകൊള്ളുന്നതിന് മതിയായ മനശ്ശക്തിയുണ്ടാക്കുകയും ചെയ്യുമെന്ന് പൂൎണ്ണമായി ഞാൻ വിശ്വസിക്കുന്നുണ്ട്.

ഇതു് പറഞ്ഞസമയം ആ വൃദ്ധൻെറ ദൃഷ്ടികൾ ആകാശവീഥിയിൽ സഞ്ചരിക്കുകയും, വിറയ്ക്കുന്ന കൈകൾ മുകുളിതമാകയും, വിശാലമായ ഹൃദയത്തിൽ ഭക്തിരസം നിറഞ്ഞു് തുളുമ്പുകയും ചെയ്തിരുന്നു. പ്രകൃത്യാ ഉദ്ധതനായ ഡേവിഡ് തുടൎന്നു പറഞ്ഞു:—

ഡേവിഡ്—അവളെ എനിക്ക് വിവാഹം ചെയ്തു തരിക. ഞാനവളെ വിപത്തുകളിൽനിന്നു് പരിരക്ഷിച്ചുകൊള്ളാം.

റോളൻറ്—ആ കാൎയ്യത്തിൽ എനിക്ക് യാതൊരു അധികാരവുമില്ല. എൻെറ പുത്രിയുടെ മനസ്സമാധാനത്തേയും സന്തോഷത്തേയും

അനുഗ്രഹിക്കുന്നവനാണ് ഞാൻ. അവൾക്കു സ്നേഹമില്ലാത്ത ഒരു പുരുഷന്ന് ഞാനവളെ വിവാഹംചെയ്തു കൊടുപ്പാൻ വിചാരിക്കുകപോലുമില്ല.

ഡേവിഡ്—അവൾ എന്നെ സ്നേഹിക്കുന്നില്ലെന്ന് നിങ്ങൾക്കെങ്ങനെ അറിയാം?

റോളൻറ്—ഞാൻ ഇന്നലെ അവളോട്ട് ഈ കാൎയ്യത്തെപ്പററി സംസാരിക്കുകയുണ്ടായി. അവൾ നിന്നെയെന്നല്ല ഒരുവനേയും സ്നേഹിക്കുന്നില്ലയെന്നും, വൃദ്ധനായ എന്നെ വിട്ടു പിരിഞ്ഞു് ഒരിക്കലും ഒരിടത്തും പാൎക്കുന്നതല്ലെന്നുമാണ് ഉറപ്പായി പറഞ്ഞതു്.

ഡേവിഡ്—അതെല്ലാം ശരിതന്നെ. എന്നാൽ, അവൾ ഒരിക്കലും വിവാഹം കഴിക്കാതെ വൃദ്ധകന്യകയായി വാഴുമെന്ന് വിചാരിക്കുവാൻ വഴികാണുന്നില്ല. ഒരു പക്ഷേ, ഈ അതിഥിയെത്തന്നെ വിവാഹം കഴിച്ചേക്കാം. ഈ മനുഷ്യൻ, വാസ്തവത്തിൽ കൂട്ടുതലായി അവസ്ഥ നടിക്കുന്ന വല്ല കടകളിലേയും ഒരു ഗുമസ്തനോ മററോ ആയിരിക്കാനാണെളുപ്പം.

റോളൻറ്—എനിക്കു അങ്ങനെ തോന്നുന്നില്ല. സത്യസന്ധനും കാൎയ്യശേഷിയുള്ളവനുമായ ഒരു ഉത്തമപുരുഷൻെറ ലക്ഷണമാണ് ഞാൻ അയാളിൽ കാണുന്നതു്. മുഖത്തിൽ സ്ഫുരിതമായ ഗാംഭീൎയ്യത്തെപ്പററി ആലോചിക്കുമ്പോൾ അദ്ദേഹം ഒരു പ്രഭുകുടുംബജാതനാണെന്നുതന്നെ എനിക്ക് യഥാൎത്ഥമായി തോന്നിപ്പോകുന്നു.

ഡേവിഡ്—എന്നാലോ, കുറെക്കൂടി ഗൌരവമായി സൂക്ഷിക്കേണ്ടതുമാണല്ലോ. പ്രഭുത്വവും പണവും സ്ത്രീകളെ വശീകരിക്കുന്നവയാണ്.

റോളൻറ്—അങ്ങനെയൊന്നും വിചാരിപ്പാനില്ല. നമ്മുടെ കുടുംബത്തിൻെറ നിലയും മഹത്വവും ഉള്ള കുടുംബങ്ങൾ അത്രയധികം ഇല്ലല്ലോ. ഏതായാലും, ഈ ചെറുപ്പക്കാരൻ ഒരു യോഗ്യനാണെന്ന് എനിക്ക് തോന്നുന്നു. അയാളുടെ കാലിന്മേലേ പരുക്ക് ഭേദമാകുന്നതുവരെ അയാൾ ഇവിടെത്തന്നെ താമസിക്കട്ടെ. അതുകൊണ്ടു് ഒരു അബദ്ധവും വന്നുകൂടാനില്ല.

ഇത്രയും പറഞ്ഞു് അവർ പിരിഞ്ഞു.

സംഭാഷണം മുഴുവനും താൻ യാദൃച്ഛികമായി കേട്ടുപോയ വിവരം റോളൻറിനോട്ട് പറയണമെന്നു ചാറത്സിന്ന് ആദ്യം ഒരു തോന്നലുണ്ടായി. എങ്കിലും, അതയാൾക്ക് അസ്വാസ്ഥ്യം ഉണ്ടാക്കിയേക്കാമെന്ന് വിചാരിച്ച് വേണ്ടെയെന്നുതന്നെ തീച്ചപ്പെടുത്തുകയാണു ചെയ്തത്. അതിൽപിന്നെ അദ്ദേഹം പണിപ്പെട്ടെഴുന്നേറ്റ് വസ്ത്രമെല്ലാം ശരിപ്പെടുത്തി തൻെറ കുറുവടിയുടെ സഹായത്തോടുകൂടി സാവധാനത്തിൽ നടന്ന് ആഹാരമുറിയിലേയ്ക്ക് പ്രവേശിച്ചു. അവിടെ അന്ന, പരിചാരികയോടുകൂടി ഭക്ഷണസാധനങ്ങളൊരുക്കി വിളമ്പിവെയ്ക്കുകയായിരുന്നു. അധികം താമസിയാതെ റോളൻറും ഡേവിഡും അവിടെ പ്രവേശിക്കുകയും ചെയ്തു.

റോളൻറ് സ്നേഹപൂവ്വം ചാറത്സിൻെറ രോഗസ്ഥിതിയെക്കുറിച്ച് ചോദിച്ചു. ഡേവിഡാകട്ടെ, ഒരു നീരസഭാവത്തോടുകൂടിയാണ് ആ കൃത്യം നിവ്വഹിച്ചത്. ഭക്ഷണസമയത്തിൽ ആ രണ്ടു ചെറുപ്പക്കാരും മൌനം പിടിച്ചിരുന്നതേയുള്ളു. അതിനുശേഷം ഡേവിഡ് കുതിപ്പുറത്തു കയറി കാർവൻപട്ടണത്തിലേയ്ക്ക് പോകയുംചെയ്തു.

റോളൻറ് ചാറത്സിൻെറ പാദങ്ങളെ പരിശോധിച്ച് തൃപ്തനായശേഷം തൻെറ ജോലിക്കായി പോയി. അന്ന ചാറത്സിന്ന് വേണ്ടപ്പെട്ട കായ്യങ്ങളെല്ലാം ചെയ്തുകൊടുത്ത്, അയാളുടെ മനോവിനോദത്തിന്ന് അവശ്യം ഉതകുന്ന ചില നല്ല പുസ്തകങ്ങൾ അരികെക്കിടന്ന മേശമേൽ അടുക്കിവെച്ചതിനുശേഷം വീട്ടുകായ്യങ്ങൾ അന്വേഷിക്കുവാൻ പോയി.

ഏകനായി വിടപ്പെട്ട ചാറൽസ് ഉന്മേഷരഹിതനായി ഓരോ പുസ്തകങ്ങളെടുത്ത് മറിച്ചുനോക്കി കുറേ നേരം പോക്കി. ക്ഷണനേസമയംകൊണ്ട് അയാൾ ചിന്താനിമഗ്നനായി തീന്നു. അയാളുടെ ഹൃദയം നിശ്ശബ്ദമായി ഈവിധം മന്ത്രിക്കാൻ തുടങ്ങി. "അനനുഭൂതപൂവ്വമായ ഒരു ശീതളവികാരം എൻെറ മനസ്സിനെ കുളിപ്പിക്കുന്നുവല്ലോ; അതെന്തായിരിക്കാം? കവികളാൽ പുകഴ്ത്തപ്പെടുന്ന പരിശുദ്ധമായ പ്രേമമായിരിക്കുമോ? പ്രേമമെന്നതു് ഒരു വ്യക്തിയെ ഉദ്ദേശിച്ചുണ്ടാവുന്ന മനോഭാവമല്ലേ? ഇവിടെ അവിധം വരാൻ വ്യക്തികളൊന്നുമി

ല്ലല്ലോ. ഇല്ലേ? അകൃത്രിമരാമണീയകം വഴിഞ്ഞൊഴുകുന്നവളും നവയൌവനയുക്തയുമായ അന്ന ഇവിടെയുണ്ടല്ലോ. എൻെറ ഈ ഇരുപത്തേഴ് വയസ്സിനിടയിൽ സുന്ദരികളും പരിഷ്കൃതകളുമായ എത്രയോ സ്ത്രീകളെ ഞാൻ കണ്ടിരിക്കുന്നു? അവരിൽ ഒരുവൾക്കുപോലും ചലിപ്പിക്കുവാൻ കഴിയാത്ത എൻെറ ഹൃദയതന്ത്രികളെ "മാനോടൊത്തുവളന്നു മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത" ഈ നാട്ടുംപുറത്തുകാരിയാണോ ഇളക്കിമറിക്കുവാൻ പോകുന്നതു്? എന്നാൽ ഇത്രയും മധുരമധുരമായുള്ള ഒരു ഹൃദയാനന്ദം മററാരുമൂലവും എനിക്കുണ്ടായിട്ടില്ലെന്നതു് നിശ്ചയമാണ്."

അതുവരെയുള്ള ജീവിതത്തിനിടയിൽ ചാറത്സ് യൌവനയുക്തകളായ അനേകം സുദതീമണികളെ കണ്ടിട്ടുണ്ടായിരുന്നു. അവരിൽ ചിലരെ കണ്ടസമയത്തെല്ലാം അയാളുടെ ഹൃദയത്തിൽ ഓരോതരം വികാരങ്ങളുദിച്ചിട്ടുമുണ്ടാകാം. എന്നാൽ, അന്നയുടെ സന്ദർശനം കൊണ്ടു് അയാൾക്കുണ്ടായ വികാരം ഒന്നു വേറെത്തന്നെയായിരുന്നു. അതു് പ്രേമമാണെന്നു് പെട്ടെന്നു് ഖണ്ഡിതമായി പറവാൻ ഈ ഗ്രന്ഥകാരനു് തരമില്ല. എന്തെന്നാൽ, പ്രേമത്തിൻെറ നില അത്രമേൽ ഉയർന്നൊരു പടത്തിലാകുന്നു. പക്ഷേ, അയാളുടെ നിഷ്കളങ്കമായ മനസ്സിൽ ആ സുകുമാരിമൂലമായി പ്രേമത്തിൻെറ ഏതോ ഒരു മൃദുവായ സ്പർശം ഉണ്ടായിട്ടുണ്ടെന്നുള്ളതു് നിശ്ചയമാണു്. നമുക്കിപ്പോൾ ഇത്രയും മനസ്സിലാക്കിയാൽ മതി.

അയാൾ പിന്നെയും വിചാരിക്കുകയാണ്. "അവൾ എൻെറ ജീവിതത്തിൽ ഭാഗഭാക്കാകുമോ? ആ ഭാഗ്യം സിദ്ധിച്ചുവെങ്കിൽ...... പക്ഷേ, ഇതൊക്കെ ഞാൻ മാത്രം വിചാരിച്ചാൽ മതിയോ? അന്ന എന്നെ സ്നേഹിക്കുമോ? ഡേവിഡ് പറഞ്ഞതു് വളരെ പരമാർത്ഥമാകുന്നു. സ്ത്രീകൾ സാമാന്യേന സ്ഥാനവും സമ്പത്തും കണ്ടു് ഭ്രമിക്കുന്നവരാണ്. ആ വഴിക്കുണ്ടാകുന്ന മനോഭാവം അതോടുകൂടി നശിച്ചുപോകുമെന്നതു് നിശ്ചയവുമാകുന്നു. ഞാൻ അങ്ങനെയുള്ള ഒരു പ്രേമത്തെ—ക്ഷണഭംഗുരമായ ആ പ്രേമാഭാസത്തെ—ഒരിക്കലും ആശിക്കുന്നില്ല. എൻെറ ചിത്രകലാപരിചയത്തെ പ്രകടിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നതു് യുക്തമായിരിക്കും. ഞാനിന്നുമുതൽ

കേവലം ഒരു ചിത്രമെഴുത്തുകാരനാണ്. ഒരു ചിത്രമെഴുത്തുകാരനിൽ ഇവിടത്തെ "കൊച്ചുറാണി" പ്രേമിക്കുന്നപക്ഷം ആ പ്രേമം പരമാനന്ദമസൃണമായിരിക്കും. അതിനുള്ള ഭാഗ്യം എനിക്കുണ്ടോ?"

ചാറത്സിൻെറ വിചാരപരമ്പര ഈ 'തരുണ'ത്തിലായ സമയം റോളൻറ് മുറിക്കകത്തു് പ്രവേശിച്ചു. "ജോലിക്കു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞു. നിങ്ങൾ തനിച്ചിരിക്കുകയാകകൊണ്ടു് കൂട്ടിരിക്കാമെന്നു കരുതി വരികയായിരുന്നു." എന്നുള്ള മുഖവുരയോടുകൂടിയായിരുന്നു റോളൻറിൻെറ പ്രവേശം.

ചാറത്സ്—എൻെറ കാൽ സുഖമാകുന്നതിനു് ഇനി എത്ര ദിവസം കഴിയണം?

റോളൻറ്—ഇനി ഒരു അഞ്ചുദിവസത്തിൽ കുറഞ്ഞാൽ മതിയാവില്ല. എന്നാൽതന്നെ, പതുക്കെ നടന്നു് ഒന്നു പരീക്ഷിച്ചുനോക്കാമെന്നേയുള്ളു. പൂർണ്ണസുഖമാവണമെങ്കിൽ കുറേക്കൂടി ദിവസം കഴിയേണ്ടിവരും.

ചാറത്സ്—നിങ്ങളുടെ ആതിത്ഥ്യമര്യാദയെ അധികമായി പരീക്ഷിക്കുന്നതിനു് എനിക്കിഷ്ടമില്ല.

റോളൻറ്—ഹേ! ഒരു വിദേശീയനെ ഞങ്ങളുടെ ഇടയിൽ കിട്ടുന്നതുതന്നെ ഞങ്ങൾക്കു് വലിയ സന്തോഷകാരണമാണു്. വിശിഷ്യ, നിങ്ങൾക്കു കാര്യാന്തരവ്യഗ്രതയില്ലാത്തപക്ഷം നിങ്ങൾ സമാധാനമായി കുറേദിവസം ഇവിടെ താമസിക്കണമെന്നുംകൂടി ഞങ്ങളപേക്ഷിക്കുന്നു.

ചാറത്സ്—എന്നെ മററൊരുകാര്യവും ധൃതഗതിയിൽ ആകർഷിക്കുന്നില്ല. ഞാനൊരു ചിത്രമെഴുത്തുകാരനാണു്. അതുകൊണ്ടു് എൻെറ സമയവും കാര്യവും എൻെറ അധീനത്തിൽത്തന്നെയാകുന്നു.

റോളൻറ്—നിങ്ങൾ ചിത്രമെഴുത്തിനായിട്ടാണോ ഈ പ്രദേശത്തിൽ വന്നതു്?

ചാറത്സ്—അല്ല; വിനോദത്തിന്നു മാത്രമാണു് ഈ പ്രദേശത്തിലേയ്ക്കു് ഇപ്പോൾ വന്നതു്. കാൽനടയായി യാത്രചെയ്യുന്നതു് സുഖകരമായിരിക്കുമെന്നു വിചാരിച്ചു് അങ്ങനെ ചെയ്യുകയായിരുന്നു.

റോളൻറ്—കാൽനട കാൽമുറിവിലായിത്തീർന്നു അല്ലേ? ആകട്ടെ; സാരമില്ല. താമസമെന്യേ ഗംഭീരവും ആകർഷണീയവുമായ ഈ രാജ്യവിഭാഗങ്ങളെ നിങ്ങൾക്കു കാണിച്ചുതരാം.

ചാറത്സ്—നിങ്ങൾ ഒരു വലിയ സ്വദേശാഭിമാനിയാണെന്നു തോന്നുന്നുവല്ലോ.

റോളൻറ്—തക്ക കാരണവുമുണ്ട്. എന്റെ പൂർവികന്മാരിൽ അനേകംപേർ ഇവിടത്തെ രാജാക്കന്മാരായിരുന്നു.

ചാറത്സ്—എന്തു്? ആ വംശം നിശ്ശേഷം നശിച്ചതായിട്ടാണല്ലോ വിശ്വാസം.

റോളൻറ്—അതു് അബദ്ധവിശ്വാസമാണ്. ആ വംശത്തിലുണ്ടായിരുന്ന ഒരു സ്ത്രീപ്രജ ആരുമറിയാതെ വളർന്നുവരികയും, ഞങ്ങളുടെ വംശജനായ ഒരാൾ അവരെ വിവാഹം കഴിക്കുകയും ചെയ്തു. അതുകൊണ്ടു് എന്റെ മകൾ രാജവംശത്തിൽ പെട്ടവളാണെന്നു പറയാം. ആ വംശത്തിന്റെ തന്തുവായി അവൾ മാത്രമേ ഇപ്പോഴുള്ളു.

ചാറത്സ്—അങ്ങനെയാണെങ്കിൽ, രാജ്യാവകാശം ആവശ്യപ്പെടാതെ നിങ്ങളുടെ വംശജൻ കാലം കഴിച്ചതെന്താണ്?

റോളൻറ്—ആവശ്യപ്പെട്ടുമെന്നാണ് എല്ലാവരും വിചാരിച്ചിരുന്നതു്. പക്ഷേ, അങ്ങിനെ ചെയ്തില്ല. ആ മുത്തമ്മ മരണസമയത്തിൽ, തങ്ങളുടെ അന്തിമാവകാശി ഒരു സ്ത്രീപ്രജയായിരിക്കുമെന്നും, ഭൂസ്വത്തുകളെല്ലാം കാലക്രമേണ ക്ഷയിക്കുമെന്നും, അവയൊക്കെ ആ സ്ത്രീപ്രജ ഒരു വിദേശീയനെ വിവാഹം ചെയ്കമൂലം അന്യാധീനപ്പെട്ടുപോകുമെന്നും പറഞ്ഞതായി ഒരു ജനശ്രുതിയുണ്ടു്. അതിലിപ്പോൾ ഒരുഭാഗം മാത്രം സംഭവിച്ചുകഴിഞ്ഞിരിക്കുന്നു.

ചാറത്സ്—ഡേവിഡു് നിങ്ങളുടെ വംശത്തിൽ പെട്ടയാളല്ലേ?

റോളൻറ്—അല്ല. എന്റെ ഭാര്യവഴി അയാൾ ഒരു ചാർച്ചക്കാരനായിട്ടുണ്ടെന്നു മാത്രമേയുള്ളു. അയാളിപ്പോൾ അന്നയെ വിവാ

ഹം കഴിച്ച് ആ ബന്ധത്തെ ദൃഢീകരിക്കുവാൻ മോഹിക്കുകയാണ്. അയാളുടെ ഉദ്ദേശം തരക്കേടില്ല. പക്ഷേ, ഇപ്പോൾ ഞങ്ങൾക്ക് ശേഷിച്ചിട്ടുള്ള പത്തറുനൂറ് ഏക്കർ സ്ഥലത്തെ കൃഷിചെയ്തു സൂക്ഷിച്ച് ആദായമെടുക്കുന്നതിനുള്ള പാടവം അയാൾക്കു ലേശംപോലുമില്ല. അയാൾ അയാളുടെ ഒരു ചിററപ്പനോടൊന്നിച്ച് കാർവൻ പട്ടണത്തിൽ വക്കീൽപണി നോക്കിയിരിക്കുകയാണ്. എന്നല്ല, എൻെറ പ്രിയപുത്രിക്ക് അയാളോടു വലിയ സ്നേഹമൊന്നുമുള്ളതായി തോന്നുന്നുമില്ല.

ചാറത്സ്—അറുനൂറേക്കർ ചില്ലറ സ്വത്തല്ലല്ലോ.

റോളൻറ്—ഒരുകാലത്ത് ഇവിടെനിന്നു പത്തുമൈൽ ചുററുമുള്ള പ്രദേശങ്ങളെല്ലാം ഞങ്ങളുടെ ജന്മമായിരുന്നു. അതൊക്കെ ഇപ്പോൾ വിസ്തരിച്ചതുകൊണ്ടു ഫലമില്ലല്ലോ.

## മൂന്നാം അദ്ധ്യായം.

(ഹൃദയപ്രകടനം.)

ഒരാഴ്ചവട്ടം അതിവേഗത്തിൽ കഴിഞ്ഞു. ചാറത്സിൻെറ കാൽ ഒരുവിധം സുഖപ്പെട്ടു് വീട്ടിനു ചുററും പതുക്കെപ്പതുക്കെ നടക്കാമെന്ന നിലയിലായി.

ഈ കാലത്തിനിടയിൽ റോളൻറും ചാറൽസും തമ്മിൽ വലിയ സ്നേഹിതന്മാരായിത്തീർന്നിരുന്നു. ഏതുവിധമെങ്കിലും അന്നയെ തൻെറ സ്വന്തമാക്കണമെന്നുള്ള ഒരു വികാരവിജൃംഭണം ചാറൽസിൽ അടിക്കടി വളർന്നു വരികയായി.

അക്കാലങ്ങളിൽ ഒട്ടുമിക്കദിവസവും ഡേവിഡ് അവിടെ വന്നുകൊണ്ടിരുന്നു. ആ യുവാക്കളുടെ അന്തരംഗങ്ങളിൽ അവരറിയാതെ ഒരു പരസ്പരവിരോധം അങ്കുരിതമായി. ചാറത്സിൻെറ അവിടത്തെ പെരുമാററം കണ്ടു് ഡേവിഡ് വളരെ അസ്വസ്ഥനായിത്തീർന്നു.

അന്നയ്ക്കു് വിശേഷമായ ഏതോ ഒരു സന്തോഷം തോന്നിത്തുടങ്ങി. ഈ ഹൃദയവികാസത്തിന്ന് പെട്ടെന്നുണ്ടായ കാരണമെന്തെന്ന് അന്വേഷിക്കുവാൻ അവൾ ശ്രമിച്ചതേയില്ല. "സ്ത്രീണാം ചചിത്തം."

ഒരു സായാഹ്നത്തിൽ പൂന്തോട്ടത്തിലെ ഒരു വൃക്ഷത്തറയിന്മേൽ 'അന്ന' തനിയെ ഇരുന്ന് ആനന്ദിക്കുകയായിരുന്നു. ആ സമയം അവളുടെ അച്ഛനും ചാറൽസും വിനോദസംഭാഷണം ചെയ്തുകൊണ്ടു വരുന്നതുകണ്ടു് അവൾക്കു് എന്തെന്നില്ലാത്ത ഒരു സംതൃപ്തി ഹൃദയത്തിലുളവായി. അവൾ പെട്ടെന്നെഴുന്നേററു് അവരുടെ സമീപത്തിൽ ചെന്നിന്നു. അന്നേരം റോളൻറു് പിൻതിരിഞ്ഞു നോക്കി." അതാ ഡേവിഡും വരുന്നു" എന്നു പറഞ്ഞു

അന്ന—അയാൾ ഇവിടെത്തന്നെ താവളമുറപ്പിക്കാൻ വിചാരിക്കയാണെന്നു തോന്നുന്നു. ഇവിടെനിന്നു് അകലുന്നമട്ടേ കാണുന്നില്ല.

ഇതു പറഞ്ഞസമയം അവളുടെ മുഖത്തിൽ അസാദ്ധ്യമായ ഒരു നീരസവും കോപലാഞ്ഛനവും സ്ഫുരിക്കുന്നതായി ചാറൽസു് കണ്ടു മനസ്സിലാക്കി.

റോളൻറു്—എന്തു്? അയാൾ നിൻെറ അടുത്ത ബന്ധുവല്ലേ?

അന്ന—എന്നാൽ നിർദ്ദയൻ.........

ഇത്രയും അവളറിയാതെ പറഞ്ഞുപോയി. പക്ഷേ, അതു മന്ദസ്വരത്തിലായിരുന്നതുകൊണ്ടു് വൃദ്ധനായ റോളൻറു് കേട്ടില്ല. എന്നാൽ തദേകതാനനായിരുന്ന ചാറൽസു് അതു വ്യക്തമായി കേൾക്കാതിരുന്നുമില്ല.

ഡേവിഡു് അടുത്തെത്തി, 'ഇന്നു് ഇവിടെ കഴിക്കാമെന്നുകരുതി വരികയായിരുന്നു' എന്നു് അവരോടു പറഞ്ഞു് ഒന്നു മന്ദഹസിച്ചു.

അന്ന—'വക്കീലിനെ കക്ഷികൾ പ്രതീക്ഷിച്ചിരിക്കുമല്ലോ' എന്നു് ഒരു പുച്ഛസ്വരത്തിൽ പറഞ്ഞു

ഡേവിഡു്—എനിക്കിവിടെ സൽക്കാരം കിട്ടുന്നിടത്തോളംകാലം കക്ഷികളുടെ പ്രതീക്ഷകളെപ്പററി അത്ര ഗൌനിക്കേണ്ട ആവശ്യമില്ല.

അന്ന —സ്വകൃത്യനിർവ്വഹണം ഉപേക്ഷിക്കുന്നവൻ സൽക്കാരാർഹനാണോ എന്നാണ് സംശയം.

ഡേവിഡ്—എൻെറ ചുമതല ഇവിടെയാണ്. (മന്ദസ്വരത്തിൽ). എനിക്ക് നിന്നോടു കുറെ സംസാരിക്കാനുണ്ട്.

അന്ന—അത് ഇവിടെ വെച്ചാകാമല്ലോ.

ഡേവിഡ്—അതു ശരിയാകയില്ല. കുറച്ചകലെ പോകാം.

അവർ അവിടെനിന്ന് അകന്ന് നടന്നു തുടങ്ങി. ചാൾസും റോളൻറും തമ്മിൽ ഇതരവിഷയത്തെപ്പററി സംസാരിച്ചുകൊണ്ടിരുന്നതിനാൽ ഇവരുടെ സംഭാഷണത്തിൽ ശ്രദ്ധ പതിച്ചില്ല. ചാൾസ് അവർ പോകുന്നതു പ്രത്യേകം ശ്രദ്ധമായി ശ്രദ്ധിച്ചുവെങ്കിലും അവരുടെ പിന്നാലേ പോകയുണ്ടായില്ല. ഒരു മറവിലെത്തിയ ഉടനെ അന്ന തിരിഞ്ഞുനിന്ന് ഡേവിഡിനോട്, "എന്താണ് കാര്യം?" എന്നു ചോദിച്ചു.

ഡേവിഡ് ആ തരുണിയുടെ സ്വരംകേട്ടു വിവശനായെങ്കിലും ധൈര്യം ഭാവിച്ചുകൊണ്ടു പറയുകയാണ്:—"ആ മനുഷ്യനിൽ നിങ്ങളെ എപ്പോഴും നിഴലിക്കുന്നതായി കാണുന്നതു് എനിക്കു തീരെ രുചിക്കുന്നില്ല."

അന്ന—നിങ്ങളിതുവരെ അതുതന്നെയാണല്ലോ ചെയ്തുകൊണ്ടിരുന്നതു്. ഈയിടെയായി ഒരാവശ്യവുമില്ലാതെ നിങ്ങൾ ഇവിടെത്തന്നെ ചുററിക്കൂട്ടുകയും ചെയ്യുന്നുവല്ലോ.

ഡേവിഡ്—ഈ സമ്പ്രദായം എനിക്കൊട്ടും രസിക്കുന്നില്ല. ഞാൻ നിന്നെത്തന്നെ സ്നേഹിച്ചിരിക്കുകയാണെന്ന് നിനക്കു നല്ലവണ്ണം അറിയാമല്ലോ. എന്നെ നീ വിവാഹം കഴിക്കാമോ?

അന്ന—ഞാനൊരിക്കലും നിങ്ങളെ വരിക്കുകയില്ല എന്ന് ധൈര്യമായും വ്യക്തമായും ഇതാ പറഞ്ഞുകൊള്ളുന്നു.

ഡേവിഡ്—അതു് നിൻെറ ദൃഢവിശ്വാസമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ നിന്നെ വിവാഹംചെയ്യുന്നതാണ് നിൻെറ അച്ഛൻെറ ഇഷ്ടമെന്ന് എനിക്കറിയാം.

അന്ന—എന്റെ ഹിതംപോലെ ചെയ്യുന്നതാണ് എന്റെ അച്ഛന്റെ സംതൃപ്തിയെന്ന് എനിക്കും നല്ലവണ്ണമറിയാം.

ഡേവിഡ്—എന്നാൽ നീ എന്നെ വിവാഹംകഴിക്കുക. ഞാൻ നിന്റെ ജീവിതത്തെ സുഖസംപൂർണ്ണമാക്കാം.

അന്ന—അതു് ഒരിക്കലും ഉണ്ടാകുന്നതല്ല.

ഡേവിഡ്—ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല. എവിടെനിന്നോ വലിഞ്ഞുകയറിയ ഈ തെണ്ടിയെ നീ ഇപ്പോൾ സ്നേഹിക്കുന്നുണ്ടായിരിക്കാം. അയാൾ പോയാൽ നിന്റെ ഭാവം മാറും. പക്ഷേ, അവൻ വിവാഹിതനാണെന്നും വരാം.

അന്ന—അധികപ്രസംഗമായി സംസാരിക്കരുതു്.

അവൾ പെട്ടെന്നു തിരിഞ്ഞു് നടന്നുതുടങ്ങി. എല്ലാവരുമായി ഭവനത്തിൽ പ്രവേശിച്ചു ദിനകൃത്യങ്ങൾനടത്തി സുഖശയ്യയെപ്പൂണ്ടു.

ദിവസം നാലഞ്ചു് പിന്നെയും കഴിഞ്ഞു. ചാറത്സിന്റെ കാലു് പഴയനിലയിൽ പൂർണ്ണസ്വാസ്ഥ്യത്തെ പ്രാപിച്ചു. അയാൾക്കു് അവിടംവിട്ടു പോകാനുള്ള ആലോചന മുറുകിത്തുടങ്ങി. എന്നാൽ, റോളൻറു് അയാളെ പെട്ടെന്നു വിട്ടുപിരിയുന്നതിനു് അനുവദിച്ചില്ല. ചുററുമുള്ള പ്രകൃതിരമണീയങ്ങളായ പ്രദേശങ്ങളെ കാണിച്ചുകൊടുക്കാമെന്നും, കുറേദിവസംകൂടി അവിടെ താമസിക്കണമെന്നും റോളൻറു് നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചു. ചാറൽസു് യാതൊരു വൈമനസ്യവും പ്രദർശിപ്പിക്കാതെ ആ അപേക്ഷയെ സ്വീകരിക്കുകയും ചെയ്തു. അയാൾ അന്നയോടും ചിലപ്പോൾ അവളുടെ അച്ഛനോടുംകൂടി പരിതസ്ഥലങ്ങളിൽ സൈ്വരമായി സഞ്ചരിക്കുക പതിവായി.

കാലചക്രത്തിന്റെ ദ്രുതഭ്രമണം മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഏകദേശം ഇരുപത്തിഒന്നു സൂര്യോദയം മേൽപറഞ്ഞ സംഭവങ്ങൾക്കുശേഷം നടന്നു. ആ ദിവസങ്ങൾക്കിടയിൽ എന്തെല്ലാം മാററങ്ങൾ സംഭവിച്ചിരിക്കാം. നിമേഷമാത്രങ്ങളിൽപോലും വിവിധവേഷത്തെ പൂണുന്ന പ്രകൃതിയുടെ വിചിത്രരഹസ്യങ്ങൾ വർണ്ണനാതീതങ്ങളായിരിക്കെ, ആ ദീർഘദിവസങ്ങളിലെ നിഗ്ഗൂഢസംഭവവിശേഷങ്ങളെ

ല്ലാം എങ്ങനെയാണ് പ്രതിപാദിക്കുക. അനേകം പുഷ്പങ്ങൾ വിരിഞ്ഞ് പരിമളം പരത്തി പഞ്ചഭൂതങ്ങളിൽ വിലയം പ്രാപിച്ചുകഴിഞ്ഞു. റോളൻറിൻെറ പൂന്തോട്ടത്തിലെ ചില വല്ലികൾ നവാങ്കുരിതങ്ങളായി കാണപ്പെട്ടു. ആ മൊട്ടുകളും ഇനി പ്രായംതികഞ്ഞു വിരിഞ്ഞ് അവയുടെ നിസർഗ്ഗസൌരഭ്യം വീശുവാൻ അധികം ദിവസങ്ങളെ പ്രതീക്ഷിക്കുകയില്ല. കുറേദിവസങ്ങൾക്കുമുമ്പ് പാകിയ വിത്തുകൾ മുളച്ചു തളിർത്ത് അടുത്തുള്ള വൃക്ഷങ്ങളെ ശാഖാകരങ്ങൾനീട്ടി എത്തിപ്പിടിക്കുവാൻ മുതിരുന്നു. ചില പുഷ്പങ്ങൾ അടിയിൽ ഫലങ്ങളോടുകൂടി കാണപ്പെട്ടു. ചാറൽസ് ഏകനായി ഈ വക പ്രകൃതിവിശേഷങ്ങളെ കണ്ടു രസിച്ച് പൂന്തോട്ടത്തിൽ മന്ദമന്ദം ഉലാത്തുമ്പോൾ റോളൻറ് അവിടെ സമാഗതനായി. "ഇന്നെന്താണ് ഏകനായി ഇറങ്ങിയതു്?" എന്നയാൾ ചോദിച്ചുകൊണ്ട് ചാറത്സിൻെറ സമീപം ചെന്നു.

ചാറൽസ്—വിശേഷിച്ചൊന്നുമുണ്ടായിട്ടല്ല. ഓരോ വിചാരത്തോടുകൂടി ഇങ്ങോട്ടിറങ്ങിയെന്നേയുള്ളു. ഞാൻ ഇവിടെവന്നിട്ട് ഇപ്പോൾ മൂന്ന് ആഴ്ച കഴിഞ്ഞല്ലോ. ഇക്കാലം മുഴുവൻ എന്നോട് ഇത്രകരുണാപൂർവ്വം പെരുമാറിയ നിങ്ങൾക്കും, നിങ്ങളുടെ പുത്രിക്കും ഞാൻ എന്നേയ്ക്കും കടപ്പെട്ടിരിക്കുന്നു. ഇവിടെവന്ന് ഇത്രയുംനാൾ താമസിച്ചതിൻെറ ഫലമായി എൻെറ ഹൃദയം ഞാനിതിനുമുമ്പ് ഒരിക്കലും അനുഭവിക്കാത്ത ഏതോ ഒരു ദിവ്യാനന്ദത്തിൽ ലയിച്ചിരിക്കുന്നു. അതിനു ഹേതുഭൂത സുദതിയും സുശീലയുമായ നിങ്ങളുടെ പുത്രിയാണെന്നതു് നിസ്സംശയമായി പറയാം. എൻെറവിചാരം നിങ്ങളുടെ സ്ഥാനമാനങ്ങൾക്ക് അനുയുക്തമല്ലായിരിക്കാം. എന്നാൽ, എൻെറ അഭിലാഷം നിഷ്കാരണജാതവും നിരുപമവുമാണെന്ന് ഞാൻ സത്യംചെയ്യുകൊള്ളുന്നു. അവളുടെ മനഃസ്ഥിതി എന്തായിരിക്കുമെന്നു ഞാൻ വിചാരിച്ചിട്ടേയില്ല. എന്നാൽ, ഇതിനെസ്സംബന്ധിച്ച് അവളോടു ചോദിക്കുവാനും, അവൾ സമ്മതിക്കുന്നപക്ഷം അവളുടെ ഭാവിജീവിതത്തെ ഭാസുരതരമാക്കുവാനും ഞാൻ ശ്രമിക്കാം. ആദ്യമായി നിങ്ങളുടെ അനുവാദമാണ് എനിക്കു ലഭിക്കേണ്ടതു്.

റോളൻറ്—നിങ്ങൾ അവളെ യഥാൎത്ഥമായി സ്നേഹിക്കുമെന്നും, കഴിയുന്നത്ര മനസ്സിരുത്തി സന്തോഷപ്പെടുത്തുമെന്നും എനിക്കു നിങ്ങളുടെ മുഖംനോക്കിയാൽത്തന്നെ അറിയാം. ഞാൻ നിങ്ങളെ അത്രമേൽ വിശ്വസ്തനും യോഗ്യനുമായി കരുതുന്നുണ്ട്. എങ്കിലും, നിങ്ങളവളോട്ട് ചോദിക്കുന്നതിനുമുമ്പായി അവളെ സംരക്ഷിക്കുന്നതിനുള്ള മാൎഗ്ഗവും വശവും നിങ്ങൾക്കുണ്ടോ എന്ന് എനിക്ക് അറിയേണ്ടിയിരിക്കുന്നു.

ചാറൽസു—എന്റെ അമ്മയുടെ വകയായി ആണ്ടുതോറും അഞ്ഞൂറുപവൻ എനിക്ക് ആദായം ലഭിക്കും. അതുകൂടാതെ ധനികനായ ഒരു അമ്മാവൻ എനിക്കുണ്ട്. അദ്ദേഹത്തിന്റെ കാലശേഷം ആ വമ്പിച്ച സമ്പത്തിനെല്ലാം അവകാശി ഞാൻ മാത്രമാണ്.

റോളൻറ്—എന്നാൽ, നിങ്ങൾ അവളോട്ട് ചോദിക്കുക. അവളുടെ ഭാവിയെപ്പററി ചിന്തിക്കുമ്പോൾ എനിക്ക് വലിയ ഭയം തോന്നുന്നു. ഞങ്ങളുടെ കുടുംബത്തെപ്പററിയുള്ള പാരമ്പരികമായ ഒരു വിശ്വാസം ഞാൻ നിങ്ങളോട്ട് പറഞ്ഞിട്ടുണ്ടല്ലോ. ഒടുവിലത്തെ അവകാശി ഒരു സ്ത്രീയായിരിക്കുമെന്നും, അവളൊരു വിദേശീയനെ പരിണയനം ചെയ്യുമെന്നും, തന്നിമിത്തം അവൾക്ക് അനേകവിധം അരിഷ്ടങ്ങൾ നേരിടുമെന്നും, അതോടുകൂടി ഞങ്ങളുടെ ഭൂസ്വത്തുകൾ അന്യാധീനപ്പെട്ടുപോകുമെന്നും ആണ് ആ കേൾവി.

ചാറൽസ്—ഈ കേഴ്വിയെപ്പററി നിങ്ങളിത്ര ദൃഢമായി കരുതുന്നതു യുക്തമല്ല. ഞാൻ നിങ്ങളുടെ പുത്രിയെ യാതൊരാപത്തിനും പിടികൊടുക്കാതെ കഴിയുംവിധം മനസ്സിരുത്തി സംരക്ഷിക്കാതിരിക്കുകയില്ല.

റോളൻറ്—ഞാൻ അങ്ങനെതന്നെ വിശ്വസിക്കുന്നു. എന്റെ പുത്രിയുടെ ഭാവിയെ നിങ്ങളുടെ സംരക്ഷണയിൽ സമൎപ്പിക്കുവാൻ എനിക്ക് യാതൊരു വൈമനസ്യവുമില്ല. നിങ്ങൾ സ്വദേശിയായിരുന്നെങ്കിൽ കുറെക്കൂടി നന്നായേനേ.

ചാറൽസ് —(ചിരിച്ചുംകൊണ്ടു്.) അതു് മാററാൻ ഇപ്പോൾ അവു

ന്നതല്ലല്ലോ. എന്നാൽ, എന്നാൽ കഴിയുന്നവിധം ഞാൻ നി ങ്ങളുടെ പുത്രിയെ സംരക്ഷിക്കുമെന്ന് ഒന്നുകൂടി ഉറപ്പായി പറ ഞ്ഞുകൊള്ളുന്നു.

റോളൻറ്—അവളും നിങ്ങളെ സ്നേഹിക്കുന്നുണ്ടെന്ന് ഞാൻ കരു തുന്നു. ഡേവിഡിൻെറ സ്ഥിതി ദയനീയംതന്നെ.

ചാറൽസ്—അതേ.

റോളൻറ്—ഡേവിഡ് അവളെ വിവാഹംകഴിക്കണമെന്ന് വളരെ ക്കാലമായി ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ എ ന്തുകൊണ്ടോ എനിക്ക് അയാളെപ്പററി അത്ര വിശ്വാസംവരു ന്നില്ല. (മുമ്പോട്ടു നോക്കിക്കൊണ്ട്) അതാ 'അന്ന' വരുന്നു.

'അന്ന' അടുത്തുവന്നപ്പോൾ അച്ഛനും ചാറൽസും തമ്മി ലെന്തോ സാരമായ സംഗതി സംസാരിച്ചുകൊണ്ടിരുന്നതായി അവ ൾക്ക് തോന്നുകയാൽ അവൾ നേരേ നടന്നു. അതുകണ്ട് ചാറ ത്സിന് അവളുടെ സൌശീല്യത്തെപ്പററി അധികമായ ഒരാനന്ദമു ണ്ടായി. രണ്ടുപേരും എഴുന്നേററ് നടന്നുതുടങ്ങി. വിചാരപരതന്ത്ര രായിരുന്ന അവരുടെ സഞ്ചാരം രണ്ടുവഴികളിൽക്കൂടെയായിത്തീൎന്നത് അവർ രണ്ടുപേരും അറിഞ്ഞില്ല.

അന്ന ചെന്നു നിന്നതു്, താനാദ്യമായി ചാറത്സിനെ കണ്ട അ സ്ഥലത്തായിരുന്നു. അവളവിടെ മതിലിനോടു ചേൎന്നു നിന്ന് വിസ്തൃ തമായ മൈതാനത്തിൻെറ രാമണീയകത്തെ അവലോകനം ചെയ്തു. പെട്ടെന്നൊരു കാൽപെരുമാററം പിറകിൽ കേൾക്കുകയാൽ അവൾ തിരിഞ്ഞുനോക്കി. ആ സമയം തന്നിൽ ഏതോ ഒരു വികാരംകൊണ്ട് മസൃണമായ ദൃഷ്ടികളൂന്നിനില്ക്കുന്ന ചാറത്സിനെ കണ്ട് 'താനറിയാ തെ' അവളുടെ മുഖം വിനമ്രമായി. "അച്ഛനെവിടെ?" എന്ന് അല്പ നേരം കഴിഞ്ഞപ്പോൾ മന്ദസ്വരത്തിൽ അവൾ ചോദിച്ചു. അപ്പോ ഴാണ് ചാറത്സിന് സംഭവം വ്യക്തമായി മനസ്സിലായതു്. അയാൾ ചുററും നോക്കി ഒരു ചെറിയ സങ്കോചത്തോടുകൂടി, "ഞങ്ങളൊരുമി ച്ചാണ് ഇങ്ങോട്ടു പോന്നതു്." എന്നു പറഞ്ഞു് അവളെ ഉററു നോക്കി, "എന്നിട്ട് എൻെറ അടുക്കലേയ്ക്ക് നിങ്ങൾ തനിയേ

പോന്നു; അല്ലേ?" എന്ന് അവൾ അത്ഥഗർഭമായി പറഞ്ഞ് അദ്ദേഹത്തെ മന്ദസ്മേരമാനനായി ഒന്നു കടാക്ഷിച്ചു.

അന്ന—അതാ നിങ്ങളെ ദ്രോഹിച്ച കറുത്തിരുണ്ട കരിങ്കല്ല് പഴയ പടി അവിടെത്തന്നെ കിടക്കുന്നു. നോക്കൂ.

ചാറൽസ് മതിലിനരികിൽ നിന്നു അ കല്ലു നോക്കിക്കൊണ്ട്, "അത് എന്നെ ദ്രോഹിക്കുകയല്ല ചെയ്തത്; പ്രത്യുത എന്നെ ജീവിതാമൃതംകൊണ്ട് കുളിപ്പിക്കുകയായിരുന്നു" എന്നു പറഞ്ഞ് ഒരു രമണീയവിലാസത്തോടുകൂടി അവളെ നിരീക്ഷണം ചെയ്തു.

അന്ന—അതേ അതേ. ഞരമ്പ് പിണക്കി നടക്കാൻ വയ്യാതാക്കുകയാണല്ലോ ജീവിതാമൃതം; ഞാൻ അപ്പോൾ കണ്ടതാണല്ലോ.

ചാറൽസ്—അ കല്ല് അ വിധത്തിൽ ദ്രോഹിക്കാതിരുന്നുവെങ്കിൽ എനിക്ക് ഈ ഭാഗ്യം ഇന്ന് സിദ്ധിക്കുമോ.?

അന്ന—ഏതു ഭാഗ്യം? ഈ പൂന്തോട്ടത്തിൽ വന്നുനില്ക്കാനോ? എന്നാൽ, അ കല്ലിൻെറ സഹായമോ—അഥവാ ദ്രോഹമോ—ഏല്ക്കാതെതന്നെ ഈ പൂന്തോട്ടത്തിൽ പ്രവേശിച്ചിട്ടുള്ളവരൊക്കെ വലിയ ഭാഗ്യം ചെയ്തിട്ടുള്ളവരായിരിക്കണമല്ലോ.

ചാറൽസ്—അവരുടെ ഭാഗ്യത്തിനും എൻെറ ഭാഗ്യത്തിനും തമ്മിൽ അജഗജാന്തരമുണ്ട്. സ്വതവേ സുഖവാന്മാരായ അവർ അധികം സുഖമാസ്വദിക്കുവാൻവേണ്ടിയാണ് ഇവിടെ വന്നിട്ടുണ്ടായിരിക്കുക. ഒരു സുഖത്തിൽ വന്നുകൂടുന്ന മറെറാരു സുഖത്തിൻെറ ആസ്വാദ്യത തിരിച്ചറിവാൻ വിഷമമാണ്. അ കല്ലുമൂലം വ്യഥിതനായ എനിക്ക് ഇപ്പോൾ ലബ്ധമായ ആനന്ദം അപരിമേയമാകുന്നു. എന്നാലത് ഇനിയും പരിപൂർണ്ണതയെ പ്രാപിച്ചിട്ടില്ല. അതിന് ഒരാളുടെ സഹായംകൂടി വേണ്ടിയിരിക്കുന്നു.

അന്ന—ആരുടെ സഹായമാണ്? അച്ഛനോട് പറയാമായിരുന്നല്ലോ. അദ്ദേഹത്തിന് നിങ്ങളെ വലിയകാര്യമാണെന്ന് എനിക്ക് നല്ലവണ്ണം അറിയാം.

ചാറൽസ്—അച്ഛനോട്ട് പറഞ്ഞു കഴിഞ്ഞു. അദ്ദേഹം പരിപൂൎണ്ണമായ സമ്മതി സന്തോഷസമേതം തന്നിരിക്കുന്നു. പക്ഷേ, ഭവതിയുടെ അഭിപ്രായവും കൂടി അറിയേണ്ടിയിരിക്കുന്നു. എങ്കിലേ പരിപൂൎണ്ണമാകയുള്ളു.

അന്ന—എന്റെ അഭിപ്രായമോ?

ചാറൽസ്—അതേ; ഭവതിയുടെ അനുകൂല്യമാണ് എന്റെ ജീവിതാമൃതം. ഞാനിവിടെ വന്നിട്ട് രണ്ടുമൂന്നാഴ്ച മാത്രമേ ആയിട്ടുള്ളുവെങ്കിലും, ഭവതിയുടെ കരുണാശീതളമായ പെരുമാററത്താലും, നിസ്സീമമായ സൌന്ദൎയ്യത്താലും വശീകൃതനായിത്തീൎന്നിരിക്കുന്നു. എനിക്ക് നിങ്ങളോടുണ്ടായ ആസക്തിവിശേഷം അനുപമമാണ്. അത് അടിക്കടി അഭിവൃദ്ധമാകയും ചെയ്യുന്നു. രണ്ടുമൂന്നുതവണ ഞാനിതിനെപ്പററി ഭവതിയോട്ട് പറയുവാനുന്നിനെങ്കിലും, ആദ്യമായി അച്ഛന്റെ അഭിപ്രായമറിയുന്നതാണ് മൎയ്യാദ എന്ന് കരുതി മിണ്ടാതിരിക്കുകയായിരുന്നു. അതിതാ ഇപ്പോൾ ലബ്ധമായി. ഭവതിയുടെ അഭിപ്രായമനുസരിച്ച് ചെയ്യാമെന്നാണ് അദ്ദേഹത്തിന്റെ നിശ്ചയം. ഇനി നിങ്ങളുടെ ഹൃദയം അറിയേണ്ടിയിരിക്കുന്നു. ഞാൻ നിങ്ങളെക്കാൾ എത്രയോ താഴ്ന്നനിലയിലുള്ളവനാണ്. പ്രഭുത്വമോ സ്ഥാനമാനങ്ങളോ എനിക്കിപ്പോഴില്ല. ചിത്രമെഴുത്താണ് എന്റെ പ്രവൃത്തി. അങ്ങിനെയൊക്കെയാണെങ്കിലും നിങ്ങളുടെ ജീവിതത്തെ സന്തോഷനിമഗ്നമാക്കുന്നതിന് പൎയ്യാപ്തമായ പ്രേമാമൃതം എന്റെ ഹൃദയത്തിൽ ഇപ്പോൾത്തന്നെ സുരക്ഷിതമായിട്ടുണ്ട്. ഞാൻ നിങ്ങളെ ആനന്ദിപ്പിക്കുവാൻ യഥാശക്തി പരിശ്രമിക്കുന്നതാണ്. എത്രയോ ചുരുങ്ങിയ കാലത്താൽ ലബ്ധമായ ഒരു സ്വല്പപരിചയത്തെ ഞാൻ ദുരുപയുക്തവും ധിക്കാരസങ്കുലവുമാക്കുകയാണെന്ന് ഭവതിക്ക് തോന്നുന്നുണ്ടെങ്കിൽ എന്റെ അപരാധത്തെ ക്ഷമിക്കണമെന്ന് ഞാൻ പ്രശ്രയപൂൎവ്വം അപേക്ഷിച്ചുകൊള്ളുന്നു.

ചാറൽസ് അവളുടെ മറുപടി ഉല്കണ്ഠാപൂൎവ്വം പ്രതീക്ഷിച്ച് ആ മുഖത്തിൽ നിൎന്നിമേഷം ദൃഷ്ടികൾ പതിച്ചുകൊണ്ട് നിന്നു.

അ തരുണിയുടെ വദനം പെട്ടെന്ന് ഒന്ന് തുടുത്തു. ഹൃദയം ദ്രുതഗതിയിൽ ചലിച്ചു. അവളുടെ സ്തനകലശങ്ങൾ അകത്തുള്ള ഏതോ ഒരു ശക്തിയുടെ സന്താഡനംകൊണ്ട് മന്ദമന്ദം നർത്തിതങ്ങളായി. രോമഹർഷണം ഇന്നതാണെന്ന് അവളന്ന് ആദ്യമായറിഞ്ഞു. വിറയ്ക്കുന്ന ചെഞ്ചൊടിത്തളിരുകളുടെ ഇടയിൽക്കൂടി കുന്ദസുന്ദരമായ ദന്തപ്രകാശം പരിസ്ഫുരിച്ചു. അവളുടെ ഹൃദയം അവിചാരിതവും അനനുഭൂതവും അമൃതമധുരവും ആയ ഏതോ ഒരു ആനന്ദവികാരസമുദ്രത്തിന്റെ അഗാധതയിലേയ്ക്ക് അതിവേഗം അമിഴ്ന്നുപോയി. അത് അനുനിമിഷം സ്വതസ്സിദ്ധമായ പ്രകാശത്തോടുകൂടി ഉയൎന്നുവന്നുകൊണ്ടിരുന്നു. കഴിഞ്ഞ കുറച്ചുദിവസമായി താനനുഭവിക്കാറുള്ളതും അനുക്ഷണംനവംനവമായി തോന്നാറുള്ളതുമായ ആ ഒരു സന്തോഷത്തിന്റെ സ്വരൂപം ഇന്നതാണെന്ന് അവൾക്കിപ്പോൾ മനസ്സിലാകാൻ തുടങ്ങി. ആ വികാരത്തിന് കാരണഭൂതനായ പുരുഷകേസരിയെ അവളിതാ കണ്ടുപിടിച്ചു കഴിഞ്ഞു. അവളുടെ അമ്പിളിത്തുമുഖം അവനതമായി. സന്തോഷം അവളുടെ മിനുമിനുത്ത കവിൾത്തടങ്ങളിൽ ഒന്നുകൂടി ആരുണ്യം കലൎത്തി. അവളുടെ മനോവിപഞ്ചികയുടെ വികാരതന്ത്രികളിളകിയെങ്കിലും അവിടെ നിന്ന് ഒരു ചെറിയ നിസ്വനംപോലും കേൾപ്പാൻ ഉല്കണ്ഠിതനായ ആ രസികതരുണന്ന് സാധിച്ചില്ല. എന്നാലും അയാൾക്ക് കൃതാൎത്ഥതകൂടിക്കൊണ്ടിരുന്നതേയുള്ളു. പിതാവിന്റെ അനുമതിലാഭവും സംതൃപ്തിയും കേൾക്കകയാൽ അവളുടെ ഹൃദയം നിശ്ശങ്കം സന്തോഷനൃത്തമാടി.

ചാറൽസ് കൃതാൎത്ഥനായി. അയാൾ പറഞ്ഞു:—"എന്റെ ജന്മം ഞാനിപ്പോൾ സഫലമായതായി കരുതുന്നു. അതേ; ഭവതി എന്റെ ജീവിതത്തെ അനുഗ്രഹംകൊണ്ട് പരിപാവനമാക്കി. ഇത് ദൈവത്തിന്റെ പ്രത്യക്ഷമായ ഒരു അനുഗ്രഹമാണെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു." അവരുടെ പ്രേമകനകപഞ്ജരം ഒരു ഗാഢചുംബനത്താൽ മുദ്രിതമായി. അനന്തരം ഉല്ലാസഭരിതരായ ആ ദമ്പതികൾ പിതാവിന്റെ സമീപത്തിലേയ്ക്ക് യാത്രതിരിച്ചു.

റോളൻറ് പൂന്തോട്ടത്തിൽ നിന്ന് വിചാരമഗ്നനായി നടന്നുപോയത് മൈതാനത്തിലേയ്ക്കായിരുന്നു. ചാറൽസുമായുള്ള അന്നത്തെസംഭാ

ഷണം തന്നിൽ ഒരു ദൃഢവിശ്വാസവും കൃതാൎത്ഥതയും സന്തോഷവും വളൎത്തുന്നതായി അദ്ദേഹത്തിന്ന് തോന്നി. മനസ്സമാധാനം അദ്ദേഹത്തെസ്നേഹപൂൎവ്വം ആശ്ലേഷിച്ചു. ആ വിചാരത്തോടുകൂടി റോളൻറ് നടക്കുന്ന സമയം തനിക്കെതിരേ ഡേവിഡ് വരുന്നതായി അദ്ദേഹം കണ്ടു. ഡേവിഡ് അടുത്തെത്തിയ ഉടൻ "വീട്ടിലേയ്ക്കു് പോകാമെന്നു് പറഞ്ഞു" രണ്ടുപേരുമായി നടന്നു.

ഡേവിഡ്—അന്ന എവിടേ?

റോളൻറ്—അവൾ ചാറത്സിനോടുകൂടി പൂന്തോട്ടത്തിൽ ചുററി നടക്കുകയായിരിക്കാം. (മുമ്പോട്ടുനോക്കിക്കൊണ്ടു്) "അതാ അവർ ഇങ്ങോട്ടു് വരുന്നു." ചാറൽസും അന്നയും തോളോടുതോൾ ചേൎന്നു് പതുക്കെ വരുന്നതായി കണ്ടു ഡേവിഡിന്നു് സഹിപ്പാൻ വയ്യാത്ത ഈൎഷ്യയും കോപവുമുണ്ടായി.

ഡേവിഡ്—അവരെക്കണ്ടാൽ അനുരക്തരായ ദമ്പതികളാണെന്നു് തോന്നിപ്പോകും.

റോളൻറ്—വാസ്തവവും അങ്ങിനെതന്നെ ആയിരിക്കാം. ചാറൽസ് അവളെ വിവാഹം ചെയ്യാനുള്ള അനുമതി ഇന്നു് എന്നോടു് ചോദിക്കുകയുണ്ടായി. ഞാനതിന്നു് മറുപടി പറഞ്ഞതു് "അവൾക്കിഷ്ടമാണെങ്കിൽ അതെനിക്കു് സമ്മതമാണെ"ന്നായിരുന്നു. അവരുടെ ഇപ്പൊഴത്തെ തെളിഞ്ഞമുഖം കണ്ടാൽ രണ്ടുപേരും സംതൃപ്തരാണെന്നു് തോന്നിപ്പോകും.

ഡേവിഡ്—എന്തു്? അന്ന അയാളെ വിവാഹം ചെയ്തുകൊള്ളുന്നതിന്നു് നിങ്ങൾ അനുവദിച്ചുവോ?

റോളൻറ്—അതേ, എൻെറ ആഗ്രഹം അവളുടെ ഇഷ്ടത്തിന്നു് അനുസൃതനായ പുരുഷനെ അവൾ വിവാഹം ചെയ്യണമെന്നാണു്. അവൾക്കു് ചാറൽസ് അഭീപ്സിതനാണെങ്കിൽ, അവൾ അയാളെ വരിക്കുന്നതു് എനിക്കു് സമ്മതമാണു്. അയാളവളെ ശരിയായവിധം സംരക്ഷിക്കുമെന്നു് എനിക്കു് ഉത്തമവിശ്വാസമുണ്ടു്.

ഡേവിഡ്—അയാൾ ഒരു വൈദേശികനല്ലേ? നിങ്ങളുടെ സ്വത്തു്

അന്യാധീനപ്പെട്ടുപോകയില്ലേ? നിങ്ങളുടെ കുടുംബാവസ്ഥയെ ക്കുറിച്ചുള്ള ആ കേൾവിയെ നിങ്ങൾ വിസ്മരിച്ചുപോയോ?

റോളൻറ്—വിധിവിഹിതം അലംഘനീയമാണ്. പഴയ കേൾവിയെപ്പററി ഞാൻ തീരെ വിലവെയ്ക്കുന്നില്ല.

ഡേവിഡ് അസഹ്യമായ കാലുഷ്യത്തോടുകൂടി പറഞ്ഞു: "ഈ കൃത്യത്തിന് നിങ്ങളും നിങ്ങളുടെ മകളും ഒരുപോലെ പശ്ചാത്തപിക്കും." ഇത്രയും പറഞ്ഞ് കഴിഞ്ഞപ്പോഴേയ്ക്കും ആ അനുരക്തദമ്പതികൾ അവരെ സമീപിച്ചു. ആരും ഒന്നും സംസാരിക്കാതെ, എല്ലാവരുമൊരുമിച്ച് വീട്ടിലേയ്ക്ക് പോയി. നേരം അസ്തമിക്കയും ചെയ്തു.

## നാലാം അദ്ധ്യായം.

### (വലിയ ചതി.)

സന്ധ്യകഴിഞ്ഞു എല്ലാവരും ഒരുമിച്ച് ഭക്ഷണത്തിനിരുപ്പായി. ആ സമയം വേലക്കാരൻ അകത്ത് വന്ന്, ഒരാൾ അടിയന്തിരമായി ഒരു കത്ത് കൊണ്ടുവന്ന് തന്നുപോയ,വിവരം പറഞ്ഞ് ചാറൽസിൻെറ കൈവശം അത് കൊടുത്തു. ചാറൽസ് എഴുത്ത് വാങ്ങി പൊട്ടിച്ച് വായിച്ചുനോക്കി. അയാളുടെ മുഖം പെട്ടെന്ന് വിവൎണ്ണമായിത്തീൎന്നു. എല്ലാവരും തൻെറ മുഖത്ത ഉററുനോക്കുന്നതായി മനസ്സിലാക്കുകയാൽ അദ്ദേഹം എഴുത്ത് മടക്കിപ്പിടിച്ചുംകൊണ്ട് ഇങ്ങനെ പറഞ്ഞു:—"ഒരു വ്യസനകരമായ വൃത്താന്തമാണ് എനിക്ക് ലഭിച്ച ഈ കത്തിൽ എഴുതിയിരിക്കുന്നത്. എനിക്ക് ഒരു അമ്മാമൻ ഉള്ളതായി ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിന്ന് പെട്ടെന്ന് രോഗം പിടിപെട്ടിരിക്കുന്നതായും ഒട്ടും അമാന്തിക്കാതെ ഞാൻ ചെല്ലേണ്ടതായും ഡാക്ടർ അഭിപ്രായപ്പെട്ട് എഴുതിയിരിക്കുന്നു. അതിനാൽ ഉടൻ പോയേകഴിയൂ. കാർവൻ പട്ടണത്തിൽ ചെന്ന് ഇന്നുരാത്രിയിലുള്ള വണ്ടിയിൽത്തന്നെ കയറി പോയേക്കാം."

ഡേവിഡ്—(ധൃതിയോടെ) കാർവെനിൽനിന്നു ഇന്നിനി വണ്ടിയൊന്നുമില്ല. കാർനോവെനിൽനിന്നുമാത്രമേയുള്ളൂ.

റോളൻറ്—എന്നാൽ കുതിരക്കാരനൊന്നിച്ച് ചാറത്സ്, ഡേവിഡിൻെറ കുതിരയിൽ കയറി പോകട്ടെ. അവൻ നാളെ രാവിലെ കുതിരയെ തിരികെ കൊണ്ടുവരികയും ചെയ്യും.

ഡേവിഡ്—അതുവേണ്ട. ആ കുതിര മഹാ 'കുണ്ടാമണ്ടിക്കാര'നാണ്. എന്നല്ല, കുന്നുവഴി പോകുന്നതാണ് വളരെ എളുപ്പം. കുന്നിൻെറ മറുവശത്തുള്ള ഗ്രാമത്തിൽനിന്ന് വാടകയ്ക്കൊരു വണ്ടി പിടിച്ചാൽ റയിൽവേസ്റ്റേഷനിൽ വളരെ വേഗം ചെന്നുചേരാം. നിരത്തുവഴി പോകുന്നതായാൽ പതിനഞ്ചു മൈൽ ദൂരമുണ്ടല്ലോ.

റോളൻറ്—അതു ശരിതന്നെയാണ്. പക്ഷേ, മലഞ്ചെരിവിൽക്കൂടി രാത്രി പോകുന്നതു അപായകരമല്ലയോ?

ഡേവിഡ്—വേണമെങ്കിൽ ഞാൻകൂടെ ചെന്നു വഴി കാണിച്ചുകൊടുക്കാം. കുന്നിൻെറ അററംവരെ കൂട്ടുപോയാൽ പിന്നീടുള്ള വഴി ചാറത്സിന് സുഗമമാണ്. പോകാറാവുമ്പോഴേയ്ക്കും നിലാവ് നല്ലവണ്ണം തെളിയുകയും ചെയ്യും.

അതുതന്നെയാണുത്തമമെന്ന് ചാറൽസും റോളൻറും തീച്ചപ്പെടുത്തി. അന്നയ്ക്കു ഈ അഭിപ്രായം അത്ര രുചിച്ചില്ല. എന്നാലതു് വെളിപ്പെടുത്തുവാനുള്ള സന്ദർഭം അവൾ കണ്ടുമില്ല. വയസ്സുചെന്ന ഒരു ഭൃത്യനല്ലാതെ മററാരും അപ്പൊഴവിടെ ഇല്ലല്ലൊ. അമ്മാവൻെറ രോഗസ്ഥിതിക്ക് ഇന്നുതന്നെ പോയേ കഴിയൂ. നിരത്തുവഴി പോകുന്നപക്ഷം വണ്ടിക്കു പാകത്തിനു എത്തുകയുമില്ല. അതുകൊണ്ടൊക്കെ അവൾ ഈശ്വരസ്മരണയോടുകൂടി തൻെറ അന്തർഗ്ഗതത്തെ അടക്കിനിത്തി.

ഭക്ഷണാനന്തരം ചാറത്സ് യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു. കഴിഞ്ഞുപോയ ഏതാനും ദിവസങ്ങളെ സന്തോഷസമ്പൂർണ്ണമാക്കിത്തന്ന ആ പ്രദേശത്തെ അന്നേദിവസം പെട്ടെന്നു വിട്ടുപോകേണ്ടിവന്നതു് വിചാരിച്ചപ്പോൾ അയാൾക്കു അനല്പമായ ഒരു

കുണ്ഠിതമുണ്ടായി. എന്നാൽ പോകാതെ ഗത്യന്തരമില്ലായിരുന്നു. കഴിയുന്നവേഗം അന്നയെ വിവാഹം ചെയ്യാനുള്ള അനുമതി അമ്മാവനോട്ട് ചോദിച്ചു സമ്പാദിച്ചുകൊണ്ടു തിരിയെ വരാമെന്നു അദ്ദേഹം വ്യക്തമായി പറഞ്ഞു. യാത്രികൻ അങ്കണത്തിലിറങ്ങി. ഡേവിഡ് മുമ്പേ നടന്നു. റോളൻറും അന്നയും പടിവരെ അനുയാത്രചെയ്തു. ആ യുവതീയുവാക്കളുടെ പ്രേമനിഷ്യന്ദികളായ ദൃഷ്ടികൾ പരസ്പരം ശുഭാശംസനംചെയ്തു. നേത്രങ്ങൾക്കു അഗോചരമാകുന്നതുവരെ അവരുടെ കടാക്ഷങ്ങൾ അന്യോന്യം സമ്മിളിതങ്ങളായിരുന്നു.

ഏകദേശം പത്തുനാഴിക രാത്രിചെന്നുകഴിഞ്ഞു. നിർമ്മലമായ ആകാശമണ്ഡലത്തിൻെറ അഗ്രഭാഗത്തു് പ്രവേശിച്ച ചന്ദ്രബിംബം സ്വപ്രകാശത്താൽ ലോകം മുഴുവൻ വെള്ളി പൂശപ്പെട്ടപോലെയാക്കി. ആ വെളിച്ചത്തിൻെറ സാഹായ്യംകൊണ്ടും, വളരെക്കാലത്തെ നിരന്തരമായ പരിചയത്താലും ഡേവിഡിന്നു് മലഞ്ചെരുവിലെ അപായകരങ്ങളായ മാർഗങ്ങളെല്ലാം നിഷ്പ്രയാസം കണ്ടുപിടിക്കാൻ സാധിച്ചു. കുറേദൂരം രണ്ടുപേരും മൌനമുദ്രിതരായി നടന്നു. ആ നിശ്ശബ്ദതയെ ആദ്യമായി ഭേദിച്ചതു് ഡേവിഡായിരുന്നു. അയാൾ ചാറത്സിനോട്ടു് പറയുകയാണു്. "നിങ്ങളുടെ അമ്മാമൻ ഒരു പ്രഭുകുടുംബത്തിലുള്ള ആളാണെന്നു തോന്നുന്നുവല്ലോ."

ചാറത്സ് ആ തോന്നലിൻെറ അടിസ്ഥാനമെന്താണു്?

ഡേവിഡ്—എഴുത്തു വന്ന കവറിൻെറ പുറമെ പ്രഭുകുടുംബസാധാരണമായ മുദ്ര കണ്ടതാണു് ഈ ഊഹത്തിനുള്ള ഹേതു.

ചാറത്സ്—എഴുത്തയച്ചിരിക്കുന്നതു് ഡാക്ടരാണു്.

ഡേവിഡ്—നിങ്ങൾക്കു ലഭിച്ച ഭാഗ്യാതിരേകത്തെപ്പററി ഞാനെങ്ങനെയൊക്കെയാണു് അനുമോദിക്കേണ്ടതു്. ഇത്രയും കാലമായി ഞാൻ അന്നയെ വിവാഹം കഴിക്കാമെന്നു് ആശിച്ചിരിക്കയായിരുന്നു.

ചാറത്സ്—അവളുടെ പ്രേമം നിങ്ങൾക്കു ലബ്ധമാകാത്തതിനെപ്പററി ഞാൻ ഹൃദയപൂർവ്വം അനുതപിക്കുന്നു. എന്നാലിതു വിധിവിഹിതമാണെന്നു കരുതി സമാധാനിപ്പാനേയുള്ളു.

ഈവിധം അസുഖകരങ്ങളായ സംഭാഷണങ്ങളോടുകൂടി അവർ ഏറ്റവും അപായകരമായ വഴിയിൽ ചെന്നുചേന്നു. പരിതസ്ഥിതിയുടെ പ്രശാന്തരമണീയതയും ഗാംഭീര്യവും അനിർവ്വചനീയംതന്നെയായിരുന്നു. ആ ഒററയടിപ്പാതയുടെ ഒരുവശം തൂക്കായ കുന്നും, മറുവശം നോക്കിയാൽ കണ്ണെത്താത്ത അത്യഗാധമായ കുഴിയുമാണ്. നിബിഡമായി വളന്നുനിന്ന തരുപംക്തിയാൽ അടിവശം തീരെ അദൃശ്യമായിരുന്നുവെങ്കിലും, അതിലേ പ്രവഹിച്ചുകൊണ്ടിരുന്ന അരുവിയുടെ മന്ദ്രധ്വനി മുകളിൽക്കൂടെ സഞ്ചരിക്കുന്നവക്കു വ്യക്തമായി കേൾക്കാമായിരുന്നു.

അതുവരെ ദ്രുതഗതി ചെയ്തുകൊണ്ടിരുന്ന ഡേവിഡ് പെട്ടെന്നു തിരിഞ്ഞു ചാറത്സിനോട് ആ സ്ഥലത്തിനു ചുററുമുള്ള ലക്ഷ്മീവിലാസത്തെ അല്പംനിന്ന് നോക്കിയറിവാൻ ആവശ്യപ്പെട്ടു. തനിക്ക് അധികം സമയം ഇതിനായി വിനിയോഗിക്കുവാൻ തരമില്ലെന്ന് അറിഞ്ഞിരുന്നിട്ടും ചാറത്സ് അവിടെനിന്നു ചുററും നോക്കിത്തുടങ്ങി. ക്ഷണത്തിൽ ഡേവിഡ് തന്റെ കൈകൾകൊണ്ട് ചാറത്സിനെ ആ അഗാധസ്ഥലത്തേയ്ക്കു ശക്തിയായി ഒന്നു തള്ളി. അപ്രതീക്ഷിതമായ ആ തള്ളലേററു "ദ്രോഹീ" എന്നലറിക്കൊണ്ട് ചാറത്സ് ആ അനന്തമായ നിമ്നതയിലേയ്ക്കു മറിഞ്ഞുവീണു. അഹോ! കഷ്ടം!

ആ രാക്ഷസീയകൃത്യം നടത്തിയതിനുശേഷം ആ ദുഷ്ടൻ അവിടെത്തന്നെ കുറച്ചുനേരം നിന്ന് ചാറൽസ് നിലംപതിക്കുന്ന ശബ്ദം കേൾക്കുന്നതിനായി ശ്രദ്ധിച്ചു. എന്നാൽ പ്രവാഹത്തിന്റെ ഗംഭീരാരാവംനിമിത്തം അതു് സാധിച്ചില്ല. പത്തെൺപതടി പൊക്കമുള്ള ആ സ്ഥലത്തുനിന്ന് താഴെപ്പതിക്കുന്നയാൾ രക്ഷപ്പെടുകയെന്നതു് അസംഭാവ്യമാണെന്ന് ഡേവിഡിന്നു നല്ല നിശ്ചയമുണ്ട്. അയാൾ തന്റെ വൈരത്തെ വ്യക്തിയോടുകൂടി ഇങ്ങനെ അവസാനിപ്പിച്ചു.

കൃത്യം കഴിഞ്ഞതിന്റെ അടുത്തനിമിഷംതന്നെ അയാൾ ഭയവിഹ്വലനായി വിറച്ചു. താൻ ചെയ്ത പ്രവൃത്തിയുടെ കാഠിന്യം എത്രത്തോളം ഉണ്ടെന്ന് ഹൃദയം അയാളോടു ചോദിച്ചു. ചാറത്സിന്റെ 'ദ്രോഹീ' എന്നുള്ള ആ അലച്ച അയാളുടെ ശ്രോത്രപുടങ്ങളിൽ മുഴങ്ങി. അയാളെ ഏതോ ഒരു വലിയ സമാധാനക്കേട് ഉപദ്രവിച്ചു.

പിൻതിരിഞ്ഞുനോക്കുവാൻ ആ ദുഷ്ടന് അശേഷവും ധൈര്യമുണ്ടായില്ല. അയാളതിവേഗത്തിൽ റോളൻറിൻെറ ഗൃഹംനോക്കി പുറപ്പെട്ടു. അന്നയുടെ തടസ്സമൊഴിഞ്ഞ ലാഭത്തെപ്പററിയുള്ള വിചാരപരമ്പര അയാൾക്ക് അളവററ സമാധാനമേകി. കൃത്യം ചെയ്തത് താനാണെന്ന് ഒരിക്കലും വെളിപ്പെടുകയില്ലെന്ന വിശ്വാസയോഗ്യമായ വിചാരം അയാളെ നിർഭയനാക്കി. ആ കൊലപാതകിയുടെ അന്തരംഗം ഇങ്ങനെ നിമന്ത്രിച്ചു. "എൻെറ പ്രവൃത്തി ആരും നോക്കിക്കൊണ്ടിരുന്നിട്ടില്ല. ശവശരീരംപോലും ആക്കും കാണാൻ കഴിയാത്തവിധം കാട്ടുമൃഗങ്ങളുടെ വയറുനിറയും. തലയോട്ടു കണ്ടാലുണ്ടോ ആളെ നിശ്ചയിപ്പാൻ പാററുന്നു. അഥവാ അറിഞ്ഞാലും അയാൾ കാർനോവെൻ പട്ടണത്തിലേയ്ക്കു പോയി വണ്ടികിട്ടാതെ തിരിയെവരുമ്പോൾ കാൽവഴുകി വീണുപോയതായിരിക്കാമെന്ന് ഒരു അനുമാനംവെച്ചു താങ്ങിക്കൊട്ടുക്കുകയും ചെയ്യാം. മരിച്ചുപോയ വിവരം ആ വഴിക്കുപോലും അറിയാത്തപക്ഷം, അയാൾ ഒരു വെറും ചപലനാണെന്നും, അവിടം വിട്ടുപോയതോടുകൂടി അന്നയെ തീരെ മറന്നിരിക്കണമെന്നും പറഞ്ഞ് ഫലിപ്പിക്കുവാനും പ്രയാസമില്ല. ഏതായാലും ഇനി അവളും അവളുടെ അമിതമായ സമ്പത്തും എൻെറ സ്വന്തംതന്നെ. പക്ഷേ, 'ദ്രോഹീ' എന്ന ആ അലർച്ചമാത്രം കേൾക്കാതിരുന്നാൽ മതി." അയാളുടെ വിചാരവും വഴിയും നിലച്ചു. അയാൾ വീട്ടിൻെറ പടിവാതിൽക്കലെത്തി. അവിടെ ഏതാനും സമയംനിന്ന് ചഞ്ചലിതങ്ങളായ വികാരങ്ങളെ ഒരുവിധം അടക്കിക്കൊണ്ട് അകത്തു പ്രവേശിച്ചു.

അച്ഛനും മകളും നിദ്രിതരായിരുന്നില്ല. ഡേവിഡിനെ കണ്ടയുടനെ അന്ന "ഉദ്ദേഹത്തെ നിങ്ങൾ നേർവഴി കാണിച്ചയച്ചോ?" എന്നു ചോദിച്ചു. അതിന് മതിയായ ഉത്തരം ഒരുവിധം സമാധാനത്തോടുകൂടി അയാൾ പറഞ്ഞു. കുറേനേരം എല്ലാവരും മൌനമായിരുന്നശേഷം അവർ താന്താങ്ങളുടെ ശയനമുറികളിലേയ്ക്കു പോയി.

ഡേവിഡ് തൻെറ മുറിയിൽകടന്ന് കുറെ കഴിഞ്ഞപ്പോൾ റോളൻറും അവിടെ എത്തി. മഹാമനസ്കനായ അദ്ദേഹം ഡേവിഡിന് നേരിട്ട അശാഭംഗത്തെപ്പററി അനുതപിക്കുന്നതിനും, അയാളെ സമാധാനപ്പെടുത്തുന്നതിനും ആയിട്ടാണ് അപ്പോഴവിടെ പ്രവേ

ശിച്ചതു്. ഡേവിഡിൻെറ വിവൎണ്ണമായ മുഖംകണ്ടു് അദ്ദേഹത്തിന്നു് മനസ്താപംതോന്നി. ചില സമാധാനവാക്കുകളെല്ലാം പറഞ്ഞിട്ടു് ആ വൃദ്ധൻ ഉറങ്ങുവാനായി തൻെറ അറയിലേയ്ക്കുതന്നെ പോവുകയും ചെയ്തു.

ഏകനായ ഡേവിഡു് വിസ്തൃതമായ മനോരാജ്യത്തിൽ സഞ്ചരിച്ചു. അതു് താൻചെയ്ത ദുഷ്കൃത്യത്തെപ്പററിയുള്ളതല്ല. "ചാറൽസു് ഇവിടെ വരുന്നതുവരെ എനിക്കു് ഒരു സമാധാനക്കേടും ഇല്ലായിരുന്നു. ഇനി അയാളെപ്പററിയുള്ള ഭയമേ വേണ്ടല്ലോ. അന്നയെ തല്ക്കാലം ഉപദ്രവിക്കാതിരുന്നാൽ, ചാറത്സിൻെറ മൌനംതന്നെ എനിക്കൊരു സഹായമായിത്തീരും. അയാളുടെ മൌനം തീരാത്തതുമാണല്ലോ. ആ ദുഷ്ടൻ അവളുടെ അന്തസ്സിന്നു് ഭംഗം വരുത്തിയതായി അവളെ ക്രമേണ പറഞ്ഞു് ധരിപ്പിക്കാം. എന്നാലവൾ എൻെറ സ്വന്തം തന്നെയാകും."

എത്രതന്നെ ധൈൎയ്യം അവലംബിച്ചു നോക്കിയിട്ടും അയാളുടെ ഭയത്തിന്നു് ഒരു ശമനവും ഉണ്ടായില്ല. ഒരു ചെറിയ ശബ്ദം കേൾക്കുമ്പോൾകൂടി അയാൾ ഞെട്ടിയിരുന്നു. വിളക്കു് അണയ്ക്കാതെ അയാൾ നിദ്രയ്ക്കായി കിടന്നു നോക്കി. നിദ്രാദേവി അയാളെ തീരെ അനുഗ്രഹിച്ചില്ല. "ദ്രോഹി ദ്രോഹീ" എന്ന ശബ്ദം അവൻെറ ചെവികളിൽ ഇടിനാദംപോലെ എപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു. അയാൾ മെത്തമേൽ തിരിഞ്ഞു് മറിഞ്ഞുരുണ്ടു. വളരെനേരം അങ്ങിനെ നീങ്ങിയപ്പോൾ ക്ഷീണപരതന്ത്രനായ ആ മനുഷ്യൻ ഒന്നുമയങ്ങി. ഭയങ്കരമായ സ്വപ്നത്താൽ നിബിഡിതമായ ആ മയക്കം അയാളെ നരകവേദന അനുഭവിപ്പിച്ചു. താൻ ചെയ്ത കഠോരകൎമ്മത്തിൻെറ ഫലമായി ചാറത്സിൻെറ പിശാചുവന്നു് കുററപ്പെടുത്തിയതായും, കോടതിയിൽ വിസ്തരിച്ചു് തനിക്കു് വധശിക്ഷ വിധിച്ചതായും, കൊലയാളികൾ വീശിയ പാശം തൻെറ കഴുത്തിൽ വീണു മുറുകുന്നതായും അയാൾക്കു തോന്നി. അയാൾ പെട്ടെന്നു് ഞെട്ടിയുണൎന്നു് നോക്കിയപ്പോൾ നേരം വെളുത്തു് രക്തവൎണ്ണമായ സൂൎയ്യബിംബം വിളങ്ങുന്നതുകണ്ടു് എഴുന്നേററു് കുതിരപ്പുറത്തുകയറി കാർവാൻ നഗരത്തിലേയ്ക്കു് പോകയും ചെയ്തു.

16 MAR 1932

# അഞ്ചാം അദ്ധ്യായം.

---

## (രക്ഷാലാഭം.)

"ദ്രോഹീ" എന്നൊന്ന് അലറാനല്ലാതെ ആ അപ്രതീക്ഷിതമായ വീഴ്ചയ്ക്കിടയിൽ ചാറത്സിന് എന്തെങ്കിലും പറയുവാനോ വല്ലതും ചിന്തിക്കുവാനോ കഴിഞ്ഞില്ല, അയാളുടെ അധഃപതനം രണ്ടുമൂന്നുനിമിഷംകൊണ്ട് അവസാനിച്ചതായി തോന്നി. ദേഹമെങ്ങും തട്ടിമുട്ടി വേദനിക്കാരിരുന്നതുകൊണ്ട്, ഹൃദയത്തിൻെറ ആദ്യത്തെ ആവേശം നീങ്ങി ഘ സമയം തനിക്ക് ആപത്തൊന്നും സംഭവിക്കാതിരുന്നതിനെപ്പററി അയാൾക്ക് വലിയ വിസ്മയമുണ്ടായി. ചന്ദ്രൻ മേഘാന്തരിതനായിരുന്നതുകൊണ്ടു തന്നെ മദ്ധ്യത്തിൽ പിടിച്ചുനിർത്തിയ ശക്തി ഏതാണെന്ന് അയാൾക്കു മനസ്സിലായില്ല. അല്പസമയത്തിനുള്ളിൽ ചന്ദ്രൻെറ ആവരണം നീങ്ങി. തൻെറ ഉടുപ്പ് വൃക്ഷത്തിൻെറ ഒരു ശാഖയിൽ കോർത്തുപിടിച്ചിരിക്കുകയാണെന്നും, ആ കാരണത്താൽ മാത്രമാണ് ദയനീയമായ മരണത്തിൽനിന്ന് താൻ തല്ക്കാലം വിമുക്തനായതെന്നും അവനപ്പോൾ നല്ലവണ്ണം മനസ്സിലായി. കുറെ ധൈര്യം അവലംബിച്ചു കൈയ് ഉയർത്തി ആ കൊമ്പിൽ പിടിച്ച് വൃക്ഷത്തിന്മേൽ കയറി സ്ഥാനമുറപ്പിച്ചയുടൻ അയാൾ വിചാരിക്കുകയാണ്. "ആ ദ്രോഹി ഒരിക്കലും ജയിക്കരുത്; അതിനു പററിയ വഴി ഞാനുടൻ നോക്കുന്നുണ്ട്." എന്നാൽ ആ മരക്കൊമ്പിൽനിന്ന് സ്വതന്ത്രനാകാനുള്ള മാർഗ്ഗം അയാളപ്പോൾ കണ്ടില്ല. ചുവട്ടിലേക്ക് അമ്പതടിയിലധികം ദൂരമുണ്ട്; മുകളിലോ യാതൊരു അന്തവുമില്ലാത്ത ശൂന്യമായ ആകാശം മാത്രം. തൻെറ ആപൽക്കരമായ അവസ്ഥയെത്തന്നെ ആലോചിച്ചുകൊണ്ട്, അയാൾ ഏകദേശം ഒരു മണിക്കൂർ സമയം കഴിച്ചുകൂട്ടി. അപ്പോൾ മുകളിലായി ഒരു പട്ടിയുടെ കുരയും ഒരു മനുഷ്യൻെറ ശബ്ദവും അയാൾക്കു കേട്ടപോലെ തോന്നി. ശബ്ദം കേട്ട ഭാഗത്തെ ലക്ഷ്യപ്പെടുത്തി അവൻ കഴിയുന്നിടത്തോളം ഉച്ചത്തിൽ നിലവിളിച്ചു. കുറെ കഴിഞ്ഞപ്പോൾ ആരോ മുകൾഭാഗത്തിൽനിന്നു തന്നോടായി ഇങ്ങനെ ചോദിക്കുന്നത് അയാൾ കേട്ടു. "ഹേ, ആരാത്? എന്തുസംഭവിച്ചു?"

ചാറൽസ്—ഞാൻ വരുന്ന വഴിക്ക് കാൽവഴുതി വീണുപോയി, ഒരു വൃക്ഷം എൻെറ വീഴ്ചയെ തടയുകയാൽ ഞാൻ രക്ഷപ്പെട്ടു ഇപ്പോഠം വൃക്ഷത്തിൽത്തന്നെ ഇരിക്കയാണ്.

അന്ന്യൻ—നിങ്ങഠം കുറച്ചു നേരംകൂടി ക്ഷമിച്ച് അവിടെ ഇരിക്കുക; ഞാൻ വീട്ടിൽപോയി മകനെ വിളിച്ച് ഒരു ആവാസുമെടുത്തു വേഗം വരാം.

ചാറൽസ്—വേഗം വരണേ; എൻെറ ശക്തി ക്ഷയിക്കുന്നതുപോലെ തോന്നുന്നു.

പറഞ്ഞപോലെ പത്തുനിമിഷത്തിനകം അച്ഛനും മകനുമായി കയറുംകൊണ്ടു മുകളിലെത്തിയതായി ചാറൽസിനു മനസ്സിലായി. അവരെറിഞ്ഞുകൊടുത്ത കയറു ചാറൽസു് ഒരുവിധം കയ്യിലാക്കി തൻെറ ദേഹത്തോടുചേർത്തു് ബലമായി ബന്ധിച്ച്, മേല്പോട്ടു വലിക്കുന്നതിനായി അടയാളം കാണിച്ചു. ക്ഷണനേരംകൊണ്ടു് അവർ അയാളെ മുകളിൽക്കയററി ബന്ധമഴിച്ചു. ക്രൂരതയാൽ നൽകപ്പെട്ട മരണത്തിൻെറ ഘോരമായ വക്ത്രകുഹരത്തിൽനിന്നു്, കാരുണ്യത്തിൻെറ ഇളംകൈവല്ലരികഠം അയാളെ അമൃതലോകത്തിലേയ്ക്കു കയററി.

അപായത്തിൽനിന്നു് കരകയറിയ ചാറൽസു പെട്ടെന്നു് ബോധരഹിതനായിത്തീൎന്നു. അതു മരണത്തെ ജയിച്ചതുകൊണ്ടുണ്ടായ ആനന്ദത്തിൻെറ വികൃതിയായിരുന്നു. ആ വാസ്തവം അറിവാനുള്ള വിശേഷബുദ്ധി പാവപ്പെട്ട ആ മലയൎക്കുണ്ടായിരുന്നില്ലല്ലൊ. അവർ പരിഭ്രമത്തോടുകൂടി ചാറൽസിൻെറ ഉടുപ്പുകളഴിച്ചിട്ടു് തങ്ങഠം കൊണ്ടുവന്നിരുന്ന ചാരായത്തിൽകുറച്ചു അയാളുടെ വായിൽഒഴിച്ചുകൊടുത്തു. അഗ്നിപോലെ തീക്ഷ്ണമായ ചാരായത്തിൻെറ സഹായത്താൽ അയാഠം ക്കു വേഗത്തിൽ ജീവപ്രവാഹം ഉണ്ടാവുകയും നടന്ന കാൎയ്യങ്ങളെല്ലാം ഓൎമ്മവരികയും ചെയ്തു.

ചാറൽസ്—എൻെറ തലയ്ക്കു് ഒരു ഘനം തോന്നുന്നു. ഇത്രനേരം ആപത്തിൽപെട്ടിരുന്നതിനാൽ ദേഹത്തിലാകെ ഒരു കുളിരും ബാധിച്ചിട്ടുണ്ടു്. ഞാനിന്നു രാത്രിയിലെ വണ്ടി കയറുന്നതിനായി കാർനോവനിലേയ്ക്കു ത്വരിതഗമനം ചെയ്കയായിരുന്നു. ഇനി ഇന്നതുസാധിക്കുകയില്ല. ഈ രാത്രി എനിക്കു് ഇനിയും

വല്ലസഹായവും നിങ്ങൾതന്നെ ചെയ്യതരേണ്ടിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് എന്നും കടപ്പെട്ടവനാണ്.

അന്യൻ—ഞാനിവിടെ സമീപംതന്നെ താമസിക്കുന്ന ഒരു വെറും കൂലിവേലക്കാരനാണ്. ഇന്ന് എന്റെ ഒരു ബന്ധുഗൃഹത്തിൽ ഒരു 'വിശേഷ'മുണ്ടായിരുന്നതുനിമിത്തമാണ് ഞാനീ അസമയത്തു് ഇതിലെ നടക്കാൻ നിർബ്ബന്ധിതനായതു്. ഞങ്ങൾ വളരെ പാവപ്പെട്ടവരാണ്. ഞങ്ങളുടെ സല്ക്കാരം താഴ്ന്നനിലയിലേ ആയിരിക്കൂ; എന്നാലും അതു സൌഹാർദ്ദസമേതം ആയിരിക്കുമെന്ന് ഞങ്ങളുറപ്പായി പറഞ്ഞുകൊള്ളുന്നു. നിങ്ങൾക്ക് ഇഷ്ടപ്പെടുന്നപക്ഷം ഞങ്ങളിതാ സന്തോഷപൂർവ്വം ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

ചാൽസ് സമാധാനത്തോടും സന്തുഷ്ടിയോടും കൂടി ആ സഹായത്തെ ആദരിച്ച് വേഗം അവരുടെ വീട്ടിലെത്തി. പടിവാതിൽക്കൽ വന്നപ്പോൾ ഗൃഹനാഥൻ ചാറത്സിനോട്ട് എന്തോ പറവാൻ ഭാവിച്ചുവെങ്കിലും അയാളതിന് ഇടകൊടുത്തില്ല. അയാൾ വേഗം ഭവനത്തിന്റെ കോലായിൽ ചെന്നുനിന്ന് തനിക്കു വിശ്രമിക്കുന്നതിന് വേണ്ടസൌകര്യം തരുവാനപേക്ഷിച്ചു.

വീട്ടിനകത്തു് ആ വേലക്കാരന്റെ ഒരു പുത്രി മാത്രമേ അപ്പൊഴുണ്ടായിരുന്നുള്ളു. അവളതിവേഗത്തിൽ ചാറത്സിനായി അപ്പോൾ തയാറാക്കിയ ചുടുകഞ്ഞി കൊണ്ടുവെച്ചുകൊടുത്തു. അമൃതതുല്യമായി തോന്നിയ ആ ലഘുഭക്ഷണം കഴിച്ച് വീട്ടുടമസ്ഥൻ നിർദ്ദേശിച്ച മുറിയിൽ പ്രവേശിച്ച് അദ്ദേഹം വേഗത്തിൽ ഗാഢനിദ്രയിൽ പെടുകയും ചെയ്തു.

പാത്രങ്ങളുടെ ശബ്ദംകേട്ട് അയാൾ പ്രഭാതത്തിൽത്തന്നെ ഉണന്നു. പുറമേയിറങ്ങിവന്നപ്പോഴേയ്ക്കും അയാൾക്ക് പ്രാതൽ തയാറുണ്ടായിരുന്നു. ലണ്ഡനിലേയ്ക്കുള്ള വണ്ടിക്ക് അപ്പോൾത്തന്നെ പോകേണ്ടിയിരുന്നതിനാൽ അയാൾ ധൃതിയിൽ പ്രാതൽകഴിച്ച് യാത്രപുറപ്പെട്ടു. ആ സമയം ഒരു ക്ഷീണവും ഉന്മേഷക്കുറവും തലയ്ക്കു വല്ലാത്ത ഒരുഘനവും അദ്ദേഹത്തിനു തോന്നിയെങ്കിലും അതു് നിസ്സാരമായി കരുതിക്കൊണ്ടു്, "നിങ്ങളുടെ കമ്മം മഹനീയവും എനിക്ക് വലി

യൊരു ഉപകാരവുമായി. എന്നാൽ എനിക്കുവേണ്ടി ഒരു ഉപകാരം വും കൂടി നിങ്ങൾ ചെയ്യണം" എന്നപേക്ഷിച്ചു.

വീട്ടുടമസ്ഥൻ—ഞങ്ങളാൽ കഴിയുന്ന ഏതുപകാരവും ചെയ്യാൻ ഞങ്ങൾ എപ്പൊഴും സന്നദ്ധരാണു്.

ചാറൽസ്—"എന്നെ കണ്ടതിനേയും രക്ഷിച്ചതിനേയുംപററി ഒരുത്തരോടും ഒന്നും പറയരുതു്" എന്നുപറഞ്ഞു് പണസ്സഞ്ചിയിൽനിന്നു് പത്തുരൂപാ എടുത്തു നീട്ടിക്കൊണ്ടു പറകയാണു്:—"ഇതു വളരെ നിസ്സാരമായ ഒരു സമ്മാനമാണു്; എങ്കിലും, നിങ്ങളിതു് സ്വീകരിക്കണം."

വീട്ടുടമസ്ഥൻ—സാധാരണമായി ഞങ്ങളിതുപോലെ പണംവാങ്ങി സൽക്കർമ്മം ചെയ്യുന്നവരല്ല. എന്നാൽ എൻെറ ഭാൎയ്യ സന്നിപാതജ്വരം പിടിപെട്ടുകിടക്കുകയാണിപ്പോൾ. ഈ ഘട്ടത്തിൽ ഞങ്ങൾക്കീപണം വളരെ ഉപകാരപ്പെടും. രോഗം കൂടുതലല്ല. ക്രമേണ കുറവാണു്.

ചാറൽസ്—എന്തു്? സന്നിപാതജ്വരമോ?

വീട്ടു—അതേ; ഇന്നലെരാത്രിതന്നെ ഞാൻ നിങ്ങളോടിതു പറയാൻ ഭാവിച്ചപ്പോൾ നിങ്ങളെന്നെത്തടുത്തു. അതുകൊണ്ടും ഞങ്ങൾക്കാൎക്കും ഒരു അപായവും സംഭവിക്കാതിരിക്കുന്നതുകൊണ്ടുമാണു് ഞാൻ നിങ്ങളെ സ്വീകരിച്ചതു്.

ചാറൽസ്—അതുകൊണ്ടു തരക്കേടൊന്നുമില്ല.

വീട്ടു—എന്നാൽ ഇനി പോകേണ്ടസമയമായി. എൻെറ മകൻകൂടെ വന്നു നിങ്ങളെ വണ്ടിയിൽ കയററും. നിങ്ങൾ തനിച്ചുപോകുന്നതു് എനിക്കു സമ്മതമല്ല.

ചാറൽസ് അതിനു വിസമ്മതമൊന്നും പറഞ്ഞില്ല. ആ സാധുവിനു വന്ദനംപറഞ്ഞു് അയാളുടെ ഭാൎയ്യയ്ക്കു് വേഗത്തിൽ സുഖാവസ്ഥ ലഭിക്കട്ടെ എന്നു് ഹൃദയപൂൎവ്വം ദൈവത്തോടു പ്രാൎത്ഥിച്ചുകൊണ്ടു് അദ്ദേഹം പുറപ്പെട്ടു. ധിറുതിവെച്ചു നടന്നതുകൊണ്ടു് അതിവേഗം റയിൽവേസ്റ്റേഷനിലെത്തി. അവിടെ അധികം താമസിക്കേണ്ടിവന്നി

ല്ല്. അപ്പോഴേയ്ക്കും വണ്ടി വന്നുകഴിഞ്ഞു. ഒരു ഒഴിഞ്ഞമുറിയിൽ കയറി അദ്ദേഹം സ്ഥലംപിടിച്ചു. വണ്ടി ചൂളംവിളിച്ച് ആദ്യം "ത്തീം തത്തീം" എന്നും, പിന്നെ "ശര് ശര്" എന്നും ശബ്ദിച്ചുകൊണ്ട് പ്രയാണംചെയ്തു.

കഴിഞ്ഞ ഏതാനംദിവസങ്ങളിലെ സംഭവങ്ങളെക്കുറിച്ചുള്ള വിചാരം അയാളുടെ മനസ്സിൽ ഉദിച്ചുയരുന്നു. അന്നയോട്ട് താൻ ആരെന്ന് പരമാൎത്ഥമായി പറയാതിരുന്നതിന്റെ കാരണം, അവൾക്ക് തന്നിൽ യഥാൎത്ഥമായ പ്രേമമുണ്ടായിട്ടുണ്ടോ എന്ന് പരീക്ഷിക്കുകയാണ് പ്രധാനതമമെങ്കിലും മറെറാരു ചെറിയ ഉദ്ദേശവുംകൂടി അതിൽ അന്തൎഭൂതമായിരുന്നു. തന്റെ അമ്മാവന്റെ ഏകാവകാശിയാണെന്നുമാത്രം പറയുന്നപക്ഷം അദ്ദേഹത്തിന്റെ അനുമതികൂടാതെ അന്നയെ വിവാഹം ചെയ്യാൻ റോളൻറ് സമ്മതിക്കുന്നതല്ല. അമ്മാവന്റെ സമ്മതം തല്ക്കാലം ലഭിക്കാത്തപക്ഷം ഇപ്പൊഴുള്ള സ്വല്പമായ വരവുകൊണ്ട് താൻ അവളോട്ടുകൂടി ഒരു ചുരുങ്ങിയ ജീവിതരീതിയെ തുടരുന്നതാണെന്നും, പിന്നീട് അമ്മാവന്റെ സമ്പത്ത് ലഭിക്കുമ്പോൾ സുഖജീവിതത്തെ ആശ്രയിക്കാമെന്നും അയാൾ മനസ്സുകൊണ്ടുറപ്പിച്ചു.

വഴിയിൽ രണ്ടു ജങ്ക്ഷനിൽ അയാൾക്ക് വണ്ടി മാറിക്കേറേണ്ടിവന്നു. വെളിയിലിറങ്ങിയ സമയങ്ങളിൽ സഹിപ്പാൻവയ്യാത്ത കുളിരുകൊണ്ടെന്നപോലെ അദ്ദേഹത്തിന്റെ ശരീരം ആലിലപോലെ വിറച്ചു. 'ഇന്നലെ ആ വൃക്ഷത്തിലിരുന്ന് തണുപ്പ് പിടിച്ചു' എന്നയാൾ കരുതി.

ലണ്ഡനിലെ ഒരു ചെറിയ സ്റ്റേഷനായിരുന്നു അയാളുടെ വസതിയിലേയ്ക്കു് ഏററവും അടുത്തസ്ഥലം. അവിടെ വണ്ടിചെന്നുനിന്നു. വണ്ടിയിൽനിന്ന് അവിടെ ഇറങ്ങിയപ്പോൾ ദേഹം ക്ഷീണിച്ചും നാക്കുവരണ്ടും ഇരിക്കുന്നതു് അയാൾക്ക് മനസ്സിലായി. 'എനിക്കു സന്നിപാതം പകന്നിരിക്കുമോ? ഈ സമയത്തു് രോഗശയ്യയിൽ വീഴുന്നതു് വലിയ കുഴപ്പമാണല്ലോ. ഏതായാലും പരിഭ്രമിക്കാതിരിക്കണം. എന്റെ മനശ്ശക്തികൊണ്ട് ഇതിനെ അകററുകതന്നെ വേണം.' എന്നെല്ലാം വിചാരിച്ചുംകൊണ്ട്, ഡാക്ടർ തനിക്കായി വണ്ടികൊടുത്തയച്ചിട്ടുണ്ടോ എന്നു അന്വേഷിച്ചു. സ്റ്റേഷൻമാസ്റ്റർ

അയാളെ കണ്ടയുടൻ അടുത്തുവന്നു വന്ദിച്ച്, "നിങ്ങൾക്കായി ഇന്നു ഉച്ചവരെ ഇവിടെ വണ്ടിവന്നു കിടന്നിരുന്നു. അമ്മാവന് ആലസ്യം അധികമാണെന്നാണു അറിവ്" എന്നു പറഞ്ഞു.

ചാറൽസ്—ഓറെ ഏതെങ്കിലും ഒരു വണ്ടി വേഗം കിട്ടുമെങ്കിൽ കൊള്ളാം.

സ്റ്റേഷൻമാസ്റ്റർ—കുറച്ചുനിന്നാൽ ആളയച്ചു വണ്ടിവരുത്താം.

ഈ സംഭാഷണത്തിനിടയിൽ അമ്മാവൻെറ പാട്ടക്കാരനായ ഒരാൾ ഒരു വണ്ടിയും വെച്ചുകൊണ്ടു നില്ക്കുന്നതു ചാറൽസു കണ്ടു. ഉടൻ അവനെ വിളിച്ച്, ദേഹസുഖമില്ലാത്തതിനാൽ വീടുവരെ തന്നെ കൊണ്ടുവിടണമെന്ന് അയാൾ ആവശ്യപ്പെട്ടതു് പാട്ടക്കാരൻ സന്തോഷപൂർവ്വം സമ്മതിച്ചു. അവൻ അയാളെ വണ്ടിയിൽ കയററിയും കൊണ്ടു് വേഗം വസതിയിലെത്തിക്കുകയും ചെയ്തു. അവനു മതിയായ സമ്മാനം നൽകി അയച്ചതിനുശേഷം ചാറൽസ്, അടയ്ക്കപ്പെട്ടിരുന്ന പടിവാതിലിന്മേൽ തട്ടി. ശബ്ദംകേട്ട് വേലക്കാരൻ വന്നു കതകു തുറന്നയുടൻ ചാറൽസ് "അമ്മാവനു് എങ്ങനെയിരിക്കുന്നു?" എന്നു് ചോദിച്ചു.

വേലക്കാരൻ—അദ്ദേഹം ഒരു മണിക്കൂറിനു മുമ്പേ പരലോകപ്രാപ്തനായി.

ചാറൽസ് നടുങ്ങി. അതിവാത്സല്യപൂർവ്വം വളർത്തിയ തൻെറ അമ്മാവനു് ചാകാൻ കിടക്കുമ്പോൾ ഒരുതുള്ളി വെള്ളം കൊടുക്കുവാൻപോലും ഇടയാകാത്തവിധം തന്നെ ദ്രോഹിച്ച ആ ഘോരഘാതകനെ ഒരിക്കലും വെറുതെ വിടാൻ പാടില്ലെന്നു തീക്ഷ്ണമായ ഒരു പ്രതീകാരബുദ്ധി അയാളെ വലയംചെയ്തു, ചാറത്സെ, മനുഷ്യൻെറ നിശ്ചയങ്ങൾക്കുണ്ടോ വല്ല സ്ഥിരതയും?

## ആറാം അദ്ധ്യായം.

### (രോഗശയ്യ.)

രാജഹമ്മ്യത്തിന്നെതിരായ ആ ഭവനത്തിൽ ഒരു വലിയ നിശ്ശബ്ദത വ്യാപിച്ചിരുന്നു. ചാറൽസ് അകത്തു പ്രവേശിച്ചപ്പോൾ അവിടത്തെ പരിചാരകപ്രധാനി അരികെ വന്നു, 'എന്താചെയ്യ? ഇങ്ങനെയൊക്കെ സംഭവിച്ചു' എന്നു പറഞ്ഞു ഒഴുകുന്ന കണ്ണുനീർ തുടച്ചുകളഞ്ഞു. ശവസംസ്കാരംപോലും കഴിഞ്ഞിരുന്നതിനാൽ അമ്മാവന്റെ മൃതദേഹത്തെക്കൂടി കാണുവാൻ അയാൾക്കു സാധിച്ചില്ല. ചാറൽസ് പറയുന്നു:—"വളരെ വേഗത്തിലാണു പോന്നതു; കത്തു കണ്ടതിൽപിന്നെ ഒരു മിനിട്ടുപോലും താമസിച്ചില്ല പുറപ്പെടാൻ. എന്റെ ദൌർഭാഗ്യം കഠിനംതന്നെ; ഇതാ എനിക്കു നില്ക്കാൻപോലും വയ്യാത്തവിധം ക്ഷീണം വളരുന്നു; വേഗത്തിൽ കുറെ ചൂടുള്ള കഞ്ഞികിട്ടിയാൽ വേണ്ടില്ല." അയാൾ വേഗം മുറിയിൽ കയറി മെത്ത നിവൎത്തി കിടന്നു. സമയം നീങ്ങുംതോറും തളൎച്ച വളരുന്നതായി അയാൾക്കു തോന്നി. അതിനാൽ, 'താൻ സുഖമായി വീട്ടിലെത്തിയെന്നും, അമ്മാവൻ മരിച്ചുപോയിയെന്നും, ദ്രുതയാത്രനിമിത്തം തല്ക്കാലം തനിക്കു ദേഹസുഖമില്ലാത്തതുകൊണ്ടു വിവരങ്ങൾക്കെല്ലാംദീൎഘമായ ഒരു കത്തു പിറകേ അയച്ചുകൊള്ളാമെന്നും എഴുതി കവർചെയ്തു മേൽവിലാസവും കുറിച്ചു മുദ്രവെച്ചു അതുടൻ പോസ്റ്റ് ചെയ്വാനായി ഒരു ഭൃത്യന്റെ കൈവശം കൊടുത്തു. വേറെ ഒരുവനെ വിളിച്ചു ഡാക്ടരെ കൂട്ടിക്കൊണ്ടു വരുവാനും നിയോഗിച്ചു.

ഡാക്ടർ വന്നു ദേഹപരിശോധന നടത്തിയതിന്റെ ഫലമായി ചാറത്സിന്നു സന്നിപാതജ്വരമാണെന്നു തീൎച്ചപ്പെട്ടു. തന്മൂലം ദുഃഖമന്വേഷിച്ചു വന്നവരെല്ലാം വീട്ടിനകത്തു കയറാതെ വെളിയിൽ നിന്നതേയുള്ളൂ. ചാറത്സിന്റെ അമ്മാവൻ മരണത്തിനു മുമ്പായി നിൎദ്ദേശിച്ചിരുന്നപ്രകാരമെല്ലാം അദ്ദേഹത്തിന്റെ മരണക്രിയകൾ ഡാക്ടരും ഭൃത്യന്മാരുമൊക്കെക്കൂടി ഭംഗിയായി നടത്തി. അനന്തരം അദ്ദേഹത്തിന്റെ മരണപത്രം വായിക്കുന്നതിനു അവിടെ ഒരു വക്കീൽ ഹാജർകൊടുത്തു.

വക്കീൽ—(ഡാക്ടരോട്.) ചാറ്റസിന്റെ സുഖക്കേട് എങ്ങനെയിരിക്കുന്നു? ചരമപത്രം വായിക്കുന്നത് അദ്ദേഹമാണല്ലോ പ്രധാനമായി കേൾക്കേണ്ടത്. പക്ഷേ, കേട്ടാലും കേട്ടില്ലെങ്കിലും പത്രത്തിൽ വിശേഷമായിട്ട് ഒന്നുമില്ല. സ്ഥാനമാനങ്ങളും വസ്തുവകകളും എല്ലാം ചാറ്റസിന്നുതന്നെയാണ് എഴുതിവെച്ചിരിക്കുന്നത്. ഇഷ്ടദാനമായി വേലക്കാൎക്ക് കുറെ പണം വേറെനീക്കിവെച്ചിട്ടുണ്ട്. അതേ ഇതിൽ പറയത്തക്ക ഒരു വിശേഷാംശമുള്ളു.

ഡാക്ടർ—സ്ഥാനമാനങ്ങളും ധനവും അയാൾക്ക് ഇപ്പോൾ അത്ര ഉപകരിക്കുമെന്ന് തോന്നുന്നില്ല.

വക്കീൽ—രോഗം അത്ര അപായത്തിലാണോ?

ഡാക്ടർ—നിരാശപ്പെടാറായില്ലെന്നേയുള്ളു. സന്നിപാതം ഉഗ്രമായി ക്ഷോഭിച്ചിരിക്കുകയാണ്. ലണ്ടനിൽനിന്ന് ഒരു ഡാക്ടരെക്കൂടി വരുത്തിയാൽക്കൊള്ളാം. ചുമതലമുഴുവൻ തനിയേ വഹിക്കുന്നതിന്ന് എനിക്കു ധൈൎയ്യം വരുന്നില്ല. അദ്ദേ, ചാറ്റസിന് സ്നേഹഭാജനമായി വല്ലവരും ഉണ്ടോ എന്നറിയാമോ?

വക്കീൽ ഒരു രണ്ടുമാസംമുമ്പുവരെ അങ്ങിനെയാരുമുണ്ടായിരുന്നില്ലെന്ന് എനിക്കു പരമാൎത്ഥമായറിയാം.

ഡാക്ടർ—എന്നാൽ ഇപ്പോൾ ഒരാളുണ്ടെന്നത് നിശ്ചയമാണ്. അയാൾ തന്റെ കൊച്ചുറാണിയായ ഒരു അന്നയെപ്പററി എപ്പോഴും എന്തൊക്കയോ പറയുന്നു. അഗാധമായ മലഞ്ചെരിവിൽ ഒരു മരത്തിന്മേൽ താനിരിക്കുകയാണെന്നും, തനിക്ക് സഹായത്തിന്നായി അവൾകൂടി വന്നേ സാധിക്കയുള്ളുവെന്നും, മററും പ്രജ്ഞയില്ലാത്ത സമയങ്ങളിലെല്ലാം അയാൾ വിളിച്ചു പറയുന്നുണ്ട്? ഏതായാലും അടുത്തു കഴിഞ്ഞ ദിവസങ്ങളിൽ അയാളേതോ ഭയങ്കരമായ അപത്തിൽക്കൂടി തുണിട്ടുണ്ടെന്നത് നിസ്തൎക്കംതന്നെയാണ്.

* * * * * * * * *

അന്ന, തന്റെ മനോഭവന്റെ പ്രണയമസൃണമായ ലേഖനത്തെ പ്രതീക്ഷിച്ചിരിപ്പായിട്ട് അറേറഴു ദിവസംകഴിഞ്ഞു. ഓരോ സൂൎയ്യാ

സ്സമനവും അവളുടെ നിരാശയെ വളൎത്തുകമാത്രമാണ് ചെയ്തതു്. അവളുടെ അന്തരംഗം സന്താപഗ്ലപിതമായി. എന്നാലതൊന്നും ആ സുധീര പൂറമേ ഭാവിച്ചതേയില്ല. ഡേവിഡ്, അവിടെ വരുമ്പോഴെല്ലാം കുശലപ്രശ്നരൂപത്തിൽ "ചാറത്സിൻെറ എഴുത്തു് വന്നുവോ?" എന്ന് അവളോട്ട് ചോദിക്കാറുണ്ടായിരുന്നു. അപ്പോഴൊക്കെ 'ഇല്ല' എന്ന മറുപടി അവൾ അലക്ഷ്യഭാവത്തിൽ പറയുകയും പതിവാണ്.

ആ വീഴ്ചയോടുകൂടി ചാറത്സിൻെറ 'കഥ കഴിഞ്ഞിരിക്കണ'മെന്ന് ഡേവിഡ് തീൎച്ചപ്പെടുത്തിയിരുന്നു. "എന്നാൽ, അയാളുടെ മൃതശരീരം ഇതുവരെ ആരുടെ കണ്ണിലും പെട്ടിട്ടില്ലായിരിക്കണം; അഥവാ, വല്ലവരും കണ്ടാൽ തന്നെയും, അയാളുടെ മരണത്തിന്ന് തക്കകാരണം പറയുവാനുള്ള ഉപായം എനിക്ക് സ്വാധീനമാണ്." ഇതായിരുന്നു ആ പരമ ദുഷ്ടൻെറ നിശ്ചയം. ദൈവത്തിന്ന് കാരുണ്യവും കണ്ണുമുണ്ടെന്നുള്ള വസ്തുത മൂഢന്മാരായ മനുഷ്യരുണ്ടോ അറിയുന്നു?

അന്ന ചിലസമയങ്ങളിൽ മ്ലാനവദനയും ചിന്താപരവശയും ഉന്മേഷരഹിതയുമായി ദുഃഖത്തിൽ മുഴുകിയിരിക്കുന്നതു് റോളൻറ് കാണാറുണ്ടായിരുന്നു. അപ്പോഴെല്ലാം അദ്ദേഹം, "ചാറൽസ്സ് ഉത്തമനും വിശ്വസ്തനും ആയ ഒരു ധീരപുരുഷനാണ്; എഴുത്തയയ്ക്കാത്തതിന്ന് എന്തെങ്കിലും തക്കതായ ജോലിത്തിരക്ക് അവിടെ നേരിട്ടിരിക്കണം" എന്നു പറഞ്ഞു് അവളെ ആശ്വാസപ്പെടുത്തുകയും ചെയ്യുവന്നു.

അല്ലയോ തരുണീ, നിൻെറ പിതാവിൻെറ സാന്ത്വനവാക്കുകൾ ന്യായമായനിലയ്ക്കു് നോക്കുമ്പോൾ പരമാൎത്ഥമാണെന്ന് വിചാരിക്കാം. എന്നാൽ, തോളിലിരുന്നുകൊണ്ടു് ചെവികടിക്കുന്ന കുടിലസ്വഭാവത്തെപ്പററി ചിന്തിക്കാനുള്ള ശേഷി ആ മൃദുലമായിട്ടുള്ള വൃദ്ധമാനസത്തിന് ഇപ്പോഴില്ലെന്ന് നീ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ചാറത്സിന്ന് വഴിയിൽ സംഭവിച്ച ആപത്തുകളും, തന്മൂലം നേരിട്ട അരിഷ്ടതകളുംമററും ആലോചിക്കാൻപോലും നിൻെറ അച്ഛനോ നിനക്കോ ത്രാണിയില്ല. എന്നാൽ, എത്രതന്നെ ജോലിത്തിരക്കുകളുണ്ടായാലും നിനക്കൊരു കത്തെഴുതുവാനുള്ള സമയമെങ്കിലും ആ പ്രണയഭാജനത്തിന്ന് കിട്ടാതെ വരികയില്ലെന്നു ഭവതിക്ക് നല്ലവണ്ണം വിശ്വസിക്കാമല്ലോ. അതേ; അദ്ദേഹം അവിടെ ചെന്നയുടൻ, തന്നി

ക്ക് തീരെ വയ്യാതിരുന്നുവെങ്കിലും നിനക്കൊരു എഴുത്തെഴുതിയിട്ടുണ്ടെന്ന് ഈ ഗ്രന്ഥകാരൻ ഇതാ നിന്റെ മുമ്പിൽ ഉത്തമവിശ്വാസത്തിന്മേൽ സത്യംചെയ്യുന്നു. പക്ഷെ, നിന്റെ ദൌർഭാഗ്യാതിരേകംനിമിത്തം അതു നിനക്ക് കരലബ്ധമായില്ല. അതിന്റെ കാരണവും പറയാം. അദ്ദേഹമെഴുതിയ കത്ത് എഴുത്തുപെട്ടിയിലിടുവാൻ കൊണ്ടുപോയത് അദ്ദേഹത്തിന്റെ ഭവനത്തിലെ ഒരു യുവഭൃത്യനാണ്. സ്നേഹിച്ചിരുന്ന ഒരു സ്ത്രീയെ വഴിയിൽവെച്ച് കാണുകയാൽ അവൻ അവളുമായി നദീതീരത്തിൽ ചെന്നു സ്വൈരവിഹാരം ചെയ്യാൻ തുടങ്ങി. അതിനു മുമ്പേതന്നെ അവന്റെ കൈയിൽനിന്ന് എഴുത്തെവിടെയോ കളഞ്ഞുപോയിരുന്നു. പിന്നെ സ്വൈരലീലകളെല്ലാം കഴിഞ്ഞു മടങ്ങുമ്പോഴാണ് അവന്ന് യജമാനൻ തന്നിരുന്ന കത്തിന്റെ സ്മരണയുണ്ടായത്. അങ്ങുമിങ്ങുമൊക്കെ ആവുന്നവിധം നോക്കിയെങ്കിലും ആ ഭൃത്യന് കത്തു കണ്ടുകിട്ടിയില്ല. കാററടിച്ചു നദിയിൽ കൂടി ഒഴുകിപ്പോയ കത്തുണ്ടോ അവൻ കാണുന്നു? വയററുപിഴപ്പിനുള്ള വഴി മുട്ടുമെന്നു ഭയന്ന് അവൻ എഴുത്തു തപാൽപെട്ടിയിലിട്ടുവെന്ന ഭാവത്തിൽ ഇരുന്നു. അവന്റെ യജമാനൻ അപ്പോഴേയ്ക്കും രോഗാതുരനായിപ്പോകയാൽ പിന്നെ അതിനെപ്പററി അന്വേഷിക്കാൻ അദ്ദേഹത്തിനു സാധിച്ചതുമില്ല. ഇതാണ് പരമാർത്ഥം. പക്ഷെ, ഇതൊക്കെ നിന്നോടു പറഞ്ഞുതരാനോ, അദ്ദേഹത്തിന്റെ അടുത്തുപോയി വിവരം അന്വേഷിക്കാനോ ശക്തനായ ഒരു ബന്ധു നിനക്കില്ലല്ലോ. കർമ്മഫലം അനുഭവിക്കാതെ നിവൃത്തിയുണ്ടോ?

അന്നയ്ക്കു പെരുംപാമ്പുപോലെ നീണ്ട ദിവസങ്ങൾ അനേകം കഴിഞ്ഞു. ഒരു നട്ടുച്ചനേരത്ത് അവൾ, തന്റെ മുറിയിൽ വാതായനത്തിന്റെ സമീപം ഇരുന്ന് തന്നെ വലയംചെയ്യുന്ന വിപത്തിനെക്കുറിച്ചു ചിന്തിക്കുകയായിരുന്നു. അപ്പോൾ മുമ്പെങ്ങും കാണാത്ത മാതിരി എന്തോ വലുതായ ഒരു തളച്ച പാറിയപോലെ സ്വപിതാവ് വീട്ടിനകത്തു കയറുന്നതായി കണ്ടു വേഗം അരികെ ചെന്ന്, "അച്ഛനെന്താ വല്ലാതിരിക്കുന്നത്" എന്നവൾ ചോദിച്ചു. "എനിക്കു സഹിക്കാൻപാടില്ലാത്ത ഒരു കുളിരു തോന്നുന്നു. കുറച്ചുനേരമായി വേലക്കാർ ജോലിചെയ്യുന്ന സ്ഥലത്ത് വെയിൽകൊണ്ടു നില്ക്കയായിരുന്നു. അപ്പോൾ തട്ടിയ കിഴക്കൻകാററ് എനിക്കു കുറെ തണുത്തതാ

യി തോന്നി. ഉടൻതന്നെ ഞാനിങ്ങോട്ടു പോരികയുംചെയ്തു. ചൂടോടുകൂടി അല്പം വല്ലതും കുടിക്കാൻ കിട്ടിയാൽ കൊള്ളാം" എന്നു റോളൻറു വളരെ വിവശനായി പറഞ്ഞു. അന്ന അതിവേഗത്തിൽ കുറെ കാപ്പിതയാറാക്കി കൊടുത്തു. അതുകുടിച്ചു് ഒന്നു കിടന്നുറങ്ങാനായി അയാൾ മുറിയിലേയ്ക്കു പോയി. മകൾ ചിന്താവിവശയായി ഏതാനും നിമിഷം അച്ഛൻെറ അരികെത്തന്നെ നിന്നു. അദ്ദേഹം പെട്ടെന്നുറങ്ങിയതുകണ്ടു് സ്വകൃത്യങ്ങൾക്കായി പോരികയും ചെയ്തു.

രാത്രി ആയപ്പോഴേയ്ക്കും റോളൻറിന്നു് വലിയ അസ്വാസ്ഥ്യമായി. എങ്കിലും മകളുടെ അഭിപ്രായപ്രകാരം ഡാക്ടർക്കു് ആളെ അയയ്ക്കുവാൻ എന്തുകൊണ്ടോ അയാൾ സമ്മതിച്ചില്ല. 'പിറേറദിവസം പ്രഭാതമാകുമ്പോഴേയ്ക്കും എല്ലാം സുഖമാകു'മെന്നു് പറഞ്ഞു് അയാൾ മകളെ സമാധാനപ്പെടുത്തുകയായിരുന്നു ചെയ്തതു്.

നേരം വെളുത്തപ്പോൾ റോളൻറിൻെറ ആലസ്യം പതിന്മടങ്ങു വർദ്ധിച്ചിരുന്നു. അയാൾക്കു് അശേഷം കിടക്കപ്പൊറുതിയില്ലെന്ന ദിക്കായി. ഉടൻതന്നെ അന്ന ആളയച്ചു് ഡാക്ടരെ വരുത്തി. ശരീരം പരിശോധിച്ചതിന്നുശേഷം 'ശ്വാസകോശങ്ങൾ ഉഷ്ണംകൊണ്ടു് വ്രണപ്പെട്ടിരിക്കുന്നു'വെന്നു് ഡാക്ടർ അഭിപ്രായപ്പെട്ടു. അദ്ദേഹം ആ വ്രണവിരോപണത്തിന്നു് മതിയായ ഔഷധംകൊടുക്കുകയും ചെയ്തു. അന്നും പതിവുപോലെ ഡേവിഡ് അവിടെവന്നു. ശീലായ്മയുണ്ടായതിൻെറ സ്വഭാവവും മററും അയാൾ ഒരു ഉത്തമബന്ധുവിൻെറ നിലയിൽ രോഗിയോടുതന്നെ ചോദിച്ചു. സംഭാഷണമദ്ധ്യേ ചാറൽസിൻെറ നീചമായ മൌനത്തെപ്പററി ഹാസ്യഭാവത്തിൽ വിവരിച്ചു് ആ ദുഷ്ടൻ രോഗിക്കു് ഒരു മനസ്സമാധാനക്കേടുകൂടി ഉണ്ടാക്കാതിരുന്നില്ല. അന്നത്തെ രാത്രി അവൻ അവിടെത്തന്നെ കഴിച്ചുകൂട്ടി. പിറേറന്നാൾ കാർവൻ പട്ടണത്തിലേയ്ക്കു് പോകാൻ തുടങ്ങിയപ്പോൾ അന്നയുടെ സമീപത്തിൽ ചെന്നു് അനുതപ്തൻെറ നാട്യത്തോടുകൂടി, "കാമുകൻ നിന്നെ ഉപേക്ഷിച്ചുപോയ സമയം ഇതാ നിൻെറ അച്ഛനും രോഗത്തിൽ പെട്ടിരിക്കുന്നു; വലിയ കഷ്ടംതന്നെ" എന്നു് പറഞ്ഞു.

അന്ന— എൻെറ പ്രാണനാഥൻ എന്നെ ഉപേക്ഷിച്ചിട്ടില്ല; ഉപേക്ഷിക്കയുമില്ല

ഡേവിഡ്—എന്നാൽ നിനക്ക് അവൻെറ കത്ത് വന്നിട്ടുണ്ടായിരിക്കണം.

അന്ന—അത് എൻെറ കാൎയ്യമാണ്. നിന്നെ ഒരിക്കലും സംബന്ധിക്കുന്നതല്ല.

ഡേവിഡ്—ലോകർ അങ്ങനെ വിചാരിക്കുകയില്ല. അയാൾ കേവലം ഒരു ചപലനാണെന്നും, നിന്നെ മനഃപൂൎവ്വം വഞ്ചിക്കുകയാണ് ചെയ്തതെന്നുമായിരിക്കും ജനവാദം.

അന്ന—അത് ഞാൻ വകവെയ്ക്കുന്നതേ അല്ല. നീ ഒരു യോഗ്യനായ പുരുഷനാണെന്ന് നടിച്ച് എന്നോട്ട് ഈവിധം പറയുവാൻ തുനിഞ്ഞതിനെപ്പററി ഞാൻ വിസ്മയിക്കുന്നു. അയ്യൊ! നാണമില്ലല്ലോ.

അവൾ പെട്ടെന്നു അവിടെനിന്നു പൊയ്ക്കളഞ്ഞു. 'നിൻെറ അഹംഭാവമെല്ലാം ഞാൻ നിറുത്താ'മെന്നു തന്നിയേ മന്ത്രിച്ചുകൊണ്ട് ഡേവിഡ് തൻെറ ജോലിക്കു പോവുകയും ചെയ്തു.

അസുഖകരങ്ങളായ ദിവസങ്ങൾ രണ്ടുകഴിഞ്ഞു. റോളൻറിൻെറ രോഗം വൎദ്ധിക്കുകയേ ചെയ്തുള്ളു. 'ഇതു ഭേദമാകുന്നതു അസാദ്ധ്യമാണെ'ന്നു അയാൾ തനിയേ വിചാരിച്ചു. "ആ വൃദ്ധൻ തൻെറ ഇഹലോകകാൎയ്യങ്ങളെ ഒതുക്കിവെയ്ക്കുന്നതിനുള്ള ഏൎപ്പാടുകളെല്ലാം ഉടൻ ചെയ്യുന്നതു അത്യാവശ്യമാണ്" എന്നു ഡാക്ടർ ഡേവിഡിനോടു പറഞ്ഞു. ആ വിവരം ഡേവിഡ് രോഗിയെ അറിവിക്കാൻ ഒട്ടും അമാന്തിച്ചില്ല. 'ഡേവിഡുതന്നെ ആ കാൎയ്യം നടത്തണ'മെന്നു അവശനായ വൃദ്ധൻ അപേക്ഷിച്ചെങ്കിലും, 'അതു താൻ തന്നിയേ ചെയ്യുന്നതു് ഭംഗിയാകയില്ലെന്നും, തൻെറ ചിററപ്പനായ ഹ്യൂവിനെക്കൂടെ സഹായത്തിനായി വിളിക്കാ'മെന്നും അയാൾ പറഞ്ഞു. "അന്നയ്ക്കു പ്രായപൂൎത്തി ആകാത്തതിനാൽ ഒരു രക്ഷാകൎത്താവും വേണ്ടതാണല്ലോ; നമ്മുടെ അയൽപക്കക്കാരനായ ഗ്രാൻറിനെ ആ ചുമതല ഏല്പിക്കാം." ഒരു കുടുംബധുരന്ധരൻെറ ഭാവത്തിൽ അയാൾ ഇത്രയുംകൂടി പറയുകയുണ്ടായി. റോളൻറിന് ഗ്രാൻറിനെപ്പററി തീരെ വെറുപ്പുണ്ടായിരുന്നതിനാൽ "അതുവേണ്ട" എന്ന അൎത്ഥത്തിൽ അയാൾ തലകുലുക്കി. ഡേവിഡിന്നു അതു വളരെ രസിച്ചു. അവർ

പറയുകയാണ്:—"എന്റെ ചിററപ്പനെത്തന്നെ രക്ഷാധികാരിയായി നിയമിക്കാം. അദ്ദേഹം ഒരു നല്ല മനുഷ്യനാണ്; എന്നോടുള്ള പെരുമാററംകൊണ്ടുതന്നെ അതു മനസ്സിലാക്കാം." റോളൻറ് അതുപ്രകാരം സമ്മതിച്ചു.

ലബ്ധമനോരഥനായ ഡേവിഡ് ത്വരിതഗതിയിൽ അവന്റെ ചിററപ്പന്റെ സമീപം ചെന്നു. അയാളപ്പോൾ വക്കീലാപ്പീസിൽ ഇരിക്കയായിരുന്നു. ഒരു വ്യാഘ്രത്തിന്റെ ക്രൌര്യം അയാളുടെ മുഖത്തിനുണ്ട്. വളരെ കൌശലക്കാരനും എന്തും ചെയ്യാൻ മടിക്കാത്ത സ്വഭാവക്കാരനും ആയിരുന്നു അയാൾ. എന്നാലും സ്വതസ്സിദ്ധമായ കപടകുശലതകൊണ്ട് പൊതുജനദൃഷ്ടിയിൽ അയാൾ ഒരു നല്ല പ്രമാണിയുടെ നില നേടിയിട്ടുണ്ട്. അയാളെക്കുറിച്ച് ജനമദ്ധ്യത്തിൽ ചില ദുഷ്പ്രവാദങ്ങളെല്ലാം പരന്നിട്ടുണ്ടായിരുന്നുവെങ്കിലും, അവ 'കുന്നെകുറി'കൊണ്ടുണ്ടായതാണെന്നു പ്രസംഗിച്ചു നടക്കുവാൻ പലരും സന്നദ്ധരായിരുന്നു. തന്മൂലം ഹ്യൂ ഇക്കാലത്ത് ഒരുത്തമപൌരപ്രമാണിതന്നെയാണെന്നുവേണം പറയുവാൻ.

ഡേവിഡ് അകത്തു പ്രവേശിച്ച് ഒരു കസേരയിൽ ഇരിപ്പായി. അയാൾ ഇങ്ങനെ സംഭാഷണം ചെയ്യാൻ തുടങ്ങി:—"റോളൻറിന് നല്ല സുഖമില്ല. ഡാക്ടർ പറയുന്നതു് ഇനി ഇതിൽനിന്നു കരകയറുകയില്ലെന്നാണ്. ഞാനദ്ദേഹത്തോട്ട് മരണപത്രം തയ്യാറാക്കുന്നതു് നന്നായിരിക്കുമെന്നു പറഞ്ഞിരിക്കുന്നു."

ഹ്യൂ—അതു നിനക്കുതന്നെ അനുകൂലമല്ലോ.

ഡേവിഡ്—അതുപോരാ. ഞാൻ വലിയ മിടുക്കനുംമററുമല്ലെങ്കിലും കുറെയൊക്കെ കൌശലം എനിക്കും അറിയാം. മരണപത്രം നിങ്ങളെഴുതുന്ന സമയം, അന്നാ എന്നെ വിവാഹം ചെയ്യുന്നപക്ഷം റോളൻറിന്റെ സ്വത്തു മുഴുവൻ അവൾക്കു ലഭിക്കുന്നതാണെന്നും, അല്ലാത്തപക്ഷം മുഴുവൻ സ്വത്തും എനിക്കു കിട്ടുന്നതാണെന്നും അതിലെഴുതണം.

ഹ്യൂ—അവളുടെ കാമുകൻ വരുന്നതായാലോ?

ഡേവിഡ്—ഇനി അവനൊരിക്കലും വരികയില്ല.

ഡേവിഡിൻെറ ഈ വാക്ക കേട്ട് ഹ്യൂ അവൻെറ മുഖത്ത് സൂക്ഷ്മമായി ഒന്നുനോക്കി. "എന്നാൽ ശരിതന്നെ; അങ്ങനെ ഞാനെഴുതുന്നപക്ഷം എനിക്കുള്ള പ്രതിഫലം എന്തായിരിക്കും?"

ഡേവിഡ്—നിങ്ങൾക്ക എന്തുവേണം?

ഹ്യൂ—റോളൻറിൻെറ കെട്ടിയിരുപ്പുപണത്തിൽ പകുതിയും, സ്ഥാവരസ്വത്തുവക പാട്ടത്തിൽനിന്ന ആണ്ടുതോറും ഇരുന്നൂറു പവനും എനിക്ക കിട്ടണം.

ഡേവിഡ്—അതു വലിയ അന്യായമായ ഒരു ഏൎപ്പാടാണല്ലോ.

ഹ്യൂ—എന്നാൽ നീ ന്യായമായി പ്രവൎത്തിച്ചുകൊള്ളുക.

ഗത്യന്തരമില്ലാതെ ഡേവിഡു് ഹ്യൂവിൻെറ അഭിപ്രായത്തോട് വഴിപ്പെടുകതന്നെ ചെയ്തു. 'അന്നയുടെ രക്ഷാധികാരവും നിങ്ങളെത്തന്നെ ഏല്പിക്കുന്നതാ'ണെന്നു പറഞ്ഞുംകൊണ്ട് ഡേവിഡ് കൃത്യാന്തരങ്ങൾക്കായി അവിടെനിന്ന പോയി.

'റോളൻറിൻെറ കൈവശം ഇരുപതിനായിരത്തോളവും പവനുണ്ട്. അതിൻെറ പകുതി കിട്ടുന്നതിനുവേണ്ടി ഈ കൃത്യം ചെയ്താൽ ഒരു തരക്കേടും വരാനില്ല. ഡേവിഡ് പണമിടപാടുകളിൽ വളരെ നിഷ്ഠുരനാണ്; എന്നാലും ഒരുകൈ നോക്കാം.' ഇതായിരുന്നു ഹ്യൂവിൻെറ ഏകാന്തവിചാരം. നോക്കുക ധനതൃഷ്ണയുടെ ഒരു വലിപ്പം!!

## ഏഴാം അദ്ധ്യായം.

(മരണപത്രം.)

അടുത്തദിവസം ഉച്ചയ്ക്കുതന്നെ മരണപത്രം എഴുതപ്പെട്ടു. വേലക്കാൎക്കുവേണ്ടി കുറെ പണം നീക്കിവെച്ചതുപോകെ ബാക്കിയുള്ള സൎവ്വസ്വവും അന്നയ്ക്കു ചെല്ലണമെന്നായിരുന്നു അതിലെ ചുരുക്കം. എന്നാലതെഴുതുന്നതിൻമദ്ധ്യേ ഹ്യൂ ഒന്നുരണ്ടു വാക്കുകൾകൂടി കൂട്ടിച്ചേൎത്തു ഡേവിഡു പറഞ്ഞുകൊടുത്തവിധം ഒന്നു രൂപാന്തരപ്പെടുത്തി. വായിക്കുന്ന സമയം ആ ഭാഗം ഉച്ചരിച്ചതുപോലുമില്ല. ദുസ്സംശയം യാതൊന്നുംകൂടാതെ, ഹ്യൂ കാണിച്ചുകൊടുത്ത സ്ഥലത്തു റോളൻറു സ്വഹസ്തമുദ്ര നന്നെ പ്രയാസപ്പെട്ടു് അടയാളപ്പെടുത്തി. സാക്ഷിക്കായി രണ്ടു വേലക്കാരെക്കൊണ്ടു് അവരുടെ പേരെഴുതിച്ചു് ഒപ്പിടുവിക്കുകയും ചെയ്തു.

മരണപത്രം എഴുതി രണ്ടുദിവസം കഴിഞ്ഞപ്പോഴേയ്ക്കും റോളൻറിനു് കുറെ ആശ്വാസം തോന്നി. പക്ഷേ, അതു കെടാറായ വിളക്കിൻെറ കത്തിക്കാളലിനോടു തുല്യമായിരുന്നു. മൂന്നാംദിവസം രാത്രി അദ്ദേഹം പെട്ടന്നു തളരുകയും അതോടുകൂടി ആ മഹാമനസ്സൻ ഇഹലോകത്തോടു എന്നേയ്ക്കുമായി യാത്ര പറയുകയും ചെയ്തു.

ഈ വൎത്തമാനം അറിഞ്ഞയുടൻ ഹ്യൂ അവിടെ എത്തി. തൻെറ അധികാരങ്ങളുപയോഗിക്കുവാൻ അയാൾ പിന്നെയൊട്ടും അമാന്തം പിടിച്ചില്ല. റോളൻറിൻെറ മരണക്രിയകൾക്കു വേണ്ടുന്ന ഏൎപ്പാടുകളെല്ലാം അന്നയുടെ അഭിപ്രായമറിവാൻപോലും ശ്രമിക്കാതെഅയാൾ സ്വാതന്ത്ര്യമായിത്തന്നെ ചെയ്തു. അന്നയ്ക്കു ഇതെല്ലാം കഠിനമായ സന്താപമുണ്ടാക്കി തൻെറ ഹൃദയേശ്വരൻെറ യാതൊരു വൎത്തമാനവുമറിയായ്കയാൽ പ്രധൂമിതമായിരുന്ന അവളുടെഹൃദയം അച്ഛൻെറ മരണത്തോടുകൂടി കത്തിജ്വലിച്ചു; പോരെങ്കിൽ, തൻെറ വീട്ടിൽ അന്യന്മാർ കയറിവന്നു അവൎക്കു തോന്നിയവണ്ണം സ്വകുടുംബകാൎയ്യങ്ങളന്വേഷിക്കുകയെന്ന വിറകു് ആ തീയിനെ വൎദ്ധിപ്പിക്കുകയും ചെയ്തു. നോക്കുക അവളുടെ ഒരു ദുരദൃഷ്ടം!! മൃതശരീരത്തെ അടക്കം ചെയ്തതിൽ പിന്നെ

അവൾ തൻെറ മുറിക്കകത്തു കതകു അടച്ചിരുപ്പായി. ദുഃഖാന്വേഷണത്തിനായി വന്നവരെല്ലാം അവരവരുടെ പാട്ടുനോക്കി പോവുകയുംചെയ്തു.

ദൈവത്തിൻെറ കളി വിസ്മയനീയം തന്നെ. ചിലർ കരയുന്നു; അതേസമയത്തുതന്നെ മററു ചിലർ ചിരിക്കുന്നു. ബന്ധുക്കളുടെ അത്യാഹിതത്തെ ഓൎത്തു ചിലർ സന്തപിക്കുമ്പോൾ, അതേ സംഗതിയെ അസ്പദമാക്കിത്തന്നെ അന്യർ സന്തോഷിക്കുന്നു. ചുടുകണ്ണീർ വാൎക്കുന്ന സാധുവിൻെറ മുമ്പിൽ ചിലർ ആനന്ദബാഷ്പത്തെ പ്രവഹിപ്പിക്കാൻ മടിക്കുന്നില്ല. മരണവേദനയോടുകൂടി മാൻകുട്ടി കേഴുമ്പോൾ ഭക്ഷ്യലാഭത്താലുള്ള സംതൃപ്തികൊണ്ടു് വ്യാഘ്രം അലറുകയാണല്ലോ ചെയ്യുന്നതു്. നോക്കുക ലോകത്തിൻെറ വമ്പിച്ച ഒരു അസമത്വം!! അന്ന ബാല്യംമുതൽ മാതാവിൻെറ ചുമതലകൂടി വഹിച്ചു തന്നെ പോററിവളൎത്തി ഒരു സമയവും വേർവിടാതെ വാണിരുന്ന അച്ഛൻ മരിച്ചുപോകയാലുണ്ടായ യാതനയേററു ജീവിതത്തെക്കൂടി വെറുത്തു അന്ന നഷ്ടസംജ്ഞയായി വിഷമിക്കുന്നു; അപ്പോഴതാ റോളൻറിൻെറ മരണപത്രം വായിക്കുന്നതു കേൾപ്പാനായി, ഹ്യൂ പറഞ്ഞയച്ച ആൾ വന്ന് അവളെ വിളിക്കുന്നു. അതുകേൾക്കുവാൻ അവൾ തീൎച്ചയായും പോവുകയില്ലായിരുന്നു. എന്നാൽ, അവളുടെ കാമുകനെപ്പററിയുള്ള ആശാബന്ധം, പോകാതിരിക്കുന്നതു ശരിയല്ലെന്നു അവളെ ശാസിക്കയാൽ അവൾ ഹ്യൂ ഇരുന്നിടത്തേയ്ക്കു ചെന്നു. അവിടെ അപ്പോൾ ഡേവിഡും ഹ്യൂവും അല്ലാതെ മററാരുമുണ്ടായിരുന്നില്ല. ആദ്യം വേലക്കാൎക്കായി പണം നീക്കിവെച്ചിട്ടുള്ള ഭാഗം വായിക്കപ്പെട്ടു. പിന്നീടു്, 'താൻ മരിച്ചു മൂന്നുമാസം കഴിയുന്നതിനകം അന്ന ഡേവിഡിനെ വിവാഹം കഴിക്കുന്നപക്ഷം തൻെറ സൎവസ്വവും അവൾക്കു ചെല്ലുന്നതും അല്ലാത്തപക്ഷം സകലസ്വത്തുക്കളും ഡേവിഡിനോടു ചേരുന്നതും ആകുന്നു' എന്നെഴുതിയിട്ടുള്ള ഭാഗമാണു് വായിക്കപ്പെട്ടതു്.

ഇതു കേട്ടപ്പോൾ അന്ന കോപാന്ധയായി എഴുന്നേററു്, "എൻെറ അച്ഛൻ ഇതുപോലുള്ള ഒരു മരണപത്രം എഴുതിയിട്ടില്ല. സകലതിനും എന്നെ അവകാശപ്പെടുത്തിയിട്ടുണ്ടെന്നും, വിവാഹകാൎയ്യത്തിൽ യഥേഷ്ടം പ്രവൎത്തിക്കാവുന്നതാണെന്നും എൻെറ അച്ഛൻ എന്നോടു നേരിട്ടു പറഞ്ഞിട്ടുണ്ടു്. അതു പറയുമ്പോൾ എൻെറ വൃദ്ധ

യായ വേലക്കാരിയും കൂടെയുണ്ടായിരുന്നു. നിങ്ങൾ തമ്മിൽ ആലോചിച്ചു പ്രവൎത്തിച്ച കപടത്തിന്റെ ഫലമാണു ഈ ചരമപത്രം. ഞാൻ നാളെത്തന്നെ ഈ വിവരം മജിസ്ട്രേട്ടിനെ അറിവിച്ചു എല്ലാം ശരിപ്പെടുത്തിക്കൊള്ളാം" എന്നു പറഞ്ഞുംകൊണ്ടു അവിടെനിന്നു വേഗം പൊയ്ക്കളഞ്ഞു.

അന്നയുടെ തീക്ഷ്ണമായ വാക്കുകൾ കേട്ടു് ഭയവിഹ്വലനായ ഡേവിഡ് ചിററപ്പനെ നോക്കി 'ഇനി എന്താണുപായ'മെന്നു ചോദിച്ചു. അന്ന പറഞ്ഞപോലെതന്നെ പ്രവൎത്തിച്ചേക്കാമെന്നുള്ള ഊഹം കപടകുശലനായ ഹ്യൂവിന്നു് മുമ്പേതന്നെ ഉണ്ടായിരുന്നു; അതുകൊണ്ടു് അയാൾ അപ്പൊഴേയ്ക്കു വേണ്ട കരുവും കരുതിക്കൊണ്ടാണു് ഇവിടെ വന്നിരിക്കുന്നതു്. അയാൾ പറഞ്ഞു:—"നീ ഭയപ്പെടാതെ സ്വസ്ഥമായി വീട്ടിൽചെന്നു കിടന്നു ഉറങ്ങുക; വീട്ടിലേയ്ക്കു് പോംവഴി എന്റെ വൃദ്ധപരിചാരികയായ മേരിയോടു് തയാറായി ഇരുന്നുകൊള്ളാൻ ഞാൻ പറഞ്ഞതായി പറയണം. നീ ഇപ്പോൾ അത്രമാത്രം ചെയ്താൽ മതി."

ഡേവിഡ് —എന്താണു നിങ്ങളുടെ ആലോചനയെന്നും, മേരി തയാറാകേണ്ടതു് ഏതു കാൎയ്യത്തിനാണെന്നും എന്നോടു പറയുവാൻ വിരോധമുണ്ടോ?

ഹ്യൂ —അതെല്ലാം നിനക്കു വഴിയേ അറിയാം. തല്ക്കാലം ഞാൻ പറഞ്ഞതനുസരിക്കുക; മേരിയോടു ചോദിച്ചു വല്ലതും മനസ്സിലാക്കാമെന്നു വിചാരിക്കയും വേണ്ടാ.

ഡേവിഡ് സ്വല്പനേരം അവിടെനിന്നു. എന്നിട്ടും ഹ്യൂ പിന്നെയൊന്നും പറയാത്തതുകണ്ടു് അയാൾ അവിടെനിന്നു യാത്രതിരിക്കയാണുണ്ടായതു്. അയാൾ പോയി കുറെ കഴിഞ്ഞപ്പോൾ, ഹ്യൂ ഒരു കത്തെഴുതി വേലക്കാരിയെ വിളിച്ചു് അന്നയുടെ കയ്യിൽ കൊടുക്കുവാനായി കൊടുത്തയച്ചു. കത്തു കണ്ടയുടനെ അവൾ ഹ്യൂവിന്റെ അടുക്കൽ വന്നുനിന്നു.

ഹ്യൂ—ഞാൻ നിങ്ങൾക്കു വലുതായ ഒരപരാധം ചെയ്തുപോയി. ഭവതി ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കണം.

ഒരു യഥാൎത്ഥ വിനീതന്റെ ഭാവമായിരുന്നു അ നയവഞ്ചകന്റെ മുഖത്തു് അപ്പോൾ സ്ഫുരിച്ചതു്. പുച്ഛവും ദ്വേഷ്യവും കലന്നിരുന്ന അന്നയുടെ നയനങ്ങൾക്കു കുറേ ശാന്തിവന്നിട്ടുണ്ടെന്നു് അവന്നു് അപ്പോൾ തോന്നി. സ്ത്രീഹൃദയമേ, നിന്റെ ക്ഷമാഭാവവും മൃദുളതയും നിന്നെ എത്രയെത്ര അരുന്തുദങ്ങളാണു് അനുഭവിപ്പിക്കുക? പുരുഷന്റെ പാറപോലുള്ള ഹൃദയകാഠിന്യത്തെ പിളക്കുവാൻ കുസുമപ്രാന്തത്തിനുണ്ടോ പററുന്നു?

ഇതുതന്നെയാണു നല്ല അവസരമെന്നു മനസ്സിലാക്കി അയാൾ തുടന്നു:—"ഞാനിപ്പോൾ വായിച്ച മരണപത്രമല്ല യഥാൎത്ഥമായി നിങ്ങളുടെ പിതാവു എഴുതി ഒപ്പിട്ടിട്ടുള്ളതു്. ഞാനിതുപോലെ ഒരു കൂടപത്രം എഴുതിയുണ്ടാക്കുന്നപക്ഷം എനിക്കു വലുതായ ഒരു സംഭാവന തരാമെന്നു ഡേവിഡ് വാഗ്ദാനം ചെയ്കയുണ്ടായി. തല്ക്കാലത്തെ ഒരു ഭ്രമംകൊണ്ടുമാത്രം ഞാനതിനു സമ്മതിച്ചു് ഇതു തയാറാക്കി കള്ളയൊപ്പുകളിടുവിച്ചതാണു്. നിങ്ങളുടെ മനസ്താപം കണ്ടപ്പോൾ മാത്രമാണു് ഞാൻ ചെയ്ത നിഷ്ഠുരകൎമ്മത്തിന്റെ കാഠിന്യം എനിക്കു മനസ്സിലായതു്. ഞാനിതാ ഇപ്പോൾ അത്യന്തം പശ്ചാത്തപിക്കയും നിങ്ങളോടു മാപ്പുചോദിക്കുകയും ചെയ്യുന്നു. ഇനി ഇതു വെച്ചുകൊണ്ടിരുപ്പാൻ പാടില്ല." അയാൾ പെട്ടെന്നു് അതു കത്തിച്ചു ഭസ്മമാക്കിക്കളഞ്ഞു.

തന്നെ അതികഠിനമായി ദ്രോഹിക്കുവാനൊരുമ്പെട്ടിരുന്ന ആ മനുഷ്യന്റെ ഹൃദയസ്പൃക്കായ പശ്ചാത്താപം കണ്ടു് അന്നയുടെ മനമലിഞ്ഞു. മംറാമനസ്കയായ അവൾ, 'കഴിഞ്ഞ കാൎയ്യത്തെപ്പററി ഒന്നും വിചാരിക്കേണ്ടതില്ലെന്നും, എല്ലാം നേരെ പറഞ്ഞതുകൊണ്ടു തനിക്കു സന്തോഷമായിയെന്നും' പറഞ്ഞു് അവനെ സമാധാനിപ്പിച്ചു സ്വകൃത്യം നോക്കിപ്പോകയുംചെയ്തു.

ഏലിവിനെപ്പററി പൂൎണ്ണമായി വിശ്വസിക്കുവാൻ അവൾക്കു തോന്നിയില്ല. "കത്തിച്ചുകളഞ്ഞതു വാസ്തവത്തിൽ കള്ളപ്പത്രം തന്നെയാണോ? അതുവരില്ല; എല്ലാം തുറന്നു പറഞ്ഞസ്ഥിതിക്കു് സത്യമാണെന്നുവേണമല്ലോ വിചാരിക്കാൻ?". അവളുടെ സന്ദേഹകോടികൾ ഇങ്ങനെയൊക്കെയായിരുന്നു. പാവം! വിചാരമെല്ലാം കെട്ടിവെച്ചു് അവൾ സുഖമായി ഉറങ്ങി.

അന്ന പോയശേഷം ഹ്യൂ തൃപ്തനായി കുറേനേരം അവിടെത്തന്നെ ഇരുന്നു. പിന്നീട് ഒരു ചെറിയ എഴുത്തെഴുതി കൂട്ടിലിട്ട് അതിന്മേൽ അന്നയുടെ മേൽവിലാസം കുറിച്ചു ഉടുപ്പിൻെറ പാക്കററിലിട്ടതിന്നുശേഷം അവൻ നിദ്രയ്ക്കായി ശയനമുറിയിലേയ്ക്ക് പ്രവേശിച്ചു.

## എട്ടാം അദ്ധ്യായം.

(ഒരു യാത്ര.)

അടുത്ത ദിവസം രാവിലെ എഴുനേററ് ഹ്യൂ തൻെറ ഗൃഹത്തിലേയ്ക്കു തിരിച്ചു. വഴിമദ്ധ്യേ അയാൾ ഡേവിഡിനെ കാണുകയും താൻ പററിച്ച പണികളെപ്പററി വിസ്തരിച്ചു പറയുകയുമുണ്ടായി. അനന്തരം തലേന്നാൾ തയാറാക്കിയ കത്തു മറെറാരു കവറിലാക്കി ലണ്ടനിലേക്കയച്ചു. ഇങ്ങനെ അയാൾ തൻെറ മനോരാജ്യസൌധത്തിൻെറ അടിസ്ഥാനമുറപ്പിച്ചു കൃതകൃത്യൻെറ നിലയിൽ സമാധാനത്തോടുകൂടി, ആ മാളികയുടെ മുകളിലേയ്ക്കു ദൃഷ്ടികളൂന്നിക്കൊണ്ടു ദിവസം കഴിച്ചു.

അഹോരാത്രം മൂന്നുകഴിഞ്ഞു. അതിന്നിടയിൽ ഡേവിഡും ഹ്യൂവും ഗൃഹത്തിലേയ്ക്കു വരായ്കനിമിത്തം അന്നയ്ക്കു വലിയൊരു ആശ്വാസം തോന്നി. നാലാംദിവസം ലണ്ടൻമുദ്ര വ്യക്തമായി പതിഞ്ഞിരുന്ന ഒരെഴുത്തു വേലക്കാരി അന്നയുടെ പക്കൽ കൊടുത്ത് ഇങ്ങനെ പറഞ്ഞു:-"ഇതു ചാറത്സിൻെറ എഴുത്തുതന്നെയാണ്." അന്നയ്ക്ക് അപ്പോഴുണ്ടായ ആനന്ദം സീമാതിശിക്തമായിരുന്നു. അവൾ അതു പൊട്ടിച്ച് ഇങ്ങനെ വായിച്ചു.

"യുവതീരത്നമേ,

എൻെറ പ്രിയമിത്രമായ ചാറൽസ്സ് സകലവസ്തുതകളും എന്നോടു പറഞ്ഞിട്ടുണ്ട്. അദ്ദേഹം വന്നതുമുതൽ അമ്മാവനു സുഖക്കേട് അധികരിക്കുകയാൽ ഉടൻതന്നെ വൈദ്യവിദഗ്ദ്ധന്മാ

രെ കാണിക്കുന്നതിനുവേണ്ടി ലണ്ഡനിലേയ്ക്ക് വന്നിരിക്കുകയായിരുന്നു. സ്വദേഹംപോലും നോക്കാതെ അലച്ചിൽ ഏല്ക്കുകയാൽ അദ്ദേഹം ഇപ്പൊഴിതാ രോഗത്തിൽ പെട്ടിരിക്കുന്നു. രണ്ടു മൂന്നാഴ്ചയായിട്ട് സ്വബോധംകൂടി അദ്ദേഹത്തിനു് ഇല്ലായിരുന്നു. ഇപ്പോൾ അതിന് അല്പം ഭേദമുണ്ട്.

'എന്റെ പ്രേമഭാജനമായ അന്ന ഉടൻ ഇവിടെ വന്നു ചേരണ'മെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. അതുതന്നെ കൂടെക്കൂടെ പറയാറുമുണ്ട്. അതുകൊണ്ട് അച്ഛനോടുകൂടി നിങ്ങൾ കഴിയുന്നവേഗം ഇങ്ങോട്ടു വരണം. നിങ്ങൾ ഈ അപേക്ഷയെ സ്വീകരിക്കാത്തപക്ഷം രോഗത്തിനു കുറവുണ്ടാകാൻ വഴിയില്ലെന്നുമാത്രമല്ല, പക്ഷേ, അപായകരമായി പരിണമിച്ചേക്കാമെന്നും ഓർമ്മിക്കേണ്ടതാണ്. ഇനി നിങ്ങൾ യുക്തംപോലെ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

എന്ന്, നിങ്ങളുടെ വിനീതമിത്രം

പേർസി (ഒപ്പ്.)

എഴുത്തു വായിച്ചപ്പൊഴേയ്ക്കും സന്തോഷസന്താപങ്ങൾ തുല്യശക്തിയോടുകൂടി അവളുടെ നേത്രങ്ങളെ ബാഷ്പങ്ങളെക്കൊണ്ടു നിറച്ചു. 'രോഗശയ്യയിൽകിടന്നു വലയുന്ന ആ മഹാനെപ്പററി താൻ അല്പനേരമെങ്കിലും തെററിദ്ധരിച്ചല്ലോ' എന്നോർത്തപ്പോൾ സന്തോഷാംശം പനമ്പകടന്ന് ചുടുബാഷ്പം ധാരധാരയായി ചാടിത്തുടങ്ങി. പരിചാരികയോടുകൂടി ഉടൻതന്നെ പുറപ്പെടണമെന്ന് അവൾ തീർച്ചപ്പെടുത്തി. വണ്ടിയുടെ സമയം അറിയുന്നതിനും, ഹ്യൂവിന്റെപക്കൽനിന്നു കുറേ പണംവരുത്തുന്നതിനും ആളെ അയപ്പാനുള്ള തിടുക്കമായി അവൾക്ക്.

എന്നാൽ ആ ശ്രമം അന്നയ്ക്ക് വേണ്ടിവന്നില്ല. കഴിഞ്ഞ മൂന്നു നാലുദിവസമായി അവിടെവരായ്കകൊണ്ട് കാര്യാന്വേഷണങ്ങൾക്കാണെന്ന ഭാവത്തിൽ ഹ്യൂ തന്നെ തത്സമയം അവിടെ എത്തി. അയാളുടെ അന്നത്തെ വരവ് അവളെ സന്തുഷ്ടയാക്കിയെന്നുവേണം പറയുവാൻ. അന്നു കത്തുവന്നവിവരവും തന്റെ നിശ്ചയങ്ങളും അയാളോടു അവൾ പറഞ്ഞു.

66812

ഹ്യൂ—വളരെ സന്തോഷം. നീ ഉടൻ പോകേണ്ടതാണ്. എന്റെ സ്വന്തം അവശ്യംപ്രമാണിച്ച് ഇന്ന് എനിക്കു വണ്ടി അന്വേഷിക്കാനിടയായി. പതിനൊന്നരമണിക്കാണു വണ്ടി പോകുന്നതു്. ഇപ്പോഠം മണി ഒമ്പതേ ആയുള്ളൂ. അതുകൊണ്ടു് പുറപ്പെടാൻ ധാരാളം സമയമുണ്ടു്.

അന്ന—എന്നാൽ ഞാൻ വേഗം ഒരുങ്ങാം.

ഹ്യൂ—നിങ്ങഠംക്ക് ആരെങ്കിലും ഒരു തുണവേണം. വൃദ്ധവേലക്കാരി ആയാൽ പോരാ. എന്നല്ല, ഈ വീടുസൂക്ഷിക്കുന്നതിന്ന് അവഠം പോയാൽ അതുപോലെ വേറെ ഒരാളുമില്ലല്ലോ. എന്റെ വേലക്കാരിയായ മേരി ലണ്ഡൻസ്വദേശക്കാരിയാണ്. അവഠംക്കു നല്ല കാൎയ്യശേഷിയുമുണ്ടു്. യാതൊരു ഭയവുംകൂടാതെ നിങ്ങഠംക്ക് അവളുടെകൂടെ പോകാം. പണമെടുത്തു് അവളോടുകൂടി വണ്ടി കയറുന്നിടത്തു ഞാൻ തയാറുണ്ടായിരിക്കും. നിങ്ങഠം യാത്രയൊരുങ്ങിക്കോളൂ.

ഹ്യൂ ഇത്രയുംപറഞ്ഞു് അവിടെനിന്നുപോയി.

അന്ന അല്പസമയത്തിന്നുള്ളിൽ അത്യാവശ്യം വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു പുറപ്പെടാൻ തയാറായി. പോകുന്ന സമയം ഭൃത്യരെല്ലാവരുംകൂടി അടുത്തുചെന്ന് അവഠംക്കു വരാൻപോകുന്ന ഭാഗ്യത്തെപ്പററി തങ്ങളുടെ സന്തോഷത്തെ പ്രകടിപ്പിക്കയും നവദമ്പതിമാരെക്കണ്ടാനന്ദിക്കുവാനുള്ള ഭാഗധേയം തങ്ങളുടെ കണ്ണുകഠംക്ക് ഉടൻ നല്കണേയെന്നു ഭക്തിപൂൎവ്വം ദൈവത്തോടു പ്രാൎത്ഥിക്കയുംചെയ്തു.

പടിക്കുപുറമേ തയാർചെയ്തുനിറുത്തിയിരുന്ന വണ്ടിയിൽ കയറി അവഠം സ്റ്റേഷനിലേയ്ക്കു യാത്രയായി. സാധുവും ശുദ്ധനുമായ വണ്ടിക്കാരൻ ഡേവിഡിനേയും ഹ്യൂവിനേയും പററി ആക്ഷേപിച്ചുകൊണ്ടിരുന്നതിനെ, ചാറത്സിനെക്കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരുന്ന അന്ന കേട്ടതേയില്ല, അഥവാ, കേട്ടാലും, അത്യം ദ്രോഹിക്കാൻ നോക്കിയിട്ടും പിന്നീടു പ്രത്യക്ഷമായി പശ്ചാത്തപിച്ച ആളെക്കുറിച്ച് അവഠംക്കെങ്ങനെ തെററിദ്ധാരണയുണ്ടാകാനാണു്? തനിക്കു വരാൻപോകുന്ന

ഭാഗ്യത്തെപ്പററിയുള്ളവിചാരം അവളുടെ മററു സകല ചിന്തകളു ടേയും മേലെ പൊങ്ങിനിന്നിരുന്നു.

അവർ റയിൽവേസ്റ്റേഷനിലെത്തിയപ്പോൾ അവിടെവന്ന് തന്നെ കാത്തുനിന്നിരുന്ന മേരിയേയും ഹ്യൂവിനേയും കണ്ടു. സാമാനങ്ങളെല്ലാം റയിലിൽ കയററുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്ത ശേഷം ഒരു ഒഴിഞ്ഞ വണ്ടിയിൽ അന്നയേയും മേരിയേയും കയററി ഹ്യൂ പുറമേതന്നെ നിന്നു. വണ്ടി ഇളകിയ തഞ്ചംനോക്കി അവനും ആ മുറിയിൽതന്നെ കയറി അന്നയുടെ എതിർവശത്ത് ഇരിപ്പുറപ്പിച്ചു. അന്ന അതു വളരെ ആശ്ചര്യമായിക്കരുതി. അവളുടെ മുഖ ഭാവംകണ്ട്, "മേരിയെമാത്രം തുണയാക്കി ലണ്ഡനിലേയ്ക്കു നിങ്ങളെ അയയ്ക്കാൻ എനിക്കു ധൈര്യംവരുന്നില്ല. പിന്നെ അവിടെ എനിക്കു ചിലകാര്യങ്ങളെല്ലാം നടത്താനുമുണ്ട്" എന്നവൻ പറഞ്ഞു.

അന്നയ്ക്ക് ആകെക്കൂടി അതു പിടിച്ചില്ല. സമർത്ഥനായ ഹ്യൂ അതു മനസ്സിലാക്കാതിരുന്നുമില്ല. അതിനാൽ അയാൾ വഴിമദ്ധ്യേ വളരെ ആദരവോടുകൂടി അവളുടെ സൌകര്യങ്ങളെല്ലാം നിറവേററിക്കൊടുത്തു കൊണ്ടിരുന്നു. അതൊക്കെ കണ്ടപ്പോൾ അന്നയ്ക്ക്, ഹ്യൂവിനെപ്പററി വിപരീതാഭിപ്രായമുദിപ്പിക്കുന്ന തൻെറ ഹൃദയത്തോടായി അ ദ്വേഷ വും വെറുപ്പും. സ്ത്രീഹൃദയത്തിൻെറ പരിശുദ്ധിയും നിഷ്കപടതയും കൃതജ്ഞതയും എത്ര വിസ്മയനീയം!!

## ഒൻപതാം അദ്ധ്യായം.

(ബന്ധനത്തിൽ.)

രാത്രി പതിനൊന്നുമണിയോടുകൂടി ആ വണ്ടി ലണ്ടനിലെത്തി. 'അസമയത്തുചെന്ന് രോഗിയെ കാണുന്നതു് യുക്തമല്ലെന്നും, പിറേറ ദിവസം പോയാൽ മതിയെന്നും' ഹ്യൂ അന്നയോടു് അഭിപ്രായപ്പെട്ടു. അവൻ ഈവക കാൎയ്യങ്ങളിലിടപെടുന്നതു് അന്നയ്ക്കു് തീരെ രസിച്ചില്ലെങ്കിലും വേറെ വഴിയൊന്നും കാണായ്കയാൽ അവൾക്കതു് സമ്മതിക്കേണ്ടിവന്നു. വാടകയ്ക്കു ഒരു വണ്ടി പിടിച്ചു് എല്ലാവരുംകൂടി അതിൽ കയറി. വണ്ടി ഓടിത്തുടങ്ങുകയും ചെയ്തു "നാം നഗരത്തിൽനിന്നു വളരെ അകലെയല്ലയോ പോകുന്നതു്?" എന്നുള്ള അന്നയുടെ ചോദ്യത്തിന്, "അല്ല" ഇതിനു സമീപമാണ് ചാറത്സ് താമസിക്കുന്നതു്; നാം പോകുന്ന വീട്ടിന്റെ ഉടമസ്ഥ മേരിയുടെ ഒരു ബന്ധുവാകുന്നു; ശുചിയായ മുറികളും സ്വാദുള്ള ആഹാരവും അവിടെ കിട്ടും; ഞാൻ വരുമ്പോഴൊക്കെ അവിടെ താമസിക്കുകയാണു പതിവു്. എന്നായിരുന്നു ഹ്യൂവിന്റെ മറുപടി.

ഓടിയിരുന്ന വണ്ടി പെട്ടെന്നു് ഒരിടത്തുനിന്നു. മൂന്നാളും വണ്ടിക്കകത്തുനിന്നിറങ്ങി. ഒരു വലിയ വീഥിയിൽ സാമാന്യം നല്ല ഒരു വീടിന്റെ പടിക്കലാണു് അവർ ഇറങ്ങിയതു്. പടിവാതിൽ പെട്ടെന്നു തുറക്കപ്പെട്ടു. തടിച്ച ഒരു സ്ത്രീ അവിടെ പ്രത്യക്ഷയായി. ഹ്യൂ മുമ്പിലും മററുള്ളവർ പിറകിലുമായി, ദീപപ്രകാശമുള്ള ഒരു ഇടുങ്ങിയ വഴിയിൽകൂടി കുറച്ചു നടന്നപ്പോഴേയ്ക്കും അവരെല്ലാം വീട്ടിനകത്തു പ്രവേശിച്ചു. വീട്ടുടമസ്ഥ സന്താപപരമായ ഒരു ഭാവത്തോടുകൂടി അന്നയെ നോക്കിയതു്, ആ ശുദ്ധ ദുഃഖസൂചകമായ തന്റെ വസ്ത്രധാരണരീതിയെപ്പററിയായിരിക്കണമെന്നു് കരുതി.

അന്നയും മേരിയും തട്ടിൻപുറത്തുള്ള ഒരു മുറിയിലേയ്ക്കാണു പോയതു്. വീട്ടുടമസ്ഥ അവിടെവന്നു് അവൎക്കു് കാപ്പിയും ഭക്ഷണപദാൎത്ഥങ്ങളും സൽക്കരിച്ചു. മേരിക്കു് വേണമെങ്കിൽ വീട്ടുടമസ്ഥയുടെ

മുറിയിലേയ്ക്കു പോകാമെന്ന് അന്ന പറഞ്ഞു. എന്നാൽ അവൾക്ക് അതു് ആവശ്യമില്ലായിരുന്നു. അവൾ പറഞ്ഞു:—"ഞാൻ നിങ്ങളെ തനിച്ചാക്കിയാൽ യജമാനൻ കയർക്കും; അദ്ദേഹം താഴെത്തന്നെ ഇരിക്കുന്നുമുണ്ടു്; എന്നുമാത്രമല്ല, എനിക്കുള്ള മുറി ഈ മുറിയുടെ അടുത്തതു തന്നെയാണുതാനും."

രണ്ടുപേരുമായി കാപ്പികുടിക്കാനിരുന്നു. മേരി ഒരു ചെറിയ പൊതി അഴിച്ചു് അതിലിരുന്ന മരുന്നു് അന്നയുടെ കാപ്പിയിലിട്ടു. അന്ന അതുകണ്ടില്ല. "എന്താ കാപ്പിക്കു അധികം ചൂടുണ്ടോ? ഞാനാററിത്തരാമല്ലോ" എന്നുപറഞ്ഞു് മേരി അന്നയുടെ കാപ്പി രണ്ടു കപ്പുകളിലായി രണ്ടുമൂന്നുതവണ ഒഴിച്ചു വെച്ചുകൊടുത്തു. അന്നയ്ക്കു് കാപ്പി അത്ര രുച്യമായി തോന്നിയില്ല. അതിനെന്തോ ഒരു ദുസ്സ്വാദുള്ളതായി അവൾ മേരിയോടു് അഭിപ്രായപ്പെട്ടു."അതു സാരമില്ല; എനിക്കും അങ്ങിനെ കുറേശ്ശെ തോന്നുന്നുണ്ടു്" എന്നായിരുന്നു മേരിയുടെ മറുപടി. അന്നയുടെ തലയ്ക്കു് എന്തോ ഒരു പുകച്ചിലും ഒരു കറക്കവും ഉണ്ടായി. നിദ്ര അവളെ വല്ലാതെ ബാധിച്ചു. അവൾ മേരിയുടെസഹായത്തോടുകൂടി കിടക്കമേൽ കയറി കിടന്നു പെട്ടെന്നു ഗാഢമായ നിദ്രയിൽ ലയിക്കുകയുംചെയ്തു. അവളുറങ്ങിയെന്നു ദൃഢബോധംവന്നയുടൻ മേരി മുറിവിട്ടു പുറത്തിറങ്ങി വാതിൽ പൂട്ടി ഹ്യൂവിൻെറ അടുക്കൽ ചെന്നു. അവിടെവച്ചു് രണ്ടുപേരുമായി ഒരു ദീർഘസംഭാഷണംതന്നെ നടത്തി. അവർ ശയനമുറികളിലേയ്ക്കു പോയപ്പോൾ രണ്ടാളുടെ മുഖത്തും സമ്പൂർണ്ണമായ സംതൃപ്തിയുടെ അനുഭാവം പ്രസ്ഫുടമായിട്ടുണ്ടായിരുന്നു.

അന്ന ഉണർന്നു് ജാലകങ്ങളിൽകൂടി പുറമെ നോക്കിയപ്പോൾ സൂര്യബിംബം അത്യുഗ്രമായി പ്രകാശിക്കുകയായിരുന്നു. ചുമരിൽ തൂക്കപ്പെട്ടിരുന്ന ഘടികാരം നാലുമണിയായെന്നുകാണിച്ചു. അവൾ കരുതിയതു് അധികനേരം ഉറങ്ങിയിട്ടില്ലെന്നാണു്. തലയ്ക്കു് ഏതോ ഒരു വലിയ ഭാരം ഉണ്ടായിരുന്നതുപോലെ അവൾക്കുതോന്നി. ഒരു ശബ്ദം കേട്ടു് അവൾ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് വാതുക്കൽ നില്ക്കുന്ന മേരിയെയാണു്.

മേരി—നിങ്ങൾ ഉണർന്നുവോ?

അന്ന—എന്താ അങ്ങനെ ചോദിക്കുന്നത്? ഞാനധികനേരം ഉറങ്ങി യില്ലല്ലോ

മേരി—എന്തു്? അധികനേരം ഉറങ്ങിയില്ലെന്നോ? നാം തിങ്കളാഴ്ച രാത്രി ഇവിടെ വന്നു. ഇപ്പോൾ ചൊവ്വാഴ്ച വൈകുന്നേരമായി. ഇത്ര വളരെ നേരം നിങ്ങളുറങ്ങുന്നതുകണ്ടു് ഞങ്ങളെല്ലാവരും വളരെ പരിഭ്രമിച്ചിരിക്കയായിരുന്നു. യജമാനൻ താഴെത്തന്നെ ഇരിക്കുന്നുണ്ടു്. നിങ്ങൾക്കു ആഹാരത്തിന്നു് വല്ലതും കൊണ്ടു വരട്ടയോ?

അന്ന—കുടിക്കാൻ കുറേ നല്ല തേയില കിട്ടിയാൽ കൊള്ളാം.

മേരി കുറെ തേയില വേഗത്തിൽ തയാറാക്കി കൊണ്ടുകൊടുത്തു. തലയ്ക്കുള്ള ഘനം കുറഞ്ഞില്ലെങ്കിലും അന്നയ്ക്കു് ഏതാണ്ടൊരു ആശ്വാസം തോന്നി. അവളെഴുന്നേററു് ചാറത്സിൻെറ വസതിയിലേയ്ക്കു പോവാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന്നു് ആവശ്യപ്പെട്ടു.

മേരി—വിശേഷിച്ചൊന്നും ഏർപ്പാടുചെയ്യാനില്ല. നിങ്ങൾ ഇവിടംവിട്ടു് ഒരിടത്തും പോകരുതെന്നു യജമാനൻ നിഷ്കർഷയായി പറഞ്ഞേല്പിച്ചിരിക്കയാണു്. നിങ്ങളുടെ കാമുകൻ ഇന്നുരാത്രി ഇവിടെ വരും.

അന്ന—എന്തു്? അദ്ദേഹം സുഖമില്ലാതെ കിടക്കുകയല്ലേ? പിന്നെ എങ്ങനെയാണു് ഇവിടെ വരിക?

മേരി—അനുരാഗംകൊണ്ടു് വലയുന്നവർ എന്തുതന്നെ ചെയ്യായില്ല? നിനക്കു് ചെറുപ്പമാണു്. എന്നെപ്പോലെ ഇത്രയും പ്രായംവരെ ഇരിക്കുന്നതായാൽ, പെണ്ണും പണവും മൂലം മനുഷ്യർ എന്തിനൊക്കെയാണു് ഒരുങ്ങുകയെന്നതു് നിങ്ങൾക്കുതന്നെ കണ്ടറിയാറാകും.

അന്നയ്ക്കു വളരെ ആശ്ചര്യംതോന്നി. "ചാറൽസു് ഇന്നുരാത്രി ഇവിടെ വരുമെന്നതു് നിശ്ചയമാണോ?" എന്നവൾ വീണ്ടും ചോദിച്ചു. "അതേ; ഇന്നു് അസ്തമിച്ചു് ഏഴുമണിക്കു് നിൻെറ കാന്തൻ ഇവിടെ വരുമെന്നു് എൻെറ യജമാനൻ എന്നോടുപറഞ്ഞു." എന്നായിരുന്നു മേരി അവളെ സമാധാനിപ്പിച്ചതു്.

അന്ന—അദ്ദേഹം ഇവിടെ ഉണ്ടോ?

മേരി—ഇല്ല; വെളിയിൽ പോയിരിക്കുകയാണ്.

അന്നയ്ക്കു് ഹ്യൂവിനെ കണ്ടു് കാൎയ്യം ചോദിക്കണമെന്നുതോന്നി. പക്ഷെ, അതിന് സൌകൎയ്യം ലബ്ധമായില്ല. അവൾ ചാറത്സിൻെറ സമാഗമസമയത്തെ പ്രതിപാലനംചെയ്തു് അക്ഷമയായിരുന്നു. രുചി തീരെയുണ്ടായിരുന്നില്ലെങ്കിലും, മേരി കൊണ്ടുവച്ച ആഹാരസാധനം അവൾ കുറച്ചൊക്കെ കഴിച്ചുവെന്നു് വരുത്തി.

അന്നയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് മേരി കുറേനേരം മൌനമായി ഇരുന്നു. അപ്പോൾ കതകിൽ തട്ടുന്ന ശബ്ദംകേട്ടു്, അവൾ വാതിൽതുറന്നു് പുറമേകടന്നയുടൻ അതടച്ചുപൂട്ടിക്കളഞ്ഞു. ആ ശബ്ദം അന്ന കേൾക്കുകയും, പൂട്ടിയതു് വാസ്തവമാണോ എന്നു പരീക്ഷിക്കുവാനായി എഴുന്നേററു് കതകിന്മേൽ പിടിച്ചുവലിക്കുകയും ചെയ്തു. വാതിൽ നല്ലതുപോലെ ബന്ധിച്ചിരിക്കുന്നതായി അപ്പോൾഅവൾക്കു മനസ്സിലായി. വിസ്മയവും ഒരു സംഭ്രമവും അവളെ കുഴക്കി. ചിന്താപരവശയായ അന്ന തൻെറ ഇരിപ്പിടത്തിൽ ചെന്നിരുന്നു.

വളരെനേരം കഴിഞ്ഞാറേ, മേരി കതകുതുറന്നു് അകത്തുപ്രവേശിച്ചു. "നീ പുറത്തുപോയസമയം കതകു പൂട്ടിയതിൻെറ ഉദ്ദേശം എന്താണ്?" എന്നായി അന്ന. മേരി പറയുകയാണ്:— "ഞാൻ വാതിൽ പൂട്ടിക്കൊണ്ടാണോ പോയതു്? അയ്യോ! അതു് ഓൎമ്മപ്പിശകുകൊണ്ടോ, വീട്ടിലെ നിത്യപരിചയത്താലോ പററിപ്പോയതായിരിക്കാനേ വഴിയുള്ളു." ഇതുകേട്ടപ്പോൾ ശരിയായിരിക്കാമെന്നു് നിഷ്കളങ്കഹൃദയയായ അന്ന വിചാരിച്ചുപോയി.

അവർ രണ്ടുപേരും പിന്നെ വളരെനേരം ഓരോ കാൎയ്യങ്ങളെപ്പററി വെറുതേ സംഭാഷണം ചെയ്തുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ യൌവനയുക്തനായ ഒരു പുരുഷൻ ആ മുറിക്കകത്തു പ്രവേശിക്കുകയും, മേരി നിശ്ശബ്ദയായി പുറമേകടന്നു വാതിൽ തഴുതിട്ടുപോവുകയും ചെയ്തു.

——

## പത്താം അദ്ധ്യായം.

---

(ദുഷ്പ്രേരണ.)

തന്റെ കാമുകനാണെന്നവിചാരത്താൽ സന്തോഷഭരിതയായി എഴുന്നേററ അന്ന, വന്നതു് ഡേവിഡാണെന്നുകണ്ടപ്പോൾ കോപാന്ധയായിത്തീൎന്നു. അവളുടെ കണ്ണുകളിൽനിന്നു തീപ്പൊരി ചിതറിപ്പറന്നു. "എടാ ദുഷ്ടാ! നീ എന്തിനിവിടെ വന്നു കയറി?" എന്നു ആ പതിവ്രതാശിരോമണി ഉച്ചത്തിൽ ചോദിച്ചു.

ഡേവിഡു്—നീ എന്നെ സ്വീകരിക്കണം. അല്ലാത്തപക്ഷം നിനക്കു ഒരു കഠിനശിക്ഷ തരണം. എന്റെ ആഗമനത്തിന്റെ ഉദ്ദേശം ഇതാണു്. കാൎയ്യങ്ങളെല്ലാം ഇനി നിന്നോടു തുറന്നു പറയാം. ഞങ്ങൾ വീശിയ വലയിൽ നീ ഇപ്പോൾ അകപ്പെട്ടിരിക്കയാണു്. എന്റെ ചിററപ്പന്റെ പശ്ചാത്താപം വെറും നാട്യമായിരുന്നു. എരിച്ചുകളഞ്ഞ പത്രം നിന്റെ അച്ഛന്റേതല്ല. എന്നാൽ, അതു് കാൎയ്യനിൎവ്വഹണത്തിനു ധാരാളം മതിയായി. നിനക്കു കിട്ടിയ എഴുത്തു് എന്റെ ചിററപ്പന്റെ തന്ത്രകുശലതയുടെ ഫലമാണു്. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അതു ലണ്ടനിൽനിന്നു അയയ്ക്കപ്പെട്ടു. നിന്നെ ഇവിടെ വരുത്തുവാനെടുത്ത വിദ്യയായിരുന്നു അതു്. ഇപ്പോൾ നീ ഞങ്ങളുടെ കയ്യിലകപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഒരു തടസ്സവും പറയാതെ എന്നെ വരിക്കുന്നതാണു് നിനക്കു നന്മ.

അന്ന—ഞാൻ നിങ്ങളുടെ കയ്യിൽപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞതു അത്ര വാസ്തവമല്ല.

അവൾ പെട്ടെന്നു് ജനലിന്റെ അരികിലേയ്ക്കു ചാടി. എന്നാൽ ഡേവിഡു് ക്ഷണംകൊണ്ടു അവളുടെ കൈകടന്നു് പിടിച്ചു മുറിയുടെ നടുവിലേയ്ക്കു കൊണ്ടുപോന്നു.

ഡേവിഡു്—ഞാൻ പറയുന്നതു് കേൾക്കുക; നിന്റെ ശൈശവം മുതൽ നിന്നെ സ്നേഹിക്കുകയും, നിനക്കു പ്രായമായതിൽപ്പിന്നെ

നിന്നെ ഭാൎയ്യയാക്കണമെന്നു് നിശ്ചയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവനാണ് ഞാൻ. എനിക്കു നീയും നിന്റെ പണവും ഒരുപോലെ ആവശ്യമാണ്. ആ ദുഷ്ടമനുഷ്യൻ അവിടെ വരുന്നതുവരെ എന്റെ ആഗ്രഹത്തെപ്പററി എനിക്കു യാതൊരു ഭയവുമുണ്ടായിരുന്നില്ല. അവനെ കണ്ടതിനുശേഷമാണ് നിനക്കെന്നിൽ സ്നേഹമില്ലാതായതു്. അവനിതാ നിന്നെ ഉപേക്ഷിക്കുകയും ചെയ്തു.

അന്ന—അതു് ശുദ്ധമേ കളവാണ്.

ഡേവിഡ്—നിന്റെ അച്ഛന്റെ മരണസമയം പത്രത്തെപ്പററി വേണ്ട ഏൎപ്പാടുകൾ ചെയ്തതു് ഞാനാണ്. നിന്റെ വിവാഹത്തെപ്പററിയും, പണം എന്നോടു ചേരുമെന്ന ഭാഗത്തെക്കുറിച്ചും അതിലെഴുതിയിരുന്നതു് നിന്റെ അച്ഛനെ വായിച്ചു കേൾപ്പിച്ചില്ല. ഒപ്പെല്ലാം ശരിതന്നെയാണ്. നീ അവിടെ ഇരുന്നു് വല്ലതും പറയുന്നപക്ഷം, വല്ലവൎക്കും സംശയം ജനിച്ചേക്കാമെന്നു കരുതിയാണ് എന്റെ ചിററപ്പൻ പത്രമെരിച്ചു കളഞ്ഞതായി നടിച്ചതു്.

അന്ന—നന്നേ കുട്ടിക്കാലംമുതലേ പുത്രവാത്സല്യത്തോടുകൂടി വളൎത്തി വേണ്ടുന്ന വിദ്യാഭ്യാസങ്ങളെല്ലാം നിനക്കുതന്ന എന്റെ അച്ഛൻ മരണസമയത്തും നിന്നെത്തന്നെയാണല്ലോ വിശ്വസിച്ചതു്.

മൎമ്മത്തിൽ അമ്പേററപോലെ പെട്ടെന്നു ഡേവിഡിന്റെ മനുഷ്യത്വം ഒന്നു ഞെട്ടി. അടുത്ത ക്ഷണത്തിൽത്തന്നെ അവന്റെ തീക്ഷ്ണമായ ആസുരത്വം അവനെ ധൈൎയ്യപ്പെടുത്തുകയും ചെയ്തു.

ഡേവിഡ്—ഒന്നുകിൽ ഞാൻ നിന്നെ വിവാഹം ചെയ്യും; ഇല്ലെങ്കിൽ നിന്റെ സ്വത്തു ഞാൻ കൈയ്യിലാക്കും.

അന്ന—നീ എന്നെ നിഗ്രഹിക്കുവാൻ ഭാവമുണ്ടോ? അതുംകൂടി നീ ചെയ്താലേ എന്റെ അച്ഛൻ പാൽതന്നു വളൎത്തിയ നീ ശരിയായ പാമ്പാകൂ.

ഡേവിഡ്—(വിവൎണ്ണനായി) അതു് ഞാൻ ചെയ്യുന്നില്ല. എന്നാൽ, അതിനു തുല്യമായി, ജീവാവസാനംവരെ നിന്നെ ഒരു ഭ്രാന്താശ്ശുപത്രിയിൽ കിടത്തും. അതുകൊണ്ടു്, ഏതാണ് നല്ലതെന്നു് നീ തന്നെ തീൎച്ചയാക്കിക്കൊള്ളണം.

അന്ന ഞാൻ നിന്നെ ഒരിക്കലും വരിക്കയില്ല. നിനക്കു് പറയുംപോലെ പ്രവൎത്തിക്കാൻ ധൈൎയ്യമുണ്ടാകയുമില്ല. നീ അങ്ങനെ ചെയ്യുന്നപക്ഷം, ചാറൽസ് അതു് കണ്ടുപിടിച്ചു എന്നെ മോചിപ്പിക്കയും, നിന്നെ ശിക്ഷിക്കയും ചെയ്യും.

ഡേവിഡ്—“അവൻ ഇനി നിന്നെ സഹായിക്കുമെന്നു തോന്നുന്നില്ല.”

അവൻ ഇതു പറഞ്ഞതു് അൎത്ഥസൂചകമായിട്ടായിരുന്നു.

അന്ന—(ഞെട്ടിക്കൊണ്ടു്) എന്തു്?

ഡേവിഡ്—അവൻ മരിച്ചുപോയി.

അന്ന—നിനക്കതു് എങ്ങനെ അറിയാം?

ഡേവിഡ്—(പാരവശ്യം പൂണ്ടു്.) അതു് കളയൂ. നീ എന്നെ വരിക്കാമോ? എന്നോടു് അതുമാത്രം പറഞ്ഞാൽമതി.

അന്ന—ഇല്ല. ഞാൻ നിന്നെ വരിക്കയില്ല. നിനക്കു് അദ്ദേഹത്തെപ്പററി വല്ലതും അറിയാമെങ്കിൽ അതു് വേഗം പറയുക.

ഡേവിഡ്—എന്നാൽ ശരി; ഞാൻ പറയാം. അന്നു് രാത്രി അവൻ സ്റ്റേഷനിലേയ്ക്കു പോകുന്നവഴിക്കു മലഞ്ചെരിവിൽ കാലുതെററി വീണു മരിച്ചു.

മന്ദസ്വരത്തിൽ ഉച്ചരിക്കപ്പെട്ട ആ വാക്കുകൾ അവളുടെ ഹൃദയത്തെ പാടേ വിദാരണംചെയ്തു. അവൻ പറയുന്നതു് പരമാൎത്ഥമാണെന്നു് അവൾ വിശ്വസിച്ചു. എന്നാൽ, തനിയേ കാലുതെററി വീണതായിരിക്കുകയില്ലെന്നും, ഡേവിഡ് ചാറത്സിനെ പിടിച്ചു തള്ളിയിട്ടതായിരിക്കണമെന്നും അവ

MUL
066812

അന്ന—നീ അദ്ദേഹത്തെ പിടിച്ചു സൎവ്വജ്ഞനും സൎവ്വസാക്ഷിയുമായ ദൈ ട്ടെ.

ഡേവിഡ് — ആ സംഭാഷണം മതിയാക്കൂ. എന്നെ വരിക്കാമെന്ന് നീ വാഗ്ദാനം ചെയ്യണം. അല്ലെങ്കിൽ ഞാൻ നിന്നെ ഭ്രാന്താശുപത്രിയിലാക്കുമെന്നത് നിശ്ചയമാണ്.

അന്ന — എവിടെയെങ്കിലും നീ എന്നെ പിടിച്ചുകൊണ്ടാക്കുക; ഞാനവിടെനിന്ന് സ്വാതന്ത്ര്യയായി നിന്നെ ശിക്ഷിപ്പിച്ചുകൊള്ളാം. ഞാൻ ഒരു കൊലപാതകിയുടെ ഭാര്യയായി തീരുന്നതല്ല. നിശ്ചയം.

ഈ വാക്കുകേട്ട ആ രാക്ഷസൻ കുപിതനായി. "ഭ്രാന്താശുപത്രിയിൽ കിടന്ന് രണ്ടുമൂന്നാഴ്ച കഴിയുമ്പോൾ നീ എന്തും ചെയ്യാൻ തനിയേ സമ്മതിക്കും." എന്നലറിക്കൊണ്ട അവൻ കതകുതുറന്നു വെളിയിൽ കടന്നു പോവുകയും ചെയ്തു.

അവൾ വ്യസനാപരിഭ്രാന്തയായി. താനനുഭവിച്ചതും, അനുഭവിപ്പാൻ പോകുന്നതുമായ കഷ്ടതകൾ ഒന്നൊന്നായി ആ സാധ്വിയുടെ ഹൃദയഗർഭത്തിൽനിന്ന് പൊങ്ങിത്തുടങ്ങി. അവൾ മനം പൊട്ടിക്കരഞ്ഞു. വിലാപമല്ലാതേ; അവൾക്കൊരു തുണയായി അപ്പൊഴാരാണവിടെ? അചേതനമായ ജനൽ അവളെ സമാധാനപ്പെടുത്തി. തന്നെ ഇരുട്ടിലാക്കാതെ അല്പം വെളിച്ചമെങ്കിലും തന്ന് രക്ഷിക്കുന്ന ആ ഗവാക്ഷദ്വാരത്തെ അവൾ വലിയൊരു രക്ഷാമാർഗ്ഗമായി കരുതി. അവളതിലേ ചാടി സ്വാതന്ത്ര്യയാകാൻ തീർച്ചപ്പെടുത്തിക്കൊണ്ട് അതിന് സമീപംചെന്നു. കാരിരുമ്പുകമ്പികൾകൊണ്ട ആ ജനൽ തുറക്കാൻ വയ്യാത്തവിധം ചുററിക്കെട്ടിയിരിക്കുകയാണെന്നു അവൾക്കു മനസ്സിലായതു് അപ്പോഴാണ്. വെളിയിൽകൂടെ സഞ്ചരിക്കുന്നവരെ വിളിച്ചു തൻെറ ദയനീയസ്ഥിതിയെ പറയാമെന്നുകരുതി ഒരിരുമ്പു കഷണമെടുത്തു ജനലിൻെറ കണ്ണാടിച്ചില്ലു തല്ലിപ്പൊട്ടിക്കാൻ അവളു ത്സാഹിച്ച് അതിനായൊരുങ്ങി. അതാ കവാടം തുറന്നു മേരി അവിടെ പ്രവേശിച്ചു കഴിഞ്ഞു.

അന്നയുടെ ഉദ്ദേശം ഇന്നതാണെന്നു അവൾക്കു ക്ഷണത്തിൽ മനസ്സിലായി. മേരി അവളുടെ കയ്യിലിരുന്ന ഇരുമ്പുകഷണം കൈയ്യിലാക്കാൻ വളരെ ശ്രമിച്ചു. കുറേനേരം രണ്ടുപേരും തമ്മിൽ നല്ലപോലെ പൊരുതുകതന്നെ ചെയ്തു. ഇതിനിടയ്ക്ക് മേരി രണ്ടുമൂന്നപ്രാ

വശ്യം നിവത്തു ഉച്ചത്തിൽ ചവിട്ടുകയും, അ ശബ്ദംകേട്ടു താഴെ നിന്നിരുന്ന ഹ്യൂ വേഗത്തിൽ അവിടെ വരികയും ചെയ്തു. അയാൾ അന്നയുടെ കയ്യിലിരുന്ന ഇരുമ്പുകഷണം പിടിച്ചു വാങ്ങുകയും, അവളെ ഒരു കസേരയിൽ കൊണ്ടിരുത്തുകയും ഒരു ഞൊടികൊണ്ടിൽ കഴിച്ചു. അ നീചൻ പിന്നെ മേരിയോടു പറഞ്ഞു:—"കതകുകളും ജന്നലുകളും നല്ലപോലെ ബന്ധിച്ച് വിളക്കു കത്തിച്ചു വെയ്ക്കുക; ഈ യുവതിയെ ഭദ്രമായി സൂക്ഷിക്കണം." ആജ്ഞാനുസരണം മേരി അവിടെനിന്നു പോയി.

ഹ്യൂ—നീ ഡേവിഡ്സിനെ വരിക്കണം; അല്ലാത്തപക്ഷം നീ ആജീവനാന്തം ഭ്രാന്താശുപത്രിയിൽ അടച്ചിടപ്പെടും. ഏതാണ് നല്ലതെന്നു നല്ലപോലെ ആലോചിച്ചു ഉത്തരംപറയുക.

അന്ന—ഞാൻ ജീവനുള്ളകാലം ആ ദുഷ്ടനെ വരിക്കയില്ല. നിങ്ങളുടെ ദുഷ്കർമ്മങ്ങൾക്കുള്ള ഫലം നിങ്ങൾ അനുഭവിക്കും.

ഹ്യൂ—അതു് ഞാൻ നോക്കിക്കൊള്ളാം. ഇപ്പോൾ നീ നിന്റെ കിടപ്പറയിലേയ്ക്ക് പോവുക. അല്ലെങ്കിൽ ഞാൻ നിന്നെ എടുത്തു കൊണ്ടുപോകാം.

അന്ന (പെട്ടെന്നെഴുന്നേററു്) ഞാൻ നടന്നു പൊയ്ക്കൊള്ളാം.

അവൾ, തനിക്കായി നിശ്ചയിക്കപ്പെട്ടിരുന്ന കിടപ്പുമുറിയിൽ ചെന്നു കിടന്നു. മേരി വാതിൽ ഭദ്രമായി ബന്ധിക്കയും ചെയ്തു.

അന്ന താനൊരു ബന്ധനസ്ഥയാണെന്ന് തീർച്ചപ്പെടുത്തിയതു് അപ്പോഴാണ്. തന്റെ സ്വന്തം പരിചാരികയെ കൂടാതെ പോന്നതിനെപ്പററി അവൾ വളരെ പശ്ചാത്തപിച്ചു. തന്നെ ഭ്രാന്താശുപത്രിയിൽ ഇടണമെങ്കിൽ പ്രത്യേകം രണ്ടു ഡാക്ടർമാരുടെ പരിശോധനാനന്തരമേ പററുകയുള്ളുവെന്ന നിയമം അവൾക്ക് അറിയാമായിരുന്നു. അതുകൊണ്ടു് അവരുടെ മുമ്പിൽവെച്ചു് ഒരു ക്ഷോഭവും തനിക്ക് വരാതെ സൂക്ഷിക്കേണ്ടതു അത്യാവശ്യമാണെന്ന് അ പാവം വിചാരിച്ചു.

മേരി ആഹാരംകൊണ്ടുവന്നപ്പോൾ അവൾ ശാന്തമായി ഇരിക്കുകയായിരുന്നു. അവൾക്ക് അതു് വലിയ ഒരു അത്ഭുതമായിത്തോന്നി.

അന്ന—എനിക്ക് ഇവിടെനിന്ന് രക്ഷ പ്രാപിക്കുന്നതിനുവേണ്ട സഹായം ചെയ്യുവാനുള്ള കാരുണ്യം നിങ്ങൾക്ക് ഉണ്ടാവുകയില്ലെന്നാണോ ഞാൻ വിശ്വസിക്കേണ്ടതു്?

മേരി—അതേ; ദയ എന്നതു് എൻെറ സ്വഭാവത്തിൽ പെട്ടതേ അല്ല.

അന്ന—നിങ്ങൾ എന്നെപ്പോലെ ഒരു സ്ത്രീ അല്ലയോ? നിങ്ങളുടെ യജമാനൻെറ ക്രൂരകൃത്യത്തിൽ നിങ്ങൾ എന്തിന് പങ്കെടുക്കുന്നു?

മേരി—എൻെറ യജമാനൻെറ അമ്മ, അദ്ദേഹത്തെ പ്രസവിച്ചു് പതിനഞ്ചാംദിവസം മരിച്ചസമയം, ആ കുട്ടിയെ സംരക്ഷിക്കുവാനായി എന്നെയാണ് ഏല്പ്പെടുത്തിയതു്. അതുകൊണ്ടു് അദ്ദേഹത്തെ തൃപ്തിപ്പെടുത്തുന്നതാണ് എൻെറ ജീവിതോദ്ദേശം. നിനക്ക് അപായം വരുന്നതു് എനിക്കിഷ്ടമല്ല. അതിനാൽ നീ അവരുടെ അഭിപ്രായമറിഞ്ഞു് പ്രവത്തിക്കുക. അതാണ് ഭേദം.

അന്ന—ഒരിക്കലുമില്ല. അവരുടെ കൃത്യത്തിൻെറ ഫലം അവർ തന്നെ അനുഭവിക്കും. അക്കൂട്ടത്തിൽ നിനക്കും ശിക്ഷ അനുഭവിക്കേണ്ടതായി വരുമല്ലോ.

മേരി—എൻെറ യജമാനനൊരുമിച്ചു് ഏതു കഷ്ടവും അനുഭവിക്കുവാൻ ഞാൻ തയാറാണ്. ഏതായാലും നിങ്ങളിപ്പോൾ ആഹാരം കഴിക്കുക.

അന്ന അവൾ പറഞ്ഞതിൻെറ വാസ്തവം മനസ്സിലാക്കി. തനിക്ക് സ്വബുദ്ധി വിടാതിരിക്കണമെങ്കിൽ ആഹാരം കഴിച്ചു് പ്രശാന്തമായിരിക്കേണ്ടതത്യാവശ്യമാണെന്ന് ആ നിഷ്കളങ്ക കരുതി. അതുപ്രകാരം ഇരുന്നു് കുറെ ആഹാരം കഴിച്ചപ്പോഴേയ്ക്കും, തനിക്ക് ഒരു ക്ഷോഭം സംഭവിച്ചിട്ടുള്ളതായി അവൾക്ക് തോന്നി. എഴുന്നേററു് കുറേനേരം അങ്ങോട്ടും ഇങ്ങോട്ടും നടന്നപ്പോഴാണ് അല്പം ആശ്വാസം തോന്നിയതു്. മേരി അതൊക്കെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അന്നയ്ക്കു് ആശ്വാസം വന്നുവെന്ന് കണ്ടപ്പോൾ 'ഇനി കിടക്കുന്നതു് നന്നായിരിക്കും' എന്ന് മേരി അഭിപ്രായപ്പെട്ടു. മേരി വീണ്ടും പറഞ്ഞു:—"നിൻെറ ഒടുവിലത്തെ മറുപടി എന്താണെന്ന് അറിയുന്നതിന് എൻെറ യജമാനൻ കാത്തിരിക്കുകയാണ്."

അന്ന—ഞാൻ ഒരിക്കലും സമ്മതിക്കുന്നതല്ല. വരുന്നതെല്ലാം അനുഭവിക്കുവാൻ ഞാൻ തയാറാണ്.

മേരി താഴെപ്പോയി ഹ്യൂവിനെ, അന്നയുടെ നിശ്ചയമറിവിച്ച് വേഗം തിരിയെവന്ന് വാതിൽ ബന്ധിച്ചു. അന്നയുടെ മുറിയിൽത്തന്നെ അവളും ഒരു കിടക്ക വിരിച്ച് കാവൽകാക്കുന്നമട്ടിൽ കിടപ്പായി. പുറമേ നിന്ന് കതകുപൂട്ടിക്കൊണ്ട് ഹ്യൂ പോവുകയുംചെയ്തു.

നിദ്ര മനസ്സമാധാനത്തിൻെറ സന്തതിയാണല്ലോ. ആകയാൽ ക്ഷുഭിതയായ അന്നയുടെ സമീപത്തെങ്ങും അവൾ വന്നതേയില്ല. രാത്രി മുഴുവനും ഡേവിഡിൻെറ ക്രൂരകൃത്യങ്ങൾ ഓരോന്നായി അവളുടെ മുമ്പിൽ വന്നുനിന്നു അവളെ ഭയതരളിതയാക്കി. ഏകദേശം പ്രഭാതമായപ്പോൾ ആ സാധു ഒന്നുമയങ്ങി. അപ്പോൾ ഡേവിഡ് ചാറൽസിനെ പിടിച്ച് തള്ളുന്നതായും, അദ്ദേഹം താഴെവീണ് ചതഞ്ഞു ദയനീയമായ നിലയിൽ പെട്ടതായും അവൾ സ്വപ്നത്തിൽ കണ്ടു. ഞെട്ടി ഉണർന്നപ്പോൾ, നേരം പുലർന്നിരിക്കുന്നതും, മേരി കിടക്കയുടെ സമീപം നിൽക്കുന്നതും കാണുമാറായി.

അന്ന വേഗം എഴുന്നേറ്റ് തൻെറ പ്രഭാതകൃത്യങ്ങൾ നടത്തി. മേരികൊണ്ടുവെച്ച ആഹാരങ്ങളിൽ കുറെ കഴിച്ചു. സാമാനങ്ങളെല്ലാം താഴെക്കൊണ്ടു വെയ്ക്കുവാനായി പോയി തിരിയെ വന്നപ്പോഴേയ്ക്കും അന്ന അക്ഷമയായി അങ്ങുമിങ്ങും നടക്കുന്നത് കണ്ട് സംതൃപ്തയായ മേരി കുറേനേരം അവളെ നിർന്നിമേഷം പര്യവേക്ഷണം ചെയ്തു. 'മേരി വീണ്ടുംവീണ്ടും തന്നെ ദ്രോഹിക്കുന്നതായി കാണുകയാൽ അന്നയ്ക്ക് അടക്കാൻ വയ്യാത്ത കോപമുണ്ടായി. അവൾ ആ ശിലാഹൃദയയോട് പറഞ്ഞു:—"എനിക്കുള്ള ഭക്ഷ്യപദാർത്ഥത്തിൽ നീ എന്താണ് ചേർത്തിരുന്നത്? ഉടൻ പറയുക. മഹാപാപീ!"

മേരി—നെയ്യും പഞ്ചസാരയും മാത്രം.

അന്ന—അല്ല; എന്നെ ക്ഷോഭിപ്പിക്കുന്നതിനുവേണ്ടി നീയും നിൻെറ യജമാനനുംകൂടി ആലോചിച്ച് എന്തോ ഒരു മരുന്ന് ചേർത്തിട്ടുണ്ട്; സംശയമില്ല.

മേരി അവളുടെ പ്രലപനങ്ങളെ തീരെ ഗണ്യമാക്കിയില്ല. അന്ന

യ്യാകട്ടേ, നിമിഷംതോറും അക്ഷമത വർദ്ധിച്ചുതേയുള്ളു. തനിക്കു ഭ്രാന്തു് പിടിച്ചേക്കുമോ എന്നുകൂടി അവൾ സംശയിക്കാതിരുന്നില്ല. ഡാക്ടർ വരുമ്പോൾ ശാന്തമായിത്തന്നെയിരിക്കണമെന്ന് നിശ്ചയിച്ച് കഴിയുന്നതും ധൈര്യത്തോടുകൂടി അവൾ തന്റെ മനസ്സിനെ പിടിച്ചടക്കിക്കൊണ്ടിരുന്നു. അവൾ ഒരുവിധം സമാധാനം പ്രാപിച്ചപ്പോൾ കതകിലാരോ മുട്ടുന്നതുകേട്ടു. മേരി വേഗംചെന്ന് വാതിൽ തുറന്നുനോക്കി തിരിയേവന്ന് അന്നയുടെ കൈപിടിച്ച് അടുത്തമുറിയിലേയ്ക്കു് കൊണ്ടുപോയി. അതേസമയം ആ മുറിയുടെ മറെറാരു കതകുതുറന്ന് അകത്തു് ഒരു പുതിയ മനുഷ്യൻ സംതൃപ്തചിത്തനായി പ്രവേശിച്ചു.

## പതിനൊന്നാം അദ്ധ്യായം.

### (ഭ്രാന്താശുപത്രി)

ആഗതൻ വളരെ കരുണയോടുകൂടി അന്നയുടെ അരികെ ചെന്ന്, "നീ വലിയൊരു അപകടത്തിൽ പെട്ടിരിക്കുന്നതായി തോന്നുന്നു" എന്നുപറഞ്ഞു. അസഹമാനക്ലേശയായ അന്ന സത്വരം അയാളുടെ അഭിമുഖ്യത്തിൽ ഓടിച്ചെന്ന്, "അതേ; ഞാൻ കരകാണാത്ത കദനക്കടലിൽ പെട്ട് അനാഥയായിത്തീർന്നിരിക്കയാണ്; നിങ്ങൾ ഒരു ദയാശീലനാണെന്നു് തോന്നുന്നു. ഈ കാരാഗൃഹത്തിൽ നിന്ന് വിമുക്തയാവുന്നതിന് അങ്ങു് എന്നെ സഹായിക്കുമോ? ഞാൻ ഇവരുടെ വഞ്ചനയിൽ കുരുങ്ങിയിരിക്കുന്നു.

ആഗതൻ—അതു് വലിയ ദുരിതംതന്നെ. സമാധാനമായിരിക്കൂ. കാര്യമെല്ലാം കേൾക്കട്ടെ. അദ്ദേഹം അവളുടെ അടുക്കൽത്തന്നെ ഇരുന്നു. "നിന്റെ തലയ്ക്കു് വല്ല വേദനയും തോന്നുന്നുണ്ടോ?" എന്നയാൾ വീണ്ടും ചോദിച്ചു.

അന്ന— എന്താണിങ്ങനെ ചോദിച്ചതിന്റെ സാരം? ഓഹോ! മന

സ്സിലായി. എനിക്ക് ഭ്രാന്താണെന്ന് പരിശോധിച്ച് പറയുവാനായി വന്നിരിക്കുന്നയാളാണ് നിങ്ങൾ; അല്ലേ? അങ്ങ് എന്നെ രക്ഷിക്കണം. എൻെറ കമിതാവിനെ മലഞ്ചെരിവിൽ പിടിച്ച് തള്ളിക്കൊന്ന ഡേവിഡിനെ വരിക്കുവാനായി അവർ എന്നോട്ട് നിർബന്ധിക്കുകയാണ്. ആ നരരാക്ഷസനിൽ നിന്ന് നിങ്ങളെനിക്ക് അഭയംതരണം.

അവളുടെ ശിലയുമലിയുന്ന ദീനസ്വനം ഡാക്ടരെ വിചാരപരതന്ത്രനാക്കി. അന്ന അയാളുടെ കാല്ക്കൽവീണു. ഇതെല്ലാം മേരി കണ്ടുകൊണ്ട് നില്ക്കുയായിരുന്നു. എന്നിട്ട് അവൾ പറഞ്ഞു:-"അയ്യോ! അന്നേ! നിനക്ക് ഇങ്ങനെ പറയാൻ തോന്നിയല്ലോ. ഡേവിഡ് നിൻെറ പ്രാണസ്നേഹിതനല്ലേ? നിനക്ക് നന്മ വരണമെന്നുദ്ദേശിച്ചാണല്ലോ മരിച്ചുപോയ നിൻെറ അച്ഛൻ ഡേവിഡിനെ നിൻെറ വരനായി നിശ്ചയിച്ചത്.

അന്ന—എടീ ദുഷ്ടേ! നീയും നിൻെറ യജമാനനും ആ ദുഷ്ടനും കൂടി നിശ്ചയിച്ച നിശ്ചയമല്ലേ നീയിപ്പറഞ്ഞത്? എൻെറ അച്ഛൻ ഞാൻ ചാറൽസിനെ കല്യാണം കഴിക്കണമെന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്.

മേരി—നിൻെറ കുട്ടിക്കാലം മുതൽ നിന്നെ എടുത്ത് വളർത്തിയ എന്നോടാണോ ഇങ്ങനെ പറയുന്നത്? (ഡാക്ടരെനോക്കി) അവൾ ഇപ്പോൾ പറയുന്ന വാക്കുകൾക്കൊന്നും അവളുത്തരവാദിയല്ല അങ്ങുന്നേ!!

അന്ന—നീ എൻെറ വീട്ടിലോ എന്നോടൊരുമിച്ചോ താമസിച്ചിട്ടേയില്ല. നീ റപ്പുവിൻെറ വേലക്കാരിയാണ്. നീൻെറ യജമാനനുവേണ്ടി എന്തുചെയ്യാനും തയാറാണെന്നു നീ. തന്നെയല്ലേ എന്നോടു കുറച്ചു മുമ്പേ പറഞ്ഞത്?

മേരി—അത് വാസ്തവംതന്നെ. എൻെറ യജമാനൻ നിൻെറ അച്ഛനായിരുന്നു; അദ്ദേഹം മരിച്ചുപോയെങ്കിലും ഇന്നും എന്നും അദ്ദേഹത്തിനുവേണ്ടി ഞാൻ എന്തുംചെയ്യും. (ഡാക്ടരോടായി.) അദ്ദേഹത്തിൻെറ നിയോഗമനുസരിച്ചാണ് ഞാനിതൊക്കെ

ചെയ്യുന്നതു്. അല്ലെങ്കിൽ, ഇവളെന്നെ കൊല്ലുവാൻ വന്നതു് ഞാൻ സഹിച്ചുകൊണ്ടിരിക്കമോ?

ഡാക്ടർ—അതേ; എനിക്ക് മനസ്സിലായി.

അന്ന—ഡാക്ടരേ, എനിക്ക് ഭ്രാന്തുംമററുമില്ല. ഞാൻ തന്നെ വെറുക്കുന്ന മനുഷ്യനെ വരിക്കുന്നതിനുവേണ്ടിയുള്ള ദുരാലോചനയുടെ ഫലമാണ് ഇതെല്ലാം. നിങ്ങളെങ്കിലും എന്നെ സഹായിക്കുമോ?

ഡാക്ടർ—എന്നാൽ കഴിയുന്നത്ര ഞാൻ നിന്നെ സഹായിക്കാം. ഇപ്പോൾ ഞാൻ പോകട്ടെ. എൻെറ ഒരു സ്നേഹിതനെ ഞാനിങ്ങോട്ട് അയച്ചേക്കാം.

മേരിയും ഡാക്ടരും പുറത്തേയ്ക്കു് പോന്നു. അവിടെവെച്ച് അവർ രണ്ടുപേരുമായി കുറേനേരം സംഭാഷണംചെയ്തുകൊണ്ടു നിന്നു. ഡാക്ടർ പോയയുടൻ മേരി മുറിക്കകത്തു് പ്രവേശിച്ചു. രോഷചഞ്ചലയായ അന്ന, "എടീ, ദുഷ്ടേ, നീ ഒരു സ്ത്രീയായിപ്പിറന്നിട്ടുപോലും ഇത്തരം പെരുംചതിക്ക് ഒരു കൂസലുംകൂടാതെ ഒരുമ്പെട്ടല്ലോ" എന്ന് വളരെ ഉച്ചത്തിൽ പറഞ്ഞു. മേരി അതു് കേട്ടഭാവംപോലും നടിച്ചില്ല. സാധുശീലയായ അന്നേ, നീ നിൻെറ ഹൃദയം എല്ലാവരിലുമുണ്ടെന്ന് വിചാരിച്ചുപോയി. ചാറത്സിൻെറ വർഗ്ഗത്തിൽ ഡേവിഡ് പിറന്നതുപോലെ, നിൻെറ വർഗ്ഗത്തിൽ മേരിക്ക് എന്തുകൊണ്ടു ജനിച്ചുകൂടാ? സ്വവർഗ്ഗാഭിമാനംകൊണ്ട് നീ വിചാരിക്കുന്നതു്, ദുഷ്ടയായി ഒരു സ്ത്രീയെപ്പോലും കാണുകയില്ലെന്നാണ്. അത ബലമായ ധാരണയാണെന്നു നിനക്ക് ഇപ്പോഴെങ്കിലും മനസ്സിലായല്ലോ. അത്തുമതി.

വളരെനേരം കഴിഞ്ഞപ്പോൾ മറെറാരാൾ അവിടെ സന്നിഹിതനായി. അയാൾ ഒരു തികഞ്ഞ അഹംഭാവിയാണെന്ന് അയാളുടെ മുഖം വിളിച്ചുപറഞ്ഞു. താൻ ഏററുവന്ന കാര്യത്തിൻെറ ഗൌരവം മനസ്സിലാക്കാതെ, അയാൾ അന്നയെ ഒരു കൊച്ചുകുട്ടിയെപ്പോലെ പരിഗണിക്കാൻ തുടങ്ങി. ആ മനുഷ്യൻെറ പെരുമാററം കണ്ടു് അന്നയ്ക്കു് ഒരുവലിയ നീരസം അയാളോടു തോന്നി. എന്താണും

നിമിഷം കഴിഞ്ഞപ്പോൾ അയാൾ വന്നപാടേ തിരിയെപ്പോകുകയും ചെയ്തു.

ഡാക്ടർമാരുടെ പരിശോധനാനന്തരം ഒന്നുരണ്ടുമണിക്കൂർ ചെന്നപ്പോൾ, ആ വീട്ടിന്റെ മുററത്ത് ഒരു വണ്ടി വന്നുനിന്ന ശബ്ദം അന്ന നല്ലവണ്ണം കേട്ടു. ചില മിനുട്ടുകൾക്കിടയിൽ ഹ്യൂ വന്ന് അവളുടെ നിശ്ചയം ഭേദപ്പെടുത്തിയിട്ടുണ്ടോ എന്നു നേരിട്ട് ചോദിച്ചു.

അന്ന—നിങ്ങളെന്നെ കൊന്നാലും ശരി; എന്റെ ഈ ആയുഷ്കാലം മുഴുവൻ, എന്നല്ല, സാധിക്കുമെങ്കിൽ ജന്മാന്തരങ്ങളിൽക്കൂടി, ആ നീചപുരുഷനെ ഞാൻ വിവാഹം ചെയ്കയില്ല. ഇതിനെപ്പററി ഇനി എന്നോട്ട് ചോദിക്കയേ വേണ്ടാ.

ഹ്യൂ -എന്നാൽ, അതിന്റെ ഫലം അനുഭവിച്ചുകൊള്ളുക.

ഹ്യൂ പോയി. മേരി പതിവിൻപടി ആഹാരസാധനങ്ങൾ കൊണ്ടുവന്നു. അന്ന ആ ഭക്ഷ്യപദാർത്ഥം വളരെ മിതമായും, സൂക്ഷിച്ചുമായിരുന്നു കഴിച്ചത്. അന്നു രാത്രിയും മേരിയുടെ കാവൽ അവൾക്കുണ്ടായിരുന്നു.

ഉറക്കം വളരെ സുഖകരമായിത്തീന്നതുകൊണ്ട് അടുത്തദിവസം രാവിലെ എഴുന്നേററപ്പോൾ അന്നയ്ക്ക് സാമാന്യം നല്ല വിശപ്പുതോന്നി. അന്നത്തെ കാപ്പിപ്രാശം തൃപ്തിയാകുംവരെ കഴിക്കുകതന്നെ ചെയ്തു. ആ അമിതഭക്ഷണത്തിന്റെ ഫലം തൽക്ഷണം അവളനുഭവിക്കുവാനും തുടങ്ങി. അവളുടെ ഹൃദയം പരിക്ഷുബ്ധമായി. മേരിയുടെ ദ്രോഹകൃത്യങ്ങളെപ്പററി അവൾ കണക്കിലധികം ശകാരിച്ചു. ഇരുപ്പുറയ്ക്കാതെ അവൾ മുറിയിൽ ഉലാത്തി. ആ സമയം മദ്ധ്യവയസ്കയായ ഒരു സ്ത്രീ മുറിയിൽ കടന്നുവന്ന് അന്നയോട്ട്, "നിങ്ങൾതന്നെയാണോ അന്ന?" എന്ന് ചോദിച്ചു.

അന്ന—നിങ്ങളെന്നെ സഹായിക്കാൻ വന്നിരിക്കയാണോ?

സ്ത്രീ—അതേ; നിങ്ങളെന്റെകൂടെ വരിക; നിങ്ങളുടെ കാൎയ്യമെല്ലാം വേണ്ടവിധം അന്വേഷിക്കപ്പെടും.

അന്ന—ഞാൻ വളരെ സന്തോഷിക്കുന്നു; എന്നാൽ ഹ്യൂ സമ്മതിക്കു മോ? "അയാൾ തടുക്കുകയില്ല" എന്നു പറഞ്ഞു് ആ സ്ത്രീ അന്ന യുടെ ഹസ്തത്തെ ആദാനം ചെയ്തുകൊണ്ടു മുറിവിട്ടു് പുറമേ പോന്നു.

ഭവനദ്വാരത്തിൽ അടച്ചുമൂടപ്പെട്ട ഒരു മോട്ടോർ വണ്ടി കിടക്കു ന്നുണ്ടായിരുന്നു. ആ സ്ത്രീയുടെ നിയോഗത്തെ അനുസരിച്ചു് അന്ന അ തിൽക്കയറി. വണ്ടിക്കകത്തു് മറ്റൊരു സ്ത്രീകൂടി ഇരുന്നിരുന്നു. അ ന്നയുടെ പിറകേ, പുറമേനിന്ന സ്ത്രീയുംകയറി. മററു രണ്ടു സ്ത്രീകളു ടേയും മദ്ധ്യേയായിരുന്നു അന്ന ഇരുത്തപ്പെട്ടതു്. വണ്ടി പുറപ്പെടാ റായപ്പോൾ ഹ്യൂവും അതിനകത്തു് കയറി വാതലടച്ചിരുപ്പായി. അന്ന അപ്പോഴാണു് തന്നെ ഭ്രാന്താശുപത്രിക്കു് കൊണ്ടുപോവുകയാണെന്നു ള്ള പരമാർത്ഥം മനസ്സിലാക്കിയതു്. അവൾ ആ രണ്ടു സ്ത്രീകളുടേയും പിടിയിൽനിന്നു രക്ഷപ്പെട്ടു് പുറത്തേയ്ക്കു് ചാടുവാൻ ശ്രമിച്ചുവെ ങ്കിലും അതു നിഷ്ഫലമായി കലാശിച്ചതേയുള്ളു. ഹ്യൂ ഇതെല്ലാംകണ്ടു് തൃപ്തനായ ഭാവത്തിൽ സ്വസ്ഥനായി. "കഷ്ടം! എന്തുചെയ്യാം? അ വളുടെ ഗുണത്തെമാത്രം കാംക്ഷിച്ചു പ്രവർത്തിക്കുന്ന ഞങ്ങളോടാണു് അവൾക്കു വലിയ വെറുപ്പു്" എന്നു ദീനസ്വരത്തിൽ ഹ്യൂ പറഞ്ഞു.

ഒരു സ്ത്രീ—ഇക്കൂട്ടരുടെ പതിവു് അങ്ങനെയാണു്. വേഗം ആശ്വാ സപ്പെട്ടും എന്നാശിക്കാം.

ഹ്യൂ—അവൾ വഴിക്കു വരുമെന്നുതന്നെയാണു് എന്റേയും വി ശ്വാസം.

അന്ന പുറത്തേയ്ക്കു് ചാടുവാൻ പിന്നേയും തഞ്ചംനോക്കാതിരു ന്നില്ല. പക്ഷേ, ഒന്നും സാധിച്ചില്ലെന്നേയുള്ളു. ഹ്യൂ കൂടെക്കൂടെ അ വളുടെ സ്ഥിതിയേപ്പററി സഹതപിച്ചു പറഞ്ഞിരുന്ന വാക്കുകൾ ഓ രോന്നും അവളുടെ ഹൃദയത്തിൽ എരിത്തീമാരിപെയ്തു. കോപതാപ ങ്ങൾകൊണ്ടു് അന്തരംഗത്തിൽ തിങ്ങിക്കിടന്ന വികാരപരമ്പര നയ നങ്ങളിൽക്കൂടെ അശ്രുപൂരമായി നിർഗ്ഗളിച്ചു. എങ്കിലും, ആ ദുഷ്ടന്മാ രുടെ അഭീഷ്ടത്തിനു് അനുസരണമായി പ്രവർത്തിക്കുന്നതല്ലെന്നും, താൻ മരിച്ചാലും ധൈര്യം പരിത്യജിക്കുന്നതല്ലെന്നും, ഇപ്പോഴത്തെ കഷ്ടകാലം നീങ്ങി ഒരു നല്ലകാലം വരാതിരിക്കുകയില്ലെന്നും, അന്നു് ഇവരുടെ നീചകർമ്മത്തിന്റെ ഫലം അനുഭവിപ്പിച്ചുകൊള്ളാമെന്നും

അവൾ സൎവ്വാത്മനാ വിശ്വസിക്കുകയും, അതെല്ലാം ദൃഢീകരിക്കപ്പെടുകയുംചെയ്തു. അതോടുകൂടി തൻെറ സങ്കടങ്ങളെ ശാന്തതകൊണ്ടു പരാജയപ്പെടുത്തണമെന്നും അവൾ തീരുമാനിച്ചു.

മോട്ടാർ ഒരു ആശുപത്രിയുടെ മുററത്തിൽ ചെന്നുനിന്നു. ഈ ഭ്രാന്താശുപത്രി 'ഫോൾഡ്സ്വോർത്ത്' എന്നു സുപ്രസിദ്ധനായ ഒരു ഡാക്ടരുടെ പിതാവിനാൽ സ്ഥാപിക്കപ്പെട്ടതാണ്. ഈ ഡാക്ടർ ഭ്രാന്തുചികിത്സയിൽ നിപുണനല്ലായിരുന്നുവെങ്കിലും, അദ്ദേഹത്തിൻെറ അച്ഛൻ ആ ആശുപത്രിയുടെ പ്രഥമസ്ഥാപകനായി വളരെക്കാലം അവിടെ ഇരുന്ന് വേണ്ടുംവിധം ചികിത്സിച്ചിട്ടുള്ളതിനാലും, അദ്ദേഹത്തിൻെറകീൎത്തി മകനും കുറെയൊക്കെ സിദ്ധിച്ചിരുന്നതുകൊണ്ടും, ആ ആലയം നടത്തിക്കൊണ്ടുപോവുകയായിരുന്നു. 'ഫോൾഡ്സ്വോൎത്ത്', സൽസ്വഭാവിയും, ഡാക്ടർമാരുടെ പരിശോധനയ്ക്കുശേഷം ചികിത്സയ്ക്കായി്ട്ടവിടെ കൊണ്ടുവരപ്പെടുന്നവരെല്ലാം യഥാൎത്ഥഭ്രാന്തന്മാർ തന്നെയായിരിക്കണമെന്ന് പൂൎണ്ണമായി വിശ്വസിച്ച് അവരോട് ഏററവും കരുണയോടുകൂടി പെരുമാറുന്നതിന് വേണ്ട ഹൃദയശുദ്ധിയുള്ളവനും ആയിരുന്നു.

ഡാക്ടർ അന്നായെ ആദരപൂൎവ്വം സ്വീകരിച്ചു. അദ്ദേഹത്തിൻെറ മുഖത്തിൽ സ്ഫുരിച്ചിരുന്ന സൌമ്യശീലം, തൻെറ വൃത്താന്തത്തെ അദ്ദേഹത്തോട് പറയുന്നതിന് അന്നായെ പ്രേരിപ്പിച്ചുവെങ്കിലും, ഹ്യൂ അതിനൊന്നും അവസരംകൊടുത്തില്ല. അന്ന അതിവേഗത്തിൽ ഒരു മുറിയിലേയ്ക്ക് നയിക്കപ്പെട്ടു.

അനന്തരം ഡാക്ടർ അന്നയെപ്പററി പലതും ഹ്യൂവിനോട് പ്രശ്നംചെയ്തു.

ഹ്യൂ—അവൾ സ്വജനകൻെറ അഭിമതത്തിന് വിപരീതമായി ഒരു മനുഷ്യനെ സ്നേഹിച്ചിരിക്കുകയായിരുന്നു. ആ ദുഷ്ടനാകട്ടെ ഈ സാധുവിനെ സന്ത്യജിക്കയാണുണ്ടായത്. അതോടുകൂടി ഇവൾ ഉന്മത്തയായിത്തീൎന്നു. ഈയിടെ ഇവളുടെ പിതാവും പരലോകപ്രാപ്തനായി. അപ്പോൾ വല്ലാത്ത ബുദ്ധിഭ്രമം ഇവളെ ബാധിക്കയും ചെയ്തു.

അന്തതപ്തനായ ചികിത്സകൻ 'അവളെ വേണ്ടുംവിധം താൻ പരിപാലനം ചെയ്തുകൊള്ളാ'മെന്ന് വാഗ്ദാനം ചെയ്തു. കൃതാൎത്ഥനായി ഹ്യൂ അവിടെനിന്ന് വേഗത്തിൽ യാത്രതിരിക്കയുംചെയ്തു.

ഹാറാൾഡ്സ്‌വോത്ത് സ്വഭാവേന കാരുണ്യം നിറഞ്ഞ ആളാകയാൽ, അവശ്യംവേണ്ട കാവലുകളും നിയമങ്ങളും മാത്രമേ അവിടെ ചെയ്തിരുന്നുള്ളു. തനിക്കു ഓടിപ്പോകുന്നതിന് ഒരു നല്ല വഴിയായി അന്ന ആദ്യം കരുതി. എന്നാൽ ഉണ്ടായിരുന്ന നിഷ്കർഷകളുടെ ഗുരുത്വം മനസ്സിലാക്കിയപ്പോൾ ഓടി രക്ഷനേടുന്നത് സുസാധമല്ലെന്നു അവൾക്ക് തെളിഞ്ഞു. കെട്ടിടത്തിനകത്ത് വേണ്ടുന്ന സ്വാതന്ത്ര്യമെല്ലാമുണ്ടായിരുന്നുവെങ്കിലും, അതുപയോഗിച്ച് പുറത്തു കടക്കാൻ അവൾക്ക് സാദ്ധ്യമായില്ല. ദൈവേച്ഛാപ്രകാരം എല്ലാം നടക്കട്ടെയെന്നും, തനിക്ക് കാലം തെളിയുമ്പോൾ എല്ലാം ശരിയാവുമെന്നും നിശ്ചയിച്ച് അവൾ സമാധാനപ്പെട്ടു. സാധാരണമായി അവളുടെ സംഭാഷണത്തിൽ ഭ്രാന്തിൻെറ ലാഞ്ഛനങ്ങൾ തീരെ ഇല്ലാതിരുന്നതിനാൽ, എല്ലാവരും പ്രത്യേകം സ്നേഹത്തോടുകൂടിയാണ് അവളെ സൂക്ഷിച്ചു വന്നത്.

അപ്പോഴും നിർഗ്ഗമനോപായത്തെ അവൾ വിചാരണം ചെയ്യാതിരുന്നില്ല. തൻെറ ഗ്രാമത്തിലെ അധികാരിക്കു വിവരമെല്ലാം കാണിച്ച് എഴുതിയാലെന്തെന്ന് അവൾ ആദ്യം സ്വപ്നംചെയ്തു. അദ്ദേഹം ദേശയാത്രാവ്യാപൃതനാണെന്ന് പെട്ടെന്ന് അവൾ സ്മരിച്ചു. ചാറസ് യഥാൎത്ഥത്തിൽ മരിച്ചിരിക്കുമോ എന്നായി അവളുടെ പിന്നത്തെ സംശയം. ആ സംശയം അവളിൽ പലപല സ്മരണകളേയും വികാരങ്ങളേയും ഉദ്ദീപിപ്പിച്ചുതുടങ്ങി. കാലിന്മേൽ മുറിവുപററി നടക്കാൻപോലും വയ്യാതിരുന്ന അദ്ദേഹത്തിൻെറ ആ ഇരുപ്പും; താൻ ചെന്ന് ഉപചാരപൂൎവ്വം ഹസ്തദാനംചെയ്ത് അദ്ദേഹത്തെ വീട്ടിലേയ്ക്കു് കൊണ്ടുപോന്നതും; സമസ്യഷ്ടസ്നേഹസാമാന്യേന പിതാവിൻെറ അനുവാദത്തോടുകൂടി രോഗിയെ ശുശ്രൂഷിച്ച് ദീനതഭേദപ്പെടുത്തിയതും; ചാറത്സിൻെറ സമാഗമത്തോടുകൂടി അനനുഭൂതപൂൎവ്വമായ ഏതോ ഒരു ദിവ്യാനന്ദം താനനുഭവിച്ചിരുന്നതും; സായാഹ്നത്തിൽ പൂന്തോട്ടത്തിൽവെച്ചു ആ ശ്രേഷ്ഠാനുഭവം ഇന്നതാണെന്നു അറിഞ്ഞതും; അന്നത്തെ സ്വർഗ്ഗാനുഭൂതിയും അവളുടെ അന്തരംഗ ത

ത്വങ്ങളിൽക്കൂടെ തെരുതെരെ പൊങ്ങിവന്നു. അപ്പോഴേയ്ക്കും ചാറ സിന്റെ അടിയന്തിരയാത്രയും, പിതാവിന്റെ നിൎയ്യാണവും അവളുടെ മനസ്സിൽ ഉൽഭൂതമായി. അനന്തരം ഡേവിഡും ഹ്യൂവും കൂടി തന്നെ ദ്രോഹിച്ചതായി വിചാരം. പിതാവിനാൽ പരിലാളിതയായി അനവധി സമ്പത്തിന്റെ രാജ്ഞിയായി താനിരുന്നിരുന്ന ആ സുവൎണ്ണഭാവങ്ങൾ പെട്ടെന്നു് അവളുടെ വിചിന്തനയ്ക്കു് വിഷയമായിത്തീൎന്നു. ഈ വക സംഗതികളെപ്പററിയുള്ള മനോരാജ്യങ്ങൾ ഒരു അനുക്രമണികയോടുകൂടിയല്ലായിരുന്നു. ആ സമസ്തചിന്താഭ്രതങ്ങൾ അവളുടെ മൃദുളഹൃദയത്തിൽ അനുനിമിഷം കൂട്ടംകൂട്ടമായി നൃത്തം വെച്ചുകൊണ്ടിരുന്നുവെന്നു് സംക്ഷിപ്തമായി പറയാം. അതിന്റെയൊക്കെ ഫലമായി അവൾ രോഗശയ്യയിൽ പെടുകയുംചെയ്തു.

ഗദബാധിതയായി കിടന്ന കാലത്താണു് അശ്രുപത്രി പരിശോധന നടക്കപ്പെട്ടതു്. അന്ന അസ്വാസ്ഥ്യയായിരുന്നതിനാൽ പരിശോധകന്മാർ അവളുടെ അടുക്കലേയ്ക്കു് പോയതേ ഇല്ല. അവർ വന്നിരുന്ന വിവരവും അതിന്റെ ഉദ്ദേശവും അന്ന അറിഞ്ഞതുതന്നെ അവർ പോയതിൽപിന്നെയാണു്. തന്നിമിത്തം ആ വഴിക്കുള്ള സഹായവും ആ നിർഭാഗ്യയ്ക്കു് നഷ്ടമായിക്കലാശിച്ചു.

ഏതാനും ദിവസങ്ങൾക്കുള്ളിൽ അവൾ രോഗത്തിൽനിന്നും വിമുക്തയായി. രോഗികളെല്ലാം സായാഹ്നവേളയിൽ തോട്ടത്തിലിറങ്ങി സഞ്ചരിക്കണമെന്നായിരുന്നു അവിടത്തെ സാമാന്യനിയമം. എന്നാൽ പരിപൂൎണ്ണമായി ഉന്മാദമുള്ളവൎക്കു് ഈ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നതുമില്ല. അന്നയ്ക്കു് ആ സമ്മതി ആദ്യകാലം തന്നെ ലബ്ധമായിരുന്നതിനാൽ അവൾ മിക്ക സായംകാലങ്ങളിലും തോട്ടത്തിൽ ചുററി നടക്കാൻ തുടങ്ങി. വേറെ, ഭ്രാന്തന്മാരായി ഏതാനും സ്ത്രീകളും പുരുഷന്മാരുംകൂടി അവിടെ അങ്ങുമിങ്ങുമായി നടക്കമാറുണ്ടായിരുന്നു. അന്ന അവരുടെയാരുടേയും അടുത്തെങ്ങും പോകാതെ ഒരു കഴിഞ്ഞ മൂലയിൽ ഏകയായി ചിന്താപാരവശ്യം പൂണ്ടു് സഞ്ചരിക്കയേ പതിവുള്ളു.

ഒരു ദിവസം ഫോഡ്സ്വോത്തിന്റെ സീമന്തപുത്രിയായ എലിസബത്തു്, അന്ന തനിയേ ഉലാത്തുന്നതുകണ്ടു് അവളുടെ സ

മീപം ചെന്നു. എലിസബെത്ത് ഏകദേശം അന്നയുടെ സമവയസ്ക യായിരുന്നു. രണ്ടുപേക്കും പൊക്കം മിക്കവൊറും തുല്യമായിട്ടേ കാണു ന്നവർ നിശ്ചയിക്കൂ. അന്നയുടെ സൌന്ദര്യം സന്താപത്താൽ ശ്ലപി തവും, എലിസബെത്തിൻേറതു് സന്തോഷത്താൽ വികസിതവുമായി രുന്നു. അകെക്കൂടി അവർ രണ്ടുപേരും എല്ലാംകൊണ്ടും 'യോജിച്ച ബ്രഹ്മസൃഷ്ടി വിശേഷങ്ങളാണെന്ന് തീർച്ചപ്പെടുത്താം. എന്നാൽ, ഒരു നല്ല സാമുദ്രികാശാസ്ത്രജ്ഞൻ സൂക്ഷ്മമായി പരിശോധിക്കുന്നപ ക്ഷം, അയാൾക്ക് അന്നയുടെ മുഖത്തിൽ ഉള്ള രാജകലയെ നിഷ് പ്രയാസം കണ്ടുപിടിക്കുവാൻ കഴിയുന്നതാണ്. മനുഷ്യഹൃദയമുള്ള വരെയെല്ലാം ആ അജ്ഞാതശക്തി ആകർഷിക്കാതിരിക്കുകയുമില്ല.

എലിസബെത്ത് കരുണാവതിയും ദീനവത്സലയുമാണ്. അവിടെ താമസിപ്പിച്ചിരുന്ന രോഗികളെ അവൾ കൂടെക്കൂടെ സന്ദർശിക്കയും, അവക്ക് പലപല സഹായങ്ങളും ചെയ്കയും പതിവായിരുന്നു. എ ന്നാൽ, അവൾക്ക് ഇതുവരെ അന്നയെ കാണ്മാൻ തരപ്പെട്ടിരുന്നില്ല. അതു് അന്നയുടെ നിർഭാഗ്യശക്തിയെന്നല്ലാതെ പറയത്തക്ക മറ്റൊരു കാരണവും കാണുന്നില്ല.

അന്നയുടെ അരികേചെന്ന് വളരെ മധുരമായി എലിസബെ ത്തു് ഇങ്ങനെ ചോദിച്ചു. "നിങ്ങൾക്ക് അവരുടെ കൂട്ടത്തിൽചെ ന്ന് കളിക്കരുതേ?"

അന്ന—അവർ പാവങ്ങൾ. അവരോടുകൂടിച്ചേന്ന് എന്തുകളി ക്കാനാണ്?

എലിസ—നിങ്ങൾ ഇവിടത്തെ രോഗിണിയല്ലേ?

അന്ന—എനിക്കും ഇക്കൂട്ടത്തിൽ താമസിക്കേണ്ടിവന്നു. ഭ്രാന്തുംമററു മുണ്ടായിട്ടല്ല. പക്ഷെ, ഇവിടെയുള്ളവരൊക്കെ എന്നെ ഭ്രാ ന്തത്തിയെന്നാണ് പറയുക. അതുകൊണ്ടു് ഞാൻ പരമാർത്ഥം പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല.

എലിസ—നിങ്ങളെ ഇവിടെ കൊണ്ടാക്കിയതു് ആരാണ്?

അന്ന—എൻെറ കഥ മുഴുവനും പറയാൻ അനുവദിക്കുമോ?

എലിസ—എനിക്കതു് കേൾക്കാൻ ആശയുണ്ടു്.

അന്ന സ്വോപാഖ്യാനം മുഴുവൻ സന്തോഷത്തോടുകൂടി പറ ഞ്ഞു. എലിസബത്ത് ആശ്ചര്യഭയതാപാദിവികാരങ്ങളോടുകൂടി അതുമുഴുവനും മനസ്സിരുത്തി കേൾക്കുകയും ചെയ്തു.

എലിസ—ചാറത്സിൻെറ മേൽവിലാസം അറിയാമെങ്കിൽ ഒന്നു് എഴുതി അയയ്ക്കാമായിരുന്നു.

അന്ന—എനിക്കു് അറിഞ്ഞുകൂടല്ലോ. എന്നു മാത്രമല്ല, ഡേവിഡു് അദ്ദേഹത്തെ കൊന്നിരിക്കുകയില്ലയോ എന്നുകൂടി ഞാൻ സംശയിക്കുന്നു.

എലിസ—അതു് ഞാൻ വിശ്വസിക്കുന്നില്ല. അവൻ സ്വാൎത്ഥസമ്പാദനത്തിനായി പറഞ്ഞ വ്യാജമാണെന്നേ ഞാൻ കരുതുന്നുള്ളു.

അന്ന എലിസബത്തിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടു്, "എനിക്കു് ഭ്രാന്തുണ്ടെന്നു നിങ്ങൾ കരുതുന്നുവോ?" എന്നു് പരിഭ്രമപൂൎവ്വം ചോദിച്ചു.

എലിസ—ഇല്ല. ഞാനതു് വിചാരിക്കുന്നില്ല. നിങ്ങളെ മനഃപൂൎവ്വം ആ ദുഷ്ടന്മാർ കഷ്ടപ്പെടുത്തുകയാണെന്നു് ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

അന്ന—(ആഹ്ലാദത്തോടുകൂടി എലിസബത്തിൻെറ കൈയിന്മേൽ പിടിച്ചുംകൊണ്ടു്.) അപ്പോൾ നിങ്ങൾക്കു് നിങ്ങളുടെ അച്ഛനോടുപറഞ്ഞു എന്നെ വിടുവിക്കാമല്ലോ.

എലിസ—അച്ഛനോടു പറയുന്നതുകൊണ്ടു് ഫലമൊന്നുമില്ല. അദ്ദേഹം ഇക്കാൎയ്യത്തിൽ എന്നെ വിശ്വസിക്കുകയുമില്ല. നിങ്ങളെ ഇങ്ങോട്ടയയ്ക്കുവാനഭിപ്രായപ്പെട്ട ഡാക്ടർമാരുടെ വാക്കുകളെ മാത്രമേ അദ്ദേഹം സാരമായി കരുതുകയുള്ളു. എന്നാൽ, ഞാൻ നിങ്ങളെ സഹായിക്കാമെന്നു് ഇതാ വാഗ്ദാനം ചെയ്യുന്നു. ഇവിടെനിന്നു് സ്വതന്ത്രയായി പുറമേ പോകുവാൻ മതിയായ അവസരവും വഴിയും ഞാനുണ്ടാക്കിത്തരാമെന്നു് നിങ്ങളോടു് ഞാനിതാ സത്യമായും, സുദൃഢമായും പറയുന്നു

എലിസബത്തിൻെറ വാക്കുകൾ സ്നേഹമസൃണവും, ശിലാലി

ഖിതസൂചകങ്ങളുമാണെന്ന് അവളുടെ മുഖഭാവം സുവ്യക്തമായി പറഞ്ഞു. സന്താപസാഗരത്തിൽ നിമഗ്നയായിരുന്ന അന്നയ്ക്ക് എലിസബെത്തിന്റെ വാക്കുകൾ, അവിചാരിതമായി കിട്ടിയ രക്ഷാപ്ലവമായി തോന്നി. അവൾക്ക് സുശീലയായ എലിസബെത്തിൽ അളവററ സന്തോഷവും, കൃതജ്ഞതയും ഉണ്ടായി. സ്നേഹപൂർവ്വം രണ്ടുപേരും ആലിംഗനംചെയ്തതിനുശേഷം അവർ അപ്പോൾ തമ്മിൽ പിരിയുകയും ചെയ്തു.

## പന്ത്രണ്ടാം അദ്ധ്യായം.

(കള്ളക്കത്ത്.)

ചാറത്സിനെ കഠിനമായ സന്നിപാതജ്വരത്തിൽ കിടത്തിയിട്ടാണല്ലോ നാം അന്നയുടെ അടുക്കലേയ്ക്ക് പോന്നത്? അതിനുശേഷം അദ്ദേഹത്തിന്റെ വർത്തമാനങ്ങളെപ്പറ്റി അന്വേഷിക്കാതിരുന്നതു് ഗ്രന്ഥകാരന്റെ പേരിലുള്ള ഒരു അപരാധമാണെന്ന് വായനക്കാർ വിചാരിക്കുന്നുണ്ടായിരിക്കാം. ആ അപരാധത്തെ ശിരസാ വഹിച്ച് ഇനി അതന്വേഷിക്കുവാനായി ഒരുങ്ങിക്കൊള്ളുന്നു.

ചാറത്സിന്റെ ജ്വരം, ഒരു മാതിരി നല്ല കഠിനമായിരുന്നുവെങ്കിലും, ദൈവഗത്യാ അതിന് കുറച്ചുദിവസംകൊണ്ട് ശാന്തത കണ്ടുതുടങ്ങി. അതോടുകൂടി സ്വബോധവും ഉണ്ടായി. സ്വബുദ്ധി തെളിഞ്ഞദിവസം അദ്ദേഹം ആദ്യമായി ചോദിച്ചതു് തനിക്കു വല്ല കത്തും വന്നിട്ടുണ്ടോ എന്നായിരുന്നു. ഇല്ലെന്നുള്ള മറുപടി അദ്ദേഹത്തെ ക്രമത്തിലധികം നിരാശാഭരിതനാക്കി. താൻ പോസ്റ്റിലിടുവാനായി ഏല്പിച്ച കത്ത് അയച്ചുവോ എന്നുള്ള ചോദ്യത്തിന്, ഉദരപൂരണാർത്ഥിയായ ആ ഭൃത്യൻ അയച്ചു എന്നുതന്നെ വ്യക്തമായി മറുപടിപറഞ്ഞു. അന്നയുടെ എഴുത്തു കിട്ടാത്തതുകൊണ്ട്, അവൾക്കു വല്ല അപകടവും പിണഞ്ഞിരിക്കാമെന്നുകരുതി ചാറൽസ് രണ്ടാമതു് ഒരു കത്തുകൂടി അയച്ചു. അതിൽ, "തനിക്കിതേവരെ സുഖമില്ലായിരുന്നുവെന്നും, ആദ്യം അയച്ച എഴുത്തിന് മറുപടി വ

രായ്കൊണ്ട് വളരെ ഖേദിച്ചിരിക്കയാണെന്നും" മററും കാണിച്ചിട്ടുണ്ടായിരുന്നു. വഴിമദ്ധ്യത്തിൽ നേരിട്ട അപായങ്ങളെപ്പററി കണ്ടു പറയുന്നതാണുചിതമെന്നുതന്നെ അദ്ദേഹം കരുതി.

ആ എഴുത്ത് അന്നയുടെ വീട്ടിലെത്തിയ സമയം ഡേവിഡ് അവിടെത്തന്നെ ഉണ്ടായിരുന്നു. എഴുത്തുപൊട്ടിച്ച് വായിച്ച ഉടനെ അദ്ദുഷ്ടനു് സംഭ്രമവും ആശ്ചര്യവും ഉണ്ടായി. ചാറൽസ് നിശ്ചയമായും മരിച്ചിരിക്കണം എന്നായിരുന്നു അയാളുടെ വിചാരം. അവൻ എങ്ങനെ രക്ഷപ്പെട്ടുവെന്ന് ഡേവിഡിന്ന് ഊഹിപ്പാൻ പോലും സാധിച്ചില്ല. ചാൽസ് ഇനി അന്നയെപ്പററി അന്വേഷിക്കാതിരിക്കുകയില്ലെന്നും, അങ്ങനെ ചെയ്യുന്നപക്ഷം, തനിക്കും, ഫിററപ്പനും വിചാരിക്കാൻകൂടിവയ്യാത്ത അപകടങ്ങൾ നേരിടുമെന്നും അയാൾക്കു ബോദ്ധ്യമായി. എന്തുചെയ്യേണ്ടു എന്നറിയാതെ, ആ എഴുത്തും കൊണ്ടു് ഡേവിഡ് ഹ്യൂവിൻെറ അടുക്കൽ പോയി. അവിടെ ചെന്ന്, താൻ പ്രവൃത്തിച്ചിരുന്ന കടുംകയ്യ് തുറന്നു പറഞ്ഞതിനുശേഷം, "അവൻ എങ്ങിനേയോ രക്ഷപെട്ടുപോയി" എന്ന് ഗൽഗദസമ്മിശ്രമായി ഉച്ചരിച്ച് എഴുത്ത് അയാളുടെ കൈവശം കൊടുത്തു.

ചാൽസിൻെറ ഉപദ്രവം ഉണ്ടാകയില്ലെന്ന് ഡേവിഡ് പറഞ്ഞതു് ഹ്യൂ പൂർണ്ണമായി വിശ്വസിച്ചിരുന്നു. വാസ്തവത്തിൽ ചാൽസ് ജീവിച്ചിരിക്കുന്നുണ്ടെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഹ്യൂ ഇക്കുഴപ്പത്തിൽ തലയിടുകയേ ഇല്ലായിരുന്നു. ഇടപെട്ട സ്ഥിതിക്കു ഇനി ഇതിനെന്തെങ്കിലും പ്രതിവിധി ചെയ്യാതെ മതിയാകയില്ലെന്ന് അയാളും തീർച്ചപ്പെടുത്തി.

അന്നയുടെ വീട്ടിൽ ചില മാററങ്ങളെല്ലാം ചെയ്തതു് ഈ പരിശ്രമത്തിൻെറ പ്രേരണകൊണ്ടാണ്. മുമ്പവിടെ താമസിച്ചിരുന്ന ഭൃത്യന്മാരെയെല്ലാം മാററി, ആ സ്ഥാനങ്ങളിൽ പുതിയ ആളുകൾ നിയമിതരായി. അന്ന ഭ്രാന്താശുപത്രിയിൽ അടച്ചിടപ്പെട്ട വിവരം അറിഞ്ഞ പഴയ പരിചാരികകൾ, അപ്പോൾ പ്രവാസിയായിരുന്ന അധികാരിയുടെ വരവിനെ പ്രതീക്ഷിച്ചുംകൊണ്ടു അവിടെത്തന്നെ അടുത്തൊരു വീട്ടിൽ പാർത്തുവന്നു. അന്നയുടെ രക്ഷാമാർഗ്ഗത്തെ തേടുകയായിരുന്നു അവരുടെ പ്രധാനജോലി.

ഹ്യൂവിന്ന് ഈ വേലക്കാരെപ്പററി തീരെ പേടിയില്ലായിരുന്നു. എങ്കിലും തല്ക്കാലം ചാറത്സിനെക്കുറിച്ചുള്ള ഭയംകൊണ്ടാണ്, അയാളിങ്ങനെയൊക്കെ ചെയ്തതു്. ചറൽസ്സ് യഥാൎത്ഥത്തിൽ ഇന്നാരാണെന്ന് അറിയുന്നതിന്നവേണ്ടി, അ രാജ്യത്തിലെ മഹാന്മാരുടെ പേരടങ്ങിയ പുസ്തകം എടുത്തു നോക്കിയപ്പോൾ, അദ്ദേഹത്തിൻെറ അമ്മാവൻ ഒരു വലിയ പ്രഭുവാണെന്നും, ചാറത്സാണ് അനന്തരഗാമിയെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അതുകണ്ടു് ഹ്യൂ "തനിക്ക് ഒരു എതിരാളിയുണ്ടായതു ചില്ലറപ്പുള്ളിയല്ല" എന്നു ഡേവിഡിനോടു പറഞ്ഞു.

ഡേവിഡ് - നിങ്ങളുടെ അവസ്ഥയും അതുപോലെതന്നെയല്ലയോ?

ഹ്യൂ.—കൊല ചെയ്യാൻ ശ്രമിച്ചകുററം എന്നെ ബാധിക്കയില്ല. അന്നയെ ഭ്രാന്താശുപത്രിയിൽ ഇട്ടവിച്ചതാകട്ടേ,അത്ര വലിയശിക്ഷാൎഹവുമല്ല. എന്നാലും ഞാനിനി ഒരു വഴിപറയാം.

ഹ്യൂ ഡേവിഡിനോട്ട് അന്നയുടെ കൈപ്പടയിലുള്ള ഒരുകടലാസ്സ് കൊണ്ടുവരുവാൻ നിർദ്ദേശിച്ചു. ഡേവിഡ് പുരയ്ക്കകത്തു തിരഞ്ഞു അതു് കൊണ്ടുകൊടുത്തയുടൻ അതുനോക്കി വളരെ നേരം ശ്രമിച്ചതിൻെറ ഫലമായി, അന്നയെപ്പോലെ എഴുതുവാൻ ഹ്യൂ വശമാക്കുകയും, ചാറത്സിന്ന് ഈവിധം ഒരു മറുപടി തയാറാക്കുകയും ചെയ്തു:—

"നിങ്ങൾ അയച്ച കത്തു കിട്ടി. ഞാൻ നിങ്ങളെ ഹൃദയപൂൎവ്വം സ്നേഹിക്കുകയും, നിങ്ങളെ വിവാഹംചെയ്യാൻ ഉല്ക്കണ്ഠാസമന്വിതം പ്രതീക്ഷിച്ചിരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിങ്ങൾഇവിടെനിന്നു പോയതിൽപ്പിന്നെ, എൻെറ അച്ഛന്ന് നിങ്ങളിലുണ്ടായിരുന്ന വിശ്വാസം കുറയുകയും, സത്തുക്കൾ അന്യാധീനപ്പെട്ടുമല്ലോ എന്നു കരുതി, അദ്ദേഹം വളരെ വ്യസനിക്കുകയുംചെയ്തു. തന്മൂലം അദ്ദേഹം മരണക്കിടക്കയിൽ കിടക്കുമ്പോൾ, ഞാൻ ഡേവിഡിനെത്തന്നെ വരിക്കണമെന്ന് എന്നോടു നിർബന്ധമായി പറയുകയുണ്ടായി. എനിക്കപ്പോൾ ഗത്യന്തരമില്ലായിരുന്നു. വളരെ മനസ്താപത്തോടുകൂടിയാണെങ്കിലും, അദ്ദേഹത്തിൻെറ അന്ത്യഘട്ടത്തിലെ അജ്ഞാനുസര

ന്നം ഞാൻ ഡേവിഡിനെ വിവാഹം കഴിച്ചിട്ട് ഇതാ മൂന്നാഴ്ച കഴിഞ്ഞു. നാം തമ്മിൽ ഇനി കാണുകയെന്നതു തീരെ അസററ്റിമാണ്. അതുകൊണ്ട് എന്നെ കാണുന്നതിനോ, എന്റെ കാൎയ്യം അന്വേഷിക്കുന്നതിനോ നിങ്ങൾ തുനിയരുത് എന്നു ഞാൻ സവിനയം അപേക്ഷിക്കുന്നു. എന്റെ അപരാധത്തെ ക്ഷമിച്ച് ഒരു മറുപടി അയച്ചുതരുമല്ലോ. എന്റെ ഭാവിജ്ജീവിതത്തിലെ മനസ്സമാധാനത്തിന്ന് ആ മറുപടി ഒന്നുമാത്രമേ പൎയ്യാപ്തമാകയുള്ളു."

എന്ന്—അന്ന.

ആ കത്ത് യഥാസമയം ചാറത്സിന്റെ കൈവശം എത്തി. അത് അയാളുടെ സകല ആശകളേയും അവസാനിപ്പിച്ചതായി അയാൾക്കു തോന്നി. ആ എഴുത്തിൽ കാണിച്ചിരുന്ന കാൎയ്യങ്ങളുടെ ഗൌരവം കാത്ത് അദ്ദേഹം മനഃപൂൎവ്വം അവൾക്കു മാപ്പുകൊടുപ്പാൻ തന്നെ നിശ്ചയിച്ചു. മേലാൽ അവളെ കാണുന്നതിനു ശ്രമിക്കയില്ലെന്നും, മാപ്പു തന്നിരിക്കുന്നുവെന്നും, എന്നാൽ തന്റെ ഈ ജീവിതത്തിലെ പ്രേമമൂൎത്തി അവൾ മാത്രമേ ആയിരിക്കുകയുള്ളുവെന്നും വ്യക്തമായെഴുതി ഒരു മറുപടി അയാൾ അന്നയ്ക്കു് അയച്ചു.

ആ ലേഖനമെഴുതുന്നതിനു വേണ്ടി ദൃഢപ്രേമിയായ ചാറത്സ് അനുഭവിച്ച സന്താപം ഇത്രമാത്രമാണെന്നു പറവാൻ പ്രയാസമുണ്ട്. എന്തെന്നാൽ, അന്നയെപ്പോലെ നിഷ്കളങ്കമായ ചിത്തവൃത്തിയോടുകൂടി വളരെപ്പേരെ അയാൾ കണ്ടിട്ടില്ലായിരുന്നു. തനിക്ക് എത്രയും സുലഭമായിരുന്ന—തന്റേതുതന്നെയായിരുന്ന—ആ രത്നം, തന്നെ കപടമായി വധിക്കുവാൻ പരിശ്രമിച്ച ആ പരമനീചന്റെ പത്നിയാകാൻ സംഗതിവന്നതു് അയാളെ ക്രമാതീതമായി അരുന്തുദപ്പെടുത്തി. ഈദൃശമായ മനോവ്യാധി അയാളുടെ രോഗത്തെ വളൎത്തിക്കൊണ്ടുവന്നു. ചാറത്സിനെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർ വല്ലാതെ വിഷമിച്ചു. എന്നാൽ ദീനദയാലുവായ ആ ചികിത്സകൻ, താൻ നിരാശപ്പെടുന്നതു് സമുചിതമല്ലെന്നു നിശ്ചയിച്ചു. കുറച്ചുനാൾക്കകം ചാറത്സ് കടൽത്തീരത്തുള്ള ഒരു സുഖവാസസ്ഥലത്തേയ്ക്കു നയിക്കപ്പെട്ടു. ഡാക്ടർ വളരെ ശ്രദ്ധയോടും ഭ്രാതൃസ്നേഹത്തോടുംകൂടി രോഗശമനാൎത്ഥം ചികിത്സകൾ തുടങ്ങുകയും ചെയ്തു.

ചാറത്സിൻെറ മറുപടിക്കായി പ്രതീക്ഷിച്ചു കൊണ്ടിരുന്ന ഡേവിഡും ഹ്യൂവും, അതു കിട്ടിയപ്പോൾ വളരെ സമാധാനപ്പെട്ടു. എങ്കിലും, തങ്ങൾ പ്രവൎത്തിച്ച കപടം കണ്ടുപിടിക്കപ്പെട്ടേക്കുമെന്നുള്ള ഭയം അവരെ എപ്പോഴും പീഡിതരാക്കി. തന്നിവാരണമായി ഹ്യൂ ഒരേ ഒരു മാൎഗ്ഗമേ കണ്ടുള്ളു. അന്നയെക്കൊണ്ട് ഏതുവിധമെങ്കിലും ഡേവിഡിനെ വിവാഹം ചെയ്യിക്കുകയോ, അല്ലാത്തപക്ഷം അവളെ നിഗ്രഹിക്കുകയോ ചെയ്യുകയെന്നതാണ് ആ ദുഷ്ടൻെറ രാക്ഷസഹൃദയത്താൽ തിരഞ്ഞെടുക്കപ്പെട്ട ആ ഉപായം. അന്ന ജീവിച്ചിരിക്കുന്നിടത്തോളംകാലം അവരുടെ മനസ്സിന്ന് ശാന്തതയുണ്ടായിരിക്കുകയില്ലല്ലോ. അതു് അയാൾക്കു നല്ലവണ്ണം മനസ്സിലായി. ഏതായാലും അന്നയുടെ താല്ക്കാലികമായ മനസ്ഥിതി തൻെറ ഹിതത്തിനു് അനുകൂലമാണോ എന്നറിയുന്നതിനുവേണ്ടി ഹ്യൂ ഒരുദിവസം ഭ്രാന്താശുപത്രിയിലേയ്ക്കു പുറപ്പെട്ടു.

അന്നയും എലിസബെത്തും തമ്മിൽ പരിചിതരായതും, അന്നയ്ക്കു രക്ഷാമാൎഗ്ഗം താൻ നൽകാമെന്നു് എലിസബെത്തു് വാക്കുകൊടുത്തതും കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അന്നയ്ക്കു്, ആ സംഭാഷണത്തിനുശേഷം ഒരു സ്ഥൈൎയ്യവും ധൈൎയ്യവുമുണ്ടായി. തൻെറ കാമുകൻ മരിച്ചിട്ടുണ്ടാകയില്ലെന്നു് എലിസബെത്തു വാദിച്ചതു് അന്ന മുഴുവനും വിശ്വസിച്ചു. അദ്ദേഹം തൻെറ കാൎയ്യങ്ങളെപ്പറ്റി അന്വേഷിക്കുമെന്നും, തനിക്കു സ്വാതന്ത്ര്യമുണ്ടാകിത്തരുമെന്നും അവൾ ദൃഢപ്പെടുത്തി. അതിനു മുമ്പേതന്നെ, എലിസബെത്തിൻെറ സാഹ്യത്തോടുകൂടി ആ കാരാഗൃഹത്തിൽനിന്നു മോചനംനേടി തന്നെ ദ്രോഹിച്ച മഹാപാപികളെ അവരുടെ ക്രൂരകൃത്യങ്ങൾക്കു് അനുയോജ്യമായവിധം ശിക്ഷിപ്പിക്കണമെന്നു് അവൾ തീരുമാനിക്കുകയും ചെയ്തു.

അവൾ ഈവക മനോരാജ്യങ്ങളിൽക്കൂടി ത്വരിതഗതിചെയ്യുമ്പോൾ, ആശുപത്രിയിലെ ഒരു പരിചാരിക, 'നിങ്ങളെ കാണ്മാൻ ഒരു മനുഷ്യൻ വന്നിരിക്കുന്നു'വെന്നു പറഞ്ഞുപോയി. അതു് ചാറത്സായിരിക്കുമെന്നു് ആ പ്രേമാന്ധ വിചാരിച്ചു് ആ ഭൃത്യയാൽ നിൎദ്ദേശിക്കപ്പെട്ട മുറിയിലേയ്ക്കു് അവൾ കടന്നു. ഹ്യൂ അവിടെ നിന്നിരുന്നു. അവനെ കണ്ടസമയം അന്നയുടെ നയനങ്ങളിൽനിന്നു കോപത്തീ

ല്പ്പോരി പാറിപ്പറന്നു. ഹ്യൂ അവളുടെ സമീപത്തിൽ ചെന്ന്, "ഇവിടത്തെ വാസം നിൻെറ നിശ്ചയങ്ങൾക്കു വല്ല മാററവും വരുത്തിയിട്ടുണ്ടോ?" എന്നു ചോദിച്ചു.

അന്ന—എൻെറ നിശ്ചയം ഇന്നതാണെന്നു ഞാൻ മുമ്പേതന്നെ പറഞ്ഞിട്ടില്ലേ?

ഹ്യൂ—ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കുക. നീ ഡേവിഡിനെ വിവാഹം ചെയ്യാമെന്നു സമ്മതിക്കുന്നപക്ഷം നിന്നെ ഇവിടെനിന്നു വിട്ടയക്കാം. സ്വതന്ത്രയായ നിനക്ക് അപ്പോൾ സുഖമായി സ്വന്തം ഗൃഹത്തിൽ ചെന്നു താമസിക്കുകയും ചെയ്യാം. അതല്ല എങ്കിൽ മരണംവരെ ഈ ഭ്രാന്താശുപത്രിയിൽ കിടന്ന് ഒരു തനിഭ്രാന്തിയായിത്തീരുമെന്നതിനു സംശയിക്കാനൊന്നുമില്ല. ഈ രണ്ടിലേതാണ് നല്ലതെന്നു നല്ലവണ്ണം ആലോചിച്ച് ഉത്തരം പറയണം.

അന്ന—എൻെറ നിശ്ചയത്തിന് ഒരു ചലനവും വരുന്നതല്ല. എന്നെ ദൈവം തുണയ്ക്കുമെന്നത് നിസ്സംശയമാകുന്നു. ഞാൻ നിങ്ങളുടെ ദുഷ്പ്രേരണകൾക്ക് അധീനയാകയില്ല. നിങ്ങളുടെ നിന്ദ്യവും ക്രൂരവുമായ കർമ്മങ്ങൾക്കു തക്കതായ ശിക്ഷ ഞാൻ നിങ്ങളെ അനുഭവിപ്പിക്കും.

ഹ്യൂ—എന്നാൽ, നിൻെറ മനസ്സുപോലെ ആയിക്കൊൾക. നിന്നെ എൻെറ വഴിക്കു നടത്തുന്നതിനോ, അല്ലാത്തപക്ഷം നിനക്കു ജീവഹാനി വരുത്തുന്നതിനോ ഞാനുറച്ചിരിക്കുകയാണ്.

ഇത്രയുംപറഞ്ഞ് അയാൾ അതിരൂക്ഷമായി അന്നയെ നോക്കിക്കൊണ്ട് അവിടെനിന്നു യാത്രതിരിക്കുകയും ചെയ്തു. സന്ദർശനം കഴിഞ്ഞ് അയാൾ പോകുമ്പോൾ ഡാക്ടർ ഹോൾഡ്സ് വൊത്ത് രോഗിയുടെ സ്ഥിതിയെപ്പററി ഹ്യൂവിനോടു ചോദിക്കയുണ്ടായി.

ഹ്യൂ–കഷ്ടം! മുമ്പിലത്തേതിൽനിന്നു യാതൊരു കുറവും കാണുന്നില്ലെന്നുമാത്രമല്ല, ഞാനവളുടെ ഗുണത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെ അവൾ ധിക്കരിക്കുകയും, ഞങ്ങൾ ദ്രോഹികളാണെന്നുള്ളവിചാരം പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഇവി

ടെ നിന്നുവല്ല നാട്ടുംപുറത്തിലുമുള്ള ചികിത്സാലയത്തിലേയ്ക്കു മാററിപ്പാൎപ്പിക്കണോ എന്നാണ് ഇപ്പോൾ ഒരു സംശയം ഞങ്ങൾക്കുള്ളതു്.

ദയാശീലനായ ഹോംഡ്സ്വോത്തിന് ഈ അഭിപ്രായം തീരെ രസിച്ചില്ല. രോഗികളുടെ സുഖക്കേടു മാറി അവരെ സ്വജനങ്ങളെ ഏല്പിക്കുന്നതേ അദ്ദേഹത്തിനു തൃപ്തികരമാവൂ. ദിനം ഭേദപ്പെടാതെ, തന്റെ ആശുപത്രിയിൽനിന്നു രോഗിയെ ചികിത്സയ്ക്കായി മററൊരിടത്തു കൊണ്ടുപോവുകയെന്ന അഭിപ്രായപ്രകടനം അദ്ദേഹത്തിന് ഒരു പരിവാദാപവാദതാരമായി തോന്നി. "നിങ്ങളുടെ ഇഷ്ടം പോലെ ചെയ്യുന്നതിൽ എനിക്കു വിരോധമില്ല." എന്നാൽ രോഗികളെ ശുശ്രൂഷിക്കുന്ന വിഷയത്തിൽ ഇവിടെയുള്ളപോലെ സുഖകരമായ ഒരു ഏൎപ്പാട് മറെറാരിടത്തും ഉണ്ടായിരിക്കുകയില്ലെന്നുള്ളതു നിസ്തക്കമാണ്.

ഹ്യൂ—ആ അഭിപ്രായത്തോടു ഞാനും പൂൎണ്ണമായി യോജിക്കുന്നു. എങ്കിലും, വിജനവാസവും കുറേക്കൂടെ കൎശനമായ പെരുമാററവും അവളുടെ സ്വഭാവത്തിനു വല്ല മാററവും വരുത്തിയേക്കുമോ എന്നു സംശയിക്കുകയാണ്.

ഹ്യൂ അയാളുടെ വഴിക്കുപോയി. അന്ന്, താൻ പറയുന്നതുപോലെ പ്രവൎത്തിക്കയില്ലെന്നുള്ള സ്ഥിതിക്ക്, അവളെ അവിടെനിന്നുമാററി നാട്ടുംപുറത്ത് ആരെയെങ്കിലും ഏല്പിച്ചു സ്വാധീനപ്പെടുത്തുകയോ, കഷ്ടപ്പെടുത്തി വധിക്കുകയോ ചെയ്താൽ മാത്രമേ തന്റെ കാൎയ്യം ശരിപ്പെട്ടു എന്ന് അവൻ നിശ്ചയിച്ചുറച്ചു.

## പതിമൂന്നാം അദ്ധ്യായം.

—⇐※⇒—

(മോചനം.)

ഹ്യൂവിൻെറ സന്ദർശനംകഴിഞ്ഞ പിറേറദിവസം തന്നെ എലിസബെത്തും അന്നയുമായി ഒരു കൂടിക്കാഴ്ചയുണ്ടായി. ഹ്യൂ തൻെറ പിതാവിനോടു പറഞ്ഞ കാൎയ്യങ്ങളൊക്കെ എലിസബെത്ത് അന്നയെ കേൾപ്പിച്ചു. എന്നാൽ, എലിസബെത്ത് അന്നയുടെ മോചനത്തിനുള്ള മാൎഗ്ഗത്തെപ്പററി ആലോചിച്ചുറപ്പിച്ചിട്ടുണ്ടായിരുന്നു. "രോഗികളുടെ ഹൃദയവിനോദത്തിനായി ആണ്ടുതോറും ചില കളികൾ ഇവിടെ നടത്തപ്പെടാറുണ്ട്. ആ ദിവസങ്ങൾ അടുത്തുകഴിഞ്ഞു. അന്നു നമ്മുടെ കാൎയ്യം നിൎവ്വഹിക്കാം." എന്നാണ് എലിസബെത്ത് അന്നയോടു പറഞ്ഞത്.

അന്ന—ഭ്രാന്തന്മാരെയെല്ലാം ഒരുമിച്ചു കളിക്കുവാൻ വിടുമോ?

എലിസ—ഇല്ല; സാധാരണ ശാന്തസ്വഭാവമുള്ളവൎക്കു മാത്രമായുള്ള ഏൎപ്പാടാണു അതു്. അന്നു നിന്നെ മോചിപ്പിക്കുവാനുള്ള തരം എനിക്കു ലഭിക്കും. പക്ഷേ, പിന്നത്തെ നിൻെറ ഉപജീവനരീതി എങ്ങിനെയായിരിക്കുമെന്നാണു എൻെറ സംശയം.

അന്ന—ഞാൻ വല്ലയിടത്തുംപോയി വേലചെയ്തു നിത്യവൃത്തി കഴിക്കാൻ ശ്രമിക്കും. എൻെറ ഗ്രാമത്തിലെ അധികാരി വരുമ്പോൾ വിവരമെല്ലാം ധരിപ്പിച്ചു നിവൃത്തിമാൎഗ്ഗം നേടുകയും ചെയ്യും.

എലിസ—വേലയ്ക്കു പോവുകയെന്നതു് അത്ര എളുപ്പമല്ല. പേരുകേട്ട വല്ലവരുടേയും ശുപാൎശക്കത്തില്ലാതെ ഒരു വീട്ടിലും ആരേയും താമസിപ്പിക്കയില്ല. സ്വന്തം വക കുറെ പണം എൻെറ കയ്യിലിപ്പോൾ ഇരിക്കുന്നുണ്ടു്. അധികാരി വരുംവരെ നിനക്കു കഴിഞ്ഞുകൂടുവാൻ വേണ്ടസംഖ്യ ഞാൻ തരാം. അതു് ഞാനെടുത്തു തയ്യാറാക്കി വെച്ചിരിക്കയാണു്. നീ എവിടെച്ചെന്നാലും

വളരെ കരുതലുള്ളവളായി ഇരിക്കേണ്ടതാകുന്നെന്നു ഞാൻ സ്നേഹ പൂൎവ്വം ഉപദേശിക്കുന്നു.

അന്ന—എൻെറ അനുഭവങ്ങൾതന്നെ എനിക്കിപ്പോൾ, ബുദ്ധിക്ക് ഏതാണ്ടൊരു തെളിച്ചം തന്നിട്ടുണ്ട്. അതുകൊണ്ട് ഇനിമേലാൽ ഞാൻ വളരെ കരുതിത്തന്നെയേ ഇരിക്കയുള്ളു; സംശയമില്ല. അധികാരി വന്ന ഉടൻ ഞാൻ അദ്ദേഹത്തെ എൻെറ വൎത്തമാനങ്ങളെല്ലാം അറിവിക്കും. എൻെറ സ്വാതന്ത്ര്യനില എനിക്കു ലഭിച്ചുകഴിഞ്ഞാൽ പിന്നീട്, നിങ്ങൾ ഇപ്പോൾ തരുന്ന പണം ഞാൻ തിരിയെ തന്നുകൊള്ളാം. ചാറൽസിൻെറ കാൎയ്യത്തെപ്പററി അന്വേഷിക്കുന്നതിനും എനിക്ക് അപ്പോൾ സൌകൎയ്യം ലബ്ധമാകും.

എലിസ—നിങ്ങൾ ഓടിപ്പോകുന്നതിന്നു ഞാൻ സഹായിച്ചു എന്ന കാൎയ്യം വല്ലവിധവും പുറത്തുവരുന്ന പക്ഷം, പലമാതിരിയുള്ള സങ്കടങ്ങൾ എനിക്കു നേരിടുന്നതിനുപുറമെ എൻെറ അച്ഛനു ദുഷ്കീൎത്തിയും അദ്ദേഹത്തിൻെറ ഈ മഹൽസ്ഥാപനത്തിന് വിനിപാതവും വന്നുകൂട്ടുമെന്നതു് സുദൃഢമാകുന്നു. അതുകൊണ്ടാകയാണ് ജാഗ്രത അത്യാവശ്യമാണെന്നു ഞാൻ പറഞ്ഞതു്. പോരെങ്കിൽ ഇതാ ഒന്നുകൂടി അതുതന്നെ പറഞ്ഞുകൊള്ളുന്നു.

ആ സ്നേഹിതകൾ അപ്പോൾ തമ്മിൽപ്പിരിഞ്ഞു. കാവൽക്കാരുടെ സൂക്ഷിപ്പിൽ ഇരിക്കുന്നതിനെപ്പററി അന്നയ്ക്കുണ്ടായിരുന്ന വൈമനസ്യവും വെറുപ്പും, മോചനം സിദ്ധിക്കുമെന്നുള്ള നിശ്ചയം വന്നതോടുകൂടി കുററെ കുറഞ്ഞു. ഭ്രാന്തന്മാരോടുകൂടിയുള്ള പെരുമാററം, ഇനി അധികദിവസം ചെയ്യേണ്ടിവരികയില്ലെന്ന് അവൾ സമാധാനിച്ചു. താൻ പൂൎവ്വസ്ഥിതിയെ പ്രാപിച്ചു്, തൻെറ കാമുകനും തനിക്കും അസഹ്യമായ യാതന വരുത്തിക്കൂട്ടിയ ഹ്യൂവിനേയും ഡേവിഡിനേയും കൎശനമായവിധം ശിക്ഷിപ്പിക്കാമല്ലോ എന്ന വിചാരത്താൽ അവൾ അല്പം സന്തോഷിക്കതന്നെ ചെയ്തു.

കളിക്കുവേണ്ട സാമഗ്രികളെല്ലാം സജ്ജമാക്കി തുടങ്ങി. അതു

കണ്ടപ്പോൾ അവിടെ താമസിക്കുന്ന രോഗികളെപ്പററി അന്നയുടെ അന്തരംഗം അനുകമ്പാസമ്പൂരിതമായി. വിനോദദിവസമായി; അന്നു അവിടെ പൊതുവേ ഒരു ഒഴിവുദിവസമായിരുന്നു. ഉന്മാദലഹരിയാൽ അന്ധമതികളാണെങ്കിലും അവിടത്തെ രോഗികളെല്ലാം അന്നു അന്തമില്ലാത്ത ആനന്ദാതിരേകം പ്രകടിപ്പിച്ചു. കളികളൊക്കെ സായാഹ്നത്തിലായിരുന്നു. വിവിധങ്ങളായ വിനോദപരമ്പരകളാൽ ആവേശത്തിലെ അംഗങ്ങളെല്ലാം സന്തോഷഭരിതരായിത്തീൎന്ന സമയം കാവൽക്കാർ തങ്ങളുടെ പ്രവൃത്തികളിൽ അശ്രദ്ധരായി. രാത്രിയിലെ ചില മണിക്കൂറുകൾ ഭൂതകാലത്തിലേയ്ക്കു ചേൎന്നപ്പോൾ ആ തഞ്ചംനോക്കി എലിസബെത്തു് അന്നയെ കണ്ണുകാണിച്ചു് സമീപത്തേയ്ക്കു് വിളിച്ചു. രണ്ടുപേരും കുറേനേരം കളി കാണുകയാണെന്ന നാട്യത്തിൽ ഇരുന്നതിൽപിന്നെ ഡാക്ടരുടെ പുത്രി പെട്ടെന്നു് ഒരു കതകുതുറന്നു് അന്നയോടുകൂടി അടുത്തുള്ള വിജനമായ ഒരു മുറിയിലേയ്ക്കു് പ്രവേശിച്ചു് അകത്തു തഴുതിട്ടുകളഞ്ഞു. അനന്തരം അന്ന ധരിച്ചിരുന്ന കൃഷ്ണവസ്ത്രത്തെ മാററി അവൾ കരുതിയിരുന്ന വെള്ളവസ്ത്രം അന്നയെ എലിസബത്തുതന്നെ ഉടുപ്പിച്ചു. ഏതാനും വസ്ത്രങ്ങൾ അടങ്ങിയ ഒരു ചെറിയ പെട്ടി അവളുടെ കയ്യിൽ കൊടുക്കുകയും ചെയ്തു. അനന്തരം എലിസബെത്തു് പറഞ്ഞു:-"നിങ്ങൾക്കു ആവശ്യമുള്ള കുറെവസ്ത്രങ്ങൾ ഞാൻ അതിൽ വെച്ചിട്ടുണ്ടു്. കുറച്ചു് പണവും അതിൽ ഉണ്ടു്. നിങ്ങൾ ഇപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രത്തിൻെറ മടക്കിലുള്ള കീശയ്ക്കകത്തും വഴിച്ചെലവിനായി കുറെ പണം വെച്ചിരിക്കുന്നു. അധികാരി വരുന്നതിനു നാളേറെ നീണ്ടുപോയാലും നിങ്ങൾക്കു ഈ പണംകൊണ്ടൊക്കെ കുശലമായി ചെലവു കഴിക്കാം. നിങ്ങളെപ്പററി പെട്ടെന്നു് അന്വേഷണം തുടങ്ങുകയാണെങ്കിൽ നിങ്ങൾ ഇപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രം അവർ മനസ്സിലാകാതിരിക്കുന്നതിനു് സഹായമായിത്തീരുകയും ചെയ്യും. വേഗം ഇവിടെനിന്നുപോയി വണ്ടികയറി ഏതെങ്കിലും ഒരു ഗ്രാമത്തിൽ ചെന്നു് സുഗ്രധമായി പാൎത്തുകൊള്ളുക."

അവർ രണ്ടുപേരുംകൂടി മറെറാരു കതകുതുറന്നു് ഒരു തോട്ടത്തിലേയ്ക്കു കടന്നു. കതകു് അടച്ചുപൂട്ടുകയും ചെയ്തു. ഈ തോട്ടം ഡാക്ടരുടെ സ്വന്തം ഉപയോഗത്തിനുള്ളതായിരുന്നതുകൊണ്ടു് അവിടെ ആൾസഞ്ചാരമേ ഇല്ലായിരുന്നു. അതിൽക്കൂടി കഴിയുന്നവേഗം നടന്നു് തോ

ട്ടത്തിൻെറ പടിഞ്ഞാറെ അററത്തുള്ള ഭിത്തിയുടെ വാതിൽ തുറന്ന് അന്നയെ പുറമേ കടത്തിക്കൊണ്ടു എലിസബെത്ത് പറയുകയാണ്:— "ഞാൻ എന്നെക്കൊണ്ടു സാധിക്കാവുന്ന സഹായം ചെയ്തുകഴിഞ്ഞു. ഇനി നിങ്ങളുടെ സാമത്ഥ്യവും ദൈവവും നിങ്ങളെ തുണയ്ക്കട്ടെ."

അന്നയ്ക്ക് ഉള്ളിൽ നിറഞ്ഞിരുന്ന കൃതജ്ഞതയുടെയും സന്തോഷത്തിൻെറയും ആധിക്യംനിമിത്തം ഒരു ക്ഷണനേരത്തേയ്ക്ക് ഒന്നും മിണ്ടുവാൻ സാധിച്ചില്ല. തനിക്ക തീരെ അപരിചിതയായിരുന്ന ആ സ്ത്രീ എത്രയോ അപായകരവും നാശകരവുമായ ഒരു കൃത്യം തനിക്കവേണ്ടി ചെയ്തതിനെ ഓത്ത് അന്നയുടെ ഹൃദയം വിവിധവികാരസങ്കലമായി എലിസബെത്തിൻെറ സ്വാത്ഥരഹിതമായബുദ്ധിയെ അഭിനന്ദിച്ച്, താൻ അവരോട് ആജീവനാന്തം കടപ്പെട്ടിരിക്കുന്നുവെന്നുപറഞ്ഞ് രണ്ടുപേരും ഹൃദയപൂവ്വം ആശ്ലേഷംചെയ്തശേഷം എലിസബെത്ത് തോട്ടത്തിൽകടന്ന് വാതിൽ പൂവസ്ഥിതിയിൽ ബന്ധിക്കുകയും, അന്ന ആത്മരക്ഷാത്ഥം പരിതഃഗതി തുടരുകയും ചെയ്തു.

കളിയെല്ലാം അവസാനിച്ച് കുറേക്കഴിഞ്ഞപ്പോഴാണ് അന്നയുടെ അപ്രത്യക്ഷഭാവം അവിടെയുള്ളവക്ക മനസ്സിലായത്. ഉടൻതന്നെ ആ അസിതാംബരധാരിണിയെ അന്വേഷിച്ച് നാലുപാടും ആളുകൾ ഓടിത്തുടങ്ങി. ഈ ഗവേഷണം അന്ന പോയി രണ്ടുമണിക്കൂറിലധികംസമയം കഴിഞ്ഞതിനുശേഷമായിരുന്നു. അന്നയുടെ അടയാളം കറുത്ത വസ്ത്രമായിട്ടാണ് അവർ മനസ്സിലാക്കിയിരുന്നതും. ആ വസ്ത്രം എലിസബെത്തിൻെറ പെട്ടിയുടെ അടിയിലായിപ്പോയത് അന്വേഷകന്മാർ എങ്ങിനെ അറിയും?

അന്ന നേരേ പോയത് റയിൽവേസ്റ്റേഷനിലേയ്ക്കായിരുന്നു. ഓടുന്നത് കാണികൾക്ക സംശയജനകമാകുമെന്നു കരുതി, ആളുകളുള്ള ഭാഗങ്ങളിൽ നടന്നും, വിജനപ്രദേശങ്ങളിൽ ഓടിയും, ആരോടും ഒന്നും ചോദിക്കാതെയും തിരിഞ്ഞുനോക്കാതെയും തൻെറ യാത്രയെ അവളൊരുവിധം വേഗത്തിൽ തീത്തു. സ്റ്റേഷനിലെത്തിയപ്പോൾ ഒരു വണ്ടി പുറപ്പെടുന്നതിനുള്ള സമയമായിരുന്നു. ററിക്കററുവാങ്ങുന്ന സ്ഥലത്തു ചെന്നപ്പോൾ, ദുഃഖസൂചകമായ കറുത്തവസ്ത്രം ധരിച്ച്, തന്നെപ്പോലെ ഉയരവും കേശനിറവും ഉള്ള ഒരുത്തി നില്ക്കുന്നതു

കണ്ടിട്ട്, 'അവളുടെ സമീപം നില്ക്കുന്നതു് തനിക്കു രക്ഷാകരമായിത്തീരും' എന്നു കരുതി അന്ന അടുത്തുകൂടി. ആ സ്ത്രീ ലീഡ്സ്പട്ടണത്തിലേയ്ക്കു് റിക്കറ്റുവാങ്ങുന്നതായറിഞ്ഞു് അന്നയും അവിടേയ്ക്കു് തന്നെ ഒരു ശീട്ടു മേടിച്ചു. രണ്ടുപേരും ഒരേ വണ്ടിമുറിയിൽത്തന്നെ കയറുകയും ചെയ്തു.

വണ്ടി പുറപ്പെട്ടു് കുറെക്കഴിഞ്ഞപ്പോൾ ആ സ്ത്രീ അന്നയെ നോക്കി, 'നിങ്ങൾ ദൂരയാത്ര ചെയ്യുവാണോ?' എന്നു ചോദിച്ചു.

അന്ന—ലീഡ്സ്പട്ടണത്തിലേയ്ക്കു പോകയാണു്.

അന്ന്യ—ഞാനും അങ്ങോട്ടുതന്നെയാണു് പോകുന്നതു്. അവിടംവരെ നിങ്ങളുടെ കൂട്ടുകിട്ടിയതു വളരെ സന്തോഷമായി. ഞാനിന്നു രാവിലെ തിരിച്ചതായിരുന്നു. റിക്കറ്റിനുള്ള പണംമാത്രം കയ്യിലെടുത്തു ബാക്കി ഒരു സഞ്ചിയിലിട്ടു ഞാൻ താമസിച്ചിരുന്ന സ്ഥലത്തു് സൂക്ഷിച്ചുവെച്ചു. ആ സഞ്ചി എടുക്കാത്ത വിവരം പിന്നെ ഓർമ്മിച്ചതു ഇവിടെവന്നു റിക്കറ്റു് വാങ്ങിയതിനുശേഷമായിരുന്നു. ഉടൻതന്നെ തിരിയേ പോയി. ഇന്നു വാങ്ങിയ ശീട്ടു് നാളേയ്ക്കു് ഉപയോഗിക്കാൻ പാടില്ലാത്തതുകൊണ്ടാണു് ഈ രാത്രിതന്നെ യാത്രയ്ക്കൊരുമ്പെട്ടതു്. ഞാൻ ലീഡ്സ് പട്ടണത്തിൽനിന്നു് ഇരുപതുമൈൽ അകലെയുള്ള സാമർടൻ സ്ഥലത്തേയ്ക്കാണു പോകുന്നതു്.

അന്ന—നിങ്ങളുടെ ബന്ധുക്കൾ അവിടെയാണോ താമസിക്കുന്നതു്?

അന്ന്യ—അല്ല; ഞാനവിടെ ഒരു വീട്ടിൽ കുട്ടികളെ പഠിപ്പിക്കുന്ന വേലയിൽ ഏല്പെട്ടുപോകയാണു്. എന്റെ മാതാപിതാക്കൾ മരിച്ചുപോയതു മുതൽ എന്റെ കാര്യാന്വേഷണം നടത്തുന്നതു് ഞാൻ തനിയേ ആണു്.

അന്ന "ഞാനും ഏകാകിനിയാണു്." അന്നയുടെ സ്വരം അപ്പോൾ ഗൽഗദസമ്മിശ്രമായിരുന്നു.

അന്ന്യ—അതിന്റെ കഷ്ടത എനിക്കു നല്ലവണ്ണം അറിയാം. എന്റെ മാതാവും പിതാവും മരിച്ചിട്ടു് മൂന്നുകൊല്ലമായി. ഇക്കഴിഞ്ഞ മൂന്നുകൊല്ലവും ഞാനൊരു വൃദ്ധസ്ത്രീയുടെകൂടെ താമസിക്കുക

യായിരുന്നു. ഇപ്പോൾ അവരും പരലോകപ്രാപ്തയാവുകയാൽ വേറെ ജോലിക്കു പോവുകയാണ്.

അന്ന—നിങ്ങളുടെ നിലയിൽ ഇരുന്നാൽ കൊള്ളാമെന്നു ഞാനാശിക്കുന്നു.

അന്ന്യ—നിങ്ങളും പ്രവൃത്തി അന്വേഷിച്ചു നടക്കുകയാണോ?

അന്ന—അതേ, പക്ഷേ, ശുപാർശക്കത്തുകളൊന്നും എനിക്ക് ഇല്ല. എൻെറ സ്നേഹിതന്മാർ എന്നെ കണക്കിലധികം ദ്രോഹിച്ചിരിക്കയാണ്. അതിനാൽ അവരെ ആശ്രയിക്കാൻ പ്രയാസമാണ്.

അന്ന്യ—ആ സ്ഥിതിക്കു നിങ്ങൾ ചെലവിനെന്താ വഴികണ്ടിരിക്കുന്നത്?

അന്ന—അതിനു വേണ്ടി ചുരുങ്ങിയൊരു സംഖ്യ കൈവശമുണ്ട്. എൻെറ സ്വന്തം ഒരാൾ ദേശാടനത്തിനു പോയിരിക്കയാണ്. അദ്ദേഹത്തിൻെറ പ്രത്യാഗമനകാലംവരെയുള്ള ചെലവ് ആ സംഖ്യകൊണ്ടു നടത്താം.

അന്ന്യ—എന്നാൽ കഴിയുന്ന സഹായമെല്ലാം ഞാൻ ചെയ്യാം. നിങ്ങളുടെ മേൽവിലാസം, നാം തമ്മിൽ പിരിയുന്നതിനുമുമ്പായി എനിക്കു തരണം. നിങ്ങൾക്കു ലണ്ടനിൽ താമസിക്കാൻ വിസമ്മതമില്ലെങ്കിൽ ചുരുങ്ങിയ ചെലവിൽസുഖമായി കഴിച്ചുകൂട്ടത്തക്ക ഒരുസ്ഥലം എനിക്കു അറിയാം. അവിടെ ചെന്നു ഹെസ്റ്റർ താമസിച്ചിരുന്ന സ്ഥലം ഏതാണെന്ന് ചോദിച്ചാൽ മാത്രം മതി.

അന്ന—നിങ്ങളുടെ പേർ ഇതാണോ? മധുരമായ പേരാണിത്.

അന്ന്യ—നിങ്ങളുടെ നാമം അതിലും മധുരമായിരിക്കണമല്ലോ.

അന്ന—'ഹെലൻ' എന്നാണെൻെറ നാമധേയം.

ഹെസ്റ്റർ—നല്ലപേര്. നമ്മുടെ ഈ പരിചയം ഇപ്പോഴെയ്ക്കു മാത്രമായിത്തീരരുത്. നാം മനമിണങ്ങിയ സഖികളായി ഭവിക്കണമെന്നാണ് എൻെറ ആശ.

അന്ന—എനിക്ക് ഒരു സ്നേഹിത അത്യാവശ്യമാണെന്ന് ദൈവ ത്തിനു അറിയാം.

അന്ന പറഞ്ഞുനിറുത്തിയ വാക്ക് കുറച്ചൊരു സംഭ്രമത്തോടു കൂടി പുറപ്പെട്ടതായിരുന്നു. അതിലെ അന്തർഗ്ഗതം ഫെസ്റ്ററിനു മന സ്സിലാക്കാൻ സാധിക്കുന്നതിനു മുമ്പ് വണ്ടി പെട്ടെന്നു നില്ക്കുകയും, അതിന്റെ കാരണമറിയുന്നതിനായി അവൾ വണ്ടിയുടെ ജന്നലിൽ കൂടി തല വെളിയിലേയ്ക്കാക്കി നോക്കിത്തുടങ്ങുകയും ചെയ്തു. എ ന്നാൽ, അന്ന അവളെ പിടിച്ചു വലിച്ചുകൊണ്ട്, "അങ്ങനെ നോ ക്കുന്നതു തെററാണ്" എന്നു പറഞ്ഞു.

ഫെസ്റ്റർ—(ചിരിച്ചുകൊണ്ട്.) അപകടങ്ങൾ എത്ര വന്നാലും മര ണത്തിൽ കവിഞ്ഞു ഒന്നും വരുവാനില്ലല്ലോ. ഞാനെങ്ങാനും മരിച്ചുപോകുന്നപക്ഷം, നിങ്ങൾ എന്റെ പേരു സ്വീകരിച്ച് എന്റെ ജോലിയിൽ പ്രവേശിക്കണം. ഞാൻ പോകുന്ന വീട്ടു കാരിലാരും എന്നെ കണ്ടറിയുന്നവരല്ല. എന്റെ ഹൃദയം ക്ഷീ ണിച്ചതാണെന്നും, പെട്ടെന്നുണ്ടാവുന്ന വല്ല സംഭവവുംകൊണ്ടു പരിഭ്രമിക്കുകയാണെങ്കിൽ ഞാൻ മരിച്ചേക്കാമെന്നും ഡാക്ടർ അ ഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, ഞാനതൊന്നും വിശ്വസിക്കുന്നി ല്ല വർത്തമാനങ്ങളെല്ലാം പറഞ്ഞുവന്നപ്പോൾ അതും പറ ഞ്ഞുവെന്നേയുള്ളു.

# പതിന്നാലാം അദ്ധ്യായം.

(റയിലപകടം.)

ആ യുവതികൾ ഇങ്ങനെ ഓരോ സല്ലാപങ്ങൾചെയ്തു സമയംപോകുന്നതറിയാതെ യാത്രചെയ്തുവരികയായിരുന്നു. ഹെലൻ ഏതോ കുഴപ്പത്തിൽ കുടുങ്ങിയിരിക്കയാണെന്നു സമർത്ഥയായ ഹെസ്റ്റർ മനസ്സിലാക്കി. തന്നാൽ ആവുംവിധം അവളെ സഹായിക്കണമെന്നും ആ സ്ത്രീ ഉള്ളുകൊണ്ടുറച്ചു. തന്റെ അച്ഛനമ്മമാരുടെ മുഖത്തിൽനിന്നു സന്മാർഗ്ഗോപദേശങ്ങൾ ലഭിക്കുവാനുള്ള ഭാഗ്യധേയം അവൾക്കുണ്ടായില്ലെങ്കിലും, തന്റെ ചുരുങ്ങിയ ജീവിതത്തിനിടയിൽ അനുഭവിച്ച കഷ്ടതകൾതന്നെ, മററുള്ളവരുടെ ശോച്യാവസ്ഥയിൽ സഹതാപിക്കേണ്ടതാണെന്നു അവളെ പഠിപ്പിച്ചിട്ടുണ്ട്. ഹെസ്റ്റർക്ക് ഹെലന്റെ പൂർവ്വചരിത്രങ്ങളൊന്നും തീരെ അറിഞ്ഞുകൂടാ; എങ്കിലും, ഹെലനെ സഹായിക്കേണ്ടതു തന്റെ ചുമതലയാണെന്ന് ഹെസ്റ്റർക്ക് തോന്നി. അവൾ അന്നയോട്, 'നിങ്ങൾക്കു ലിഡ്സിൽ പരിചയക്കാരുണ്ടോ?' എന്നു ചോദിച്ചു.

അന്നയ്ക്കു ഉത്തരം പറയേണ്ടതായി വന്നില്ല; അപ്പോഴേയ്ക്കും ഭയങ്കരാരാവത്തോടുകൂടി വണ്ടി പെട്ടെന്നു നില്ക്കുകയും, രണ്ടുപേരും മറിഞ്ഞുവീഴുകയും ചെയ്തു. അന്ന വേഗത്തിലെഴുന്നേററു ഹെസ്റ്ററെ നോക്കിയപ്പോൾ അവൾ ശവപ്രായമായി ശയിക്കുകയായിരുന്നു. പരിഭ്രാന്തയായ അന്ന വണ്ടിയുടെ ഒരു ഭാഗത്തുചെന്നു നോക്കി സഹായത്തിനായി പലരേയും വിളിച്ചു. അതുകേട്ട ഒരു മനുഷ്യൻ അവിടെ വന്നുഹെസ്റ്ററെ തൂക്കിയെടുത്തു അപായസ്ഥലത്തിൽനിന്ന് അകലെ കൊണ്ടുപോയിക്കിടത്തി. അന്നയും പിറകെ അവിടെച്ചെന്നു. അനന്തരം ആ മനുഷ്യൻ അന്നയോട്, "നോക്കിയിട്ടു പ്രയോജനമൊന്നുമില്ലെന്നുതോന്നുന്നു; ശ്വാസം നിലച്ചിട്ടുണ്ട്. ഞാൻ എന്റെ സഹായം കൂടുതൽ ആവശ്യമുള്ള മററുപേരുടെ അടുക്കലേയ്ക്കു പോകുന്നു; തല്ക്കാലം നിങ്ങൾ ഇവളെ സൂക്ഷിച്ചുകൊള്ളണം." എന്നു പറഞ്ഞു ധിറുതിവെച്ചു പോയി.

വണ്ടി നില്ക്കുന്നതിനു ഇട വരുത്തിയ സംഭവം ഭയങ്കരമായി രുന്നു. പെട്ടന്നവേ മറെറാരു വണ്ടിയുമായി കൂട്ടിമുട്ടുക നിമിത്തം പ്രസ്തുത വണ്ടിയുടെ എൻജിൻ മറിയുകയും, ബാക്കി വണ്ടികളിൽ തീ പാറുകയും ചെയ്തു. എൻജിനിന്നു സമീപമുള്ള വണ്ടികളിൽ അധം ത്തിരക്ക് ഉണ്ടായിരുന്നതിനാൽ, അനേകം പേർ രക്ഷാമാർഗ്ഗം കിട്ടാ തേ തീയിൽവെന്തു വെണ്ണീറായി തീരുവാനിടയായി.

സ്നേഹിതയെ സൂക്ഷിച്ചുകൊണ്ടിരുന്ന അന്ന, തനിക്കു വേറെ വല്ലവൎക്കുംകൂടി സഹായംചെയ്വാൻ കഴിയുമെന്നുകരുതി തീയിൽ അകപ്പെട്ടവരുടെ കൂട്ടം നോക്കി നടന്നു. അവിടെ ചെന്നപ്പോൾ- തന്നെ, തന്നോടൊപ്പം പ്രായംതോന്നിക്കുന്ന ഒരു സ്ത്രീ മുഖവും ദേഹ വും ഒരുമാതിരി വെന്തു ആസന്നമരണയായി കിടക്കുന്നതു കണ്ടു് അവ ളുടെ സമീപം ചെന്നിരുന്നു രക്ഷിപ്പാൻ മാൎഗ്ഗമുണ്ടോ എന്നു് അവൾ നോക്കി. മരണവേദന അനുഭവിച്ചുകൊണ്ടിരുന്ന ആ സ്ത്രീ പെട്ടെന്നു കൈനീട്ടി അന്നയുടെ കഴുത്തിൽ പിടിച്ചു. ആ പിടി വിട്ടുവിക്കുവാൻ അന്ന ചെയ്ത ശ്രമത്തിനിടയിൽ അവളുടെ കഴുത്തിൽ കിടന്നിരുന്ന പതക്കത്തോടുകൂടിയ പൊൻനൂൽ മറേറ സ്ത്രീയുടെ കയ്യിൽപെടു കയും, ആ വസ്തുത അറിയാതെ അന്ന കൈ വലിച്ചു നീക്കിയപ്പോൾ നൂൽപൊട്ടി അതു മററവളുടെ കയ്യിൽത്തന്നെ അകുകയും ചെയ്തു പോയി. അധികം താമസിയാതെതന്നെ ആ സ്ത്രീ മരിക്കുകയും ചെയ്തു.

നൂലും പതക്കവും വീണ്ടെടുക്കുവാൻ അന്ന വളരെ പണിപ്പെട്ടു നോക്കി. പ്രയത്നമെല്ലാം വിഫലമായതുകൊണ്ടു് അവൾ വല്ലവരു ടെയും സഹായത്താൽ അതു പിന്നീടെടുക്കാമെന്നു വിചാരിച്ചു് അല്പം മാറി വീണ്ടും പലൎക്കും പല സഹായങ്ങളും ചെയ്വാൻ, ഉദ്യുക്തയായി. അപ്പോൾ മുറിവേററവരേയും മരിച്ചവരേയും നോക്കിക്കൊണ്ടു നടന്നി രുന്ന ഡാക്ടർമാർ മരിച്ചുകിടന്ന ആ സ്ത്രീയുടെ അടുക്കലും വന്നുകൂടി. "പാവം! തീയിൽ വെന്തു് ആളറിയാത്തവിധം ആയിരിക്കുന്നു" എന്നു ഒരു ഡാക്ടർ പറഞ്ഞപ്പോൾ മറെറാരു ഡാക്ടർ, "ഇതാ പൊൻനൂലോ ടുകൂടിയ ഒരു പതക്കം ഇവളുടെ കയ്യിൽകാണുന്നല്ലോ. ഇവൾ കറു ത്തവസ്ത്രമാണു ധരിച്ചിരുന്നതെന്നു് കരിയാത്ത ഈ വസ്ത്രഭാഗംകൊ

ണ്ടു മനസ്സിലാക്കാം. ഈ അടയാളങ്ങൾകൊണ്ടുതന്നെ ഇവർ ഇന്നാരാണെന്നു അറിവാൻ സാധിച്ചേക്കാം" എന്നഭിപ്രായപ്പെട്ടു.

അന്ന ഈ വാക്കുകൾകേട്ടു തിരിഞ്ഞുനോക്കി. മരിച്ചുപോയ സ്ത്രീ ഉയരംകൊണ്ടും മററും തന്നോടു തുല്യയാണെന്നും, സ്വല്പം വ്യത്യാസങ്ങൾ വല്ലതുമുണ്ടെങ്കിൽത്തന്നെയും ദേഹം വെന്തുപോയതുകൊണ്ട് സ്പഷ്ടമാകുന്നതല്ലെന്നും അവൾക്കു ബോദ്ധ്യമായി. ആ പതക്കം അവളുടെ കഴുത്തിൽത്തന്നെ ഇരിക്കുന്നപക്ഷം, ഹ്യൂഗോ, ഡേവിഡോ തന്നെ അന്വേഷിച്ചു വന്നാൽ അവളുടെ മൃതശരീരം കണ്ട് താനാണു മരിച്ചുപോയതെന്ന് തീച്ചപ്പെടുത്തുമെന്നും അവൾ വിശ്വസിച്ചു. തന്റെ കുടുംബത്തിൽ പുരാതനമായി ഇരുന്നിരുന്ന ആ പതക്കത്തിന്റെ നഷ്ടം സഹിക്കുന്നതു്, ഭാവിയിൽ തനിക്കു വലിയൊരു രക്ഷോപായമാകുമെന്നുതന്നെ അവളുറച്ചു. ധനം മാനത്തെക്കാൾ വലുതല്ലെന്നു അവൾക്ക് അറിയാമായിരുന്നു. അതുകൊണ്ട് ആ പതക്കവും പൊൻനൂലും വിടെട്ടുക്കേണ്ടയെന്നുതന്നെ അവൾ തീരുമാനിക്കുകയാണ് ചെയ്തതു്.

ദൈവത്താൽ അരുളപ്പെട്ട ആ രക്ഷാമാർഗ്ഗം സമ്പാദിച്ചതിനുശേഷം അന്ന സ്നേഹിതയായ ഹെസ്റ്ററുടെ സ്ഥിതിയെപ്പററി നോക്കുവാൻ പോയി. അവളുടെ സമീപത്തിൽ ചെന്നപ്പോൾ, താൻ മുമ്പു കണ്ട ഡാക്ടർമാർ അവളുടെ ശരീരം പരിശോധിക്കുന്നതായിട്ടാണ് അന്ന സന്ദർശിച്ചതു്. അന്ന അവരോട്, "ഇവൾ മരിച്ചിട്ടില്ലായിരിക്കുമല്ലോ" എന്ന് ഒരു സന്ദിഗ്ദ്ധഭാവത്തിൽ പറഞ്ഞു.

ഒരു ഡാക്ടർ—നിങ്ങൾക്ക് ഇവരെ പരിചയം ഉണ്ടോ?

അന്ന—ഞങ്ങളൊന്നുമിച്ചു വണ്ടിയിൽ യാത്രചെയ്തുവായിരുന്നു; അത്രയും മാത്രമുള്ള പരിചയം ഉണ്ട്.

ഡാക്ടർ—പാവം! മരിച്ചുപോയെന്നു തോന്നുന്നു. ഹൃദയത്തിനു ചലനമില്ല. ഇവളുടെ ഹൃദയം സ്വഭാവേന ക്ഷീണിച്ചതായിരിക്കണം. നിങ്ങൾക്ക് ഇവളുടെ പേരെന്തെന്ന് അറിയാമോ?

'ഹൃദയക്ഷീണതകൊണ്ടു മരിച്ചുപോയിരിക്കണം.' എന്ന വാക്കുകൾ കേട്ടയുടനേ വണ്ടിയിൽവച്ചു ഹെസ്റ്റർ പറഞ്ഞതു് അന്നയുടെ

സ്മൃതിപഥത്തിലെത്തി. "ഞാൻ മരിക്കുന്നുവെങ്കിൽ, എന്റെ പേര് സ്വീകരിച്ച് ഞാനുദ്ദേശിച്ചു പോകുന്ന ജോലിയിൽ നിനക്കു പ്രവേശിക്കാവുന്നതാണ്" എന്നു ഹെസ്റ്റർ കളിയായി പറഞ്ഞ വാക്കുകൾ പ്രശ്നഫലംപോലെ ഒത്തുവന്നല്ലോ എന്ന് അന്ന വിസ്മയിച്ചു. താൻ അപ്രകാരം ചെയ്യുന്നത് തനിക്കു വലിയ ഉപകാരമായിരിക്കുമെന്നും, ഒരുത്തക്കും ദ്രോഹമുണ്ടാകാനും, ഒരുത്തരുടേയും ദ്രോഹമേല്ക്കാനും ഇടയാകയില്ലെന്നും അവൾ തീരുമാനിച്ചു. ഒരു ക്ഷണനേരംകൊണ്ട് ഈവക മനോരാജ്യങ്ങൾ അവളുടെ ഹൃദയത്തിൽ പാഞ്ഞുപോയി. അവൾ ഡാക്ടരോട്, "ഹെലൻ എന്ന പേരാണ് അവൾ എന്നോടു പറഞ്ഞത്" എന്നുപറഞ്ഞു.

ഡാക്ടർ— നിങ്ങളുടെ പേരോ?

അന്ന—എന്റെ പേർ ഹെസ്റ്റർ എന്നാണ്. ഞാൻ ലിഡ്സ്പട്ടണത്തിന്റെ അടുത്തുള്ള സാമർടൺ എന്ന സ്ഥലത്തേയ്ക്കു പോവുകയാണ്.

അധികം താമസിയാതെ മരിച്ചവരേയും മുറിവേററവരേയും, ആപത്തിൽ പെടാത്തവരേയുമെല്ലാം കയററിക്കൊണ്ടു സാവധാനത്തിൽ വണ്ടി അടുത്തസ്റ്റേഷനിലെത്തി. ആദ്യത്തെ രണ്ടുതരക്കാരേയും അവിടെയുള്ള ആശുപത്രിയിൽ കൊണ്ടാക്കുവാനായി ഇറക്കിയതിനുശേഷം വണ്ടി ലിഡ്സ്പട്ടണത്തിലേയ്ക്കായി തിരിച്ചു. അന്ന ഹെസ്റ്റർ എന്ന തന്റെ പുത്തൻപേരോടുകൂടിയാണു യാത്ര ചെയ്തത്.

മൃതിപ്പെട്ടവരെയെല്ലാം, ആൾ തിരിച്ചറിയുന്നതിനുവേണ്ടി വരിവരിയായി കിടക്കകളിൽക്കിടത്തി ആ ആശുപത്രിയിലെ ഒരു ഡാക്ടർ പരിശോധിച്ചുകൊണ്ടിരുന്ന കൂട്ടത്തിൽ ഹെസ്റ്റരുടെ സമീപത്തിൽ ചെന്നപ്പോൾ അവൾക്കു ജീവനുള്ളതായി ഡാക്ടൎക്കൊരു സംശയം തോന്നി. സൂക്ഷ്മപരിശോധനാനന്തരം തന്റെ സംശയം വാസ്തവമാണെന്നു തീച്ചപ്പെട്ടപ്പോൾ ഡാക്ടർ കുറെ ചാരായം അവളുടെ വായിൽ ഒഴിച്ചു കൊടുത്തു. അവൾക്കു ക്ഷണത്തിൽ ബോധംവന്നു. അവൾ കണ്ണുതുറന്നു ഒരു അമ്പരപ്പോടെ ചുററും നോക്കിത്തുടങ്ങി.

ഡാക്ടർ—നിങ്ങൾ പേടിക്കേണ്ടാ.

ഹെസ്റ്റർ—ഞാനിപ്പോൾ എവിടെയാണ്?

ഡാക്ടർ—വണ്ടിക്ക അപത്തു പററിയ ഉടനേ ശ്വാസകോശമടഞ്ഞു ബോധമില്ലാതെ നിങ്ങഠം വീണുപോയി. നിങ്ങഠം മരിച്ചു വെന്നുതന്നെ എല്ലാവരും കരുതിയിരുന്നു. നിങ്ങളുടെ കൂടെ യാത്ര ചെയ്തുകൊണ്ടിരുന്ന ഹെസ്റ്റർ നിങ്ങളുടെ പേരു ഹെലനാണെന്നു പറഞ്ഞതായി റയിൽവേ ഡാക്ടരുടെ കുറിപ്പു് ഇവിടെ കിട്ടിയിട്ടുണ്ടു്.

ഹെസ്റ്റൎക്കു പെട്ടെന്നു കായ്യം മനസ്സിലായി. കൂടെ യാത്രചെയ്തിരുന്ന ഹെലൻ പേരു കട്ടെടുത്തു തൻെറ ജോലിയിൽ പ്രവേശിക്കാനുദ്ദേശിക്കുന്നതായി ഓൎത്തപ്പോഠം അവഠംക്കു അല്പം നീരസമുണ്ടായി. എന്നാലും, താൻതന്നെയാണു് അപ്രകാരം ചെയ്യാമെന്നുള്ള ഒരു വഴി അവഠംക്കു പറഞ്ഞുകൊടുത്തതെന്ന പരമാൎത്ഥബോധം ആ നീരസത്തെ ഇരുത്തിപ്പൊറുപ്പിച്ചില്ല.

ഹെസ്റ്റർ—ഞാൻ മരിച്ചുവെന്നായിരിക്കുമോ അവഠം വിചാരിച്ചതു്?

ഡാക്ടർ—റയിൽവേഡാക്ടർപോലും അങ്ങനെയാണു് വിചാരിച്ചതു്. നിങ്ങളുടെ മരണത്തെപ്പററി ആ സാധുസ്ത്രീ വളരെ ദുഃഖിച്ചിരിക്കയാണു്.

ഹെലനിൽ യാതൊരു അപരാധവും ഇല്ലെന്നു അവഠം വിശ്വസിച്ചു. എന്നാൽ, തനിക്കു നല്ല ശമ്പളം കിട്ടുമെന്നു ആശിച്ചിരുന്നതു് ഇല്ലാതായതിനെപ്പററി അവളാദ്യം അല്പം വ്യസനിക്കാതിരുന്നില്ല. പക്ഷെ, ഹെലന്നു് ഈവക ജോലിക്കുള്ള അന്വേഷണം പൂൎത്തായിട്ടുള്ളതും, തനിക്കു ഉപജീവനമാൎഗ്ഗം നേടുന്നതിനു ത്രാണിയുള്ളതും ഓൎത്തു്, ആ സാധുവിനെ സഹായിക്കാൻ ഒരു മാൎഗ്ഗം കിട്ടിയതിൽ മഹാമനസ്കയായ ഹെസ്റ്റർ ക്രമാധികം സന്തുഷ്ടയായി. ഏതായാലും പുതിയ ഹെസ്റ്ററുടെ ജോലിക്കുള്ള പാടവവും, സ്വഭാവവും സൂക്ഷിച്ചറിയണമെന്നു് ചിന്തിച്ചു്, സാമർടണിൻെറ അടുത്തുള്ള വല്ലയിടത്തും വല്ല ജോലിയും കൈക്കലാക്കിപ്പാൎക്കണമെന്നു് തന്നെ അവഠം നിശ്ചയിച്ചു.

ഹെസ്റ്റർ തൻെറ സാമാനങ്ങളെപ്പററി ഡാക്ടരോടു് ചോദിച്ചതിന്നു, സാമാനവണ്ടി എരിഞ്ഞുപോയിരിക്കുമെന്നും, റയിൽവേക്കമ്പനിക്കാർ നഷ്ടംകെട്ടിത്തരുന്നതാണെന്നും മറുപടി ലഭിച്ചു. എ

ന്നാൽ, ഹെസ്റ്റർ "പോയതു പോകട്ടെ; അതു വകവെയ്ക്കാനില്ല" എന്നു പറഞ്ഞു് ആ ഭാഗം തള്ളിക്കളയുകയാണു് ചെയ്തതു്.

ക്ഷീണാധിക്യത്താൽ അവൾക്കു രണ്ടുദിവസം ആശുപത്രിയിൽ കിടക്കേണ്ടിതായി വന്നു. രണ്ടാംദിവസം രാവിലെ ഒരു വർത്തമാന പത്രം വാങ്ങി വായിച്ചപ്പോൾ, "കറുത്ത വസ്ത്രം ധരിച്ച സുന്ദരിയായ ഒരു ഭ്രാന്തസ്ത്രീ ഡാക്ടർ ഹോംഡ്സ്വോർത്തിന്റെ ആശുപത്രിയിൽ നിന്നു്, അവിടെ രോഗികൾക്കായി നിശ്ചയിച്ചിട്ടുള്ള വിനോദദിവസത്തിൽ ഓടിപ്പോയിരിക്കുന്നു. അവളുടെ അടയാളംകൊണ്ടു എളുപ്പത്തിൽ കണ്ടു പിടിക്കപ്പെട്ടുമായിരിക്കാം." എന്നൊരു 'വിശേഷവാർത്ത' ഹെസ്റ്റർക്കു് ലക്ഷീഭവിച്ചു. തലേദിവസം തന്റെകൂടെ യാത്ര ചെയ്തിരുന്ന സ്ത്രീതന്നെയാണു് ഓടിപ്പോയ ഭ്രാന്തിയെന്നു് അവൾക്കു ക്ഷണനത്തിലൊരു തോന്നലുണ്ടായി. എന്നാൽ, അവൾ ഭ്രാന്തിയല്ലെന്നു ഹെസ്റ്റർക്കു് അറിയാമായിരുന്നു. ചിത്തഭ്രമമുള്ളവർക്കു് കൌശലബുദ്ധി സാമാന്യമാണെങ്കിലും, തന്റെ പേരും ജോലിയും കൈക്കലാക്കിയ ഹെലനിൽ അവൾ ഭ്രാന്തിന്റെ ലക്ഷണം കണ്ടില്ല. എന്നു മാത്രമല്ല, ഉന്മാദമില്ലാത്തവരെക്കൂടിയും ചിലപ്പോൾ അന്യായമായി ഭ്രാന്താണെന്നു പറഞ്ഞു് ആശുപത്രിയിൽ ഇട്ടുവന്നപതിവു് അവൾക്കു ധാരാളം കേട്ടുകേൾവിയുമുണ്ടായിരുന്നു. ഹെലൻ തന്റെ സ്നിഗ്ദ്ധജനത്തിൽനിന്നു അനുഭവിച്ചതായി പറഞ്ഞ ദ്രോഹം ഇതു സൂചിപ്പിച്ചായിരിക്കുമെന്നും അവൾ വിചാരിക്കാതിരുന്നില്ല. ഏതായാലും തന്റെ കണ്ണിൽനിന്നു് ഇനി അവളെ അകറ്റം വിട്ടുകൊടുക്കുന്നതല്ലെന്നും, അവളുടെ സകല നടപടികളും സൂക്ഷിക്കുന്നതാണെന്നും കുശലമതിയായ ഹെസ്റ്റർ തീരുമാനിച്ചു.

## പതിനഞ്ചാം അദ്ധ്യായം.

---

### (ആശ്രയസ്ഥാനം.)

അന്ന ഓടിപ്പോയതായി അറിഞ്ഞയുടൻ ഫോൾഡ്സ്‌വോത്ത് ഹ്യൂവിന് കമ്പിഅടിച്ചു. അതുകിട്ടി വായിച്ചസമയം ഹ്യൂവും ഡേവിഡും വലിയ പരുങ്ങലിലായെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇനി എന്തുചെയ്യേണ്ടു എന്നറിയാതെ അവർ നന്നെ കുഴങ്ങി.

ഭീരുക്കളിൽ അഗ്രേസരനായ ഡേവിഡ് ആ മാത്രയിൽത്തന്നെ 'സകല സമ്പത്തും ശേഖരിച്ച് നാടുവിട്ടുപോയേ പററൂ' എന്നഭിപ്രായപ്പെടുവാൻ ഒട്ടും മടിച്ചില്ല. ഹ്യൂവിൻെറ അഭിപ്രായം അതു തെററാണെന്നായിരുന്നു. 'എങ്ങനെയെങ്കിലും അന്നയെ തേടി കണ്ടുപിടിച്ച് ഇനി ഒരിക്കലും ഓടിപ്പോകാൻ കഴിയാത്ത ഒരു സ്ഥലത്തു അടച്ചിടുവാൻ ശ്രമിക്കണം' എന്നാണ് അയാൾ പറഞ്ഞത്. അയാൾ പിന്നെയും പറയുന്നു:—"അവൾ ചത്തു തുലഞ്ഞാലേ മനസ്സമാധാനം ലഭിക്കൂ."

ഡേവിഡ്—ഓടിപ്പോകുന്നതിനു ചാൾസ് അവളെ സഹായിച്ചിരിക്കുമോ?

ഹ്യൂ—അങ്ങനെ വിചാരിക്കാൻ ന്യായമില്ല. ചാറത്സ് അവളെ കണ്ടുപിടിച്ചിരുന്നുവെങ്കിൽ ആ ക്ഷണത്തിൽത്തന്നെ വ്യവഹാരപ്പെടാതിരിക്കുകയില്ല. എന്നാൽ നമുക്ക് നാടുവിടേണ്ടതിനെപ്പററിയും ആലോചിക്കേണ്ടിവരും.

അവരുടെ സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ ഭൃത്യൻ മറെറാരു അറിയന്തിരക്കമ്പികൊണ്ടു കൊടുത്തു. ഹ്യൂ ഉല്ലാസമനാപിതം അതു ഇങ്ങനെ വായിച്ചു:—

"അന്ന റയിൽയാത്രചെയ്തസമയം റയിലപകടം നേരിട്ടകൂട്ടത്തിൽ ദേഹംവെന്തു മരിച്ചുപോയതായി തെളിച്ചു കിട്ടിയിരിക്കുന്നു. ഞാൻ സംഭവസ്ഥലത്തേയ്ക്കു പോവുകയാണ്. അടയാളപരിശോധനചെയ്തു ആളറിയാനായി നിങ്ങളും ഉടൻ അവിടെ വരണം."

എന്ന് ഫോൾഡ്സ്‌വോത്ത്."

ഈ വൎത്തമാനം വായിച്ചുഅറിഞ്ഞയുടനേ ഡേവിഡ് തന്റെ ക്രൂരകൎമ്മത്തിന്റെ പരിണാമത്തെ പരിചിന്തനം ചെയ്ത് ഒരു ക്ഷണനേരത്തേയ്ക്ക് പശ്ചാത്തപിച്ചു. എന്നാൽ അടുത്തനിമിഷത്തിൽത്തന്നെ, "തനിക്ക് മേലാൽ ആപത്തുണ്ടാകയില്ലല്ലോ" എന്ന രാക്ഷസീയബുദ്ധി അവനെ സമാധാനിപ്പിക്കയും ചെയ്തു. ഹ്യൂവാകട്ടെ ഈ വൎത്തമാനം കേട്ടു, സന്തോഷിച്ചതേയുള്ളു. സംഭവസ്ഥലത്തേയ്ക്ക് ഉടൻ തിരിക്കണമെന്ന് അവനഭിപ്രായപ്പെട്ടു. അപ്പോൾ ഡേവിഡ്, "ഞാൻ വരുന്നില്ല; എനിക്ക് അവളുടെ മൃതശരീരം കാണ്മാനുള്ള കരുത്തില്ല" എന്ന് തന്റെ മനുഷ്യത്വത്തെ പ്രകടിപ്പിച്ച് പറഞ്ഞു.

ഹ്യൂ—"അതേ; നീ ഒരു വലിയ കരുണാനിധിയാണല്ലോ. അവളെ എത്രയൊക്കെ നീ സഹായിച്ചു?" ഹ്യൂവിന്റെ ഹാസ്യവചനം കുറിക്കുകൊണ്ടു. അയാൾ തുടൎന്നു:—"നീ വരണേ പററൂ; അല്ലാത്തപക്ഷം അടയാളപരിശോധന ശരിയാവുകയില്ല." അയാളുടെ ഈ വാക്ക് ഗൌരവസ്വരത്തിലായിരുന്നു പുറപ്പെട്ടതു്.

ആ രണ്ടു കഴുകന്മാരും 'അന്നയുടെ മൃതശരീരം' സൂക്ഷിക്കപ്പെട്ടിരുന്ന സ്ഥലത്തേയ്ക്ക് പ്രയാണം ചെയ്തു. സംഭവസ്ഥലത്ത് എത്തിയപ്പോൾ ഹോംഡ്സ്വോത്തും അവിടെ ഹാജരുണ്ടായിരുന്നു. അവകാശികൾ ഇല്ലാതെ ഒരു ശവശരീരം മാത്രമേ അവിടെ കിടക്കുന്നതായി കാണപ്പെട്ടുള്ളു. ആ ശരീരത്തിന്റെ കഴുത്തിൽ ഒരു പതക്കവും പൊൻനൂലും ഉണ്ടായിരുന്നതായി ആശുപത്രിയിലെ ഡാക്ടർ പറഞ്ഞു. അതു രണ്ടും വാങ്ങി ഡേവിഡ് സൂക്ഷ്മമായിനോക്കി. അനന്തരം ആ ദുഷ്ടവീരന്റെ ദൃഷ്ടികൾ ശവപരിശോധന നടത്തി. മുഖം മുഴുവനും വെന്തുപോയിരുന്നതിനാൽ ആളെ തിരിച്ചറിവാൻ കഴിഞ്ഞില്ലെന്നാലും, ആകൃതികൊണ്ടും മററും അതു് അന്നതന്നെയാണെന്ന് അവൻ തീൎച്ചപ്പെടുത്തി. പതക്കം അന്നയുടെ കുടുംബംവകയായ പുരാതനസ്വത്താണെന്നും, തനിക്കു അതു് നല്ലവണ്ണം കണ്ടുതഴക്കമുള്ളതാണെന്നും അവൻ പറഞ്ഞു.

പരിശോധനാനന്തരം ഡേവിഡും ഹ്യൂവും തനിച്ചായപ്പോൾ, ഹ്യൂ, താൻ വളരെ കഷ്ടപ്പെട്ടിട്ടുള്ളതായും, ആ പ്രയത്നത്തിന് മതി

യായ പ്രതിഫലം തനിക്കു കിട്ടേണ്ടതായും, റോളൻറിൻെറ സ്വത്തിൽ നേരുപകുതി താൻ എടുക്കാൻ വിചാരിക്കുന്നതായും പറഞ്ഞു.

ഡേവിഡ്—അതു് ഒരിക്കലും ഞാൻ സമ്മതിക്കയില്ല.

ഹ്യൂ—നിൻെറ സമ്മതം അത്യാവശ്യമല്ല. എന്നോടു് എതിർക്കാൻ നിനക്കു ധൈൎയ്യമുണ്ടോ? അതുമാത്രം സൂക്ഷിച്ചുകൊള്ളണം.

പിറേറദിവസം രാവിലെതന്നെ ഡേവിഡും ഹ്യൂവും അന്നയുടേതായി ഗണിക്കപ്പെട്ട ശവശരീരം, സ്വദേശത്തുകൊണ്ടുപോയി അടക്കംചെയ്യാനുള്ള ഏൎപ്പാടുകളെല്ലാം ചെയ്തശേഷം തങ്ങളുടെ ജോലിനോക്കി പോകുകയും ചെയ്തു.

ആ ദുഷ്ടന്മാർ ശവപരീക്ഷണാൎത്ഥം വന്നുകയറിയ ആസ്പത്രിയിൽത്തന്നെയാണു് ഹെസ്റ്റർ രോഗബാധിതയായി കിടന്നിരുന്നതു്. അവൾക്കു് അവരെ കാണുന്നതിനും, അവർ ഡാക്ടരുമായി ചെയ്ത സംഭാഷണമെല്ലാം കേൾക്കുന്നതിനും ഇടയായി. തൻെറ പേരും ജോലിയും അപഹരിച്ചു് ഓടിപ്പോയ ആ ഭ്രാന്തി മരിച്ചുപോയെന്നറിഞ്ഞു് മൃതശരീരത്തെ അടയാളപ്പെടുത്താൻ വന്നവരാണു് അവരെന്നു അവൾ മനസ്സിലാക്കി. അവരുടെ മുഖഭാവവും ചില സംഭാഷണങ്ങളും കണ്ടും കേട്ടും, അവരുടെ കൃത്യത്തിൻെറ സ്വഭാവത്തെപ്പററി അവൾക്കുതന്നെ ചില സംശയങ്ങളെല്ലാം ഉദിച്ചു. ആ ഭ്രാന്തത്തി മരിച്ചുപോയെന്നു തന്നെ അവർ നിശ്ചയിച്ചിരിക്കുന്നതിനാൽ ഇനി അവളെപ്പററി മേൽ അന്വേഷണമുണ്ടാകാൻ തരമില്ലെന്നു അവൾ നിൎണ്ണയിച്ചു. തൻെറ അഭ്യൂഹങ്ങളെല്ലാം പരമാൎത്ഥമാക്കിത്തരേണമേ! എന്നു് അവൾ ദൈവത്തോടു് ഹൃദയപൂൎവ്വം പ്രാൎത്ഥിക്കുകയും ചെയ്തു.

അന്ന വഴിയിൽ പിന്നെ യാതൊരു ആപത്തും നേരിടാതെ സാമർടൺ എന്ന സ്ഥലത്തു് ചെന്നുചേൎന്നു. റയിൽവേ സ്റ്റേഷൻമാസ്റ്ററുടെ സഹായത്താൽ തനിക്കു പോകേണ്ട വീട്ടിലേയ്ക്കുള്ള വഴി ഇന്നതെന്നു് അവൾക്കു് എളുപ്പം അറിവാൻ സാധിച്ചു.

ഉദ്ദിഷ്ടസ്ഥലത്തോടു സമീപിക്കുന്തോറും അന്നയുടെ ഹൃദയം പരിഭ്രമംകൊണ്ടു തുടിച്ചുതുടങ്ങി. താൻ ചെയ്യാൻപോകുന്ന ചതി കണ്ടുപിടിക്കപ്പെട്ടേക്കുമോ എന്നു് അവൾ പേടിച്ചു. അതിനു വഴിയില്ലെ

ന്നും, അതു് ഒരുത്തൎക്കും ദ്രോഹകരമല്ലല്ലോ എന്നും അവൾക്കു സ്മരണ യുണ്ടായി. ആ വീട്ടിൽ ചെന്നുചേൎന്നാൽ തനിക്കു തൽക്കാലം ഒരാപത്തും വരികയില്ലെന്നു് അവൾ ധൈൎയ്യപ്പെട്ടു.

പലപല വികാരങ്ങളോടുകൂടിയാണെങ്കിലും അവൾ ആ വീടിന്റെ പടിവാതലിൽ ചെന്നു തട്ടി. വാതൽ തുറന്ന ഭൃത്യനോടു്, 'ഹെസ്റ്റർ എന്നു പേരുള്ള താൻ വന്നിരിക്കുന്നുവെന്നു് വീട്ടുടമസ്ഥയെ അറിവിക്കുവാൻ' അവളപേക്ഷിച്ചു. ഒരുക്ഷണനേരംകൊണ്ടു് അവൾ വീട്ടുടമസ്ഥയുടെ മുമ്പാകെ നീതയായി. നിശ്ചയിച്ചതിൽ കൂടുതൽ താമസിച്ചതിന്റെ കാരണമെന്താണെന്നു് ഒരു നീരസഭാവത്തിൽ ഗൃഹസ്ഥ അന്നയോടു ചോദിച്ചു. അതിന്നു റയിൽവേ സംഭവവും മററും അവൾ ആ കണിശക്കാരിയോടു വിസ്തരിച്ചു പറഞ്ഞു. വിവരമെല്ലാം കേട്ടപ്പോൾ ആ ഗൃഹസ്ഥയ്ക്കു അവളോടു് ഒരു അനുകമ്പതോന്നി. അനന്തരം അവൾക്കു് ആവശ്യമുള്ള വസ്ത്രങ്ങളും ആഹാരവും കൊടുത്തു വിശ്രമിക്കുന്നതിനായി അവളെ നിയോഗിക്കുകയും ചെയ്തു. അതു് എല്ലാം സ്വീകരിച്ചു യാത്രാക്ഷീണം തീൎക്കുന്നതിന്നുവേണ്ടി തനിക്കായി തയാർ ചെയ്യപ്പെട്ടിരുന്ന മുറിയിൽ ചെന്നുകിടന്നു് ക്ഷണത്തിൽ അവൾ ഗാഢനിദ്രയെ പ്രാപിച്ചു.

# പതിനാറാം അദ്ധ്യായം.

(പലക്ക് പലതു്.)

നിദ്രതെളിഞ്ഞു് ക്ഷീണം മാറിയ അന്ന, കുടുംബത്തിലുള്ള എല്ലാ അംഗങ്ങളുമായി പരിചയപ്പെടുന്നതിനുവേണ്ടി അഹ്വതയായി. ഗൃഹനാഥനായ "മെൽവിൽപ്രഭുവും" അദ്ദേഹത്തിന്റെ പത്നിയായ 'കാതറൈനും' അവരുടെ രണ്ടു പുത്രികളും മൂന്നു പുത്രന്മാരും മാത്രമാണു് ആ കുടുംബാംഗങ്ങൾ. അന്ന അവരിരുന്ന സ്ഥലത്തു വന്നുചേന്നതോടുകൂടി എല്ലാവരും ആനന്ദഭരിതരായി. മെൽവിൽപ്രഭു അവളോടു കുശലങ്ങൾ ചോദിച്ചതിനു പുറമേ, റയിൽവേ സംഭവത്തേയും, തന്മൂലം അവൾക്കു സംഭവിച്ച നഷ്ടത്തേയുംപററി വിവരമായി പ്രശ്നം ചെയ്തു. കേവലം വ്യാജമാകാതെ, അൎത്ഥം വരത്തക്കവിധം അന്ന അതിനൊക്കെ ഭംഗിയായി മറുപടിയും പറഞ്ഞു.

മെ-പ്ര—ഭ്രാന്താശുപത്രിയിൽനിന്നു് ഓടിപ്പോയ ഒരു രോഗിണി വണ്ടിയിലുണ്ടായിരുന്നുവെന്നും, ആ അത്യാഹിതത്തിൽ അവളകപ്പെട്ടു മരിച്ചുപോയെന്നും കേൾക്കുന്നുവല്ലൊ. നിങ്ങൾക്കു് ആ വിവരത്തെപ്പററി വല്ലതും അറിയാമോ?

അന്ന—അവളുടെ മൃതശരീരം ഞാനും കണ്ടു. ആളെ തിരെ അറിയാൻവയ്യാത്തവണ്ണം മുഖമത്രയും വെന്തുപോയിരുന്നു.

ഇങ്ങനെ ഓരോ സംഭാഷണത്തിലേർപ്പെട്ടു് അവർ വളരെനേരമിരുന്നു. അന്നു് അന്ന അവിടെ വന്ന പ്രഥമദിവസമാകയാൽ എല്ലാവരും അവളെ യഥാവിധി സല്ക്കരിച്ചു. ഭക്ഷണാനന്തരം പ്രഭു അവളോടു് ഒന്നു പാട്ടുവാനാവശ്യപ്പെടുകയുണ്ടായി. ഒട്ടുംമടിക്കാതെ അവൾ രണ്ടുമൂന്നു പാട്ടുപാടുകയും ചെയ്തു. എന്നാൽ, അവൾ അനുഭവിച്ചുവന്ന കഷ്ടതകളുടെ ശക്തിയാൽ അവളുടെ സ്വാഭാവികമായ ഉന്മേഷം ക്ഷയിച്ചു് ഒരു അലസത ആ ഗാനാലാപത്തിലും നിഴലിക്കാതിരുന്നില്ല. ഇതുകണ്ടു മെൽവിൽപ്രഭു, "നിങ്ങൾക്കു് ഉത്സാഹം വളരെ കുറവായി കാണുന്നു; പക്ഷെ, നിങ്ങളനുഭവിച്ച വല്ല കഷ്ടതയുടെയും ഫലമായി

രിക്കാം അതു്. ഏതായാലും കുട്ടികളുമായുള്ള പെരുമാററത്തിനു് ഉത്സാഹം എപ്പൊഴും കൂടിയേ കഴിയൂ എന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ."

അന്ന—കഴിഞ്ഞ കുറച്ചുദിവസത്തെ സംഭവം പീഡിപ്പിക്കുന്നതുകൊണ്ടാണു് ഈ മനഃക്ഷീണത്തിനിടയായതു്. അതു വേഗം വിട്ടുമാറിക്കൊള്ളും.

അവിടെ ജോലിനോക്കിപ്പാൎക്കണമെങ്കൽ മനോവ്യഥകളെല്ലാം അടക്കിവച്ചു സന്തോഷഭാവത്തിൽ കഴിച്ചുകൂട്ടേണ്ടതാണെന്നു് അവൾ മനസ്സിലാക്കി. ഗ്രാമാധികാരി വരുംവരെ എല്ലാം സഹിക്കുന്നതിനു അവൾ തീൎച്ചചെയ്തു. മനുഷ്യരുടെ വിഷമദശാപരിണതി നോക്കുക. ഒരുകാലത്തു് രാജാധികാരത്തോടുകൂടിയിരുന്ന ഒരു കുടുംബത്തിലെ ഏകാംഗവും, ഇപ്പോൾ അറുനൂറിലധികം ഏക്കർ ഭൂസ്വത്തിൻെറ ഉടമസ്ഥയും ഒരുവലിയ പ്രഭുവിൻെറ പ്രേമധാമവും ആയ അന്നയുടെ ഇന്നത്തെ നില എത്ര ശോചനീയം! എന്നാൽ, മേരിയുടെ ശാസനത്തിൽ അടിപെട്ടു തട്ടിൻപുറത്തും, ഭ്രാന്താശുപത്രിയിലും അനുഭവിച്ച ജീവിതത്തെക്കാൾ വളരെ സ്വതന്ത്ര്യവും സമാധാനപരവുമാണു താല്ക്കാലികസ്ഥിതിയെന്നോൎത്തു് അവൾ അല്പം സന്തോഷിച്ചു. തൻെറ കൂരിരുൾനീങ്ങി ക്രമേണ വെളിച്ചം വരുന്നുണ്ടെന്നായിരുന്നു അവൾക്കുണ്ടായ തോന്നൽ.

കുട്ടികൾക്കു പുതിയ ഗുരുനാഥയെ നല്ലവണ്ണം പിടിച്ചു. അവൾക്കു, മുമ്പുണ്ടായിരുന്ന അദ്ധ്യാപികയെപ്പോലെ വലിയ ഭാവമൊന്നുമില്ലെന്നും, അവളോടുകൂടി രമ്യമായി കഴിഞ്ഞുകൂട്ടുന്നതിനു് ഒരു പ്രയാസവുമില്ലെന്നും മൂത്തപെൺകുട്ടി 'മുറിഞ്ഞു പറഞ്ഞു.' കുട്ടികളെല്ലാരും ബുദ്ധിയും സാമൎത്ഥ്യവും ഉള്ളവരായിരുന്നതിനാൽ, അവരുടെ സംരക്ഷണത്തിനായി തൻെറ ജാഗ്രത മുഴുവൻ ഉപയോഗിക്കേണ്ടതാണെന്നു് അവൾക്കു തോന്നി. അതുകൊണ്ടുതന്നെ, തൻെറ സന്താപങ്ങളെപ്പററിയുള്ള ചിന്തകൾ ഉണ്ടാകാതേയും വന്നേക്കാമെന്നു് അവൾ സമാധാനപ്പെട്ടു.

എത്ര മനസ്സിരുത്തിയിട്ടും, വിശ്രമവേളകളിൽ തൻെറ സങ്കടങ്ങളെപ്പററിയുള്ള വിചാരം അവളെ ബാധിക്കാതിരുന്നില്ല. തൻെറ

പ്രാണേശ്വരന്റെ സ്ഥിതി എന്തായിരിക്കുമെന്നും, അദ്ദേഹം മരിച്ചു പോയോ ഇല്ലയോ എന്നും അറിവാനവൾ ആഗ്രഹിച്ചു. താൻ മരിച്ചതായി എലിസബെത്ത് വിചാരിക്കുമോ എന്നും അവൾ സന്ദേഹപ്പെടാതിരുന്നില്ല.

എലിസബെത്താകട്ടെ, അന്നയുടെ മരണവൃത്താന്തത്തേയും, അവൾ കൈയിൽ ധരിച്ചുകൊണ്ടിരുന്ന പതക്കത്തേയും പററി ലോകർ പറഞ്ഞു കേട്ടപ്പോൾ, "അന്ന നിശ്ചയമായും രക്ഷപ്പെട്ടു" എന്നാണ് വിചാരിച്ചത്. മരിച്ചുപോയ സ്ത്രീ അന്നയാണെന്നു നിശ്ചയപ്പെടുത്തുവാനുണ്ടായ കാരണങ്ങളിൽ ഒന്നു് ആ സ്ത്രീ ധരിച്ചിരുന്നതു കറുത്ത വസ്ത്രമാണെന്നതു ആയിരുന്നു. അന്ന വെള്ളവസ്ത്രമാണു് ധരിച്ചിരുന്നതെന്നു എലിസബെത്തിനു് സൂക്ഷ്മമായറിയാമല്ലോ. അവളുടെ കറുത്ത വസ്ത്രം എലിസബെത്തിന്റെ പെട്ടിയിൽ അപ്പോഴും ഇരിപ്പുണ്ടു്.

ശവപരിശോധനയ്ക്കുശേഷം സംതൃപ്തനായിപ്പോയ ഹ്യൂ ഏതാനുംനാൾ കഴിഞ്ഞു് ഒരു ദിവസം ഭ്രാന്താസ്പത്രി സന്ദർശിക്കുവാനായിച്ചെന്നു. അന്ന മരിച്ചു പോയതുകൊണ്ടുണ്ടായ സന്തോഷം, തന്നാൽ കഴിയുന്നവിധം മറച്ചുവെയ്ക്കുവാനവൻ നോക്കിയെങ്കിലും, എലിസബെത്തിന്റെ ദൃഷ്ടി പരമാൎത്ഥം കണ്ടുപിടിക്കാതിരുന്നില്ല. അതുകൊണ്ടു് അന്ന പറഞ്ഞിരുന്നതെല്ലാം അവളപ്പോൾ പൂൎണ്ണമായി വിശ്വസിച്ചു. ഹ്യൂവാകട്ടെ തന്റെ ക്രിയകളുടെ ശുഭപരിണാമത്താൽ പരിതുഷ്ടനായി എലിസബെത്തിനെ പരിണയനം ചെയ്യുന്നതിനു വേണ്ട ആലോചനകൾചെയ്വാൻകൂടി തീരുമാനിക്കയാണുണ്ടായതു്.

ഡേവിഡ് താനുദ്ദേശിച്ച കാൎയ്യങ്ങളെല്ലാം ശരിയായി വഴിപ്പെടാത്തതുകൊണ്ടു് വളരെ കുണ്ഠിതപ്പെട്ടു. അന്നയെ വിവാഹം കഴിക്കണമെന്നുണ്ടായിരുന്ന ആശ അവളുടെ ചരമത്തോടുകൂടി അസ്തംഗതമായി. റോളന്റിന്റെ സമ്പത്തുമുഴുവൻ കൈക്കലാക്കാമെന്ന പ്രഥമവും പ്രധാനവുമായ മോഹം, അവനെക്കാളും സൂത്രശാലിയും ദുരാഗ്രഹിയുമായ ഹ്യൂവിന്റെ കൂട്ടുപിടിത്തത്താൽ വിഫലമായി. റോളന്റിന്റെ കെട്ടിയിരിപ്പു് മുതലെല്ലാം ഹ്യൂ തട്ടിക്കുകയായിരുന്നു ചെയ്തതു്. ഡേവിഡിനു കിട്ടിയതു് വീടും ചുററുമുള്ള നിലങ്ങളും പുരയിട

ങ്ങളും മാത്രമാണ്. ഈ കാരണങ്ങളാലുത്ഭൂതമായ നിരാശകൊണ്ടു അവൻ വക്കീൽപണി ഉപേക്ഷിച്ച് ആ വീട്ടിൽതന്നെതാമസമാക്കി. എന്നാൽ, ദുഷ്ടകൃത്യത്തിനായി പ്രേരിപ്പിച്ച അവൻെറ ഹൃദയം അവന് സമാധാനം നൽകിയില്ല. ആസുരതപവും മാനുഷതപവും കൂട്ടിച്ചേത്തിട്ടുള്ള ഒരു 'വെങ്കലസൃഷ്ടി' വിശേഷമായിരുന്നു ഡേവിഡ്. അതിൽ ആസുരതപം മാനുഷതപത്തെ ഭയപ്പെടുത്തുന്ന ഒരു കാലമാണു അവനു ഇപ്പോൾ നേരിട്ടിരിക്കുന്നതു്. ആ വലിയ വീട്ടിലെ താമസം അവനു ദുസ്സഹമായി തോന്നി. പിരിച്ചയച്ച വേലക്കാരെ അവൻ വീണ്ടും വിളിച്ചപ്പോൾ, "കൊലപാതകിയുടെകൂടെ താമസിക്കാൻ കഴികയില്ല." എന്നവരെല്ലാം 'മുഖത്തടിച്ച' മറുവടി പറയുകയാണുണ്ടായതു്. സന്ധ്യയായാൽ റോളൻറിൻേറയും ചാറത്സിൻേറയും അന്നയുടേയും പ്രേതങ്ങൾ അവനു് പ്രത്യക്ഷങ്ങളായി കഴിഞ്ഞു. ഈവക ഭയവികാരങ്ങൾ ബാധിക്കാതിരിക്കുവാൻവേണ്ടി അവൻെറ ആസുരതപം അവനോട്ട് മദ്യപാനത്തെ ഉപദേശിച്ചു.

മലകളിളകിലും മനംകുലുങ്ങാത്ത ഹ്യൂവിനു് ഡേവിഡിൻെറ നടപടി തീരെ രസിച്ചില്ല. ഡേവിഡ് ഈവിധം തുടരുന്നപക്ഷം അവൻ വേഗത്തിൽ ഒരു മുഴുഭ്രാന്തനായിത്തീരുമെന്നും, കുറച്ചുകാലത്തേയ്ക്കു ആ സ്ഥലംവിട്ടു് മാറിത്താമസിച്ചു മദ്യപാനം നിറുത്തേണ്ടതാണെന്നും അയാൾ വിചാരിച്ചുറച്ച് വിവരം ഡേവിഡിനോടു പറഞ്ഞു. ആ ഉപദേശം അയാൾ സ്വീകരിച്ച് അതിനു് അവശ്യം വേണ്ട ഏപ്പാടുകളെല്ലാം ചെയ്തു ആ ദേശം വിട്ടുപോയി.

അന്നയുടെ മരണവൃത്താന്തത്തെപ്പററി അവളുടെ പഴയവേലക്കാർ തീരെ വിശ്വസിച്ചില്ല. ഡേവിഡും ഹ്യൂവും അവളെ ഭ്രാന്താശുപത്രിയിൽ കൊണ്ടുപാപ്പിച്ചതുകേവലം അന്യായമായിട്ടാണെന്നും, അതിൽനിന്നു അവൾക്കു് രക്ഷയുണ്ടായതു് ആവിധം മരിക്കാനായിരിക്കയില്ലെന്നും ആയിരുന്നു അവരുടെ ദൃഢപ്രത്യയം. ശവശരീരത്തെ അടക്കം ചെയ്യാനായി കൊണ്ടുവന്നപ്പോൾ അവരുടെ വിശ്വാസത്തിനു ശരിയായ ഉറപ്പും ലഭിച്ചു. അന്നയ്ക്കു് ജനനാൽതന്നെ കഴുത്തിൽ ഒരു മറുവുണ്ടായിരുന്നതു്, അവളെ എടുത്തുവളത്തിയ വൃദ്ധപരിചാരികയ്ക്കു് മാത്രമേ അറിയാമായിരുന്നുള്ളു. കൊണ്ടുവരപ്പെട്ട മൃതശരീരത്തിൽ അ

അടയാളം അവൾ സൂക്ഷിച്ചു നോക്കിയിട്ടും കണ്ടില്ല. അതുകൊണ്ടു് അന്ന ജീവിച്ചിരിപ്പുണ്ടെന്നുതന്നെ അവൾ കരുതിസ്സന്തോഷിച്ചു; പക്ഷേ, ആ ഭാവം അവൾ പുറമേകാണിക്കുകയുണ്ടായില്ല. അന്ന ജീവിച്ചിരിക്കയാണെന്നു അറിഞ്ഞാൽ ഈ ദുഷ്ടന്മാർ ഇനിയും അവളെ തിരഞ്ഞു പിടിച്ചു് ദ്രോഹിച്ചേക്കുമെന്നു അവൾ ഭയന്നു. തങ്ങൾ വളരെ പാവപ്പെട്ടവരായതുകൊണ്ടും, അന്ന മരിച്ചു പോയിയെന്നതിനു് പതക്കവും നൂലും കരിയാതെ കിടന്നിരുന്ന കറുത്ത തുണിക്കഷണവും മററും തെളിവായി കിട്ടിയിരിക്കുന്നതുകൊണ്ടും, ഹ്യൂവും ഡേവിഡും സാമാന്യം ജനസ്വാധീനമുള്ളവരാകയാലും പോലീസിൽ വിവരമെല്ലാം പറഞ്ഞു് പരമാൎത്ഥമന്വേഷിക്കുകയെന്നതു് തങ്ങളെക്കൊണ്ടു് ദുഷ്കരമാണെന്നു് കൂടിയാലോചനയുടെ ഫലമായി ആ സാധുക്കൾ വിചാരിച്ചു. തന്മൂലം അവർ ഗ്രാമാധികാരിയുടെ വരവിനെത്തന്നെ അക്ഷമരായി കാത്തിരുന്നു.

---

## പതിനേഴാം അദ്ധ്യായം.

---

### (നവീനപരിചയം.)

ഹെസ്റ്റർ മൂന്നുദിവസം ആശുപത്രിയിൽ കിടന്നു. പൂൎണ്ണസുഖം കിട്ടിയ ഉടൻ, സാമർടൺ പട്ടണത്തിൽ ചെന്നു വല്ലജോലിയും സമ്പാദിക്കുന്നതിനായി അവൾ യാത്രയായി. പേരും ജോലിയും എല്ലാം പോവുകയാൽ, ഇനി ഒരു പുതിയ ജീവിതപദ്ധതി അവലംബിക്കപ്പെടേണ്ടതായി അവൾ കണ്ടു. അമാതിരിയുള്ള ദശാസന്ധികൾ തനിക്കു് സുപരിചിതങ്ങളാകയാൽ ഹെസ്റ്റർ അല്പംപോലും അധീരയായില്ല.

സാമർടൺ പട്ടണത്തിലെത്തിയ ശേഷം, ജോലികൾ ഏൎപ്പാടു ചെയ്തുകൊടുക്കുന്ന ഒരു ആപ്പീസിലേയ്ക്കാണു് അവൾ പോയതു്. അവിടെ വളരെ പ്രായംചെന്ന ഒരു സ്ത്രീയുണ്ടായിരുന്നു.

ഹെസ്റ്റർ—(വൃദ്ധയോടു്) എനിക്കു എവിടെയെങ്കിലും ഒരു ജോലി ഏൎപ്പാടു ചെയ്തുതന്നാൽ കൊള്ളാം.

വൃദ്ധ—നിങ്ങൾ ഇതിനുമുമ്പ് ജോലിയായിരുന്ന സ്ഥലത്തുനിന്നു വ ല്ല ശുപാർശക്കത്തുമുണ്ടോ?

ഹെസ്റ്റർ—ഉണ്ടായിരുന്നു; ഞാൻ റയിലിൽ സഞ്ചരിച്ചപ്പോൾ വണ്ടിക്ക് തീപിടിച്ചതുകൊണ്ട് എൻെറ സകലസാമാനങ്ങളും വെന്തുവെണ്ണീറായി പോവുകയും, എനിക്കുതന്നെ ശരീരസുഖമില്ലാതായി തീരുകയും ചെയ്തു.

വൃദ്ധ— നിനക്ക് ഇവിടെ വല്ല പരിചിതരുമുണ്ടോ?

ഹെസ്റ്റർ—സ്മിത്ത എന്ന് പേരായ ഒരു അമ്മാമനുണ്ട്.

അവളിതു പറഞ്ഞതു് ശുദ്ധമേ വ്യാജമായിരുന്നു.

വൃദ്ധ—മൃഗവൈദ്യൻ സ്മിത്തോ? ഭാര്യയുടെ മരണത്തോടുകൂടി അദ്ദേഹം ഈ നാടുവിട്ടു പൊയ്ക്കുളഞ്ഞല്ലോ. അപ്പോൾ നിങ്ങൾക്കിവിടെ പരിചയക്കാരുമില്ല; എന്നാലും ഞാൻ നിങ്ങൾക്ക് വേണ്ടി ഒരു സഹായം ചെയ്യാം. ഇവിടെ ധനികയായ ഒരു വൃദ്ധയുണ്ട്. അവൾക്ക് വീട്ടിൽ തോഴിയായിട്ട് ഒരാൾ അവശ്യമുണ്ടെന്ന് പറഞ്ഞിരിക്കയാണ്. നിങ്ങൾക്ക് അതു സമ്മതമാണെങ്കിൽ അതിന് വേണ്ടുന്ന ഏർപ്പാട്ട് ഞാൻ ചെയ്തുതരാം.

ഹെസ്റ്റർ സന്തോഷസമേതം അതു് സമ്മതിച്ചു. വൃദ്ധ ആ ധനികയെ വിവരമറിവിച്ചു അനുവാദം വാങ്ങിയശേഷം ഹെസ്റ്ററിനോട്ട്, "ഈ കാണുന്ന റോഡിൽക്കൂടി അരമൈൽപോയി കിഴക്കോട്ട് തിരിഞ്ഞാൽ ഒരു വലിയ വീടുകാണാം; അതിൻെറ നേരേ എതിർവശത്തായി, 'ഡാക്റ്റർ ലായിഡ്' എന്നൊരു ബോർഡ് വെച്ചിരിക്കുന്നതായി കാണുകയും ചെയ്യാം. അതുകൊണ്ടു നിങ്ങൾക്ക് വീട്ടു തെററിപ്പോകയില്ല. അവിടെ ചെന്നാൽ മതി" എന്നു പറഞ്ഞു് അവളെ അയച്ചു.

ജോലി ഇത്രവേഗം കിട്ടിയതുകൊണ്ട് അവൾ വളരെ സന്തോഷിച്ച് സത്വരം നടന്നു് വൃദ്ധ നിർദ്ദേശിച്ച വീട്ടിൻെറ വാതില്ക്കൽ ചെന്ന് തട്ടി വിളിച്ചു. ഒരു വേലക്കാരൻ വന്ന് അവളെ ഗൃഹസ്ഥയുടെ മുമ്പിലേയ്ക്ക് വിളിച്ചുകൊണ്ടുപോയി. ആ സ്ത്രീ പ്രൌഢയും

എന്നാൽ വിശാലമനസ്കയുമായിരുന്നു. അവൾക്ക് മനുഷ്യരുടെ കപടകൃത്യങ്ങൾ അശേഷം പിടിക്കുകയില്ലാത്തതുകൊണ്ട് അവർ പെരുമാറുന്നത് നിഷ്ഠുരരീതിയിലാണെന്ന് ചിലർക്ക് തോന്നിയേക്കാം. എന്നാൽ അവരുടെ ഹൃദയം പരിശുദ്ധവും, യഥാർത്ഥമായ കഷ്ടതകൾ കാണുമ്പോൾ അനുതപ്തവും ആണ്. ജീവിതപരിചയാധിക്യം കൊണ്ട്, മനുഷ്യസ്വഭാവം നിർണ്ണയിക്കാനുള്ള ശക്തി അവർക്ക് സിദ്ധിച്ചിരുന്നു.

ആ ധനിക തന്നെ ഏതുവിധം സ്വീകരിക്കുമെന്ന് ഹെസ്റ്റർ കുറെ ആലോചിച്ചിരുന്നു; എന്നാൽ ആ സാധ്വി ഹെസ്റ്ററിനെ മുന്നു തുറിച്ചുനോക്കിക്കൊണ്ട്, അവൾക്കുള്ള ജോലികൾ ഇന്നതെല്ലാമാണെന്ന് നിഷ്കർഷിച്ചുപറഞ്ഞു. "എന്നെ ഒരു വിധത്തിലും നീ മുഷിപ്പിക്കരുത്. എന്നോടുള്ള പെരുമാററം എപ്പോഴും സന്തോഷഭാവത്തോടുകൂടിയായിരിക്കണം. എൻെറ ആജ്ഞകളെ അണുമാത്രം പോലും വകവെയ്ക്കാതിരിക്കുന്ന പക്ഷം ആ ക്ഷണത്തിൽത്തന്നെ ഇവിടെ നിന്ന് ഭാണ്ഡം മുറുക്കേണ്ടിവരും. മനസ്സിലായോ? ഇതെല്ലാം സമ്മതം തന്നെയോ?"

ഹെസ്റ്റർ—സമ്മതം തന്നെ.

ധനിക—എന്നാൽ ജോലിയിൽ പ്രവേശിക്കാം. നിൻെറ പേരെന്തു്?

ഹെസ്റ്റർ—ഹെലൻ.

മനുഷ്യഗുണങ്ങളിൽ വിശിഷ്ടമായ പലതും ഹെസ്റ്ററിൽ വിളങ്ങിയിരുന്നതുകൊണ്ട്, ആ വൃദ്ധയെ സന്തോഷപ്പെടുത്തുന്നതിനും, അവരുടെ നല്ല അഭിപ്രായം നേടുന്നതിനും അവൾക്ക് എളുപ്പത്തിൽ സാധിച്ചു. ഹെസ്റ്ററിന് ഒരു വിധവും നീരസമുണ്ടാകുന്നതിന് ആ വൃദ്ധ ഇടവരുത്തിയതുമില്ല. അവൾക്ക് വേണ്ടപ്പെട്ട സൌകര്യങ്ങളും, ധാരാളം വിശ്രമസമയവും അനുവദിക്കപ്പെട്ടിരുന്നു. തക്കതായ സൌകര്യം കിട്ടുന്ന സമയം അന്നയെ ചെന്നു കാണാമെന്ന് ഹെസ്റ്റർ ഉള്ളുകൊണ്ട് നിശ്ചയിച്ച് സന്തോഷിച്ചു. അന്നയുടെ ജോലിയെപ്പററി അന്വേഷിച്ചപ്പോൾ ഒരു ദോഷവാക്കുകളും കേൾക്കാത്തതിനാൽ അവളെക്കുറിച്ചുള്ള അനുകമ്പയും സ്നേഹവും ഹെസ്റ്ററിന് വർദ്ധിച്ചുവന്നതേയുള്ളൂ.

പല ഉദയാസ്തമനങ്ങളും ഇങ്ങനെ കഴിഞ്ഞു. ഹെസ്റ്ററുടെ സ്വാമിനിക്ക് അപ്രത്യക്ഷമായ് എന്തോ ഒരു ശീലായ്മ പെട്ടെന്ന് പിടിപെട്ടു. എതിർ വീട്ടിലുള്ള ഡാക്ടരെ വിളിച്ചു പരിശോധിപ്പിച്ചാലെന്താണെന്ന് ഒരു അഭിപ്രായരൂപത്തിൽ ഒരു ദിവസം ഹെസ്റ്റർ വൃദ്ധയോടു ചോദിക്കയുണ്ടായി. അവർ അതിന് വഴിപ്പെടാതിരുന്നതുകൊണ്ടു് അവൾ പിന്നെ ആ കാൎയ്യത്തെപ്പറ്റി ചോദിച്ചതുമില്ല. ഒന്നു രണ്ടു ദിവസം കൂടി കഴിഞ്ഞപ്പോൾ അസ്വാസ്ഥ്യം കൂടുതലായി തോന്നിത്തുടങ്ങി. ഡാക്ടർ ലായിഡിൻെറ സഹായം അത്യാവശ്യമാണെന്നുള്ള ദിക്കായി. അദ്ദേഹത്തോടു് വിവരം ചെന്നു പറഞ്ഞപ്പോൾ രോഗനിവാരണത്തിന് തക്ക മരുന്നു കൊടുത്തയപ്പാൻ ഒട്ടും ഉപേക്ഷ കാണിച്ചില്ല. എന്നല്ല, ഡാക്ടർ വന്ന് വേണ്ടവിധം പരിശോധിക്കുകയും ചെയ്തു. ലായിഡും വൃദ്ധയും വളരെക്കാലമായിട്ടു് അയൽവാസികളായിരുന്നതുകൊണ്ടു്, അവർ തമ്മിൽ മുമ്പേതന്നെ നല്ല പരിചിതരായിരുന്നു. സൽഗുണവാനായ ഡാക്ടരെപ്പറ്റി പുത്രനിൎവ്വിശേഷമായ ഒരു സ്നേഹം വൃദ്ധയ്ക്കും, മഹാമനസ്കയായ അവരെപ്പറ്റി മാതൃനിൎവ്വിശേഷമായ ആദരം ലായിഡിന്നും ഉണ്ടായിരുന്നു. തൻെറ അയൽവാസിയായി അസാമാന്യബുദ്ധിവിശേഷവും ധൈൎയ്യവുമുള്ള ഒരാളെ കിട്ടിയതുകൊണ്ടു് വൃദ്ധ അപരിമിതമായി സന്തോഷിച്ചിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും തക്കതായ കാൎയ്യമില്ലാതെ വൃദ്ധ ആരോടും സംഭാഷണം ചെയ്കയോ, ആരുടേയും സഹായം ആവശ്യപ്പെടുകയോ പതിവില്ല; ഡാക്ടരെ വിളിക്കുന്ന വിഷയത്തിൽ ഹെസ്റ്ററോടു് മൌനം കാണിച്ചതു് അവരുടെ ഈ സ്വഭാവവിശേഷത്താൽ മാത്രമാണ്. ഇപ്പൊഴാകട്ടെ ഡാക്ടരുടെ അന്വേഷണം നിത്യവും ആവശ്യകമായിത്തീൎന്നു. അദ്ദേഹത്തിന് അക്കാൎയ്യത്തിൽ തീരെ വിസമ്മതവുമില്ല. ദിവസത്തിൽ രണ്ടു മൂന്നു തവണയെങ്കിലും അദ്ദേഹം അവിടെവന്ന് ആലസ്യത്തെപ്പറ്റി അന്വേഷിക്കാതിരിക്കുകയില്ല. എന്നാൽ, ചിലപ്പോൾ ഹെസ്റ്ററോടു് ചോദിച്ചു് അറിയുകമാത്രമായും സംഭവിക്കാറുണ്ടു്. ഈ വിധം ഡാക്ടരും ഹെസ്റ്ററും സാമാന്യം നല്ലപരിചിതർ ആയിത്തീൎന്നു. അതിന്ന് ക്രമേണ അസ്വാദ്യത വൎദ്ധിക്കുന്നതായും, പരോക്ഷമായ ഒരു ശക്തി അതിനെ അമൃതമധുരമാക്കുന്നതായും രണ്ടുപേൎക്കും തോന്നിത്തുടങ്ങുകയും ചെയ്തു.

ഒരു ദിവസം ഹെസ്റ്ററും ഡാക്ടരും സംഭാഷണം ചെയ്കയായി

രുന്നു. യദൃച്ഛയാ, തന്റെ വീട്ടിൽ ഒരു സ്നേഹിതൻ അതിഥിയായി വന്ന് താമസിക്കുന്നുണ്ടെന്നു ലായിഡ് പറഞ്ഞു. അയാളുടെ വൃത്താന്തങ്ങളും ഡാക്ടർ തുടൎന്നു സംസാരിച്ചു:—"അയാൾ ഒരു തരുണിയെ അത്യന്തം സ്നേഹിച്ചിരുന്നു; പ്രേമപരവശരായ അവരുടെ വിവാഹത്തിന് വേണ്ട ഒരുക്കങ്ങളെല്ലാം തുടങ്ങുമ്പോൾ അവളുടെ അച്ഛൻ പെട്ടെന്ന് മരിച്ചുപോയിയത്രേ. ഞങ്ങൾ സതീൎത്ഥ്യന്മാരാണ്. അയാൾ സാമാന്യം നല്ലൊരു മനുഷ്യനാണ്. അച്ഛൻമരിച്ച ആധികൊണ്ട് ആ സ്ത്രീക്ക ഭ്രാന്തുപിടിക്കയും, സുഖക്കേടായി ആശുപത്രിയിൽ കിടക്കുമ്പോൾ അവിടെനിന്ന് ആരും കാണാതെ ഓടിപ്പോവുകയും, റെയിൽവേ സംഭവത്തിൽ മരിച്ചുപോവുകയും ചെയ്തു. ആ തീരാത്ത വ്യസനംമൂലം അയാൾ മദ്യപാനിയായിത്തീൎന്നു. ഏതെങ്കിലും ചെറിയൊരു ശബ്ദം കേട്ടാൽപോലും ആ പാവം ഞെട്ടിവിറയ്ക്കുന്നു. ആധിയാൽ അയാളുടെ ഹൃദയം തകൎന്നിരിക്കയാണ്. ഇപ്പോൾ അയാളൊരു ജീവച്ഛവമാണെന്ന് തന്നെ പറയാം."

ഹെസ്റ്റർ—തന്നെ അത്യന്തം സ്നേഹിക്കുന്ന ഒരു കാമുകൻ കയ്യിലിരിക്കേ, അച്ഛൻമരിച്ച വ്യസനത്താൽ ഒരു യുവതിക്ക് ഭ്രാന്ത് പിടിച്ചുവെന്ന ഇക്കഥ എനിക്ക് പുത്തരിയാണ്. ഏതായാലും നിങ്ങളുടെ സ്നേഹിതനെ നിങ്ങൾ സൂക്ഷിക്കേണ്ടതാണ്.

പിന്നീട് കുറേനേരംകൂടി അവർ സല്ലാപങ്ങൾ ചെയ്തശേഷം തമ്മിൽ പിരിഞ്ഞു. ഹെസ്റ്റൎക്ക് അന്ന് ഒരു ദീൎഘാലോചനയ്ക്കുള്ള വഴി കിട്ടി. തന്റെ സ്നേഹിത, ആ മനുഷ്യനാൽ അന്യായമായി ഉപദ്രവിക്കപ്പെട്ട തരുണിതന്നെയാണെന്ന് അവൾ വിശ്വസിച്ചു. ഏതോ ഒരു സംശയത്തോടുകൂടി അവൾ പെട്ടെന്ന് പടിവാതിൽക്കൽപോയി ഡാക്ടരുടെ വീട്ടിലേയ്ക്ക് നോക്കിക്കൊണ്ട് അല്പനേരം നിന്നു. പൂമുഖത്തിരുന്നിരുന്ന ഡാക്ടരുടെ സ്നേഹിതനായ അതിഥിയെ അവൾ കണ്ടു. ഒരു കൃതാൎത്ഥത അവളുടെ മുഖത്തിൽ സ്ഫുരിതമായി. 'നിന്റെ ശത്രു ഇവിടെ വന്നിട്ടുണ്ടെന്നും അതിനാൽ നീ എത്രയും കരുതലോടുകൂടി ഇരിക്കേണ്ടതാണെന്നും' തന്റെ സ്നേഹിതയെ ഇനി താമസിയാതെ ഗ്രഹിപ്പിക്കണമെന്ന് ഹെസ്റ്റർ തീരുമാനിച്ചു. അതിനുള്ള സൌകൎയ്യം പാൎത്ത് അവൾ ദിവസം കഴിച്ചുവന്നു.

# പതിനെട്ടാം അദ്ധ്യായം.

## (പിശാചിനെക്കണ്ടു.)

അന്ന ഇക്കാലമെല്ലാം മെൽവിൽപ്രഭുവിൻെറ ഭവനത്തിൽ, സമാധാനത്തോടുകൂടിയല്ലെങ്കിലും, സുഖമായി ജോലിനോക്കിവന്നു. ചാറത്സിൻെറയും തൻെറയും നിർഭാഗ്യാതിരേകത്തെപ്പററിയുള്ള ചിന്ത അവളെ സദാ അലട്ടിക്കൊണ്ടിരുന്നുവെങ്കിലും, അതൊന്നും വെളിയിൽ പ്രകടിപ്പിച്ചേയില്ല. ഒരുത്തക്കും ദോഷം വരുവാനില്ലെങ്കിലും, മറെറാരുത്തിയുടെ പേരോടുകൂടി അവിടെ കഴിച്ചുകൂട്ടേണ്ടിവന്നതിനെപ്പററി അവൾ വിഷാദിച്ചു. ഗ്രാമാധികാരി വരുംവരെ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ടു അവൾക്കു് അതൊക്കെ സഹ്യമായിത്തന്നെ തോന്നി.

റൂവോ ഡേവിഡോ തന്നെ കണ്ടു പിടിച്ചേക്കുമോ എന്നവൾ ചിലപ്പോഴൊക്കെ സംശയിക്കും. എന്നാൽ മെൽവിൽപ്രഭുവിനെ സകലവസ്തുതകളും ധരിപ്പിച്ചേ മതിയാവൂ എന്നപ്പൊഴൊക്കെ അന്ന തീരുമാനിക്കയും ചെയ്യും. സ്വല്പകാലത്തെ താമസത്തിനുള്ളിൽ ആ വീട്ടുകാൎക്കെല്ലാം അവളെപ്പററി വിശ്വാസം ജനിക്കുകയും, അന്തസ്താപമുണ്ടായിട്ടും സന്തോഷം നടിച്ചിരുന്നതിനാൽ കുട്ടികൾക്കു അവളോടു പ്രത്യേകം സ്നേഹം തോന്നുകയും ചെയ്തിരുന്നു. എല്ലാംകൊണ്ടും ഇനി ആ ദുഷ്ടന്മാരുടെ കയ്യിൽ അത്ര എളുപ്പം അകപ്പെടുകയില്ലെന്നു അവൾ വിശ്വസിച്ചു.

ഒരുദിവസം അവൾ തനിയേ പ്രഭുഗൃഹത്തിനു ചുററുമുള്ള വനതുല്യമായ വലിയ പുരയിടത്തിൽ വിശ്രമാൎത്ഥം നടന്നുംകൊണ്ടു്, ഒരു ഒററയടിപ്പാതയിൽക്കൂടെ അതിൎത്തിമതിൽവരെ എത്തി. റോഡിൽക്കൂടെ പോകുന്ന ജനങ്ങളേയും മററും നോക്കിക്കൊണ്ടു് അവിടെ കുറേനേരം നിന്നതിനിടയിൽ, വഴിയേ പോകുന്ന ഒരു മനുഷ്യൻ അവളേയും, അവൾ ആ പുരുഷനേയും കണ്ടുകൂടി. ഒരു ക്ഷണനേരം

മാത്രമേ ആ കാഴ്ചയുണ്ടായുള്ളൂ. എങ്കിലും അവർ പരസ്പരം ആളറിയുന്നതിനു അതു മതിയായിരുന്നു. അന്നയ്ക്കു അയാളെ കണ്ടയുടനെതന്നെ ഒരു വല്ലാത്ത സംഭ്രമം ഉളവായി. താൻ രക്ഷപ്പെട്ടു ഓടിപ്പോയി താമസിക്കുന്ന വിവരം കണ്ടുപിടിക്കപ്പെട്ടതായി അവൾ വിചാരിച്ചു. ഏതായാലും ഇനി വീട്ടിനകത്തുനിന്നു ഇങ്ങനെ പുറമേ ഒരിക്കലും നടക്കരുതെന്നു അവൾ നിശ്ചയിച്ചു വേഗം ഭവനത്തിലേയ്ക്കു പോയി.

ക്ഷണനേരത്തേ ആ കാഴ്ച വഴിയാത്ര ചെയ്തുകൊണ്ടിരുന്ന ആ മനുഷ്യന്നു് ഭ്രമചിത്തഭ്രമമുണ്ടാക്കി. താൻ കണ്ടതു ജീവനുള്ള സ്ത്രീയെ അല്ലെന്നും, തന്നെ ശിക്ഷിക്കാനായി വന്ന ഒരു പിശാചാണെന്നും അയാൾ നിശ്ചയിച്ചു. താനിതിനുമുമ്പു് പലപ്പോഴും കണ്ടു പരിചയപ്പെട്ടിട്ടുള്ള പിശാചുതന്നെയാണിതെന്നു ആ മനുഷ്യൻ തീർച്ചപ്പെടുത്തി. അവന്റെ ദേഹം വിയർക്കുകയും മുഖം വിളർക്കുകയും ചെയ്തു.

അപ്പോൾ യാദൃച്ഛികമായി ഹെസ്റ്റർ ആ വഴിക്കു പോകയായിരുന്നു. മതിലിനോടു ചേർന്നു അകത്തുനിന്നിരുന്ന അന്നയെ അവളും കാണാതിരുന്നില്ല. എന്നല്ല, അവരുടെ കണ്ണുകൾ കൂട്ടിമുട്ടി പരസ്പരം ആൾ തിരിച്ചറിഞ്ഞതും, അവരുടെ മുഖഭാവങ്ങൾ കണ്ടു അവൾ മനസ്സിലാക്കിയുമിരുന്നു. ഹെസ്റ്റർ ഇതൊന്നും ഭാവിക്കാതെ വഴി നടന്നു. അവിടെ അമ്പരന്നു നിന്ന പുരുഷനെ സമീപിച്ചപ്പോൾ ഭയംകൊണ്ടു പരവശനായ അയാൾ, "നിങ്ങൾ അവിടെ വല്ലതും കണ്ടോ?" എന്നു ചോദിച്ചു.

ഹെസ്റ്റർ—നിങ്ങൾ ഡാക്ടരുടെ സ്നേഹിതനായ അതിഥിയല്ലേ?

അയാൾ—അതേ; ഞാൻ ചോദിച്ചതിനു സമാധാനം പറയൂ.

ഹെസ്റ്റർ—ഞാനവിടെ ഒന്നും കണ്ടില്ലല്ലോ. നിങ്ങളുടെ പേർ ഡേവിഡ് എന്നുതന്നെയാണല്ലോ.

ഡേവിഡ്—അതേ; ഞാൻ എന്റെ ചാച്ചക്കാരിയായ അന്നയുടെ പിശാചിനെ കണ്ടു.

റ്റുവിൻെറ ഉപദേശം കേട്ട ദേശം മാറിത്താമസിക്കുവാൻ തീൎച്ചപ്പെടുത്തിയ ഡേവിഡ് ലായിഡിൻെറ ഭവനത്തിലാണ വന്നുകൂടിയത്. അയാളിവിടെ വന്നു താമസിക്കുവാനുള്ള കാരണവും, അയാളുടെ താല്ക്കാലികസ്ഥിതിയും മററും ഡാക്ടർതന്നെ ഹെസ്റ്ററോട്ട പറഞ്ഞ സങ്കഥയിൽനിന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. റയിൽവേ സംഭവം നിമിത്തം അവസന്നയായി ആശുപത്രിയിൽ കിടന്ന കാലത്ത്, അന്നയുടേതായി ഗണിക്കപ്പെട്ട മൃതശരീരത്തെ പരിശോധിക്കാനും, അവകാശമേററടുക്കാനും ആയിവന്ന രണ്ടുപേരിൽ ഒരാളാണ് ഡാക്ടരുടെ അതിഥിയെന്നു ഹെസ്റ്റർക്ക് മനസ്സിലായിട്ടാണല്ലോ ഡാക്ടരുമായി ചെയ്ത സംഭാഷണദിവസം അവൾ ചില നിശ്ചയങ്ങളെല്ലാം ചെയ്തത്. ഹെസ്റ്റർ പറഞ്ഞു:—“അതു വാസ്തവമായിരിക്കാൻ തരമില്ല. നിങ്ങൾ പിശാചിനെ കാണ്മാൻ ഒരു കാരണവുമില്ലല്ലോ.

ഡേവിഡ്—അവൾ ഭ്രാന്താശുപത്രിയിൽ നിന്നു ഓടിപ്പോയി റയിൽവേ സംഭവത്തിൽ മരിച്ചതാണ്.

ഹെസ്റ്റർ—അതുകൊണ്ട അവളുടെ പിശാച് നിങ്ങളെ ഉപദ്രവിക്കണമെന്നില്ല. അവൾ യഥാൎത്ഥഭ്രാന്തത്തിയായിരുന്ന പക്ഷം ആശുപത്രിയിൽ കൊണ്ടാക്കിയത് ഒരു ദ്രോഹകൃത്യമാകയില്ലല്ലോ.

ഡേവിഡ്—അതിനു ഇടയാകാതെ കഴിക്കാൻ ഞാൻ വളരെ ശ്രമിച്ചു. എന്നാൽ എൻെറ ചിററപ്പൻ അതിനു വഴിപ്പെട്ടില്ല. ഇപ്പോൾ അവളുടെ പിശാച് എന്നെ സദാ ഉപദ്രവിക്കുന്നു. നിങ്ങളും അവൾ സഞ്ചരിച്ച വണ്ടിയിലുണ്ടായിരുന്നതായി എൻെറ സ്നേഹിതൻ പറഞ്ഞു. അപ്പോൾ അവളെ കണ്ടിരിക്കാനിടയുണ്ടല്ലോ.

ഹെസ്റ്റർ—അവളുടെ അടയാളം പറഞ്ഞാൽ ഞാൻ കണ്ടിട്ടുണ്ടോ എന്നോൎത്തു പറയാം.

ഡേവിഡ് അന്നയെപ്പററി ഒരു നല്ല വൎണ്ണനചെയ്തു. ഹെലൻ എന്നു പറഞ്ഞ ആ സ്ത്രീ അന്നതന്നെയാണെന്ന് ഹെസ്റ്ററിനു

ഇപ്പോൾ പൂൎണ്ണമായി ബോദ്ധ്യം വന്നുഎങ്കിലും, അവളെ അന്യായ മായി ദ്രോഹിച്ച ദുഷ്ടന്മാരോടു ഒന്നും പറയുവാൻ പാടില്ല എന്നു നിശ്ചയിച്ച്, "അങ്ങിനെ ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല; അവളെ നിങ്ങൾ ഒരുവിധത്തിലും ദ്രോഹിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്കു ഒട്ടും പേടിക്കാനില്ല. ദ്രോഹിക്കപ്പെട്ടവരുടെ പിശാചുക്കൾ ദ്രോഹികളെ മാത്രമേ ഉപദ്രവിക്കുകയുള്ളു."

ഈ സംഭാഷണത്തോടുകൂടി വഴിനടന്ന് അവർ ഭവനങ്ങളിലെത്തി. ഹെസ്റ്റർ ഉടൻതന്നെ തന്റെ മുറിയിൽ ചെന്നിരുന്ന് അതുവരെ താൻ അന്നയെ കാണാൻ പോകാതിരുന്നതിനെക്കുറിച്ച് വളരെ പശ്ചാത്തപിച്ചു ഇനിയെങ്കിലും ഒട്ടും താമസിക്കാതെ അവളെ കണ്ടു് കാൎയ്യം പറഞ്ഞില്ലെങ്കിൽ അവൾക്ക് വീണ്ടും അപകടം പററാനിടയുണ്ടെന്നു ഹെസ്റ്റർ തീൎച്ചപ്പെടുത്തി. പക്ഷെ അങ്ങനെ വല്ലതും വരുന്നതായാൽ തന്നാലാകുന്ന സഹായം ചെയ്യാൻതന്നെ ഹെസ്റ്റർ മനസ്സിലുന്നി. തന്നെ കണ്ടാൽ പിശാചാണെന്ന് അന്ന വിചാരിച്ചേക്കാമെന്നോൎത്തപ്പോൾ അവൾക്ക് ചിരിവന്നു. തന്റെ പേരു ധരിച്ചിരിക്കുന്നതുകൊണ്ടു് അവൾക്കു ഒരു ദോഷവും സംഭവിക്കാത്തതിനാലും, ആ നാമം ഇത്ര പാവനമായ ഒരു കാൎയ്യത്തിന്നായിഉപയോഗപ്പെട്ടതിനാലും അന്നയെ എങ്ങിനെയെങ്കിലും പറഞ്ഞു് സമാധാനപ്പെടുത്താമെന്ന് അവളുറച്ചു. കഴിയുന്നതുംവേഗം ഈ കൃത്യം നിൎവ്വഹിക്കണമെന്നു് കരുതി ഹെസ്റ്റർ സ്വാമിനിയുടെ സമീപത്തിലേയ്ക്കു് നിൎവ്വിചാരയുടേയും സന്തുഷ്ടയുടേയും ഭാവത്തിൽ പോയി.

ഹെസ്റ്റർ വീട്ടിലേയ്ക്കു് വന്നതു് ഡേവിഡോടൊരുമിച്ചാണെന്നു വൃദ്ധ എങ്ങനെയോ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു് അവളെ കണ്ടയുടനെ കുപിതയായവൃദ്ധ, "ഞാൻ നിന്നോടു് ആ കൊള്ളരുതാത്ത മനുഷ്യനുമായി സംഭാഷണം ചെയ്യരുതെന്ന് പറഞ്ഞിട്ടില്ലേ?" എന്നു ചോദിച്ചു.

ഹെസ്റ്റർ—ഇന്നു് അങ്ങിനെ പററിപ്പോയി." അവൾ നടന്ന കാൎയ്യം മുഴുവൻ വിസ്തരിച്ചു് പറഞ്ഞു.

വൃദ്ധ—എന്തു്? പിശാചോ? അവൻ ഒരു ചീത്ത മനുഷ്യനാണു്. അവൻ അന്നയെ ദ്രോഹിച്ചിട്ടുണ്ടെന്നതു് നിശ്ചയംതന്നെ. ഡാ

ക്കർ ലായിഡ്ഢ് അയാളെ സ്വീകരിച്ചിരിക്കുന്നത് എന്നെ അതിശയിപ്പിക്കുന്നു.

ലായിഡിനെപ്പററി കുററം പറഞ്ഞതു് അവൾക്ക് എന്തുകൊണ്ടോ അത്ര രസിച്ചില്ല. അദ്ദേഹത്തെക്കുറിച്ച് അവൾക്കുണ്ടായിരുന്ന വിചാരങ്ങൾക്കു ഒരു പേർ കല്പിക്കാൻ അവൾ സന്നദ്ധയല്ലെങ്കിലും, കുററം പറഞ്ഞപ്പോൾ ആ യുവതി, "അവർ സഹപാഠികളായിരുന്നു" എന്നു ഒരു കടുത്തസ്വരത്തിൽ പറഞ്ഞു.

വൃദ്ധ—നീ ശുണ്ഠികടിക്കണ്ടാ. സഹപാഠികളായിരുന്നാലും ഒരുത്തൻ നല്ല വഴിയിലും മററവൻ ദുർമ്മാർഗ്ഗത്തിലുമായി നടന്നു ശീലിച്ചിരിക്കുന്നതുകൊണ്ടു്, അവരുടെ സഹവാസം നിറുത്തപ്പെടേണ്ടതാണ്. ആ ദുശ്ശകുനക്കാരൻെറ മുഖം കണ്ടാൽ തന്നെ അവനൊരു ഘാതകനാണെന്നു് തോന്നിപ്പോകും.

അവരിങ്ങനെ സംസാരിച്ചുകൊണ്ടിരുന്ന സമയം ഡാക്ടർ ലായിഡ്ഢ് അവിടെവന്നു കയറി. ഹെസ്റ്റരെക്കണ്ടപ്പോൾ അദ്ദേഹം അവളോട്ട്, "എൻെറ സ്നേഹിതൻ ഇന്നൊരു പിശാചിനെ കണ്ടതായി പറയുന്നുവല്ലോ. നിങ്ങൾ വല്ലതും കണ്ടുവോ?" എന്നു ചോദിച്ചു.

ഹെസ്റ്റർ—ഞാനൊരു പിശാചിനേയും കണ്ടില്ല.

വൃദ്ധ—പിശാചു!! മണ്ണാങ്കട്ടയാണു്. ഞാൻ പറയുന്നതു് മനസ്സിരുത്തി കേൾക്കൂ ഡാക്ടരേ! അവൻ ഒരു ഘാതകനാണ്. അതു് നിശ്ചയമായും അധികം താമസിയാതെ തെളിയുകയും ചെയ്യും. അപാരമായ ഒരു ദ്രോഹം ആ സാധുസ്ത്രീക്കു അവൻ ചെയ്തിട്ടുണ്ടു്. ഇല്ലാത്തപക്ഷം അവളുടെ പിശാചിനെ കണ്ടുവെന്നു പറഞ്ഞു അയാളിത്ര പേടിക്കയില്ല.

ഈ വാക്കുകൾ കേട്ടപ്പോൾ ലായിഡ്ഢ് കുറച്ചുവല്ലാതെയായി. തൻെറ സ്നേഹിതൻ നീചനായിരിക്കുമോ? എന്നു അയാളും തന്നോടുതന്നെ ചോദിക്കാൻ തുടങ്ങി. "ഏതായാലും അയാൾ തിരിയെ വീട്ടിലേയ്ക്കുതന്നെ നാളെ പോവുകയായി." എന്നു അവരോടു പറഞ്ഞു ഡാക്ടർ സ്വഗൃഹം നോക്കി ഒരു മൌനഭാവത്തിൽ നടകൊണ്ടു.

ലായിഡ് പോയി കുറച്ചുനേരത്തേയ്ക്കു വൃദ്ധയും ഹെസ്തരും പരസ്പരം മുഖംനോക്കി ഒന്നും മിണ്ടാതെയിരുന്നു. അതിനുശേഷം വൃദ്ധ പെട്ടെന്ന് തിരിഞ്ഞു, "റയിലിൽവെച്ചു നീ അവളെ കണ്ടില്ലേ?" എന്നു ചോദിച്ചു.

ഹെസ്തർ—നിശ്ചയം പറയുവാൻ തരമില്ല.

വൃദ്ധ—പാവം! അവളെന്നെ അഭയം പ്രാപിച്ചിരുന്നുവെങ്കിൽ അവൾക്കു വേണ്ട ഏതുസഹായവും ഞാൻ ചെയ്യുമായിരുന്നു. അവളുടെ വമ്പിച്ച സമ്പത്ത് അപഹരിക്കുവാൻ വേണ്ടി മാത്രമാണ് ഈ ദ്രോഹകൃത്യം ചെയ്യപ്പെട്ടതെന്ന് ഞാൻവിചാരിക്കുന്നു. ആ പാവത്തെ രക്ഷിപ്പാൻ ആരുമില്ലാതായത് കഷ്ടാൽകഷ്ടതരമായി. അവൾ മരിച്ചിരിക്കാനിടയുണ്ടോ? എന്ന് ഞാൻ സംശയിക്കയാണ്.

അന്ന ജീവിച്ചിരിക്കുന്നുണ്ടെന്നും, രണ്ടുമൈൽ മാത്രം അകലെ തന്റെ പേരോട്ടുകൂടി അവൾ താമസിക്കയാണെന്നും പറയുന്നതിന് ഹെസ്തർക്ക് വലിയ മോഹമുണ്ടായി. എന്നാൽ ഇതുവരെ ആ വിവരത്തെപ്പററി പറയാതെയിരുന്നതു നിനച്ച് വൃദ്ധയ്ക്കു അസാമാന്യമായ കോപമുണ്ടായേക്കുമെന്ന ഭയംനിമിത്തം തല്ക്കാലം ആ മോഹത്തെ അവളടക്കി നിറുത്തുകയാണ് ചെയ്തതു്. ഡേവിഡ് അവിടം വിട്ട് പോകുന്ന സ്ഥിതിക്ക് കുറെക്കാലത്തിനുള്ളിൽ ആ അനാഥയ്ക്കു് ക്ലേശമൊന്നും ഉണ്ടാകാനിടയില്ലെന്ന് തൽക്കാലം അവർ സമാധാനപ്പെടുകയും ചെയ്തു.

## പത്തൊൻപതാം അദ്ധ്യായം.

(ഒരു സംശയം.)

അടുത്തദിവസം ഉച്ചയ്ക്ക് അന്ന കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്നസമയം വേലക്കാരിവന്ന്, 'നിങ്ങളെ കാണുവാനായി ചെറുപ്പക്കാരിയായ ഒരുസ്ത്രീ വന്നിരിക്കുന്നു' എന്ന് പറഞ്ഞു. തന്നെ കാണ്മാൻ അവിടെ ആരും വരാനിടയില്ലെന്നായിരുന്നു അവളുടെ വിചാരം. അതുകൊണ്ട് വേലക്കാരിയുടെ മൊഴി കേട്ടപ്പോൾ അവൾ അല്പമൊന്ന് അത്ഭുതപ്പെട്ടു. 'അത് എലിസബെത്ത് ആയിരിക്കുമോ? എന്നവൾ സംശയിക്കാതിരുന്നില്ല. എന്നാൽ ഡാക്ടർ ഫോൾഡ്സ്‌വോത്തിന്റെ മകൾ "ഞാൻ മരിച്ചുപോയി"യെന്ന് മററുള്ളവരെപ്പോലെ വിചാരിച്ചിരിക്കുമെന്നും, അഥവാ, രക്ഷപ്പെട്ടുവെന്ന് വിചാരിച്ചിരുന്നാൽത്തന്നെയും തന്റെ താമസം അറിയുന്നതിനോ ഇവിടെ വന്ന് തിരയാൻ സൌകര്യം ലഭിക്കുന്നതിനോ ഇടയാകയില്ലെന്നും ക്ഷണത്തിൽ അവൾക്കുതോന്നി. "ഒരു പക്ഷേ, ഡേവിഡ് സ്ത്രീവേഷം കെട്ടി വന്നിരിക്കുകയായിരിക്കാം" എന്ന് അവൾ ശങ്കിച്ചു. ഒരുനിമിഷം അയാളെ അവൾ ആ ദിക്കിൽവെച്ച് കണ്ടതു് ആ വിചാരവല്ലിക്ക് ഒരു ഊന്നമേകി. ഉള്ളിൽ തിങ്ങിയ വിസ്മയത്താലും ഭയംകൊണ്ടും 'ആ സ്ത്രീ ആരാണെന്ന് ചോദിച്ചോ?' എന്ന് വേലക്കാരിയോട്ട് അവളൊരു ചോദ്യമിട്ടു.

വേലക്കാരി—'എന്റെ പേര് പറയേണ്ടാ, ഒരു സ്നേഹിത വന്നിരിക്കുന്നുവെന്നു മാത്രം അറിവിച്ചാൽ മതി' എന്നാണ് എന്നോടു പറഞ്ഞതു.

ചെന്നു കാണാതിരിക്കാൻ തരമില്ലെന്ന് കണ്ടയുടനേ കുട്ടികൾക്കു കുറേനേരത്തേയ്ക്ക് ജോലികൊടുത്തിട്ട്, വന്ന സ്ത്രീയെ സന്ദർശിക്കാനായി അവൾപോയി. അതു് ഡേവിഡാണെങ്കിൽ ഉടൻ തന്നെ മെൽവിൽപ്രഭുവിന്റെ സാഹായ്യം അപേക്ഷിക്കാമെന്നും അവൾ തീർച്ചയാക്കി.

പോകുമ്പോൾ പെട്ടെന്നൊരു വിചാരം അവൾക്കുണ്ടായി. 'സ്നേഹിതയും നിർവ്വാണം പ്രാപിച്ചവളുമായ ഹെസ്റ്ററുടെ വല്ല പരിചയക്കാരുമാണെങ്കിൽ വ്യാജം ഉടൻ വെളിപ്പെട്ടുപോകുമെല്ലോ.' എന്നായിരുന്നു ആ ഭയചിന്ത. ശങ്കകളെല്ലാം ഒരുവിധം അടക്കിക്കൊണ്ട് ആ സ്ത്രീ കാത്തുനിന്ന മുറിയിലേയ്ക്ക് അവൾ പ്രവേശിച്ചു.

അന്ന അകത്തു കടന്നപ്പോൾ, അവിടെയിരുന്ന സ്ത്രീ എഴുന്നേററ് അവളുടെ സമീപത്തിലേയ്ക്ക് ചെന്നു. മുഖത്തിൽ മൂടുപടം ധരിച്ചിരുന്നതുകൊണ്ട് ആൾ തിരിച്ചറിവാൻ കഴിഞ്ഞില്ലെങ്കിലും, നട കണ്ടപ്പോൾ അവൾ ഒരു പരിചയക്കാരിയാണെന്ന് അന്ന മനസ്സിലാക്കി. അടുത്തായപ്പോൾ ആഗത മൂടുപടം മാററിക്കൊണ്ട്, "നിങ്ങൾ ഒട്ടും പരിഭ്രമിക്കേണ്ട, ഒരു ശബ്ദവും പുറപ്പെടുവിക്കരുത്. ഞാൻ നിങ്ങളെ സഹായിക്കാനാണ് ഇവിടെ വന്നിരിക്കുന്നത്" എന്ന് ഒരേ ശ്വാസത്തിൽ പറഞ്ഞുനിറുത്തി.

മരിച്ചുപോയിയെന്നു തീർച്ചപ്പെടുത്തിക്കൊണ്ട്, പേരും ജോലിയും തന്നാൽ കവർന്നെടുക്കപ്പെട്ട ഹെസ്റ്ററെ കണ്ടപ്പോൾ, അന്നയ്ക്ക് ആശ്ചര്യവും ഭയവും തോന്നി. 'നിങ്ങൾ മരിച്ചുപോയി എന്നാണല്ലോ ഞാൻ വിചാരിച്ചതും ഡാക്ടർ പറഞ്ഞതും.' എന്നവൾ ഒച്ചപൊങ്ങാതെ പറഞ്ഞു.

ഹെസ്റ്റർ—എന്നുതന്നെയാണ് എല്ലാവരും വിചാരിച്ചതു്; പക്ഷേ, അതൊരു കഠിനമായ ബോധക്ഷയം മാത്രമേ ആയിരുന്നുള്ളു.

അന്ന—എനിക്ക് ഈ സംഗതി അറിയാനിടയായതിനെപ്പററി വളരെ സന്തോഷമുണ്ട്. മരിച്ചു എന്ന വിചാരമില്ലായിരുന്നുവെങ്കിൽ തോഴീവേഷം എടുക്കുകയേയില്ലായിരുന്നു.

ഹെസ്റ്റർ—അതു സാരമില്ല. അങ്ങനെ ചെയ്യണമെന്നു ഞാൻതന്നെയാണല്ലോ പറഞ്ഞതും.

അന്ന—എന്നാൽ ഇനി വാസ്തവമെല്ലാം സ്വാമിനിയെ ധരിപ്പിക്കാം.

ഹെസ്റ്റർ—അതൊരിക്കലും പാടില്ല; നിങ്ങൾ ജോലി അന്വേഷിച്ചു ശീലിച്ചിട്ടുള്ളവരല്ല.

അന്ന—എന്തു്? നിങ്ങൾ ഈ ജോലിയിൽ പ്രവേശിക്കുവാൻ ഉദ്ദേ ശിക്കുന്നില്ലെന്നോ?

ഹെസ്റ്റർ—എനിക്ക് അത ഉദ്ദേശം ലേശമില്ല. ഞാൻ ആരാണെന്നര വല്ലവരും ചോദിക്കുന്നപക്ഷം നിങ്ങളുടെ പരിചയക്കാരിയായ ഹെലൻ എന്നുമാത്രമേ പറയാവൂ. നിങ്ങൾ ഇന്നാരാണെന്ന് അറിയുന്നതിന്ന മുമ്പുതന്നെ നിങ്ങളെ സഹായിക്കണമെന്ന ഞാൻ വിചാരിച്ചു. നിങ്ങൾ അന്നയാണെന്ന് ഇപ്പോൾ അ റിഞ്ഞിരിക്കുന്നതുകൊണ്ടു നിങ്ങളെ സഹായിക്കുന്ന കാൎയ്യത്തിൽ എനിക്കു വളരെ കൂടുതൽ ഉൽക്കണ്ഠയുണ്ടു്.

അന്ന—(വിസ്മയത്തോടുകൂടി) ഞാൻ ഇന്നാരാണെന്നു നിങ്ങൾ എ ങ്ങനെ അറിഞ്ഞു?

ഇതിന്നുത്തരമായി ഹെസ്റ്റർ അവളറിഞ്ഞിട്ടുള്ള സകല കാൎയ്യങ്ങ ളും വിസ്തരിച്ചു പറഞ്ഞു. തന്റെ സങ്കടങ്ങളെ തിരക്കിയറിഞ്ഞ ഹെ സ്റ്റരോടു് അന്നയ്ക്കു അതിററ സ്നേഹം അപ്പോൾ തോന്നി. അവൾ പിന്നീടു് അവളുടെ സകല വൎത്തമാനങ്ങളും സവിസ്തരം പറയുകയും, അവൾക്കുള്ള സ്വത്തുകൾ തിരിയേ കിട്ടുന്നപക്ഷം ഹെസ്റ്റൎക്കുവേണ്ട ഉപകാരം ചെയ്യാമെന്ന വാഗ്ദാനം ചെയ്കയും ചെയ്തു. "എനിക്ക് ഉപകാരം ചെയ്തതു നിങ്ങൾ രണ്ടുപേരാണ്. ഡാക്ടർ ഹോൾഡ്സ് വോൎത്തിന്റെ പുത്രിയായ എലിസബെത്തും നിങ്ങളും. നിങ്ങളുടെ സ ഹായം കിട്ടാതിരുന്നുവെങ്കിൽ ഞാൻ വളരെ കഷ്ടത്തിലായേനെ."

ഹെസ്റ്റർ—നിങ്ങളുടെ ഗ്രാമാധികാരി എപ്പോൾ വരും?

അന്ന—ഇനിയും രണ്ടുമാസം പിടിക്കും.

ഹെസ്റ്റർ—നിങ്ങളേതായാലും ക്ഷമിച്ചിരിക്കണം. അദ്ദേഹം വന്ന യുടനെ ഞാൻതന്നെ എഴുത്തയച്ചു് വേണ്ടപ്പെട്ട ഏൎപ്പാടുകൾ ചെയ്യാം. നിങ്ങളെഴുതുന്നപക്ഷം വല്ല അപകടവും ഉണ്ടായാ ലോ? ഡേവിഡു് സ്വദേശത്തേയ്ക്കു് തിരിച്ചു പൊയ്ക്കഴിഞ്ഞിരിക്കു ന്നതുകൊണ്ടു് ഇപ്പോൾ ഇവിടെ പേടിക്കാനൊന്നുമില്ല.

അന്ന—ഡേവിഡു് ഒരു മഹാക്രൂരനാണെങ്കിലും വലിയ ഭീരുവും കൂടി യാണ്. എനിക്ക് അയാളുടെ ചിററപ്പനെപ്പററിയാണു മഹാ

ഭയം. എന്റെ പിശാചിനെ കണ്ടതായി ഡേവിഡ് അവന്റെ ചിററപ്പനോടു പറയുന്നപക്ഷം, അയാൾ ഞാൻ ജീവിച്ചിരിക്കുന്നുണ്ടെന്നു നിശ്ചയിച്ച് ഇവിടെവന്ന് അന്വേഷണം ചെയ്യാതിരിക്കുകയില്ല.

ഹെസ്റ്റർ—ഞാൻ അടുത്തിരിക്കുന്നതുനിമിത്തം നിങ്ങളേതായാലും ഇനി ഭയപ്പെടേണ്ട ആവശ്യമില്ല. നിങ്ങളെ സ്വാതന്ത്ര്യയാക്കിയതിനുശേഷമാകാം നിങ്ങളുടെ പ്രണയഭാജനത്തെ അന്വേഷിപ്പാൻ.

പ്രത്യേകം യാതൊരു ഉദ്ദേശവും ഉണ്ടായിട്ടല്ലെങ്കിലും, തന്റെ കാമുകൻ ഇന്നാരാണെന്ന് അന്ന ഹെസ്റ്ററോടു പറഞ്ഞില്ല. അത് ലജ്ജകൊണ്ടായിരിക്കാമെന്നു കരുതി ഹെസ്റ്റർ അവളോടു ചോദിച്ചതുമില്ല. ഈ സംഭാഷണം കഴിഞ്ഞതിനുശേഷം ഹെസ്റ്റർ സമാധാനത്തോടുകൂടി തിരിച്ചുപോവുകയും, അന്ന അത്മാൎത്ഥമായി ഒരു സ്നേഹിതയെ ലഭിച്ചതിനെപ്പററി സന്തുഷ്ടയായി കുട്ടികളുടെ അടുക്കലേയ്ക്കു ചെല്ലുകയും ചെയ്തു.

ഈ സംഭവം കഴിഞ്ഞതിന്റെ അടുത്ത ദിവസം ഹെസ്റ്ററും വൃദ്ധയുംകൂടി മുറിയിലിരുന്ന് വിവിധവിഷയങ്ങളെപ്പററിസംഭാഷണം ചെയ്യുമ്പോൾ, ഒരു യുവാവ്, അവിടെ പ്രവേശിച്ചു. ഹെസ്റ്റർ പെട്ടെന്നെഴുന്നേററ് ഒരു ഭാഗത്തേയ്ക്കു മാറിനിന്നു. വൃദ്ധ അയാളെക്കണ്ട് ഒന്നു മന്ദഹസിച്ചതിൽപിന്നെ ചോദിച്ചു:—"നിന്റെ സുഖക്കേടെല്ലാം ഭേദമായോ?

യുവാവ്—ഒരുവിധമെല്ലാം സുഖമായെന്നു പറയാം. ദേശസഞ്ചാരവും മററും കഴിഞ്ഞ് ഞാനിപ്പോൾ വന്നതേയുള്ളു.

വൃദ്ധ—നിന്റെ ദേഹം വളരെ ക്ഷീണിച്ചുപോയിട്ടുണ്ട്. അതാ അവിടെ നില്ക്കുന്നവളാണ് ഇപ്പോഴത്തെ എന്റെ സഖി. ഇതിനുമുമ്പ് ഇരുന്നവളെ വിവാഹംചെയ്തുകൊണ്ടുപോയി. ഇവളെങ്കിലും അത്തരം വലയിൽ ചാടാതിരിക്കുമെന്നാണ് എന്റെ വിചാരം.

യുവാവ് – (ഹെസ്റ്ററോട്) നിങ്ങളുടെ പെരെന്താണ്?

ഹെസ്റ്റർ—ഹെലൻ അവിടുത്തെ പേരു്?

യുവാച്ച്—ചാറൽസ്.

വൃദ്ധ—അതേ; അവൻെറപേരു ചാറൽസ് എന്നുതന്നെയാണ്. ഒരു മഹാവികൃതിച്ചെറുക്കനാണവൻ.

ചാറൽസ്—എന്നിട്ടും നിങ്ങളെന്നെ വെറുക്കുന്നില്ലല്ലോ.

വൃദ്ധ—അതു സാധിക്കുകയില്ല. നിൻെറ അമ്മ എൻെറ പ്രാണസ്നേഹിതയായിരുന്നു. നീ നമ്മുടെ ഒരു ബന്ധുവായതുകൊണ്ടു സ്നേഹിക്കാതിരിപ്പാൻ തരമില്ലല്ലോ. നീ പോയിരുന്ന കാലത്തു് എന്തൊക്കെ സംഭവങ്ങളാണു കഴിഞ്ഞു കൂടിയതു്? ഇന്നാളൊരു വലിയ റയിൽവേ അപകടമുണ്ടായില്ലേ? അ വണ്ടിയിൽ ഇവളുമുണ്ടായിരുന്നു.

ചാറത്സ്—എന്തു്? നിങ്ങഠം അ വണ്ടിയിലുണ്ടായിരുന്നുവെന്നോ? അപത്തൊന്നും പററാതെ പോന്നതു് ആയുസ്സിൻെറ ബലം!!

ഹെസ്റ്റർ—ഒന്നും പററാതിരുന്നില്ല. ഒരു കഠിനമായ ബോധക്ഷയമുണ്ടായി. ഞാൻ മരിച്ചുവെന്നുതന്നെയാണ് എല്ലാവരും വിചാരിച്ചതു്. രണ്ടുമൂന്നുദിവസം അശുപത്രിയിൽ കിടക്കേണ്ടതായിവന്നു. അനവധി മൃതശരീരങ്ങളെ അതാതുടമസ്ഥന്മാർ വന്നു കൊണ്ടുപോകുന്നതു് ഞാൻ കാണുകയുണ്ടായി.

ചാറത്സ്—അതിനെപ്പററി ഞാൻ വൎത്തമാനപ്പത്രത്തിൽ വായിച്ചു. ഞാനപ്പോഠം ഒരു സുഖയാത്രയിൽ ഏൎപ്പെട്ടിരിക്കുകയായിരുന്നു. നിങ്ങഠം തനിച്ചാണോ യാത്രചെയ്തതു്?

ഹെസ്റ്റർ—എൻെറ കൂടെ ഒരു സ്ത്രീകൂടി അ വണ്ടിയിലുണ്ടായിരുന്നു.

ചാറത്സ്—നിങ്ങളുടെ വല്ല പരിചയക്കാരിയുമായിരിക്കാം.

ഹെസ്റ്റർ—അല്ല; ഞാനവളെ അറിയുകയില്ല.

ചാറത്സ്—അവഠംക്കു മരണം സംഭവിച്ചോ?

ഹെസ്റ്റർ—ഇല്ല, അവളും രക്ഷപെട്ടു. യാതൊരാപത്തും അവഠംക്കുണ്ടായിട്ടില്ല.

വൃദ്ധ—അതെല്ലാം ശരിതന്നെ. ചാറത്സ, നിൻെറ അമ്മാവൻ മരിച്ചു; അദ്ദേഹത്തിൻെറ അവകാശിയായ നിനക്കു സമ്പത്തെല്ലാം കരസ്ഥമാവുകയും ചെയ്തു. ഇനിയെങ്കിലും ഒരു വിവാഹം കഴിച്ച് കുടുംബജീവിതം തുടങ്ങരുതേ?

ചാറത്സ്—വിവാഹം ചെയ്യണമെന്നു ഞാനിപ്പോൾ വിചാരിക്കുന്നില്ല. നിങ്ങൾ അവിവാഹിതയായിത്തന്നെ കഴിഞ്ഞുകൂടുന്നതുപോലെ ഞാനും ഏകനായി ജീവിതം നയിക്കാൻ ആശിക്കുകയാണ്.

വൃദ്ധ—(കണ്ണീർതൂകി) ഞാൻ വിവാഹം കഴിക്കാതിരുന്നില്ലല്ലോ. ഭാഗ്യമില്ലാതായിപ്പോയി. പിന്നെ എൻെറ വംശം നശിച്ചേക്കാമെന്ന ഭയംകൊണ്ടു എനിക്ക് ഒരു അവകാശിയെ സമ്പാദിക്കേണ്ട അവശ്യവുമില്ലല്ലോ. എന്നാൽ നിൻെറ സ്വത്തിന് ഒരു അവകാശി അത്യാവശ്യമാണ്.

ചാറത്സ്—എൻെറ മരണത്തെ കാത്തു നില്ക്കുന്നുണ്ട് ഒരുത്തനെന്നതു് നിങ്ങൾക്കും അറിയാമല്ലോ.

വൃദ്ധൻ—അ കാശിനുകൊള്ളാത്തവനാണോ നിൻെറ അവകാശിനായി വരാൻപോകുന്നതു്? വിശേഷമായി.

ചാറത്സ് ഉത്തരം പറയുന്നതിനുമുമ്പായി, വേലക്കാരി വന്ന് വൃദ്ധയെ കാണാൻ ഒരാൾ പുറമേ വന്നിട്ടുണ്ടെന്ന വിവരം അറിവിച്ചു. വൃദ്ധ വേഗമെഴുന്നേററ് അതിഥി ആരെന്നറിവാൻ അങ്ങോട്ടു പോയി.

ഈ ചാറത്സ് അന്നയുടെ പ്രണയസർവ്വസ്വമായ ചാറത്സ് തന്നെയാണെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. അയാൾ ഇവിടെ വന്നുകൂടാനുള്ള കാരണമെന്തെന്നുകൂടി ഇവിടെത്തന്നെ പറഞ്ഞേക്കാം. ഈ വൃദ്ധയെ വിവാഹം ചെയ്തിരുന്നതു് ചാറത്സിൻെറ ഒരു അമ്മാമനായിരുന്നു. അദ്ദേഹം വിവാഹാനന്തരം അധികം ദിവസം കഴിയുന്നതിനു മുമ്പേതന്നെ പരലോകപ്രാപ്തനായിപ്പോയി. സന്താപപരവശയായ ആ സ്ത്രീ തൻെറ വിവാഹജീവിതസുഖാനുഭവത്തിന് അതോടുകൂടി വിരാമമിട്ടു. കാലക്ഷേപത്തിന് ധാരാളം വ

ഴിയുണ്ടായിരുന്നതു് അവളുടെ ആ പ്രാരംഭത്തിനു് വലിയൊരു സഹായവുമായി. ഈവഴിക്കു് ചാറത്സിന്റെ അമ്മാവിയാണു് വൃദ്ധ എന്നു് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിനും പുറമേ, അവർ ചാറത്സിന്റെ മാതാവുമായി വലിയ ലൌകികത്തിലായിരുന്നുവെന്നു് അവരുടെ സംഭാഷണത്തിൽ നിന്നു് വ്യക്തവുമാണല്ലോ. ചാറത്സ് കൂടെക്കൂടെ മാതൃസാധാരണ്യമായ ബഹുമാനഭക്തികളോടുകൂടി വൃദ്ധയെ വന്നുകാണുകയും വേണ്ട കാൎയ്യങ്ങൾ അന്വേഷിക്കുകയും പതിവായിരുന്നു. അവിടെനിന്നു് വളരെ അകലെയല്ലാത്ത ഒരു സ്ഥലത്താണു് ചാറത്സ് കുറച്ചുകാലമായിട്ടു താമസിച്ചുവരുന്നതു്. ഇനി നമുക്കു പ്രകൃതം തുടരാം.

വൃദ്ധയും ചാറൽസുംകൂടി സംസാരിക്കുമ്പോൾ, ചാറത്സ് എന്തോ ഒരു മനസ്താപത്തോടുകൂടിയാണു് കഴിഞ്ഞുകൂട്ടുന്നതെന്നു് അയാളുടെ മുഖഭാവം കണ്ടും ചില വാക്കുകൾ കേട്ടും ഹെസ്റ്റർ സംശയിച്ചിരുന്നു. എന്നാൽ തന്റെ പ്രാണസഖിയുടെ കാമുകൻ അദ്ദേഹമാണെന്നു് ഹെസ്റ്റർ അറിഞ്ഞിട്ടില്ല. ഹെസ്റ്റർ വിചാരമഗ്നയായി അരികേകിടന്ന ഒരു കടലാസെടുത്തു് അതിൽ വെറുതേ ഓരോന്നു് വരച്ചുകൊണ്ടുനിന്നതിനിടയ്ക്കു്, 'അന്നാ, അന്നാ' എന്നിങ്ങനെ അനവധി തവണ ഒരേ പേരുതന്നെ എഴുതി. വൃദ്ധ പുറമേ പോയപ്പോൾ, ചാറത്സ് 'നിങ്ങളെന്താണു് വരയ്ക്കുന്നതു്' എന്നു് ചോദിച്ചുകൊണ്ടു് ഹെസ്റ്ററെ സമീപിച്ചു കടലാസിലേയ്ക്കു നോക്കി. ആ പേരു കണ്ടയുടൻ ചാറത്സിന്റെ മുഖം വിവൎണ്ണമായിത്തീൎന്നു. കുറെ പരിഭ്രമത്തോടുകൂടി, "ഇതാരുടെ പേരാണു്? ഈ പേരുള്ള ആരെയെങ്കിലും നിങ്ങൾ അറിയുമോ?" എന്നു ചോദിച്ചു.

ഹെസ്റ്റർ—(ശാന്തസ്വരത്തിൽ) ഞാൻ കണ്ടിട്ടുണ്ടു്.

ചാറത്സ്—റയിലിൽവെച്ചാണോ കണ്ടതു്?

ഹെസ്റ്റർ—പിന്നെയും കണ്ടു. എന്നാൽ ക്ഷണനേരത്തേയ്ക്കു മാത്രമാണു്.

ചാറത്സ്—നിങ്ങൾക്കു് അവളെക്കുറിച്ചു വല്ലതും അറിയാമെങ്കിൽ...............

വൃദ്ധ പെട്ടെന്നു മുറിയിലെത്തി. അവർ തൽക്ഷണം നിശ്ശബ്ദ

രായി. താനറിയാതെ അന്നയ്ക്കു വല്ല ആപത്തും അയാൾ വരുത്തിയേക്കുമോ എന്നു ഹെസ്റ്റർ പേടിച്ചു. അന്നയും ചാറൽസും തമ്മിലുള്ള ബന്ധമൊന്നും അവളറിഞ്ഞിട്ടില്ലല്ലോ. ചാറത്സ് ആ ദുഷ്ടന്മാരുടെ കൂട്ടുകാരനായിരിക്കുമോ എന്നും അവൾ ശങ്കിച്ചു. വൃദ്ധ അകത്തു വന്നയുടൻ, ഹെസ്റ്റർ പുറമേ കടന്നു തൻെറ മുറിയിൽ ചെന്നു് ആ കിടലാസു കഷണം കഷണമാക്കി വലിച്ചെറിഞ്ഞു. പിന്നെ ചാറത്സ് പോകുന്നതുവരെ അവൾ മുറിവിട്ടു പുറമേ വന്നതേയില്ല. അന്നയെപ്പററി ചാറത്സിന് എന്തറിയാം? എന്നായിരുന്നു അവളുടെ വിചാരപരമ്പര.

—⟡—

## ഇരുപതാം അദ്ധ്യായം.

### (കപടവേഷക്കാരൻ.)

ഭയാതുരനായ ഡേവിഡ് സാമർടൺ വിട്ടു പിറേറ നാൾതന്നെ സ്വദേശത്തേയ്ക്കു തിരിച്ചു. തൻെറ ചിററപ്പൻെറ വസതിയിലെത്തിയപ്പോൾ, അയാൾ സമാധാനചിത്തനായി ആഹാരം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആകസ്മികമായി ഡേവിഡ് അകത്തു പ്രവേശിക്കുന്നതു കണ്ടപ്പോൾ അയാൾ അത്ഭുതപരാധീനനായി. "എന്തു്? നീ തിരിച്ചു വന്നുകഴിഞ്ഞോ? ഡാക്ടർ ലായിഡ് നിന്നെ അടിച്ചോടിക്കുകയാണോ ചെയ്തതു്?" മദമത്തനായ ഹ്യൂ ഡേവിഡിന്നു് നൽകിയ പുഷ്പാഞ്ജലി ഇതായിരുന്നു.

ഡേവിഡ്—ഞാൻ തിരിച്ചു വന്നുകഴിഞ്ഞു. ഇനി ഞാൻ ഒരിടത്തേയ്ക്കും പോകുന്നില്ല. അന്നയുടെ പൂർവ്വഗൃഹത്തിലേയ്ക്കും പോകയില്ല. ഞാൻ മുമ്പു താമസിച്ചിരുന്ന സ്ഥലത്തു മാത്രമേ താമസിക്കൂ.

ഹ്യൂ—അതിനു കാരണമെന്താണു്?

ഡേവി—നിങ്ങൾ പക്ഷേ അധിക്ഷേപിച്ചേക്കാം. ഞാനിപ്പോൾ മദ്യപാനം ചെയ്യാറില്ല. ഡാക്ടർ ലായിഡിൻെറ പ്രത്യേകനോ

ട്ടത്തോട്ടുകൂടിത്തന്നെയാണു ഞാൻ താമസിച്ചിരുന്നത്. അദ്ദേഹം എന്നെ വളരെ സൂക്ഷിച്ചു. ഞാൻ മദ്യപാനം ചെയ്യുന്നപക്ഷം, തനിക്കുകൂടി ദുഷ്പേരുണ്ടാകുമെന്നാണു അദ്ദേഹം പറഞ്ഞിരുന്നത്.

ഹ്യൂ—അദ്ദേഹത്തിൻെറ നിഷ്കൎഷയെപ്പററി എനിക്കറിയാം. അതിനു വഴിപ്പെടാതെ നീ മദ്യപാനം ചെയ്യുന്നുവെങ്കിൽ നിൻെറ ബുദ്ധിക്കും ജീവനും ഹാനി തട്ടും. നിന്നെ വേണ്ടുംവിധം സ്വീകരിക്കാത്ത കുററം അദ്ദേഹത്തിലാരോപിച്ചാണോ നീ ആ മഠത്തിലെ ~~~ ററാൻെറ സമീപത്തിൽനിന്നു പോന്നത്?

ഡേവിഡ്—അല്ലാ; അല്ല; അദ്ദേഹത്തോടൊരുമിച്ചുള്ള വാസം, ഏകാന്തവാസംപോലെ മനോഹരമായിരുന്നു. അദ്ദേഹം വീട്ടിലിരുന്നാലും വെളിയിൽ പോയിരുന്നാലും എനിക്കവിടെ സുഖത്തിനു യാതൊരു ഭേദവുമില്ല. ഡാക്ടർ ഒരു യോഗ്യനും ഞാൻ തീരെ അയോഗ്യനും ആയിപ്പോയി. എന്നാൽ അതൊന്നുമല്ല ഞാനിപ്പോൾ അവിടംവിട്ടു പോരാൻ കാരണം. ഞാനിവിടെ താമസിക്കുമ്പോൾ അന്നയുടെ പ്രേതത്തെ കൂടക്കൂടെ കാണുക പതിവായിരുന്നു. ഇതാ അവിടെവെച്ചു യഥാൎത്ഥത്തിൽ പ്രത്യക്ഷപ്പെട്ടുകയുംചെയ്തു. ഇവിടെ പാൎത്തിരുന്നപ്പോൾ കാണാറുള്ളതു മദ്യപാനം കൊണ്ടാണെന്നു നിങ്ങളൊക്കെ പറയുമായിരിക്കാം. ഇപ്പോഴോ, ഞാനൊരുതുള്ളി മദ്യംപോലും കഴിക്കാറില്ലല്ലോ. എന്നിട്ടും ആ പിശാചിനെ കണ്ടിരിക്കുന്നു.

ഹ്യൂ—അവിടെവെച്ചും നീ കണ്ടുവോ? എങ്ങനെയൊക്കെയാണ്? വിസ്തരിച്ചു പറയൂ; കേൾക്കട്ടെ.

മെൽവിൽ പ്രഭുവിൻെറ തോട്ടമതിലിനരികിൽവെച്ച് അന്നയെക്കണ്ട വിവരമെല്ലാം ഒരക്ഷരംപോലും തെററാതെ ഭയവികാരങ്ങളോട്ടുകൂടി ഡേവിഡു പറഞ്ഞു. അതെല്ലാം അത്യന്തം ശ്രദ്ധാപൂൎവ്വം കേട്ട് ഹ്യൂവിൻെറ അയസ്സഹൃദയം ആടാൻ തുടങ്ങി. ഡേവിഡ് "പിശാചിനെ കണ്ടു, പിശാചിനെ കണ്ടു" എന്നു മുമ്പൊക്കെക്കൂടെക്കൂടെ പറയാറുണ്ടായിരുന്നുവെങ്കിലും, അതൊന്നും ഹ്യൂവിനെ ചിന്താ

കുലനാക്കാറില്ല. എന്നാൽ സാമർടണിൽവെച്ചു കണ്ടതിൽ, "എന്തോ ഒന്നുണ്ടു്" എന്നാണു് അയാൾക്കപ്പോൾ തോന്നിയതു്. "അതു പിശാചും മററുമായിരിക്കയില്ല; അന്ന തന്നെയാണു്" എന്നായി അവന്റെ ചിന്താഗതി.

ഹ്യൂ—അ ദേശത്തിലെ ഡാക്ടർ ലായിഡു തന്നെയാണോ?

ഡേവിഡു്—മെൽവിൽ പ്രഭുവിന്റെ ഡാക്ടർ വേറെയാളാണു്.

ഹ്യൂ—ആ പ്രഭുവിനേയും കുടുംബത്തേയുംപററി നിനക്കു വല്ലതും അറിയാമോ?

ഡേവിഡു്—ഞാൻ കേട്ടിട്ടുള്ളതു്, അവർ ഒരു പുരാതനകുടുംബക്കാരും വളരെ അന്തസ്സുള്ളവരും ആണെന്നാണു്. അവിടെ മുമ്പുണ്ടായിരുന്ന കുട്ടികളുടെ അദ്ധ്യാപിക അവിടംവിട്ടു പോയതായും ഈയിടെ അറിയുകയുണ്ടായി.

ഹ്യൂ—അവർ ഒരു അദ്ധ്യാപികയേയും നിയമിച്ചിട്ടുണ്ടോ? ഞാൻ പറയാം. അന്ന മരിച്ചിട്ടില്ല. നീ കണ്ടതു പിശാചിനേയും അല്ല. സാക്ഷാൽ അന്നയെത്തന്നെയാണു്.

ഡേവിഡു്—പക്ഷേ, അന്ന മരിച്ചു. നാം അവളുടെ മൃതശരീരത്തെ അടക്കംചെയ്തുകഴിഞ്ഞതല്ലോ.

ഹ്യൂ—അടക്കംചെയ്ത ശരീരം അവളുടേതല്ല. പതക്കം ഒഴികെ, അവളാണെന്നു തെളിയിക്കുന്നതിനു വേറെ ഒരടയാളവും നാം കണ്ടില്ലല്ലോ. അവൾ മരിച്ചുപോയ ആ സ്ത്രീയുടെ കയ്യിൽ പതക്കം നിക്ഷേപിച്ച കൌശലത്തിൽ നമ്മേയും മററുള്ളവരേയും ചതിച്ചുവെന്നാണു ഞാനിപ്പോൾ വിചാരിക്കുന്നതു്. നിന്നേക്കാൾ ഇരട്ടി ബുദ്ധി അവൾക്കുണ്ടു്.

ഡേവിഡു്—അങ്ങനെയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. നിശ്ചയം.

ഹ്യൂ—നിനക്കു തോന്നുംപോലെ നീ വിശ്വസിക്കുക. ഞാൻ നാളെ സാമർടൺ നഗരത്തിലേയ്ക്കു പോകുകയാണു്. കക്ഷികളുടെ കാ

ണ്ടും നീ നോക്കിക്കൊള്ളണം. ആരെങ്കിലും എന്നെ അന്വേഷിക്കുന്നപക്ഷം ലണ്ടനിലേയ്ക്കു പോയിരിക്കുന്നുവെന്നു പറഞ്ഞേക്കുകയുംവേണം.

ഡേവിഡ്—നിങ്ങൾ എന്തെങ്കിലും ചെയ്യുക. നിങ്ങളുടെ യാത്രയിൽ എനിക്കു വലിയ വിശ്വാസമൊന്നുമില്ല.

ഹ്യൂ—പിശാചിനെ കണ്ടപ്പോൾ നീ പേടിച്ചു വിറച്ചു; ഇപ്പോൾ അങ്ങിനെ കാണുന്നു. നിന്റെ ഭാവം മിണ്ടാതിരിക്കാനുമാണ്.

ഡേവിഡ്—ഞാൻ കണ്ടതു്, പിശാചാണെന്നതിനു ഒരു തക്കവുമില്ല.

ഹ്യൂ—എന്നാൽ ആ പിശാചിനെ ഞാനും ഒന്നുപോയി കണ്ടുവരാം.

പിറേറന്നാൾ രാവിലേതന്നെ റയിൽവേ സംഭവമുണ്ടായ സ്ഥലത്തേയ്ക്കു ഹ്യൂ പുറപ്പെട്ടു. അവിടെ ചെന്നു്, മുമ്പു കണ്ടു പരിചയിച്ചിരുന്ന ഡാക്ടരോടു്, 'തന്റെ രക്ഷയിൽ വളൎന്നുവന്നവളും, റയിലപകടത്തിൽപെട്ടു് അകാലമൃത്യു അടഞ്ഞുപോയവളുമായ അന്നയുടെ മൃതശരീരം ഇവിടെനിന്നാണല്ലോ ഞങ്ങൾ കൊണ്ടുപോയതു്; അവളുടെ വിരലിൽ വിശേഷരീതിയിൽ ഒരു മോതിരം കിടന്നിരുന്നു; അതു നിങ്ങളാരാനും കാണുകയുണ്ടായോ?' എന്നു ചോദിച്ചു. അയാളുടെ ഈ ചോദ്യം വെറും കപടമായിരുന്നു. ആ വിഷയം സംഭാഷണത്തിൽ വരുത്താനും, അതുവഴി കൂടുതൽ വിവരം സമ്പാദിക്കാനുമായിരുന്നു അയാളിങ്ങനെ പറഞ്ഞതു്. അതു ലാക്കിനു പററുകയുംചെയ്തു. പലതും സംസാരിച്ചകൂട്ടത്തിൽ, ഹെസ്റ്റർ എന്നു പേരുള്ള അസാമാന്യസുന്ദരിയായ ഒരു തരുണി സാമർടൺ പട്ടണത്തിൽ മെൽവിൽ പ്രഭുവിന്റെ ഗൃഹത്തിലേയ്ക്കു പോയിട്ടുണ്ടെന്നു പ്രസ്തുത ഡാക്ടരിൽനിന്നു് ഹ്യൂ മനസ്സിലാക്കി.

അടുത്തദിവസംതന്നെ ഹ്യൂ സാമർടൺനഗരത്തിലേയ്ക്കു പോയി. നീണ്ടുതൂങ്ങിക്കിടക്കുന്ന കള്ളത്താടിയും, മേൽമീശയും ഒരു പച്ചക്കണ്ണടയും ഹ്യൂവിനെ ആകെക്കൂടി ഒന്നു വേഷംമാററി. താൻ ഒരു ഭൂപ്രകൃതിശാസ്ത്രജ്ഞനാണെന്നും, ഒരു പുസ്തകമെഴുതുന്നതിനു വേണ്ട വിവര

ങ്ങൾ സമ്പാദിക്കുന്നതിനു സഞ്ചരിക്കുകയാണെന്നും ആണ് അയാൾ തന്നെപ്പററി ചോദിക്കുന്നവരോടെല്ലാം പറഞ്ഞതു്. മണ്ണു പരിശോധിക്കുന്ന മാതിരിയിൽ അയാൾ മിക്കപ്പൊഴും നടക്കുക പതിവായി. എന്നാൽ, അധികംസമയവും മെൽവിൽപ്രഭുവിൻെറ പുരയിടത്തിനു ചുററുമുള്ള പ്രദേശങ്ങളിലായിരുന്നു അയാളുടെ പരീക്ഷണാൎത്ഥമുള്ള സഞ്ചാരങ്ങൾ.

കപടവേഷത്തിൻെറ സാഹ്യത്തോടുകൂടി സാമർടണിൽ ചില പരിചയക്കാരെ ഹ്യൂ സമ്പാദിച്ചു. അവരുമായി ചെയ്ത ബഹുവിധസംഭാഷണങ്ങളെക്കൊണ്ടു്, മെൽവിൽപ്രഭുവിൻെറ ഗൃഹത്തിൽ താമസിക്കുന്ന അദ്ധ്യാപിക അന്നതന്നെയാണെന്നായിരുന്നു അയാൾക്കുണ്ടായ ദൃഢബോധം. ഹ്യൂവിൻെറ സഞ്ചാരരംഗം ചിലപ്പോഴൊക്കെ പ്രഭുവിൻെറ പുരയിടവുമായിത്തുടങ്ങി. ആരെങ്കിലും തന്നെക്കണ്ടു ചോദിക്കുന്നപക്ഷം, പരീക്ഷണാൎത്ഥം വന്നതാണെന്നുപറഞ്ഞു് രക്ഷപ്പെടാമെന്നും അയാൾ നിശ്ചയിച്ചു.

രണ്ടുമൂന്നുദിവസം യാതൊരു ഫലവും കിട്ടാതെ അയാൾ അലഞ്ഞുനടന്നു. താൻ അവിടെ വന്നിട്ടുള്ള വിവരം അന്ന അറിഞ്ഞിരിക്കുമോ എന്ന് അവനപ്പോൾ സംശയിച്ചുപോയി. തൻെറ കാൎയ്യം സാധിക്കയില്ലയോ? എന്നും അയാൾ വിചാരിക്കാറുണ്ടായിരുന്നു. എന്നാൽ ആ ദുഷ്ടൻെറ ദൈവം പിന്നെ അവനെ അധികം നിരാശപ്പെടുത്താൻ തുനിഞ്ഞില്ല. ഒരുദിവസം ഒരുസ്ത്രീയും ഒരുകുട്ടിയുമായി പുരയിടത്തിൽകൂടി നടന്നുവരുന്നതു് അവൻ കണ്ടു. ഞൊടിയിടകൊണ്ടു് ഹ്യൂ മരക്കൂട്ടത്തിനിടയിൽ കയറി മറഞ്ഞുനിന്നുകൊണ്ടു് ഒളിച്ചുനോക്കിയപ്പോൾ, അയാൾ അന്നയെ വാസ്തവമായി കണ്ടറിഞ്ഞു.

ഒരുകുട്ടി—(അന്നയോടു്) സാറെന്താണു് ഒരിക്കലും പുരയിടത്തിനു പുറമേ ഇറങ്ങിനടന്നു വിനോദിക്കാതിരിക്കുന്നതു്?

അന്ന—ഞാൻ പുറത്തിറങ്ങുന്നതു നല്ലതല്ല.

അവളെ സൂക്ഷിച്ചുനോക്കി, അവളുടെ സകലഭാവങ്ങളും കണ്ടറിഞ്ഞുകൊണ്ടു നിൽക്കുന്ന ഹ്യൂവിനു് ഈ ചെറിയ സംഭാഷണം സുവ്യ

ക്തമായി കേൾക്കാൻ സാധിച്ചു. അന്ന വളരെ സൂക്ഷിച്ചിരിക്കുകയാണെന്നും, അതുകൊണ്ടു കരുതിപ്രവർത്തിച്ച കാര്യം പററു എന്നും അയാൾക്കു ബോദ്ധ്യമായി. എന്നാൽ, തൻെറ കൌശലവലയിൽ അവളകപ്പെടാതിരിക്കുകയില്ലെന്നും, അങ്ങനെ പെട്ടുകിട്ടിയാൽ സദ്യോമരണംപോലും ഇഷ്ടമാകത്തക്ക കഠിനതടവിൽ അവളെ ഏൽപ്പിക്കണമെന്നും ഉള്ള മനപ്പായസം അയാൾ മൂക്കുമുട്ടെ കഴിച്ച് സംതൃപ്തനായി.

അന്ന ജീവിച്ചിരിക്കുന്നുവെന്ന വസ്തുത അറിഞ്ഞതുകൊണ്ട് അയാൾ സമാധാനപൂർവ്വം അവിടെനിന്നു നടന്നുതുടങ്ങി. ചിന്താതിമിരിതമായ അയാളുടെ ദൃഷ്ടികൾ വഴിയുടെ വിഷമതകളെ അറിഞ്ഞില്ല. തന്മൂലം മാർഗ്ഗത്തിൽ കിടന്നിരുന്ന ഒരു കല്ലിൽ കാലുതട്ടി അയാൾ മറിഞ്ഞുവീണുപോയി. ഈ അവിചാരിതസംഭവത്താൽ അയാളുടെ കൃത്രിമത്താടിയും മീശയും കണ്ണാടിയുമെല്ലാം താഴെപ്പതിച്ചു.

തൻെറ സൂക്ഷ്മക്കുറവിനെപ്പററി ആത്മശാപംചെയ്തുകൊണ്ട്, അയാൾ വേഗത്തിൽ വേഷാച്ഛാദനസാമഗ്രികളെ തപ്പിപ്പെറുക്കിയെടുക്കുമ്പോൾ, ഒരുയുവതി തനിക്കെതിരേ വരുന്നത് അയാൾ കണ്ടു. അവളുടെ കണ്ണിനുമുമ്പിൽവെച്ചു കപടവേഷംകെട്ടുന്നതിനെക്കാൾ, യഥാർത്ഥരൂപത്തിൽ തന്നെക്കാണുന്നതാണ് ഉത്തമമെന്ന് ആ സൂത്രശാലി തീർച്ചപ്പെടുത്തി. സാമാനങ്ങളെല്ലാം പെറുക്കി കയ്യിലാക്കിക്കൊണ്ട് 'താനൊന്നുമറിഞ്ഞില്ല' എന്നൊരു നിർവ്വിചാരഭാവത്തിൽ അയാൾ നടക്കാൻ തുടങ്ങി.

ഹ്യൂവിൻെറ യഥാർത്ഥവേഷം കണ്ടറിഞ്ഞ സ്ത്രീ ഹെസ്റ്ററായിരുന്നു. അവൾ ഹ്യൂവിനെ 'ആൾമനസ്സിലാക്കി'യെന്ന് അയാൾ തീരെ അറിഞ്ഞുമില്ല. ആ യുവതി അന്നയുടെ ആത്മസ്നേഹിതയായ ഹെസ്റ്ററാണെന്നും അയാൾ അറിഞ്ഞിട്ടില്ല. അന്നയുടെ ശവശരീരത്തെ അടയാളപ്പെടുത്താൻ ആസ്പത്രിയിൽ വന്ന ഹ്യൂ ഹെസ്റ്റർക്ക് മുഖപരിചിതനായിരുന്നു. അയാൾ ഡേവിഡിൻെറ ചിററപ്പനാണെന്ന വിവരവും അന്നയുമായുള്ള സംഭാഷണത്തിൽനിന്ന് അവൾ ധരിച്ചിട്ടുണ്ട്. അതിനാൽ വെമ്പിത്തുടിച്ച ഉൾക്കാമ്പോടുകൂടിയായിരുന്നു ഹെസ്റ്റർ ഭവനത്തിലെത്തിയത്. എങ്ങനെയെങ്കിലും അന്നയെ വിവരം ധരിപ്പിക്ക

ണമെന്ന് അവൾക്കുതോന്നി. തീരെ നിവൃത്തിയില്ലാത്തപക്ഷം മെൽവിൽപ്രഭുവിനെത്തന്നെ വിവരം ധരിപ്പിക്കണമെന്നും അവൾ വിചാരിച്ചു. പക്ഷേ; ആ വിചാരം സുസാധമല്ലെന്ന് അല്പംകഴിഞ്ഞപ്പോൾ അവൾക്കുതന്നെ മനസ്സിലായി. എന്തെന്നാൽ, പ്രഭു വലിയ അന്തസ്സുകാരനാകയാൽ തനിക്കപകീർത്തികരമായി ഈ സംഭവത്തെ പരിഗണിക്കാതിരിക്കയില്ലെന്ന് അവൾ ഓർത്തു. എന്നല്ല, സ്വാമിനിയുടെ നീരസത്തിനു താൻ പാത്രീഭൂതയാകയും ചെയ്യും. ഇനി എന്തുചെയ്യേണ്ടു? അവൾ ആകെക്കൂടി ചഞ്ചലമാനസയായിത്തീൎന്നു. വിവരമെല്ലാം വ്യക്തമായി കുറിച്ച് അന്നയെയ്ക്കാരുകത്തയയ്ക്കാമെന്ന് ഒടുവിൽ അവൾ തീരുമാനിക്കയാണു ചെയ്തതു്. അതിലും അല്പമൊരുതരക്കേട് അവളുടെ ദീൎഘാലോചനയ്ക്കു വിഷയീഭവിക്കാതിരുന്നില്ല. 'കത്തു് പോകുന്നതു പ്രഭുവിൻെറ വീട്ടിലേയ്ക്കാണല്ലൊ. കൈതെററി മററാരെങ്കിലും നോക്കിപ്പോവുന്നതായാൽ വലിയ കലാപങ്ങൾക്കെല്ലാം ഇടയാവും.' കത്തയയ്ക്കുകയെന്ന വിചാരമേ അവളുടെ ഉള്ളിൽനിന്നു തള്ളപ്പെട്ടു. എല്ലാററിലും കൊള്ളാവുന്നവഴി, താൻ തന്നെ ചെന്നു വിവരം അറിവിക്കുന്നതാണെന്ന് അവളുറച്ചു. രാവിലെ മാത്രമേ അവൾക്കു വലിയ ജോലിത്തിരക്ക് ഉണ്ടായിരുന്നുള്ളു. അതിനാൽ അടുത്തദിവസം വൈകുന്നേരമാണ് അവൾ പോകാൻ നിശ്ചയിച്ചതു്.

"അന്യഥാ ചിന്തിതംകാൎയ്യം ദൈവമന്യത്രചിന്തയേൽ" എന്ന പഴമൊഴി പരമാൎത്ഥമാണെന്ന് ഹെസ്റ്ററിക്ക് പിന്നത്തെ സംഭവം കൊണ്ടു് ബോധപ്പെട്ടു. ഹെസ്റ്ററുടെ സ്വാമിനിക്ക് അടുത്തദിവസം രാവിലേമുതൽ കലശലായ ഒരു നെഞ്ചുവേദന തുടങ്ങി. വീട്ടിലാൎക്കും ഒരു സ്വസ്ഥതയുമില്ലാതായി. ഡാക്ടർ ലായിഡിനെ തിരക്കി ആൾ ഓടിച്ചെന്നു. അദ്ദേഹം ചികിത്സയുടെ ആവശ്യമായി വെളിയിലെവിടെയോ പോയിരുന്നതുകൊണ്ടു്, പിന്നെവളരെനേരം ചെന്നതിനുശേഷമേ വരുവാൻ സാധിച്ചുള്ളു. വന്നയുടനെ രോഗിയെക്കണ്ടു മരുന്നുകൾ കൊടുക്കുകയും ചെയ്തു. പോകുന്നസമയം ഹെസ്റ്റർ വ്യാധിയെപ്പററി ചോദിച്ചപ്പോൾ, "വേഗംമാറും. രണ്ടുദിവസംകൂടി ആ വ്യാധിയുടെ ഗോഷ്ഠികൾക്ക് നീ വഴിപ്പെടേണ്ടിവരും" എന്നു ഡാക്ടർ പറഞ്ഞു.

ഹെസ്റ്റർ—അതുസാരമില്ല; ഞാൻ സഹിച്ചുകൊള്ളാം. നിങ്ങളുടെ സ്നേഹിതൻ വല്ല എഴുത്തും അയച്ചിട്ടുണ്ടോ?

ലായിഡ്—ഇല്ല; ഇനി അവൻെറ കാൎയ്യമൊന്നും എനിക്കറിയേണ്ട ആവശ്യമേ ഇല്ല. അയാൾക്ക വലിയ ചില മാററങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. പഴയസ്നേഹം ഓൎമ്മിച്ചുമാത്രമാണ് ഞാനയാളെ സ്വീകരിച്ചുപോയത്.

ഹെസ്റ്റർ—നിങ്ങൾ വിരുദ്ധഗുണികളാണെന്നതിന്ന് ഒരു സംശയവുമില്ല.

ലായിഡ്—ഇനി ഞങ്ങൾക്ക പൊതുവായി ഒന്നുമില്ല. മരിച്ചുപോയ അന്നയെക്കുറിച്ചു മനസ്താപപ്പെടുന്നതു് മാത്രമേ അയാളിൽ ഇനി ഒരു നല്ലഗുണമുള്ളതായി എനിക്ക തോന്നുന്നുള്ളു.

ഹെസ്റ്റർ—അതു് അയാളുടെ പ്രേമംകൊണ്ടാണോ? അയാൾ അവൾക്ക് എന്തോ ദ്രോഹം ചെയ്തിട്ടുണ്ടെന്നും, അതുകൊണ്ടാണ് അവളുടെ പിശാചു് അയാളെ ഭയപ്പെടുത്തുന്നതായി പറയുന്നതെന്നും നിങ്ങൾക്ക് തോന്നുന്നില്ലയോ?

ലായിഡ്—എന്തോ ഒന്നും പറവാൻ സാധിക്കയില്ല. അയാളെപ്പററി നല്ലവണ്ണം അറിവാൻ വിഷമം.

ഡാക്ടർ ലായിഡ് ഹെസ്റ്ററെ സാകൂതമായി ഒന്നുനോക്കിയശേഷം അവിടെനിന്നു പോയി. പോകുമ്പോൾ അയാളുടെ ഹൃദയസ്പന്ദങ്ങൾ അത്യാനന്ദിതമായി ശബ്ദിക്കാൻതുടങ്ങി:—“ആ വൃദ്ധയുടെ കൂട്ടുകാരി ആയിരിക്കുന്നതിനേക്കാൾ അധികം ഇഷ്ടം, എന്നോടുകൂടി താമസിക്കുന്നതിനു അവൾക്കുണ്ടാകുമോ എന്തോ? ഏതായാലും ചോദിച്ചറിയണം.” ഹെസ്റ്ററുടെ ബുദ്ധിസാമൎത്ഥ്യവും തൻേറടവും സൽഗുണവും ഡാക്ടരെ വല്ലാതെ ഇളക്കിമറിച്ചിരുന്നു.

ലായിഡ് പോയയുടൻ ഹെസ്റ്ററുടെ ഹൃദയം അന്നായുടെ സമീപത്തിൽ ചെന്നുകഴിഞ്ഞു. അവളുടെ സകലസ്ഥിതികളും സൂക്ഷ്മമായറിയാവുന്ന ഹെസ്റ്റർ, ആ സാധുവിനെ സഹായിക്കേണ്ടതു് ത

ൻെറ ജീവിതത്തിലെ ഒരു പ്രധാന കൃത്യമാണെന്നുതന്നെ വിശ്വസിച്ചു. അവിടെച്ചെന്ന് കാണുവാനുള്ള സൌകൎയ്യം ഇതുവരെതനിക്ക് അരുളാത്ത ദൈവിധിയെ അവൾ കഠിനമായി അപലപിക്കാൻ തുടങ്ങി. അവൾ അതിനുള്ള പഴുതു് നോക്കിക്കൊണ്ടുതന്നെ ഇരുന്നു,

ഡാക്ടർ ലായിഡു് സ്വഗൃഹത്തിലെത്തിയപ്പോൾ, അയൽപട്ടണത്തിൽനിന്ന് ചികിത്സാൎത്ഥമായി അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകാൻ വന്നിരുന്ന ഒരാളുമൊന്നിച്ചു പെട്ടന്ന് പോകയും ചെയ്തു.

പിറേറദിവസം വൃദ്ധ, ഹെസ്റ്ററെ അടുക്കൽനിന്നുമാറി ഒരിടത്തു് പോകുവാൻപോലും അനുവദിച്ചില്ല. ചാറത്സിൻെറ സന്ദൎശനം ആശിച്ചു് ആ വൃദ്ധ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരുവാനായി ഒരു ഭൃത്യനെ സന്ദേശംകൊടുത്തു് നിയോഗിച്ചയച്ചു. "അദ്ദേഹം സ്വഗൃഹംവിട്ടു് എവിടെയോ പോയിരിക്കുകയാണ്; വന്നഉടനെ വിവരം അറിവിക്കാം." എന്നാണ് തിരിച്ചുവന്ന ഭൃത്യൻെറ വാക്കുണ്ടായതു്.

---

## ഇരുപത്തൊന്നാം അദ്ധ്യായം.

---

(ഗവേഷണം.)

ചാറത്സ് വിവരം മുഴുവനും ഹെസ്റ്ററോടു ചോദിച്ചറിയുന്നതിനായി ആ പ്രഥമദിവസം വളരെനേരം കാത്തുനിന്നു. എന്നാൽ ഹെസ്റ്റർതൻെറ മുറിയിൽനിന്നു വെളിയിലിറങ്ങാതെയിരുന്നതുകൊണ്ടു് അശനേടുവാൻ അദ്ദേഹത്തിന്ന് സാധിച്ചില്ല. 'അവൾ ആ പേരു് അത്രമാത്രം എഴുതിയതെന്തിനാണ്?' ആ പേരിൻെറ മാധുൎയ്യം അദ്ദേഹത്തിന് ഒരുകാലത്തും മറക്കുവാൻ സാധിക്കുന്നതല്ലല്ലൊ. അന്ന അദ്ദേഹത്തിൻെറ അന്നദാത്രിതന്നെയാണ്, അതേ; അവൾ കണ്ടു രക്ഷിച്ചില്ലായിരുന്നുവെങ്കിൽ അന്ന് ആ വിജനമായ മൈതാനത്തിൽ പാവം എത്രകിടന്നു കഷ്ടപ്പെട്ടുമായിരുന്നു. അന്ന റയിൽവേസംഭവത്തിൽ മരിച്ചുപോയതായിട്ടാണ് അദ്ദേഹവും വിശ്വസിച്ചിരുന്നതു്.

എന്നാൽ ഹെസ്റ്റർ ആ സംഭവത്തിനുശേഷവും അവളെ കണ്ടതായി ട്ടാണല്ലോ പറഞ്ഞതു്?

റയിൽവേസംഭവകാലത്തു്, സന്നിപാതജ്വരത്തിൽനിന്നു് വിമുക്തനായ്ല ചാറത്സ് സുഖസഞ്ചാരം ചെയ്തയായിരുന്നു. യാത്രയ്ക്കിടയിൽ യാദൃച്ഛികമായി ഒരു വൎത്തമാനപ്പത്രം വായിക്കുവാനും, അന്നായുടെ ദയനീയമായ മരണവൃത്താന്തമറിവാനും സംഗതിവന്നു. എന്നാൽ, ഇപ്പോൾ, ആ കാൎയ്യങ്ങളെപ്പററി വേണ്ട അന്വേഷണങ്ങൾ ചെയ്യേണ്ടതായി വന്നിരിക്കുന്നു എന്നു് അദ്ദേഹത്തിനു തോന്നി. വൃദ്ധയുടെ ഭൃത്യൻ ചാറത്സിനെ അന്വേഷിച്ചു ചെല്ലുന്നതിനു മുമ്പേതന്നെ അദ്ദേഹം പ്രവാസം ചെയ്തുകഴിഞ്ഞിരിക്കുന്നു.

ഡാക്ടർ ഫോൎഡ്സ്‌വൊത്തിൻെറ ആശുപത്രിയിൽ കുറെക്കാലം ഭ്രാന്തു പിടിപെട്ടു അന്ന കിടന്നതായും, അവിടെനിന്നു് ഓടി റയിലിൽ സഞ്ചരിക്കുന്ന സമയം വണ്ടി കൂട്ടിമുട്ടലാലുണ്ടായ അഗ്നിബാധകൊണ്ടു് മുഖം തിരിച്ചറിയാത്തവണ്ണം വെന്തു മരിച്ചതായും, കഴുത്തിലുണ്ടായിരുന്ന പതക്കംകൊണ്ടു് അതു് തിരിച്ചറിയപ്പെട്ടതായും വൎത്തമാനപ്പത്രത്തിൽനിന്നു ചാറത്സ് വായിച്ചു മനസ്സിലാക്കിയിരുന്നു. അതിലൊരു അക്ഷരംപോലും അദ്ദേഹം മറന്നിട്ടില്ല; മറക്കുകയുമില്ല. ന്യായപ്രകാരം, ഈ സംഭവം നടന്നുകൊണ്ടിരിക്കേണ്ടസമയത്തുതന്നെയായിരുന്നു 'താൻ അച്ഛൻെറ അന്ത്യശാസനപ്രകാരം ഡേവിഡിനെ വിവാഹം കഴിച്ചിരിക്കുന്നു' എന്നെഴുതിയ അന്നായുടെ കത്തു് തനിക്കു കിട്ടിയതു് എന്നു് ഇപ്പൊഴദ്ദേഹത്തിനു് തോന്നിത്തുടങ്ങി. സംഭവങ്ങൾ ആകെക്കൂടി വിരുദ്ധങ്ങളാണെന്നു് അദ്ദേഹം ബലമായി ഊഹിച്ചു. 'ആ കത്തു് കൂടതന്ത്രത്തിൻെറ ഫലമായിരിക്കണം; അല്ലാത്തപക്ഷം അതെഴുതുന്നതിനു് അന്ന നിർബ്ബന്ധിതയായിരിക്കണം' എന്നായിരുന്നു അദ്ദേഹത്തിൻെറ ഹൃദയം. എന്നാൽ, എത്രതന്നെ നിർബ്ബന്ധിതയായാലും, അന്ന അത്തരമൊരുകത്തു് ഒരിക്കലും എഴുതുന്നതല്ലെന്നു് അല്പം ആലോചിച്ചിരുന്നുവെങ്കിൽ അന്നുതന്നെ ചാറത്സിനു അറിയാമായിരുന്നു. ഭാഗ്യം വേണ്ടേ? 'അച്ഛൻെറ ചരമശാസനപ്രകാരം, അവൾ ഡേവിഡിനെ വിവാഹം കഴിച്ചിരുന്നേക്കാം; എന്നാൽ, ആ സമയം അവൾ ഭ്രാന്താശുപത്രിയിൽ കിടന്നതായിട്ടാണു്

പത്രത്തിൽനിന്നുള്ള അറിവു്. അവൾ മരിച്ചുപോയ വർത്തമാനവും ഉടൻതന്നെ കേൾക്കപ്പെട്ടു. ഹെസ്റ്റർ സംബോധനാർത്ഥം അവളെ കണ്ടിട്ടുള്ളതായും പറയുന്നു. ഒക്കെക്കൂടി ഒത്തുനോക്കുമ്പോൾ വിരുദ്ധങ്ങളാണെങ്കിലും, ഹെസ്റ്റർ പറഞ്ഞതിനെത്തന്നെ വിശ്വസിക്കാനേ വഴിയുള്ളൂ. അതേ, അന്ന നിശ്ചയമായും ജീവിച്ചിരിപ്പുണ്ടു്. അഥവാ, ആ ഹെസ്റ്റർ ഡേവിഡിന്റെ ഒററുകാരിയാണെങ്കിലോ? ഏതായാലും ഈ സംഭവങ്ങളെയെല്ലാംപററി അത്യന്തം ഒന്നു സൂക്ഷ്മമായി ഗവേഷണം ചെയ്യുതന്നെ വേണം.' ഇങ്ങിനെ പല പല ഉത്സൂവിധികളും അപവാദങ്ങളും ഹൃദയത്തിൽ തിങ്ങിക്കൂടി ഒടുവിൽ ഒരു യാത്രയ്ക്കുതന്നെ അദ്ദേഹം വിധിച്ചു. ഡാക്ടർ ഹോൾഡ്സ്വൊത്തിന്റെ അശുപത്രിയെ അഭിമുഖീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രഥമയാത്ര. ഹെസ്റ്റർക്ക് അവൾ പറയുന്നതിലും കൂടുതലായി യഥാർത്ഥവസ്തുതകൾ അറിയാമെന്നും, അതു തന്നെത്താൻ കണ്ടുപിടിച്ചേ മതിയാവൂ എന്നുംകൂടി ചാറത്സ് കരുതി. അതിന്റെ ഫലമായി അദ്ദേഹം നേരെ ഭ്രാന്താശുപത്രിയെ ലക്ഷ്യമാക്കി പോവുകയും ചെയ്തു.

അശുപത്രിയുടെ പുരോഭാഗത്തുള്ള വിസ്തൃതമായ അങ്കണത്തിൽ ചെന്നപ്പോൾ, അവിടെ നല്ല രൂപഗുണവും മികച്ച ചൊടിയുമുള്ള ഒരു തരുണീമണി നില്ക്കുന്നതു് അദ്ദേഹം കണ്ടു. ചാറത്സ് അവളെ അഭിവാദ്യം ചെയ്തു്, "ഇതുതന്നെയാണല്ലോ ഡാക്ടർ ഹോൾഡ്സ്വൊത്തിന്റെ ഭ്രാന്താശുപത്രി?" എന്നു ചോദിച്ചു.

യുവതി—അതേ, എന്നാൽ, അച്ഛനിപ്പോൾ ഇവിടെ ഇല്ല. ഒരു കാര്യമായി വെളിയിലെവിടെയോ പോയിരിക്കുകയാണു്.

ചാറത്സ്—നിങ്ങൾ അദ്ദേഹത്തിന്റെ മകളാണല്ലോ. ഈ എഴുത്തു് അദ്ദേഹം വന്ന ഉടനെ കൊടുക്കണം." എന്നു പറഞ്ഞു് തന്റെ പേരെഴുതിയ ഒരു കടലാസു് അവളുടെ കയ്യിൽ കൊടുത്തുകൊണ്ടു് ചാറത്സ് പോകാനായി തിരിഞ്ഞു നടന്നുതുടങ്ങി. എലിസബെത്തു് അതു വാങ്ങി ഗൃഹത്തിനകത്തേയ്ക്കു് പോകുന്ന സമയം, യദൃച്ഛയാ അവളുടെ ദൃഷ്ടി ആ കടലാസ്സിൽ വ്യക്തമായിത്തന്ന അക്ഷരങ്ങളിൽ പതിയാനിടയായി. 'ചാറത്സ്മെയി

സിപ്പട്ട്' എന്ന പേർ വായിച്ചപ്പോൾ 'മെയിസി' എന്ന ശബ്ദത്തിന്റെ സാരൂപ്യംകൊണ്ട്, അന്നയുടെ കാമുകനായ ചാറത്സ്മെയിസിയുടെ വല്ല ചാച്ചക്കാരനുമായിരിക്കാം ഇദ്ദേഹമെന്ന കരുതി പെട്ടെന്ന തിരിഞ്ഞു വിളിക്കാനായി ഓടി.

പേരുപറഞ്ഞു തന്നെ വിളിക്കുന്നതു കേട്ട് അദ്ദേഹം തിരിഞ്ഞു നിലയായി. എലിസബെത്ത് സന്തോഷത്താൽ വികസിതമായ മുഖഭാവത്തോടുകൂടി അദ്ദേഹത്തിന്റെ അരികിലെത്തി, ലൌകികമര്യാദകളെല്ലാം മറന്ന് "നിങ്ങളാണോ അന്നയെ വിവാഹം ചെയ്യാൻ നിശ്ചയിച്ചിരുന്ന 'ചാറൽസുമെയിസി?' എന്ന ചോദിച്ചു

ഈ ചോദ്യം കേട്ടപ്പോൾ, ചാറത്സ് അല്പമൊന്ന സംഭ്രമിക്കുകയും ആശ്ചയ്യപ്പെടുകയും ചെയ്തു. താൻ അന്വേഷിച്ചുവന്ന വൎത്തമാനം ഇത്ര എളുപ്പം ലഭിക്കുമെന്ന അദ്ദേഹം വിചാരിച്ചിട്ടില്ലല്ലോ. അന്നയുമായി തനിക്കുള്ള പ്രണയരഹസ്യംപോലും അറിഞ്ഞിരുന്ന എലിസബെത്തിനെപ്പററി അദ്ദേഹത്തിന്ന വലിയൊരു സംതൃപ്തി തോന്നി. എന്നാലും, 'മനോരാജ്യക്കോട്ട കെട്ടുന്നതു സന്താപകരമാണ്' എന്നു നിശ്ചയിച്ചു അദ്ദേഹം ഉയൎന്നുവന്ന വിചാരതരംഗങ്ങളെ അടക്കിനിറുത്തിക്കൊണ്ട്, "അതേ, ഞാൻ അവളെപ്പററി അന്വേഷിക്കാനായിട്ടാണ് വന്നതു്" എന്ന് ആ യുവതിയുടെ മുഖത്തെത്തന്നെ ഉററുനോക്കിക്കൊണ്ടു പറഞ്ഞു. "എന്നാൽ അച്ഛനെ കണ്ടതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകയില്ല. നിങ്ങൾ എന്റെകൂടെ സല്പം വരുന്നപക്ഷം ഞാൻ സകലതും പറയാം" എന്ന പറഞ്ഞു ഒരു മറവുള്ള സ്ഥലത്തേയ്ക്ക് ആ സാധ്വി അദ്ദേഹത്തെ വിളിച്ചുകൊണ്ടുപോയി. "നിങ്ങൾ ഒരു പ്ലട്ടവാണല്ലോ; അന്ന നിങ്ങളൊരു ചിത്രമെഴുത്തുകാരനാണെന്നാണല്ലോ എന്നോടു പറഞ്ഞിട്ടുള്ളതു്. ഇതിന്റെ രഹസ്യം എന്താണെന്ന നിങ്ങൾ ഒന്നാമതായി എന്നോടു പറയണം."

അതിനുത്തരമായി, അന്നയുടെ വസതിയ്ക്കടുത്തുവെച്ചു നടന്ന സംഗതികളും, അന്നയെ സ്നേഹിച്ചതും; പരസ്പരാനുരാഗത്തെ ദൃഢീകരിച്ചതും എല്ലാം ഒന്നൊഴിയാതെ ചാറൽസ് എലിസബെത്തിനെ കേൾപ്പിച്ചു. അന്ന പറഞ്ഞിരുന്നതും ചാറൽസ് ഇപ്പോൾ പറഞ്ഞ

ത്തും തമ്മിൽ വളരെ ഒത്തിരുന്നതിനാൽ എലിസബെത്ത്, "നിങ്ങളെ എനിക്കിപ്പോൾ കാണാറായതു നന്നായി ഞാൻ കാര്യമെല്ലാം പറയാം" എന്നുപറഞ്ഞു, അന്ന അവിടെ താമസിച്ചിരുന്നതും, അന്നയ്ക്കു ഭ്രാന്തില്ലെന്ന് അവൾക്കു മനസ്സിലായതും, ഓടിപ്പോകുന്നതിന് അവളെ സഹായിച്ചതും എല്ലാം സവിസ്തരം പറഞ്ഞു.

ചാറത്സ്—നിങ്ങൾചെയ്ത ഉപകാരത്തിന്നു ഞങ്ങൾ പ്രത്യേകം കടപ്പെട്ടിരിക്കുന്നു. അവൾ മരിച്ചുപോയെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

എലിസബെത്ത്—ഒരിക്കലും ഇല്ല. അന്നയുടേതായി സങ്കല്പിതമായ മൃതശരീരത്തെ കറുത്തവസ്ത്രം കത്തിയെരിഞ്ഞതവശേഷിച്ച തുണ്ടിനെക്കൊണ്ട് അടയാളപ്പെടുത്തിയിട്ടുള്ളതായി ഞാൻ അറിയുന്നു. അന്ന ഇവിടെനിന്നു പോകുമ്പോൾ എന്റെ സ്വന്തം വെള്ളവസ്ത്രമാണു ധരിച്ചിരുന്നത്. കറുത്തവസ്ത്രം ഞാൻ എന്റെ പെട്ടിയിൽ സൂക്ഷിച്ചുവെച്ചിരിക്കയാണ്. അവൾ മരിച്ചുപോയ ആ സ്ത്രീയുടെ കയ്യിൽ എങ്ങിനേയോ തന്റെ പതക്കത്തെ നിക്ഷേപിച്ചു. അതു സ്വരക്ഷാമാർഗ്ഗത്തിന്നുവേണ്ടിയുള്ള ഒരു ത്യാഗബുദ്ധിയാണെന്നു അനുമിക്കാം.

ചാറത്സ്—നിങ്ങൾ പറഞ്ഞതും, നിങ്ങളുടെ ഊഹവും പരമാർത്ഥമാണെന്നു ഞാൻ വിശ്വസിക്കുന്നു. സാമർടൺ പട്ടണത്തിൽ എന്റെ അമ്മാവിയുടെ കൂട്ടുകാരിയായി ഒരു സ്ത്രീ താമസിക്കുന്നുണ്ട്. പ്രസക്തിവശാൽ അവൾക്കും അന്നയ്ക്കും തമ്മിൽ പരിചയമുണ്ടെന്ന് എനിയ്ക്കു അറിവാനിടവന്നു. പക്ഷേ, അവൾ ഡേവിഡിന്റെ ആൾക്കാരി ആയിരിക്കുമോ? എന്നാണൊരു സംശയം.

എലിസ—അങ്ങിനെ വരാൻ ന്യായമില്ല. അവൾ അന്നയ്ക്കു വലുതായ ഉപകാരംചെയ്തവളായിരിക്കണം. നിങ്ങളെപ്പററി ഒന്നുമറിയാത്തതുകൊണ്ട്, താൻ വല്ലതും പറയുന്നതായാൽ അന്നയ്ക്കു അതു പന്നി ദാനമാകുമോ എന്നു ഭയപ്പെട്ടായിരിക്കണം അവൾ പറയാതിരുന്നതെന്നു ഞാൻ വിചാരിക്കുന്നു.

ചാറത്സ്—അവൾക്ക അന്ന താമസിക്കുന്ന സ്ഥലം അറിയാമെന്നു ണ്ടെങ്കിൽ ഞാനുടൻ അവളെ ചെന്നുകണ്ടേക്കാമായിരുന്നു.

എലിസ—നിങ്ങൾ എന്തുചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്?

ചാറത്സ്—നിങ്ങളുടെ പിതാവിനെ കണ്ടശേഷം അന്നയുടെ സ്വദേശത്തിൽ പോയി അവിടെ വല്ലയിടത്തും അവൾ ഒളിച്ചിരിക്കുന്നുണ്ടോ എന്നന്വേഷിക്കണമെന്നായിരുന്നു.

എലിസ—അങ്ങിനെ ചെയ്യുന്നതുകൊള്ളാം. ഡേവിഡിൻേറയും അയാളുടെ ചിററപ്പൻേറയും കയ്യിലകപ്പെടാതെ ആത്മരക്ഷചെയ്യാൻ അവൾക്ക വളരെ ഞെരുക്കമായിരിക്കും. നിങ്ങളന്വേഷിക്കുന്നതും നല്ല ഉണർച്ചയോടുകൂടി ആയിരിക്കണം.

ചാറത്സ്—ഞാൻ കഴിയുന്നതും മനസ്സിരുത്തിക്കൊള്ളാം. ഈ കാര്യം നേടിയതിനുശേഷം വേണം ആ ദുഷ്ടന്മാക്ക് അവരുടെ ദുഷ്കൃത്യത്തിനു തക്ക പ്രതിഫലം കൊടുക്കുവാൻ.

എലിസ—അതു പിന്നെ പ്രത്യേകം പറയേണ്ടല്ലോ. ഇനി ഒന്നുകൂടി പറവാനുണ്ട്. എൻേറ അച്ഛൻ ഇതിൽ നിരപരാധിയാണ്. അദ്ദേഹം ഡാക്ടറന്മാരുടെ അഭിപ്രായങ്ങളെ കണ്ണടച്ച് അനുഗമിക്കുകമാത്രമാണു പതിവ്. എന്നാൽ അദ്ദേഹം രോഗികളോടു കരുണാപൂർവമേ പെരുമാറൂ. അതുകൊണ്ടു നിങ്ങളുടെ പ്രവൃത്തിപഥം അദ്ദേഹത്തിനു ഒരുവിധത്തിലും ദോഷാവഹമാവരുത്.

ചാറത്സ്—നിങ്ങൾ ചെയ്തതന്ന ഉപകാരത്തിന്, നിങ്ങളുടെ അച്ഛനെ ഞങ്ങൾ കുററപ്പെടുത്തുകയോ? ശാന്തം പാപം! ഭവതി അതു സംശയിക്കയേ അരുത്. ഞാനിപ്പോൾ പോകട്ടെ. അന്നയെ കണ്ടുപിടിക്കുന്നതുവരെ ഒരു നിമിഷവും കളയാവുന്നതല്ല.

എലിസ—അതു വാസ്തവമാണ്. സംഗതികളുടെ ഊടുപാവുകൾ എന്നേയും അറിവിക്കുമല്ലോ.

ചാറത്സ്—അതുപിന്നെ പറയണമോ?

ചാറത്സ് അവിടെനിന്നു യാത്രതിരിച്ചു. യഥാസമയം സ്റ്റേഷനിൽചെന്നു വണ്ടികയറിപ്പോകയുംചെയ്തു. അദ്ദേഹത്തെ സന്ദർശിച്ചതിനെപ്പററി അച്ഛനോട് ഒന്നും പറയേണ്ടആവശ്യമില്ലെന്നു നിശ്ചയിച്ചു എലിസബത്ത് അദ്ദേഹത്തിൻെറ പേരെഴുതിയ കടലാസു തൻെറ പെട്ടിയിൽവെച്ചുപൂട്ടി.

ഭ്രാന്താലയത്തിൽനിന്നു പ്രസ്ഥാനംചെയ്തതിൻെറപിറെറന്നാൾ ചാറത്സ് അന്നയുടെ കുടുംബത്തിലെത്തി. വിളിച്ചപ്പോൾ പടിവാതിൽ തുറന്നതു് അപരിചിതനായ ഒരു വേലക്കാരനായിരുന്നു. പഴയ ഭൃത്യരെപ്പററി ചാറത്സ് ചോദിച്ച സമയം, "ഡേവിഡിൻെറ ഭൃത്യരായി കഴിഞ്ഞുകൂടുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല." എന്നുപറഞ്ഞു അവർ ജോലിയിൽനിന്നു പിരിഞ്ഞുപോയിയെന്നു മറുപടിയാണു ലഭ്യമായതു്. 'വൃദ്ധന്മാരായ രണ്ടുപേർ മാത്രം അടുത്തൊരിടത്തു വീടെടുത്തു താമസിക്കുന്നുണ്ട്.' എന്നുകൂടി അയാൾ പിന്നെ പറഞ്ഞു. "ഡേവിഡു് ഇവിടെ വരുന്നതുതന്നെ വളരെച്ചുരുക്കമാണു്. അയാൾ ഒരു വലിയ മദ്യപാനിയായിത്തീർന്നിരിക്കുന്നു. ഒരു കണക്കുമില്ലാതെ മദ്യം കഴിക്കുകനിമിത്തം എപ്പോഴും 'കൊച്ചുറാണി'യുടെ പിശാചിനെ കാണുന്നുവെന്നു പറഞ്ഞു ഭയപ്പെടുന്നതുമുണ്ട്. എന്നാൽ, ഞങ്ങളാരും ഒന്നും കാണാറില്ല"

ഭൃത്യൻെറവാക്കു് അധികം കേട്ടു അവിടെനില്ക്കാൻ ചാറത്സിൻെറ വിലപിടിച്ച സമയം അനുവദിച്ചില്ല. അദ്ദേഹം അതിവേഗത്തിൽ അവിടെനിന്നു നിവർത്തനംചെയ്തു, വഴി ചോദിച്ചറിഞ്ഞു പഴയ വേലക്കാരുടെ വീടുനോക്കിപ്പോയി. ചാറത്സിനെക്കണ്ടപ്പോൾ അ സാധുക്കൾക്കുണ്ടായ സന്തോഷം അപരിമേയമായിരുന്നു. അതുവരേ വരാതിരുന്നതിൻെറ കാരണവും, തനിയ്ക്കു പററിയ അക്കിടികളും അദ്ദേഹം സവിസ്തരം പറഞ്ഞപ്പോൾ ആ വൃദ്ധന്മാരുടെ ശുദ്ധഹൃദയം വിസ്മയാമർഷസന്തോഷസന്താപാദി വിവിധ വികാരസങ്കലത്താൽ സങ്കലിതമായിത്തീർന്നു. "അഘാതകനെ നിശ്ചയമായും തക്ക ശിക്ഷ കൊടുക്കാതെ പറവൂ. നിങ്ങൾ കൊച്ചുറാണിയെ കണ്ടുപിടിച്ചു പൂർവസ്ഥിതിയിലിരുത്തിയ ഉടൻ അതിനു മതിയായ അവസരം ലഭിക്കാതിരിക്കുകയില്ല."

ചാറത്സ്—അവൾ മരിച്ചിട്ടില്ലെന്നാണോ നിങ്ങൾ വിചാരിക്കു ന്നതു്?

വേലക്കാരൻ – ഞങ്ങളുടെ കൊച്ചുറാണി മരിക്കയോ? അതും ഞങ്ങളൊക്കെ ഇങ്ങനെ നരച്ചുകൊരച്ചു് ഇരിക്കുമ്പോഴോ? ഇത്ര ചെറുപ്പത്തിലേ മരിക്കാനല്ല ദൈവം ആ തങ്കക്കുടത്തെ ഭൂമിയിലേയ്ക്കു യച്ചതു്. മൃതശരീരത്തെ അടക്കംചെയ്യുന്നതിനു മുമ്പായി ഞാൻ ചെന്നു് ഈ കണ്ണുകൊണ്ടു കണ്ടതാണു്. കൊച്ചുറാണിയുടെ കഴുത്തിൽ ജനനാലുണ്ടായിരുന്ന മറുവു് ആ ശവത്തിന്മേലെങ്ങും വളരെ സൂക്ഷിച്ചുനോക്കിയിട്ടും ഞാൻ കണ്ടില്ല. അവിടെ ഒരു പൊള്ളലുപോലും പററിക്കാണാത്തതുകൊണ്ടു തീയിൽ മാറിച്ചു് മറു മാഞ്ഞുപോയിയെന്നു വിചാരിപ്പാനും പാടില്ല. മൃതശരീരം ആ തങ്കത്തിൻേറതാണെന്നു പറഞ്ഞാൽ പിന്നെ ആരും അന്വേഷിച്ചു നടന്നു കണ്ടുപിടിച്ചു് ഉപദ്രവിക്കയില്ലല്ലോ എന്നുള്ള സൂത്രം വിചാരിച്ചു ഞങ്ങൾ അവരോടു് അനുകൂലിച്ചു പറഞ്ഞുവെന്നേയുള്ളു.

ചാറത്സിൻെറ ഹൃദയം പ്രത്യാശാബന്ധുരമായി. ഹെസ്റ്റർ പറഞ്ഞതും, എലിസബെത്തു് അനുമാനിച്ചതും, ഈ വേലക്കാരൻ സൂക്ഷ്മമായുരച്ചതും എല്ലാംകൂടി ആലോചിക്കുമ്പോൾ അന്ന ജീവിച്ചിരിപ്പുണ്ടെന്നുതന്നെ വിചാരിക്കാനേ വഴിയുള്ളു എന്നു് അദ്ദേഹം നിർണ്ണയം ചെയ്തു. അവളെപ്പററിയുള്ള അന്വേഷണം ഇനി നാളെയാകാമെന്നു് സമാധാനോദയം അദ്ദേഹത്തോടുപദേശിക്കുകയാൽ, ആ രാത്രി ആ പഴയ ഭൃത്യരുടെ സന്തോഷപരിപൂർണ്ണമായ ആതിഥ്യത്തെ സ്വീകരിച്ചു അവിടെത്തന്നെ കഴിച്ചുകൂട്ടി.

## ഇരുപത്തിരണ്ടാം അദ്ധ്യായം.

(കുടിച്ചേച്ച്.)

അന്ന മനസ്സമാധാനത്തോടുകൂടി തന്റെ കൃത്യം നിവ്വഹിച്ചു കൊണ്ടിരിക്കുമ്പോഠ, അവളുടെ മേൽവിലാസത്തിൽ വന്ന ഒരു എഴുത്തു് വേലക്കാരൻ കൊണ്ടുകൊടുത്തു. അതു തന്റെ പ്രിയസ്നേഹിതയായ ഹെസ്റ്ററുടേതായിരിക്കാമെന്നു് അവഠ ആദ്യം തക്കിച്ചു. മേൽവിലാസം നോക്കിയ ഉടനെ ചാറത്സിന്റെ കൈയക്ഷരം അതിൽ വ്യക്തമായി അവഠ കണ്ടറിഞ്ഞു. ആ കത്തുകൊണ്ടുണ്ടാകാവുന്ന അനന്തരഫലങ്ങളെപ്പററി വിചാരിച്ചപ്പോഠ അവളുടെ മുഖം വിളറിപ്പോയി. അടുത്ത മാത്രയിൽത്തന്നെ ഒരു അരുണകാന്തിയാൽ ആ കോമളവദനം തുടുത്തു. പല വികാരങ്ങഠകൊണ്ടു പ്രക്ഷുബ്ധമായ ഹൃദയത്തെ അടക്കി നിത്തുവാൻ അവഠ ശ്രമിച്ചതു് നിഷ്പ്രയോജനമായി പരിണമിച്ചതേയുള്ളു. അവിടെനിന്നു് ഒരുവിധം മാറി രക്ഷപ്പെട്ടു് അവഠ തന്റെ മുറിയിൽക്കടന്നിരുന്നു് എഴുത്തുപൊട്ടിച്ചു വായിക്കാൻ തുടങ്ങി:—

"എന്റെ പ്രിയഭാജനമേ,

നിന്നെപ്പററിയുള്ള നിരന്തരമായ അന്വേഷണങ്ങളുടെ ഫലമായി ഞാൻ നിന്നെ കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു. ഭവതി, ചാച്ച്ക്കാരനായ ഡേവിഡിനെ വിവാഹം കഴിച്ചിരിക്കയാണെന്നു് എന്നെ ധരിപ്പിച്ചതു വ്യാജമാണെന്നും എനിക്കു മനസ്സിലായി. അന്നു കഴിഞ്ഞ റെയിൽവേസംഭവത്തിൽ ഭവതി മരിച്ചുപോയെന്നുള്ള വത്തമാനവും അടിസ്ഥാനരഹിതമാണെന്നു ഞാൻ അറിഞ്ഞു. കായ്യങ്ങളെല്ലാം ഞാൻ വഴിയേ ധരിപ്പിച്ചുകൊള്ളാം.

ഞാൻ ഭവതി താമസിക്കുന്ന സ്ഥലത്തു നേരിട്ടുവന്നു ഭവതിയെ കാണുന്നതു് അത്ര മയ്യാദയായിരിക്കയില്ല. നാം തമ്മിൽകന്നു് കണ്ടു സംസാരിച്ചതിനുശേഷം, മൽവിൽപ്രഭുവിനെ കണ്ടു കാ-

ശ്യമറിവിച്ച അദ്ദേഹത്തിൻെറ അനുമതിയോടുകൂടി ഞാൻ നിങ്ങളെ വിവാഹംകഴിച്ചുകൊള്ളാം. നിങ്ങൾക്കു ഇന്നു സൌകൎയ്യമുണ്ടെങ്കിൽ നാലുമണിയോടുകൂടി ഗ്രാമത്തിൻെറ പിൻവശമുള്ള തോപ്പിൽ നില്ക്കുന്ന ആലിൻെറ ചുവട്ടിൽ വന്നു എന്നോടു സന്ധിക്കണം. ഞാനിപ്പോൾ ഇവിടുത്തുകാരൻെറ മട്ടിൽത്തന്നെ ആയിരിക്കകൊണ്ടാണു്, സങ്കേതസ്ഥലം ഇത്ര വ്യക്തമായി കുറിച്ചതു്. ഇന്നു സൌകൎയ്യപ്പെടാത്തപക്ഷം നാളെയെങ്കിലും അതേസമയത്തു വരണം. അല്ലാത്തപക്ഷം നിങ്ങൾക്കു എന്നിലുണ്ടായിരുന്ന പ്രേമം ഭഗ്നമായതായി ഞാൻ വിചാരിക്കുന്നതാണു്.

എന്നു്, നിങ്ങളുടെ സ്വന്തം ചാൎൽസുമെയ്സി."

എഴുത്തു മുഴുവനും വായിച്ചു തീൎന്നപ്പോൾ അന്ന സന്തോഷംകൊണ്ടു മതിമറന്നു. തൻെറ സങ്കടങ്ങളെല്ലാം അസ്തമിച്ചതായും പൂൎണ്ണസ്ഥിതി ലഭിച്ചതായും അവൾ കരുതി. 'വൃദ്ധവിൻെറ ചതിപ്രയോഗമായിരിക്കുമോ ഇതു്?' എന്നു ഒരു ക്ഷണനേരത്തേയ്ക്കു അന്തരമായി ഒരു ശങ്ക അവൾക്കുണ്ടായി. ചാറത്സിൻെറ കയ്യക്ഷരം അവൾക്കു സുപരിചിതമായിരുന്നതുകൊണ്ടു ആ എഴുത്തിനെ അവിശ്വസിക്കുന്നതേ പാതകമാണെന്നു അവൾ ഉടൻ തീരുമാനിച്ചു.

കാമുകൻെറ അപേക്ഷാനുസരണം, അന്നുതന്നെ അദ്ദേഹത്തെ ചെന്നു കാണുന്നതിനു നല്ല സൌകൎയ്യം അവൾക്കുണ്ടായിരുന്നു. കുട്ടികൾക്കു കുറെയധികം തണുപ്പു തോന്നിയിരിക്കുന്നതിനാൽ ഇന്നു പഠിപ്പിക്കേണ്ടായെന്നും, ആ സമയം ആത്മവിനോദത്തിനായി വിനിയോഗിക്കാമെന്നും ഉള്ള നിൎദ്ദേശം അവൾക്കു ലഭിച്ചിരുന്നു. അതുകൊണ്ടു ആ സങ്കേതരംഗത്തിൽ നിശ്ചിതസമയത്തുതന്നെ ഹാജരാകുന്നതിനു അവൾ തീൎച്ചപ്പെടുത്തി.

അന്നേദിവസം മൂന്നുമണിയോടുകൂടി ചാറൽസ് സ്വഗൃഹത്തിലെത്തി. ഉടൻതന്നെ അമ്മാവിയുടെ വീട്ടിലേയ്ക്കു ചെല്ലുകയുംചെയ്തു. വൃദ്ധ അയാളെ വിളിച്ചു്, 'നിൻെറ മുഖം ക്ഷോഭാകുലമായിരിക്കുന്നതിൻെറ കാരണം എന്താണു്?' എന്നു ചോദിച്ചു.

ചാറൽസ്—നിങ്ങളുടെ സഖിയെവിടെ?

വൃദ്ധ—നീ അവളെ സ്നേഹിക്കുന്നുണ്ടോ?

ചാറൽസ്—ഇല്ല; എന്റെ പരിചയക്കാരിൽ ഒരാളെപ്പററി അവളോടു ഒരു കാൎയ്യം ചോദിച്ചു അറിവാനുണ്ട്.

വൃദ്ധ—അവൾ ഇന്നു നേരത്തെ ഗ്രാമത്തിലേയ്ക്കു പോയി.

ചാറൽസ്—എന്നാൽ, ഞാനിതാ പോകുന്നു.

വൃദ്ധ—തിരിച്ച് ഇങ്ങോട്ടുതന്നെ വരുമോ?

ചാറൽസ്—നിശ്ചയമില്ല. സൌകൎയ്യംപോലെ ചെയ്യും. കാൎയ്യമെല്ലാം പിന്നെപ്പറയാം.

അയാൾ അതിവേഗത്തിൽ ഗ്രാമാഭിമുഖമായി നടന്നു. കയ്യിലുണ്ടായിരുന്ന വടി ചുഴററിക്കൊണ്ട്, ററെസ്സയെ വഴിയിൽവച്ചു കണ്ടുതെററാതിരിക്കുന്നതിനുവേണ്ടി വളരെ സൂക്ഷിച്ചുനോക്കിയായിരുന്നു അയാളുടെ യാത്ര. ഗ്രാമത്തിലേയ്ക്കുള്ള എളുപ്പവഴി തോപ്പിൽകൂടെ ആയിരുന്നതിനാൽ, ആ വഴിക്കാണു ചാറൽസു നടന്നത്.

ഏകദേശം നാലുമണിയായപ്പോൾ അന്ന തന്റെ കാമുകനെ സന്ദർശിക്കുന്നതിനായി വീട്ടിൽ നിന്നിറങ്ങി നടന്നു തുടങ്ങി. അവൾക്കുണ്ടായിരുന്ന സകലവ്യാപത്തുകളും നീങ്ങിപ്പോയെന്നുള്ള ധൈൎയ്യത്താൽ, അവളുടെ ഹൃദയം അപ്പോൾ സന്തോഷോന്മിഷിതമായിരുന്നു. ഉത്സാഹഭരിതയായി വഴിനടക്കുന്ന ശ്രമംപോലും അറിയാതെ അവൾ പുരയിടത്തിൽകൂടെ ഗ്രാമംകടന്നു് തോപ്പിൽ പ്രവിഷ്ടയായി. ചാറത്സിനെയാണല്ലോ കാണ്മാൻ പോകുന്നതെന്നുള്ള നിനവാൽ അവൾക്ക് അവിടെയെങ്ങും ഒരു ഭയവും തോന്നിയില്ല. ഒടുവിൽ അവൾ കത്തിൽ നിർദ്ദേശിച്ചിരുന്ന അശ്വത്ഥമൂലത്തിൽ വന്നുനിന്നു. അവിടെ ആരേയും കണ്ടില്ല. സൂചിതമായിരുന്ന സമയംകഴിഞ്ഞുപോയെന്ന് അവൾ വിചാരിച്ചു. ഇങ്ങനെ വിചാരമഗ്നയായി നില്ക്കുമ്പോൾ ആരോ പെട്ടെന്ന് അവളുടെ കൈകളെ പിറകിൽനിന്നു കൂട്ടിപ്പിടിച്ചുവെന്നവളറിഞ്ഞു. എന്തെങ്കിലും മോഷണം ചെയ്വാനായി വന്ന സാധാരണ തസ്കരനായിരിക്കാമെന്നു വിചാരിച്ച്

അവരം, 'എന്നെ ഉപദ്രവിക്കരുതു്; ഇവിടെനിന്നു വേഗം പൊയ്ക്കൊള്ളുന്നം. എൻെറ സ്നേഹിതൻ ഇപ്പോൾ ഇവിടെ വരും' എന്നു സധൈൎയ്യം പറഞ്ഞു.

ഇതുകേട്ടു് ആ ദുഷ്ടൻ, "നീ കാണാൻ കൊതിച്ചുവന്ന ആ കാമുകൻ ഞാൻതന്നെയാണു്. ഹൃ നിനക്ക വേണ്ടതെല്ലാം ശരിയായി വഴിപ്പെട്ടുത്തിത്തന്നിട്ടുണ്ടായിരുന്നല്ലോ. ഇനി നിനക്ക തപ്പിപ്പിഴയ്ക്കുന്നതിനു ഒരു മാൎഗ്ഗവുമില്ലതന്നെ" എന്നാലറി.

താൻ വീണ്ടും ററ്റവിൻെറ വലയിൽ അകപ്പെട്ടതായറിഞ്ഞു് അന്ന ഭയപരവശയായി ഉച്ചത്തിൽ വാവിട്ടു നിലവിളിച്ചു. സാധാരണമായി ആ വഴിക്ക ജനസഞ്ചാരം ഇല്ലെങ്കിലും, നിലവിളികേട്ടു് ആരെങ്കിലും വന്നുപോയാലോ എന്നു കരുതി ആ പെരുങ്കള്ളൻ അന്നയുടെ വായടച്ചു പൊത്തിപ്പിടിക്കുകയും, തൻെറ കൂട്ടുകാരനെ അറിവിക്കുന്നതിനെന്ന മട്ടിൽ ചൂളം വിളിക്കുകയും ചെയ്തു. അല്പം കഴിഞ്ഞയുടൻ അടച്ചു മൂടപ്പെട്ട ഒരു മോട്ടോർവണ്ടി അവരുടെ സമീപത്തിലേയ്ക്കു് വരികയും, അതിൽ വണ്ടിക്കാരൻെറ അടുത്തിരുന്ന വേറൊരു മനുഷ്യൻ കൂട്ടുകാരനെ സഹായിക്കാനായി ഇറങ്ങുകയും ചെയ്തു. എന്നാൽ അവിചാരിതമായി അവിടെ മററൊരു സ്വരൂപവുംകൂടി പ്രത്യക്ഷപ്പെട്ടു. ആ രൂപം, തൻെറ കയ്യിൽക്കരുതിയിരുന്ന കുറുവടികൊണ്ടു മോട്ടാറിൽനിന്നു സഹായമരുളാനായിറങ്ങിയ പുരുഷനെ കണക്കിനൊരടി കൊടുത്തു. ഹെസ്റ്റർ പ്രഹരിച്ച അടി അയാളെ കുറെഏറെ വിവശനാക്കി. തൻെറ സ്നേഹിതയെക്കണ്ടു്, അവൾക്ക നേരിടാറായ വിപത്തുകളെപ്പററി ഗ്രഹിപ്പിക്കാൻ, അന്നു് അവൾക്ക കിട്ടിയ സൌകൎയ്യത്തെ കഴിയുന്നവേഗം സഫലീകരിക്കണമെന്നു കരുതി മെൽവിൽപ്രഭുവിൻെറ ഗൃഹത്തിലേയ്ക്കു് ഹെസ്റ്റർ എളുപ്പവഴിനോക്കി നടന്നു വരികയായിരുന്നു. അപ്പൊഴാണു അവൾക്ക്—ആ ധീരയായ തരുണിക്ക്—ഒരുപോൎക്കളത്തിൽ ഇറങ്ങാനിടയായതു്. ഹെസ്റ്റർ രണ്ടാമത്തെ ഘാതകനുമായി കഴിയുന്ന ശക്തിയുപയോഗിച്ചു് പോരാടിക്കൊണ്ടുനില്ക്കുമ്പോൾ പ്രഥമഘാതകൻ അന്നയെ വിടാതെ അവളെ വലിച്ചിഴച്ചു് വണ്ടിക്കകത്തു കയററുവാൻ ശ്രമിക്കയായിരുന്നു. എന്നാൽ, ദൈവം കേവലം രണ്ടുമൂന്നാളെക്കൊണ്ടു് ആ രംഗത്തെ നിരുപയോഗപ്പെടുത്താൻ വിചാരിച്ചില്ല. നാലുവശത്തുനിന്നുമായി ചിലരെല്ലാം അവിടെ വന്നുകൂടി.

ഹെസ്റ്ററെ കാണുവാനായി വെമ്പലോടുകൂടി വൃദ്ധയുടെ സമീപത്തിൽ നിന്നുപോന്ന ചാറൽസു തന്നെയാണ് പിന്നെ ആദ്യമായി അവിടെ വന്നുചേന്നതു്. എന്തോ അത്ഭുതകരമായ ഒരു സംഭവം നടക്കുന്നുവെന്നല്ലാതെ അതിൻെറ വാസ്തവസ്വഭാവമൊന്നും പെട്ടെന്ന് അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ, ബലാൽക്കാരമായി ഒരു യുവതിയെ ഒരു പുരുഷൻ വലിച്ചിഴച്ച് വണ്ടിയിൽ കയററിയതായി ദൂരെ നിന്നുതന്നെ കാണുകയാൽ, വേഗം ഓടിവന്ന് വണ്ടിയുടെ മുമ്പിൽനിന്നു വഴിതടുത്തു. ആ ദുഷ്ടൻ വണ്ടിക്കാരനോട് എത്രയൊക്കെ പറഞ്ഞിട്ടും ചാറത്സിൻെറ ദേഹത്തിൽക്കൂടി വണ്ടി ഓടിച്ചുകൊണ്ടു പോകാനുള്ള ധൈര്യം അവനുണ്ടായില്ല. ദ്വിതീയഘാതകൻ അടികൊണ്ടു പൊട്ടിയ വേദന സഹിക്കുവാൻ ശക്തനല്ലെങ്കിലും, അവൻെറ പൌരുഷം പ്രയോഗിച്ച് ഒരു കണക്കിൽ ഹെസ്റ്ററുടെ കൈ കൂട്ടിപ്പിടിച്ച് അവൾക്കു അനങ്ങാൻ വയ്യാത്തവിധം ബന്ധിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോഴാണു ചാറൽസുവന്ന് വണ്ടി തടുത്തു നില്ക്കുന്നതായി കണ്ടതു്. വേഗം അവൻ ഹെസ്റ്ററെവിട്ട് ചാറത്സിൻെറ നേക്കുചാടി. എന്നാൽ, ഹെസ്റ്റർ അയാളെവിട്ടു മാറിയില്ല. അവൻ ചാറത്സിനെ പിടിക്കാൻ മുതിന്ന സമയം ഹെസ്റ്റർ പിറകേചെന്ന് അവൻെറ കഴുത്തിൽ ബലമായി പിടികൂടി.

അപ്പൊഴേയ്ക്കും മറെറാരു മോട്ടാർ വണ്ടികൂടി അവിടെ എത്തി. ഡാക്റ്റർ ലായിഡ് ഒരു രോഗിയെ പരിശോധിക്കുവാൻ പോയി തിരിച്ചുവരുംസമയം അത്ഭുതപൂൎവ്വമായ ശബ്ദം തോപ്പിൽനിന്നു കേൾക്കുകയാൽ അതെന്താണെന്നു തിരക്കുവാൻ വരികയായിരുന്നു. ചാറത്സിനേയും ഹെസ്റ്ററേയും കണ്ടപ്പോൾ വിശേഷമായ ഒരു സംഭവം അവിടെ നടക്കുന്നുണ്ടെന്നു മനസ്സിലാക്കി അദ്ദേഹം വണ്ടിയിൽ നിന്ന് വേഗം താഴെയിറങ്ങി അവരെ സമീപിച്ചു. ഹെസ്റ്റർ തിരിഞ്ഞുനോക്കി ഡാക്ടരെ കണ്ട ഉടനേ, 'ഡാക്ടർ, അന്ന ആ വണ്ടിയിൽ ഇരിക്കുന്നു; അവളെ വേഗം വിടുവിക്കണം' എന്നു പറഞ്ഞു. കാൎയ്യമൊന്നും മനസ്സിലാക്കാതെ കുഴങ്ങിയെങ്കിലും, അപായത്തിൽ ആരോ പെട്ടിരിക്കയാണെന്നു മാത്രം വിചാരിച്ച്, അദ്ദേഹം വണ്ടിയുടെ കവാടം തുറന്നപ്പോൾ, ഒരു യുവതിയെ ഒരു പുരുഷൻ ബലാൽക്കാരമായി പിടിച്ചുവെച്ചിരിക്കുന്നതും, യുവതി അയാളുടെ

പിടിവിട്ടുവിക്കുവാൻ കഴിയുന്നവിധം ശ്രമിക്കുന്നതും അദ്ദേഹംകണ്ടു. ഒരു സ്ത്രീയെ ഈവിധം ഉപദ്രവിക്കുന്നതു കണ്ടു കുപിതനായ ഡാക്ടർ ആ ദുഷ്ടനെ രണ്ടുമൂന്നടി അടിച്ചു. ആ തഞ്ചത്തിൽ അന്ന ദുഷ്ട വ്യാഘ്രത്തിൻെറ വായിൽപെട്ട കുരങ്ങ് യദൃച്ഛാസംഭവത്താലെന്നപോലെ, ആ പരമദുഷ്ടൻെറ കയ്യിൽനിന്നു കുതറിമാറി വണ്ടിയിൽനിന്നു പുറമേ ചാടി. അതേസമയത്തിൽ ചാറത്സ് വണ്ടിയുടെ മുൻവശത്തുനിന്നു ഓടിവന്ന്, അന്നയെ പിടിച്ചു താങ്ങിനിറുത്തി. ലായിഡ്സ് പിന്നെത്തിരിഞ്ഞതു്, ഫെസ്റ്റരുടെ പിടിയാൽ ശ്വാസംമുട്ടിനിന്നിരുന്ന ദുഷ്ടൻെറ നേക്കായിരുന്നു. അയാൾ ഫെസ്റ്റരെ പിടിച്ചു മാററിനിറുത്തി, കരണംനോക്കി ഒരേ ഒരടികൊണ്ടു് അവനെ മണ്ണുകപ്പിച്ചു. ഈ സംഭവങ്ങൾക്കിടയിൽ ആദ്യത്തെ മോട്ടാർവണ്ടിക്കാരൻ ഒന്നാമത്തെ ഘാതകനോടുകൂടി പെട്ടെന്നു വണ്ടിതിരിച്ചു്, തൻെറ ചങ്ങാതിക്കു് എന്തു സംഭവിക്കുമെന്നറിവാൻ നില്ക്കാതെ, ആത്മരക്ഷാത്ഥം അവിടെനിന്നു കടന്നുകളഞ്ഞു.

ചാറൽസും അന്നയും നിമേഷരഹിതങ്ങളായ ദൃഷ്ടികൾകൊണ്ടു്, നിസ്തബ്ധരായി പരസ്പരം നോക്കിനിന്നു. അവരുടെ ദൃഷ്ടിയിൽ ലോകം അപ്പോഴില്ലതന്നെ. ചാറത്സിൻെറ കടാക്ഷം അന്നമയവും, അവളുടെ മിഴി ചാറത്സ്മയവുമായിത്തീൎന്നു.

ഡാക്ടർ ലായിഡിനു് കാൎയ്യമൊന്നും അകക്കുറി മനസ്സിലായില്ല. അദ്ദേഹം ഓരോ മുഖവും നോക്കിത്തുടങ്ങി. 'അവർ പരസ്പരാനുരക്തരാണെന്നു തോന്നുന്നു' എന്നദ്ദേഹം ഫെസ്റ്റരുടെ ചെവിയിൽ പറഞ്ഞു. അവൾ ഒരു സാകൂതദൃഷ്ടികൊണ്ടു അതു് ശരിയാണെന്നു ലായിഡിനെ മനസ്സിലാക്കുകയും ചെയ്യാതിരുന്നില്ല.

ചാറത്സ് അന്നയേയുംകൊണ്ടു കുറച്ചുകലെ മാറി ഒരു പുൽത്തകിടിയിലിരുന്നു. ഡാക്ടർ ലായിഡിൻെറ അപേക്ഷപ്രകാരം ഫെസ്റ്റരും അവരുടെ പിറകേ പോയി. ലായിഡ്സ് തൻെറ വണ്ടിയെ പോലീസ്സ്റ്റേഷനിലേയ്ക്കു് അയച്ചു്, നിലംപററിക്കിടക്കുന്ന ഘാതകനെ ശ്രദ്ധയോടുകൂടി കാവൽ നോക്കിനില്പായി.

പൂർത്തകിടിയിലിരുന്ന മൂന്നുപേരും സംഭാഷണത്തിലേപ്പെട്ടു; കാൎയ്യം മനസ്സിലാക്കുകയായിരുന്നു. ചാറത്സിൻെറ കത്തു് കിട്ടിയതനുസരിച്ചാണു് താനിങ്ങോട്ടു വന്നതെന്നു് അന്ന പറഞ്ഞപ്പോൾ അതിൻെറ അയഥാൎത്ഥത അദ്ദേഹം വ്യക്തമാക്കി.

ഹെസ്റ്റർ—നിങ്ങളെന്തുകൊണ്ടാണു് കാമുകൻെറ നാമധേയം എന്നോടു പറയാതിരുന്നതു്? അദ്ദേഹം ഒരു വെറും ചിത്രമെഴുത്തുകാരനാണെന്നല്ലേ നിങ്ങളെന്നോടു പറഞ്ഞതു്? അതല്ലേ ഈ കുഴപ്പങ്ങൾക്കൊക്കെ കാരണമായതു്?

അന്ന—അല്ലാതെ ഇദ്ദേഹം വേറെ ആരാണു്?

ചാറത്സ്—ഞാൻ വാസനാകൊണ്ടു ഒരു ചിത്രമെഴുത്തുകാരൻ തന്നെ. ഇപ്പോൾ എനിക്കു് ഒരു പ്രഭുസ്ഥാനം കിട്ടിയിട്ടുണ്ടു്. അന്നു് ഞാൻ ഇതിനു് അവകാശി മാത്രമേ ആയിരുന്നുള്ളൂ. എൻെറ ഓമനേ, നീ പരിഭ്രമിക്കേണ്ടാ.

ഹെസ്റ്റർ—ഒരു പ്രദീപദം തരുവാൻ മാത്രമേ അദ്ദേഹത്തിനു് സാധിച്ചുള്ളൂ. നിങ്ങൾ അതുകൊണ്ടു് തൃപ്തിപ്പെട്ടുകൊൾകയേ വേണ്ടൂ. എനിക്കാകട്ടെ പേരുപോലും ഇല്ലല്ലോ.

അന്ന—ഞാൻ നിവൃത്തിയില്ലാത്തതുകൊണ്ടല്ലേ അങ്ങനെ ചെയ്തതു്.?"
ലജ്ജാഭരത്താൽ അവളുടെ ശിരസ്സു നമ്രമായി.

ആ യുവതികളുടെ സംഭാഷണസാരം ചാറത്സിനു് മനസ്സിലായില്ല. ചോദിച്ചറിഞ്ഞപ്പോൾ അദ്ദേഹം പൊട്ടിച്ചിരിക്കുകയും, ഹെസ്റ്ററുടെ മഹാമനസ്കതയേയും, അന്നയുടെ ബുദ്ധിയേയും പററി വളരെയൊക്കെ പുകഴ്ത്തിപ്പറയുകയും ചെയ്തു.

ഇതിനിടയിൽ ഡാക്ടരുടെ വണ്ടി ഏതാനും പോലീസ്സുകാരെ കയററിക്കൊണ്ടു തിരിയെ വന്നു. ഉടൻ ലായിഡു് ആ ദുഷ്ടനെ അവരെ ഏല്പിച്ചു മററുള്ളവരുടെ കൂട്ടത്തിൽവന്നു എല്ലാവരുമായി ഗൃഹത്തിലേയ്ക്കു പുറപ്പെടാൻ തുടങ്ങി.

അന്ന—ഞാനെങ്ങനെയാണ് ഈ വേഷത്തിൽ മെൽവിൻപ്രഭുവിൻെറ വീട്ടിലേയ്ക്കു പോകുന്നതു്?

ചാറത്സ്—അതെല്ലാം ഞാൻപറഞ്ഞു ശരിയാക്കിക്കൊള്ളാം. ഇപ്പോൾ എൻെറ വലിയ അമ്മാവിയായ കാത്തറൈനിൻെറ വീട്ടിലേയ്ക്കു പോകാം.

ഹെസ്റ്റർ—ആ വൃദ്ധയുടെ മുമ്പിൽ പോകുന്നതിന് തക്കതാണ് എൻെറ വേഷം.

അന്ന—നിൻെറ മുഖത്തു കാണുന്ന നഗരചിഹ്നം എനിക്കു ലഭിച്ചില്ല. ഞാൻ നിന്നോളം സാമൎത്ഥ്യമുള്ളവളുമല്ല. എന്നാലും എന്നാൽ കഴിയുന്നതു ഞാനും ശ്രമിച്ചു.

ഹെസ്റ്റർ—ഇതിനെല്ലാം തക്കഫലം ആ മകനേയും ചിററപ്പനേയും കൊണ്ടു് അനുഭവിപ്പിക്കണം.

ഈവിധമുള്ള വിവിധവിനോദാലാപങ്ങളിൽ നീന്തിത്തുടിച്ചു അവർ നാലുപേരും കാത്തറൈനിൻെറ വസതിയിലെത്തി.

## ഇരുപത്തിമൂന്നാം അദ്ധ്യായം.

(ബന്ധുഗൃഹം.)

അ യുവജനസംഘം തൻെറ വീട്ടിൽ വന്നു കയറിയതു് കണ്ടപ്പോൾ കാത്തറൈൻ അല്പമൊരു സംഭ്രാന്തിയിൽ പെട്ടുപോയി. അവരുടെ നാനാവിധമായ വേഷം കണ്ടു് അവൾ അത്ഭുതപ്പെട്ടു. ചാറത്സ് തൻെറ അമ്മാവിയെനോക്കി, "ഇവരെല്ലാം വല്ലാതെ തളൎന്നിരിക്കുകയാണ്. അവൎക്ക് വേഗത്തിൽ വിശ്രമത്തിനു വേണ്ട സൌകൎയ്യം കൊടുക്കണം. ഞാൻ കാൎയ്യമെല്ലാം വിശദമായി അറിവിക്കാം." എന്നുപറഞ്ഞു. ഒട്ടും അമാന്തിക്കാതെ ആ സ്ത്രീ ഭൃത്യരെക്കൊണ്ടു വേണ്ട

ഏല്പാടുകളെല്ലാം ചെയ്യിച്ചു. ഉടൻ ഹെസ്തരും അന്നയും കൂടി അ വിടെനിന്നു പോവുകയും ചെയ്തു. തന്റേയും അന്നയുടേയും സകല വൃത്താന്തങ്ങളും ചാറത്സ് അമ്മാവിയെ പറഞ്ഞുകേൾപ്പിക്കാൻ തുട ങ്ങി. ഇടയ്ക്കിടെ 'ഘാതകൻ' 'ദ്രോഹി' എന്നും മറ്റുമുള്ള വാക്കുകൾ ആ സാദ്ധ്വിയുടെ ഉള്ളിൽത്തിങ്ങിയ കഠിനകോപത്തെ പ്രകടിപ്പിച്ചു. കഥ മുഴുവനും വായിച്ചുതീൎന്നപ്പോൾ വിസ്മയസ്തിമിതയായ വൃദ്ധ ഡാ ക്ടരെ നോക്കി, "നിങ്ങളുടെ സ്നേഹിതൻ ഒരു ഘാതകനാണെന്നു ഞാൻ അന്നുതന്നെ പറഞ്ഞില്ലയോ?" എന്നു ചോദിച്ചു.

ഡാക്ടർ—ഇപ്പോൾ അവൻ എന്റെ സ്നേഹിതനല്ല.

കാത്തറൈൻ—ആ കൊച്ചുപെണ്ണ് ഹെസ്തർ എന്നെ കണക്കിനു പ റ്റിച്ചല്ലോ. അതാണ് അതിശയം!! അവൾ വരട്ടെ; ഞാൻ കാണിച്ചുകൊടുക്കാം.

ചാറൽസ്—നിങ്ങൾ അവളോടു ദേഷ്യപ്പെടരുത്. അവളുടെ മഹ നീയമായ ഉദാരതകൊണ്ടു മാത്രമാണ് അന്നയ്ക്കു രക്ഷസിദ്ധിച്ച ത്. ആ നിപുണയുടെ സഹായമില്ലായിരുന്നുവെങ്കിൽ അന്നേ തന്നെ അവർ അന്നയെ പിടിച്ച് അശുപത്രിയിലോമറ്റോ കൊണ്ടിട്ടു കൊല്ലുമായിരുന്നു. ഹെസ്തരുടെ തന്ത്രത്താൽ അന്ന മരിച്ചുപോയെന്ന് പൊതുവേ വിശ്വാസംവന്നതുനിമിത്തം വാ സ്തവം തിരോഹിതമാവുകയും അന്നയ്ക്കു രക്ഷ സുലഭമാവുകയും ചെയ്തു.

കാത്തറൈൻ—അതെല്ലാം ശരിതന്നെ. അവൾ യഥാർത്ഥനാമം പോലും എന്നോടുപറഞ്ഞില്ലല്ലോ. എന്നു മാത്രമല്ല, അവൾ അന്നയുടെ കാൎയ്യം എന്നെ അറിവിച്ചിരുന്നുവെങ്കിൽ ഞാൻത ന്നെ വേണ്ട സഹായമെല്ലാം മുമ്പേകൂട്ടി ചെയ്യുമായിരുന്നു.

ആ ശുദ്ധയുടെ കോപനാട്യത്തെക്കണ്ടു ചാറത്സിനും, ഡാക്ടൎക്കും ചിരിവന്നുപോയി. സ്വന്തമായി കുറെ ജോലിയുണ്ടായിരുന്നതിനാൽ "ഭക്ഷണസമയം പതിവിൽനിന്ന് അല്പം നീട്ടിവെയ്ക്കുന്നപക്ഷം ഒരു മിച്ചുണ്ണാൻ വന്നുചേരാം" എന്നു ചാറൽസ് അമ്മാവിയോടുപറഞ്ഞു.

കാത്തറെൻ—കഴിയുന്നതും നേരത്തേക്കൂട്ടിത്തന്നെ വരണം; തൻെറ സമയംനോക്കിയല്ല എൻെറ വിശപ്പ്.

തനിക്കുവേണ്ടി ഒരു രാത്രിയെന്നല്ല ഒരുദിവസംതന്നെ ജലപാനംപോലുംകൂടാതെ കാത്തിരിക്കുമെന്ന് അറിയാമായിരുന്ന അമ്മാവിയുടെ അനുമതിയോടുകൂടി ഡാക്ടരുമൊരുമിച്ചു ചാറൽസ് പുറമേപോന്നു.

ഡാക്കടർ—നിങ്ങൾ എവിടെ പോകയാണ്?

ചാറൽസ്—തൽക്കാലം വേണ്ട ചില ഏർപ്പാടുകളെല്ലാം ചെയ്തുകൊണ്ടു വന്നേക്കാം.

ഡാക്കടർ—എന്നാൽ, ഞാനും വീട്ടിൽപോയി ഭക്ഷണസമയത്തോടുകൂടി ഇവിടെ എത്താം.

ചാറൽസ് നേരേ പോലീസ്സ്റ്റേഷനിലേയ്ക്കാണു പോയത്. അവിടെ ചെന്നു ഹ്യൂവിനേയും ഡേവിഡിനേയും പിടിക്കുന്നതിനായി ആളയയ്ക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തതനുസരിച്ച് അവർ രണ്ടു പേരെയും അന്വേഷിക്കാൻ അന്നുതന്നെ പോലീസുകാർ യാത്രയായി.

അതിനുശേഷം അദ്ദേഹം മെൽവിൽപ്രഭുവിൻെറ ഭവനത്തിലേയ്ക്കാണു പോയത്. അവിടെച്ചെന്ന് അന്നയുടെ യഥാർത്ഥസ്ഥിതിയെപ്പററി പറഞ്ഞപ്പോൾ അവൾക്ക് അല്പം ഒരു നീരസംതോന്നിയെങ്കിലും, കൊച്ചുറാണിയുടെ നിലയും ചാറൽസുപ്രഭുവിൻെറ ഭാര്യയാകാൻ പോകുന്ന വസ്തുതയും ഓർത്തപ്പോൾ ആ ഭാവം തീരെ മാഞ്ഞുപോയി. കൊച്ചുറാണിക്ക് തങ്ങളുടെ വീട്ടിൽ അവിധം താമസിക്കേണ്ടിവന്ന ദുർവ്വിധിയെ പ്രഭുവും വീട്ടുകാരും മനസാ ശപിച്ചു. അന്നയുടെ ശിഷ്യർ അവളെ കാണ്മാൻ തിരക്കുകൂട്ടി. "വിവാഹാനന്തരം ദമ്പതികളെ ഇവിടെവന്ന് ഒരുമിച്ചു കാണ്മാനും, വിവാഹത്തിൽ പംകുകൊൾവാനും ഞങ്ങളെല്ലാം ആശിക്കുന്നു" എന്നു പ്രഭു കണ്ഠതഃ പറയുകയും ചെയ്തു. ചാറൽസ് സന്തോഷപരവശനായി അമ്മാവിയുടെ ഗൃഹത്തിലേയ്ക്കു് വേഗംപോന്നു.

അന്നയും ഹെസ്റ്ററും മുറിക്കകത്തു ചെന്നു, ദേഹത്തിലും വസ്ത്ര

ങ്ങളിലുമുള്ള യുദ്ധകോലാഹലങ്ങളെല്ലാം നീക്കി അല്പം ഇരുന്നു വിശ്രമിച്ചു. ഹെസ്റ്റർ അന്നയ്ക്കു് ഉടുപ്പാൻകൊടുത്തതു് അവളുടെ വസ്ത്രങ്ങളിൽ ഏററവും വിലകൂടിയ ഒന്നായിരുന്നു. അനന്തരം രണ്ടുപേരും സന്തോഷത്തോടുകൂടി വൃദ്ധയുടെ അരികിലേയ്ക്കുചെന്നു.

കാത്തറൈൻ ഒരു ന്യായാധിപൻെറ ഗൌരവത്തോടുകൂടി അവരുടെ വരവിനെ നോക്കിക്കൊണ്ടിരുന്നു ആ നോട്ടം രണ്ടുയുവതികളുടേയും ശിരസ്സുകളെ താഴ്ത്തി. ഉള്ളിൽ നിറഞ്ഞിരുന്ന സന്തോഷഭാവത്തെ പുറമേ പ്രകാശിപ്പിക്കാതെ, തൻെറമുമ്പിൽ അടുത്തുവരുന്നതിന് ആംഗ്യരീതിയിൽ അവരോടു് അവളാജ്ഞാപിച്ചു. "കൊള്ളാം; മുഖവും ദേഹവും വളരെ പോറിയിരിക്കുന്നുവല്ലോ. കാണാൻ നല്ല ചന്തമായിരിക്കുന്നു. എന്താണു നിൻെറപേരു്?" എന്നു വൃദ്ധ ദേഷ്യഭാവത്തിൽ ഹെസ്റ്ററോടു ചോദിച്ചു. എന്നാൽ, അകത്തു് ഓളം തല്ലിക്കൊണ്ടിരുന്ന സന്തോഷം ആ കോപവാക്കുകളെ മൂടുകരിച്ചതു വൃദ്ധ അറിഞ്ഞതേയില്ല.

ഹെസ്റ്റർ—എൻെറപേർ ഹെസ്റ്റർ എന്നാണു്." അവളിങ്ങനെ പറഞ്ഞതു കുററക്കാരുടെ രീതിയിൽ വിനീതയായിട്ടായിരുന്നു.

കാത്തറൈൻ—അങ്ങനെയാണോ? അപ്പോൾ മുഗ്ദ്ധാക്ഷരായ നിൻെറ അമ്മാവനും മററും കെട്ടുകഥകളാണു്; അല്ലേ?

ഹെസ്റ്റർ "അതേ" എന്നു മന്ദസ്വരത്തിലുരച്ചു് താൻ പ്രയോഗിച്ച ചെറിയ ചതിയെപ്പററി സവിസ്തരം പറഞ്ഞുകേൾപ്പിച്ചു.

ഇതത്രയും കേട്ടുകൊണ്ടിരുന്ന അന്ന ഹെസ്റ്റക്കു മാപ്പുകൊടുക്കണമെന്നു വൃദ്ധയോടു് അപേക്ഷിക്കാൻതുടങ്ങി.

കാത്തറൈൻ—ഞാൻ ഇവൾക്കു മാപ്പുകൊടുക്കുകയോ? ഒരിക്കലുമില്ല. ഇവളെന്നെപ്പററിച്ചില്ലേ? നിഷ്കളങ്കത ഔദാര്യം എന്നിവ മുഴുവനും ഇവൾ തന്നെയല്ലേ വെച്ചു പോററിക്കൊണ്ടിരിക്കുന്നതു്? തൻെറ പേരും ഉപജീവനമാർഗ്ഗവുമെല്ലാം തിരാധാരമെഴുതിക്കൊടുത്തവളല്ലേ ഇവൾ? അമ്പ! ഇവളുടെ ബുദ്ധിയും ധൈര്യവും!! ഞാനിവൾക്കു് എങ്ങനെയാണു മാപ്പുകൊടുക്കുക! ഞാനിങ്ങനെ ഒരു പെണ്ണിനെ കണ്ടിട്ടേ ഇല്ല.

നിന്ദാസ്തുതിരൂപത്തിലുള്ള ഈ പ്രസംഗം ആ ചെറിയ സദസ്സിൽ അപാരമായ ആനന്ദമുളവാക്കി. ഓരോ വാക്ക പറയുമ്പോഴും വൃദ്ധാസാരജ്ഞമായി കാണിച്ചുകൊണ്ടിരുന്ന അംഗ്യചേഷ്ടകൾ ആ യുവതികളിൽനിന്ന് അതിധാരാളമായി പുഞ്ചിരിയമൃത്തു പൊഴിച്ചുകൊണ്ടിരുന്നു. അമന്ദാനന്ദസന്ദാനിതമായ ആ പരിശുദ്ധഹൃദയത്തിൽനിന്ന് പിന്നെയും ചില സ്നേഹമാധ്വീകണങ്ങൾ തൂവാൻ തുടങ്ങി:— "അന്നേ, നീ അവളുടെ പേരും പ്രവൃത്തിയും സ്വീകരിച്ചതു ബുദ്ധിപൂർവ്വമായി. അവൾ പറഞ്ഞതുപോലെ നീ ചെയ്തില്ലെങ്കിൽ നിന്റെകാര്യം വലിയ കഷ്ടത്തിലായേനേ"

ചാറൽസും ഡാക്ടറും പെട്ടെന്ന് അകത്തു പ്രവേശിച്ചു. അപ്പോൾ അവരെ നോക്കി വൃദ്ധ പറയുകയാണ്:—"ഞാനീ കൊച്ചുങ്ങളെ കണക്കിനു ശാസിക്കയായിരുന്നു." മന്ദസ്മേരവദനനായ ചാറൽസ്, "അവൾക്കു കുറ്റം മുഷിഞ്ഞതായി തോന്നുന്നില്ല" എന്ന് അതിനു പ്രത്യുത്തരിച്ചു. പിന്നെ അല്പനേരം സല്ലപിച്ചിരുന്നശേഷം എല്ലാവരും ഭക്ഷണത്തിനൊരുങ്ങി.

ആഹാരാനന്തരം കുറേനേരം വിനോദസംഭാഷണം ചെയ്ത്, യുവാക്കൾ തെളിഞ്ഞ പൂനിലാവേററു മാനസോല്ലാസം സമ്പാദിക്കുവാനായി കാത്തറൈനിന്റെ തോട്ടത്തിലേയ്ക്കിറങ്ങി. അപ്പോൾ വൃദ്ധ, "നിങ്ങളുടെ ചാപല്യങ്ങളെ മററുള്ളവർ കണ്ട് എനിക്കു അപമാനം ഉണ്ടാക്കിത്തീർക്കരുതേ" എന്നു സ്നേഹപൂർവ്വം പറഞ്ഞതുകേട്ടു അവർ പൊട്ടിച്ചിരിച്ചുപോയി. മുൻകൂട്ടി ഏർപ്പാടുചെയ്തിട്ടുണ്ടെന്നു തോന്നുമാറു ഡാക്ടരും ഹെസ്തരും ഒരുവഴിക്കും ചാറൽസും അന്നയും മറെറാരു വഴിക്കുമായാണു തോട്ടത്തിൽ സഞ്ചരിക്കാൻ തുടങ്ങിയതു്.

അന്നയും ചാറൽസും കുറേ അകലെയായെന്നു കണ്ടയുടനെ ഡാക്ടർനിന്നു ഹെസ്തറെ നോക്കി, "ഞാൻ ഒരു വലിയ രഹസ്യം നിങ്ങളോടു പറയുവാൻ തുനിയുകയാണ്" എന്നു പറഞ്ഞു. രഹസ്യമെന്താണെന്നു ഡാക്ടരുടെ മുഖഭാവം കൊണ്ടുതന്നെ ബുദ്ധിമതിയായ ഹെസ്തർക്കു മനസ്സിലായെങ്കിലും, അവൾ ഒന്നുമറിയാത്ത ഭാവത്തിൽ, "അതു നിങ്ങൾ എന്നോടുമാത്രം പറയുന്നതു ശരിയല്ല; എല്ലാവരോടും പറയണം" എന്നു പുഞ്ചിരിപൂണ്ടുച്ചരിച്ചു.

ഡാക്ടർ—"ആദ്യം നിങ്ങളോടു പറയാം. നിങ്ങൾക്കു സമ്മതമാണെങ്കിൽ പിന്നെ മററുള്ളവരേയും അറിയിക്കാം—" ഡാക്ടർ അവളുടെ കരപല്ലവത്തെ തൻെറ ഹസ്തതലത്തിലാക്കി, വളരെ മൃദുവായി ഒന്നമർത്തിക്കൊണ്ട്, "ഞാൻ ഭവതിയെ പ്രേമിക്കുന്നു; നിങ്ങൾക്കു എൻെറ പ്രണയിനിയായിരിക്കുവാൻ സമ്മതമാണോ?" എന്നു ചോദിച്ചു പ്രത്യുത്തരം കേൾപ്പാനായി അവളുടെ മുഖാംബുജത്തെത്തന്നെ ഉൽക്കണ്ഠാപൂർവ്വം നോക്കിക്കൊണ്ടു നിന്നു.

ഹെസ്റ്റർ ഡാക്ടരുടെ പിടിയിൽനിന്നു വിട്ടുമാറാൻ വിചാരിക്കപോലും ചെയ്തില്ല. തോട്ടത്തിൽവെച്ചുണ്ടായ കലാപത്തിനിടയിൽ ധീരമായ പൌരുഷം സ്ഫുടമായിരുന്നഅവളുടെ വദനം മൺതരികളെ എണ്ണുവാൻ ശ്രമിച്ചുകഴിഞ്ഞു. ആരോ പിറകിൽനിന്നു പിടിച്ചുന്തിയിട്ടെന്നപോലെ കമ്പിതമായ അവളുടെ ശരീരം ഡാക്ടരുടെ ശരീരത്തെ സ്പർശിച്ചുപോയി. അവൾ ഒരു മറുപടിയും പറഞ്ഞില്ല. ഡാക്ടരുടെ കണ്ണും ഭാഗ്യഹീനമായിത്തീർന്നു. എന്നാൽ, ജീവിതത്തിൽ തനിക്ക് ഇഷ്ടപ്പെട്ട സകല സമ്പത്തും കിട്ടിയതുപോലുള്ള ഒരു പരമാനന്ദവും സമാധാനവും അദ്ദേഹത്തിനപ്പോഴുണ്ടായി. ഡാക്ടർ പ്രേമപൂർവ്വം അവളുടെ തളിർമേനിയെ ഒന്നു തലോടി. അവർ സ്വല്പനേരം നർമ്മസല്ലാപം ചെയ്തതിനുശേഷം ഗൃഹത്തിനകത്തു പ്രവേശിച്ചു. ഉടൻ വൃദ്ധ ചോദിക്കുന്നു:—"അയാളെത്തന്നിയേ വിട്ടുപോന്നോ?" ക്ഷണത്തിൽ അവരുടെ മുഖഭാവംകണ്ടു, വളരെക്കാര്യങ്ങൾ മനസ്സിലായ ഭാവത്തിൽ വൃദ്ധ 'ഉം' എന്നൊന്നു മൂളി അവിടെ നിലത്തുതന്നെ ഇരിപ്പുറപ്പിച്ചു.

ഡാക്ടർ മായിഡ് കാത്തറൈനിൻെറ അടുത്തുചെന്ന്, "ഹെസ്റ്ററെ ഞാൻ വിവാഹം കഴിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. നിങ്ങളതു അനുവദിക്കുമെന്നു വിശ്വസിക്കുന്നു" എന്നു പറഞ്ഞു.

കാത്തറൈൻ—അല്ല; അവൾക്കും തുടങ്ങിയോ മണ്ടത്തരം? എടീ പെണ്ണേ, പററിച്ചല്ലോ.

ഡാക്ടർ—"മണ്ടത്തരമൊന്നും കാണിച്ചില്ല" എന്നു ഹെസ്റ്ററേ നോക്കി മന്ദസ്മേരാസ്യനായി പറഞ്ഞു.

കാത്തറൈൻ (ഹെസ്റ്റരോട്ട്) നീ എൻെറകൂടെ ഇരുന്നുകൊണ്ട് ഈ ചാപല്യത്തിന്ന ഇടകൊടുക്കുകയില്ലെന്നല്ലേ ഞാൻ വിചാരിച്ചുള്ളു? ഞാൻ മരിക്കുമ്പോറം നിനക്കു വേണ്ടതെല്ലാം ഏൎപ്പാട്ടു ചെയ്യുവെയ്ക്കുമായിരുന്നു.

ഹെസ്റ്റർ—നിങ്ങളിൽനിന്ന് എനിക്കു നഷ്ടമായതു വേറൊരിടത്തുനിന്നു കിട്ടിയെന്നാണു ഞാൻ വിചാരിക്കുന്നത്.

കാത്തറൈൻ—നീ അവളെ മനഃപൂൎവ്വം സ്നേഹിക്കുന്നുണ്ടോ? പെണ്ണു കാൎയ്യത്തിൽ നല്ല ഭംഗി. മുഖം കണ്ടാൽതന്നെ ഉടൻ അറിയാം.

ഹെസ്റ്റർ 'അയ്യോ' എന്നു പറഞ്ഞു ലജ്ജിച്ചു ഓടിച്ചെന്നു വൃദ്ധയുടെ മുഖംപൊത്തി.

ഡാക്ടർ—ഇന്നു ചെയ്ത സമരകോലാഹലചിഹ്നങ്ങറം അവളുടെ സൌന്ദൎയ്യത്തെ വൎദ്ധിപ്പിക്കുന്നില്ലയോ?

കാത്തറൈൻ ഒരിക്കലുമില്ല—(ഗൌരവഭാവത്തിൽ) അവളുടെ കൃത്യങ്ങളെല്ലാം എത്രയോ ശ്ലാഘനീയങ്ങളാണ്. ഇത്രമാത്രം സൽഗുണസമ്പൂൎണ്ണയായ ഒരുവളെ പത്നിയായി കിട്ടുന്നതു പ്രയാസമാണെന്ന് എനിക്കു സുദൃഢമായി പറയാൻ കഴിയും. അവറക്കു നിൻെറകൂടെയുള്ള വാസം ആനന്ദകരമായിരിക്കുമെന്നു തോന്നുന്നപക്ഷം, എൻെറ അനുമതിയും ആശീർവാദവും ഞാനിതാ തന്നിരിക്കുന്നു.

ആ വൃദ്ധയുടെ വദനം സന്തോഷംകൊണ്ടു വികസിതമായി.

ചാറൽസും അന്നയുംകൂടി ആ സമയത്ത് അവിടെ പ്രവിഷ്ടരായി. കാത്തറൈൻ അവരെനോക്കി, "നിങ്ങളും വന്നുവോ? കൊള്ളാം; എൻെറ ഭാഗ്യം! ഈ എഴുപത്തഞ്ചാംകാലത്തു്, അവിവാഹിതയെപ്പോലെ ജീവിക്കുന്ന എനിക്കു രണ്ടു വിവാഹം നടത്തേണ്ട ചുമതല വന്നുകൂടി. ചാറത്സേ, നീ വേഗം കല്യാണം കഴിച്ചുകൊള്ളണം; എന്നാൽ ഒരു ഭാരം ഒഴിഞ്ഞല്ലോ" എന്നുപറഞ്ഞു ചിരിച്ചു.

ചാറത്സിനും അന്നയ്ക്കും കാൎയ്യം മനസ്സിലായി. സങ്കടകരമായി കഴിഞ്ഞുകൂടിയ ജീവിതത്തിന്ന് ഇത്ര പ്രകാശമയമായ ഒരു നവോദയം ഉണ്ടായതോൎത്തു അന്ന ക്രമത്തിലധികം സന്തോഷിച്ചു. "അപൂൎത്തു ഭാവിയിലിരിക്കുവാതായ ഭാഗ്യദീപത്തിനുള്ള നിഴലാണ്." എന്ന വാക്യത്തെ അക്ഷരംപ്രതി പരമാൎത്ഥമായി അവൾ വിശ്വസിച്ചു. എല്ലാവരും കുറേനേരം ലോകവൈചിത്ര്യത്തെപ്പററി വിചിന്തനം ചെയ്തശേഷം സമയമധികമാവുകയാൽ നിദ്രയ്ക്കായി ഒരുങ്ങി.

## ഇരുപത്തിനാലാം അദ്ധ്യായം.

### (കല്യാണം.)

അന്നയെ പിടിച്ചുകൊണ്ടുപോവാൻ വന്ന മോട്ടാർവണ്ടിക്കാരൻ, അവിടെനിന്നു ജീവനുംകൊണ്ടു പോയി വേഗത്തിൽ ഹ്യൂവിനെ ചെന്നുകണ്ടു നടന്ന സംഭവങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞു. ഇനി ആ രാജ്യത്തിലിരിക്കുന്നതു പന്തിയല്ലെന്ന് ഹ്യൂ ഉടൻ നിശ്ചയിച്ചു. അന്ന ജീവിച്ചിരിക്കുന്നുണ്ടെന്ന് അറിഞ്ഞ നിമിഷത്തിൽതന്നെ, നാടുവിട്ടോടുന്നതിനു വേണ്ട ഏൎപ്പാടുകളെല്ലാം ആ ദീൎഘദൎശി ചെയ്തുകഴിഞ്ഞിരുന്നതുകൊണ്ട്, ഈ വാൎത്ത കേട്ടപ്പോൾ പിന്നെ പ്രത്യേകമായ ഒരുക്കങ്ങളൊന്നും അയാൾക്കു വേണ്ടതായുണ്ടായിരുന്നില്ല. അതിനാൽ കപ്പൽകയറി എവിടെയെങ്കിലും ചെന്നുപററി ജീവനെ പോററുന്നതിന് ആ ദുഷ്ടജീവി സന്നദ്ധനായി. തുറമുഖത്തു എത്തിയപ്പോൾ കപ്പൽ വിടുന്നതിനു കുറേത്താമസമുണ്ടെന്ന് അറിയുകയാൽ, അയാൾ ഒരു വിടുതിയിൽപോയി ഗൂഢമായിപ്പാൎത്തു. ആ ദുഷ്ടൻ തന്റെ തന്ത്രപാടവം എന്നും ഒരുപോലെ ഫലിക്കുമെന്നാണ് കരുതിയതു്. ദൈവമുണ്ടോ അതിനു സമ്മതംകൊടുക്കുന്നു? ലോകത്തെക്കൊണ്ടു പാവകളിപ്പിക്കുന്ന ദൈവം, മനുഷ്യബുദ്ധിയുടെ പിറകിൽക്കൂടി സ്വശക്തിയെ അയയ്ക്കുന്നു. ബുദ്ധിയുടെ ഗതിക്കനുസരണമായി ആ ശക്തി പിൻതാങ്ങും. ഹ്യൂ നീചതയിലേയ്ക്കാണ് തന്റെ ഹൃദയത്തെ

നശിച്ചതു്. ആ വിഷയത്തിൽ അവന്നു വേണ്ട സഹായം ആ ശക്തി ഒരിക്കൽ കൊടുക്കകയും ചെയ്തു. അതുകൊണ്ടു് നീചതയുടെ ഫലം അവനനുഭവിക്കാറുമായി. വിതച്ചതല്ലേ മുളയ്ക്കൂ. വിടുതിയിൽ ഒളിച്ചുപാർത്തിരുന്ന ഹ്യൂവിനെ, തിരഞ്ഞുപോയിരുന്ന പോലീസുകാർ പിടിച്ചു ബന്ധനസ്ഥനാക്കി. താൻ നിരപരാധിയാണെന്നും, തന്നെ തൊടുന്നപക്ഷം ഉദ്യോഗം കളയിച്ചു ശിക്ഷിപ്പിക്കുമെന്നും മററുമുള്ള പായൻറുകൾ ആ വക്കീൽപ്രമാണി പറഞ്ഞു് പോലീസുകാരെ ഭീഷണിപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും, അവർ അതൊന്നും വകവെയ്ക്കാതെ അവനെ പിടിച്ചുകെട്ടി ജയിലിലടയ്ക്കുകതന്നെ ചെയ്തു.

ഡേവിഡിനെ പിടിക്കുവാൻപോയ പോലീസുകാർ അയാളുടെ വസതിയിൽ ചെന്നുകൂടിയതും ഇതേസമയത്തായിരുന്നു. അവനെ കണ്ടപ്പോഴേയ്ക്കും അയാളുടെ ഹൃദയം ദ്രുതചലനം ചെയ്കയും, ഭീതഭീതമാവുകയും ചെയ്തു. "ഞാൻ അവളെ കൊന്നില്ല. അവൾ മരിച്ചതു് റയിലപകടംകൊണ്ടാണു്. അവളുടെ പിശാചു് അതാ നില്ക്കുന്നു. അച്ഛനും മകളുംകൂടി അതാ കണ്ണുതുറിച്ചു് പല്ലുകടിച്ചു കൈചുരുട്ടി ഓടിവരുന്നു. ഞാൻ അവരെ ഇപ്പോൾ കൊല്ലും. അയ്യോ! അവരിതാ എൻെറ നെഞ്ഞത്തു് ഇടിക്കുന്നു. ഞാൻ മരിച്ചു. ഞാനിപ്പോൾ മരിക്കും. എന്നെ രക്ഷിക്കണേ, രക്ഷിക്കണേ." അവൻ ഇങ്ങനെ നിരർത്ഥകമായി ഓരോന്നു പുലമ്പിക്കൊണ്ടു ചാടി എണീററു് മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു ചുമരിൽ തല്ലിയും, തലയ്ക്കടിച്ചും വലിയ ഭ്രാന്തൻെറ ഗോഷ്ടികളെല്ലാം കാണിക്കാൻ തുടങ്ങി. അവനെ സമാധാനപ്പെടുത്താൻ നോക്കിയ പോലീസുകാരെ അവനെതിർത്തു പ്രഹരിപ്പാനൊരുങ്ങി. എന്നാൽ, അവർ രണ്ടുമൂന്നുപേരുണ്ടായിരുന്നതുകൊണ്ടു് എല്ലാവരുംകൂടി ബലമായി അവനെ പിടിച്ചു് കാലിന്മേലും കൈയിലും വിലങ്ങിട്ടുബന്ധിച്ചു് കാരാഗൃഹത്തിലാക്കി. അപ്പോഴേയ്ക്കും അവനൊരു മുഴുഭ്രാന്തനായിത്തന്നെ പരിണമിക്കയും ചെയ്തു.

ചാറത്സ് അന്നയുടെ വസ്തുവകകൾ കാണിച്ചു കേസുകൊടുത്തു. വിചാരണയെടുത്തപ്പോൾ ഹ്യൂ തന്നാൽ കഴിയുന്നവിധമെല്ലാം എതിർവാദം പുറപ്പെടുവിച്ചുനോക്കി. എന്നാൽ കള്ളപ്പത്രം നിർമ്മിച്ചതും വ്യാജലേഖനങ്ങളുണ്ടാക്കിയതും നിഷ്കാരണമായി അന്നയെ ആക്ഷേപ

ത്തിയിൽകൊണ്ടിട്ടു പല പ്രകാരത്തിൽ കഷ്ടപ്പെടുത്തിയതും, എല്ലാം കാരോന്നായി തെളിഞ്ഞുവന്നതുകൊണ്ടു് അയാൾക്കു് ഒന്നുംമിണ്ടുവാൻ പോലും സാധിച്ചില്ല. വിചാരണകളെല്ലാം കഴിഞ്ഞു് അവസാന ത്തെ വിധി, ഹ്യൂവിന്നു് ആജീവനാന്തം കഠിനകാരാഗ്രഹവാസമായി രുന്നു. സ്വതന്ത്രമായി കാററും വെളിച്ചവും ഏല്ക്കുവാൻ തരപ്പെടാത്ത വിധം അയാൾ ലോകരംഗത്തിൽനിന്നു മറയ്ക്കപ്പെട്ടു. അതേ, അയാ ളുടെ വിഷനിശ്വാസം ഇനി അന്തരിക്ഷത്തിലെ വായുവിനെ മലിന പ്പെടുത്താത്തവിധം അയാൾ ബന്ധനസ്ഥനായി. കരുണകൊണ്ടു നിറഞ്ഞ കൊച്ചുറാണിയുടെ സ്ത്രീഹൃദയം അയാൾക്കു വിധിച്ച ശി ക്ഷാകാഠിന്യത്തെ കുറയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും, ചാറത്സ് തീരെ സമ്മതിച്ചില്ല. സ്ത്രീകളിൽ തിളങ്ങി സ്വാഭാവികമായി വിളങ്ങുന്ന മാതൃഹൃദയമുണ്ടോ പുരുഷന്നു ലഭിക്കുന്നു?

ഡേവിഡിനെ വിസ്തരിക്കേണ്ട ആവശ്യമേ നേരിട്ടില്ല. അന്ന യിൽ ആരോപിതമായ ഭ്രാന്തു് യഥാൎത്ഥത്തിൽ അയാൾക്കുതന്നെ സി ദ്ധിച്ചു. എത്ര വലിയ ഭിഷഗ്വരന്മാരെക്കൊണ്ടും മാററുവാൻവയ്യാ ത്ത ആ മഹാവ്യാധി അയാളുടെ ജീവനേയും വഹിച്ചുകൊണ്ടേ ഒഴി ഞ്ഞുള്ളു. നോക്കുക; ദൈവത്തിന്റെ നിഷ്പക്ഷപാതമായ പ്രവൃ ത്തിമഹിമ. കൎമ്മാനുസരണമായ ഫലം ജീവികൾക്കരുളുന്ന കാൎയ്യ ത്തിൽ ദൈവശക്തി ഒട്ടും പിശുക്കു കാണിക്കാറില്ല.

വിചാരണസമയത്തിൽ ഡാക്ടർ ഹോൾഡ്സ്വൊൎത്തും കോട തിയിൽ സന്നിഹിതനായിരുന്നു. അദ്ദേഹത്തിനു ശിക്ഷ ഒന്നും സംഭ വിച്ചില്ലെങ്കിലും, തന്റെ ജോലിക്കു തീരെ അയോഗ്യനാണെന്നും, അ തിൽനിന്നു മാറുന്നതു് ഭാവിയിലേയ്ക്കു് ഉത്തമമാണെന്നും ന്യായാധിപ തി സ്നേഹപൂൎവ്വം അഭിപ്രായപ്പെടുകയുണ്ടായി. തന്റെ അജ്ഞതാ പാരമ്യത്താൽ നേരിട്ട ആപത്തുകളെപ്പററി പശ്ചാത്താപനിമഗ്നനാ യ അദ്ദേഹം ആശുപത്രിയെ ഡാക്ടർ ലായിഡിനു വിട്ടുകൊടുത്തു് ആ ജോലിയിൽനിന്നു പിരിഞ്ഞു സ്വസ്ഥനായിരുന്നു.

അപത്തുകളാകുന്ന കാർമേഘപടലമെല്ലാം അന്തരിക്ഷത്തിൽ നിന്നു മറയ്ക്കപ്പെട്ടു. ശരച്ചന്ദ്രികയുടെ പൂൎണ്ണപ്രകാശത്തോടുകൂടിയ സ

മാധുൎയ്യവും സംതൃപ്തിയും എല്ലാവരിലും തെളിഞ്ഞു. അപ്പോൾ സാമർടൺപട്ടണത്തിൽവെച്ച് രണ്ടു വിവാഹത്തിനു വേണ്ട സജ്ജീകരണം പൊട്ടിപ്പൂരമായി കാണപ്പെട്ടു. ഈ വിശിഷ്ടമായ മഹോത്സവത്തിന്റെ നേതൃത്വം വഹിച്ചിരുന്ന വൃദ്ധയായ കാത്തറൈൻ ആനന്ദാതിരേകം വഴിഞ്ഞൊഴുകിയിരുന്ന വധൂവരദ്വയത്തിന്റെ മുഖംകണ്ടു്, ആഹ്ലാദഭരിതയായി, "നല്ല യോജിപ്പും ഭാഗ്യവും ലഭിക്കുന്നതായാൽ വിവാഹം ഭയങ്കരമല്ല" എന്നു അഭിപ്രായപ്പെട്ടു. വിവാഹത്തിന്ന് എലിസബത്തും അവളുടെ അച്ഛനും വന്നിട്ടുണ്ടായിരുന്നു. എലിസബത്തിന്റെ നിഷ്കളങ്കമായ സൌന്ദൎയ്യം ചാറത്സിന്റെ ഒരു മിത്രത്തെ അടക്കാൻ വയ്യാത്ത വികാരങ്ങൾക്ക് അടിമപ്പെടുത്തിയതായി അയാൾ ചാറത്സിനോടു പറയുകയും, അദ്ദേഹം അവളുടെ അച്ഛനോടു വിവരംപറഞ്ഞു് അനുമതി വാങ്ങി എലിസബത്തിന്റെ സമ്മതി ലഭിച്ച് അടുത്ത ശുഭമുഹൂൎത്തത്തിൽത്തന്നെ ആ മംഗളകൃത്യം കൂടി നടത്തുകയും ചെയ്തു. മൂന്നു ദമ്പതികളും സന്തോഷപരവശരായിത്തീൎന്നു. അങ്ങിനെ മൂന്നു പ്രാവശ്യമെങ്കിലും, എല്ലാവരുമൊരുമിച്ചു കൊച്ചുറാണിയുടെ പൂൎവ്വഗൃഹത്തിൽ കുറേ ദിവസമെങ്കിലും താമസിക്കണമെന്ന് ഒരു കരാറും അപ്പോൾ ചെയ്തു.

സദാനേരവും ഗൌരവം നടിച്ചിരുന്ന കാത്തറൈൻ, ഉള്ളിൽ തിങ്ങിയ സന്തോഷവികാരങ്ങളെ ദൃഷ്ടികളിൽ പ്രതിഫലിപ്പിച്ചുകൊണ്ടു യുവജനങ്ങളെ ശാസിക്കുന്ന മാതിരിയിൽ അവൎക്കു സകല മംഗളാശംസകളും ചെയ്തു് അവരെ യഥാവിധി അനുഗ്രഹിച്ചു. കുറച്ചുദിവസങ്ങൾക്കുശേഷം എല്ലാവരും സ്വഗൃഹങ്ങളിലേയ്ക്കു പോവുകയുംചെയ്തു.

*    *    *    *    *    *

കൊച്ചുറാണി — അതാ കിടക്കുന്നു അ കരിങ്കല്ലു്. പണ്ടത്തേതിൽനിന്നു യാതൊരു മാററവും അതിന്നു് ഉണ്ടായിട്ടില്ല.

ചാറത്സ് — അതേ, സ്ഥിരപ്രകൃതികളുടെ സ്വഭാവം അതാണു്. എനിക്കു് അ കല്ലിനെപ്പററി വലിയ ഭക്തിയും ബഹുമാനവും തോന്നുന്നുണ്ടു്.

കൊച്ചുറാണി—എനിക്കും ഇപ്പോൾ തോന്നുന്നുണ്ട്. നമുക്ക് ആ കല്ലിനു ചുററും മതിലുകെട്ടി ദിവസവും അതിനെ ചെന്നു വന്ദിക്കണം. പക്ഷെ മതിലുണ്ടാക്കുവാനും മററും ഒരു വെറും ചിത്രകാരനെക്കൊണ്ടു സാധിക്കുമോ എന്നാണ് സംശയം.

അന്ന കുടുകുടെ ചിരിച്ച് തന്റെ പ്രിയന്റെ മുഖം നുകന്നു.

ചാറത്സ്—'കൊച്ചുറാണിയുണ്ടല്ലോ കൈയിൽ.' അവൾ ലജ്ജിച്ചു തലതാഴ്ത്തിനില്പായി.

ശുഭം.

M6
MUL
066812
B66

I S

ng p
ly.
for

out t
not p ke te
We w come
oppo f plann
so ly
for y

AD

ROV

MAN
'Phone

London
'P